# പ്രമാണയോഗ്യമായ ഹദീസേത്?

## മൗലവി ചേകനൂർ

ഖുർആനല്ലാതെ, ഒരു ഹദീസും പ്രമാണമല്ലെന്ന് അല്ലാഹുവും, എന്റെ ഹദീസുകളൊന്നും എഴുതിവെക്കരുതെന്ന് നബിയും വ്യക്തമാക്കിയശേഷം ഹിജ്റ: രണ്ടാം നൂറ്റാണ്ടിന്റെ അന്ത്യം വരെ ഏതെങ്കിലുമൊരു ഹദീസ്ഗ്രന്ഥം ലോകത്തിലില്ലാതിരിക്കെ, അനറബികളും വിദേശ ഏജന്റുകളുമായിരുന്ന ബുഖാരി, മുസ്ലിം തുടങ്ങിയവർ ഖുർആൻ വിരുദ്ധമായ ചില ഹദീസ് ഗ്രന്ഥങ്ങൾ എഴുതിവെച്ചെങ്കിൽ, അതെല്ലാം പ്രമാണമായംഗീകരിക്കാൻ മുസ്ലിംകൾ ബാധ്യസ്ഥരാണോ എന്നതിനെപ്പറ്റിയാണീ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത്. കൂടാതെ, ഹദീസ് പ്രമാണമാക്കുന്നവരുടെ സകലതെളിവുകളേയും ഖണ്ഡിച്ചുകൊണ്ട് അവർക്കെതിരിലുള്ള പ്രബലമായ ഖുർആനിക തെളിവുകൾ ഇതിൽ ശക്തിയായ സ്ഥാപിക്കുന്നുണ്ട്.

ഖുർആനിലില്ലാത്ത ഒറ്റ മതനിയമവും മുസ്ലിംകൾക്ക് ബാധകമല്ലെന്ന് വി. ഖുർആൻ വ്യക്തമാക്കിയിട്ടുള്ളപ്പോൾ ഇസ്ലാം വിശ്വാസികൾ മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കേണ്ടതുപോലുമില്ല. നബിവചനങ്ങൾ 100%വും ഖുർആനികമായിരിക്കണം എങ്കിലേ അല്ലാഹുവിന്റെ വിശുദ്ധഖുർആൻ പിൻപറ്റി ജീവിക്കുന്ന യഥാർത്ഥ സത്യവിശ്വാസികളായി ജീവിക്കുവാനും, മരിക്കുവാനും, പരലോകത്ത് സ്വർഗ്ഗത്തിൽ പ്രവേശിക്കുവാനും നമുക്ക് കഴിയുകയുള്ളൂ എന്നതാണ് നാം മനസ്സിലാക്കേണ്ട യാഥാർത്ഥ്യം.

ഇസ്ലാമിനെ അലങ്കോലപ്പെടുത്തുവാനും, മുസ്ലിങ്ങളെ കഷ്ടപ്പെടുത്തുവാനും വേണ്ടി, ബുഖാരിയും, മുസ്ലിമും നടത്തിയ അട്ടിമറികളും, ജൂതായിസങ്ങളേയും പറ്റി ഖുർആനിക തെളിവുകൾ നിരത്തിവെച്ചുകൊണ്ട് ധാരാളം വിഷയങ്ങൾ ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. മതപുരോഹിതന്മാർ ഇക്കാലംവരെ പൂഴ്ത്തിവെച്ച ധാരാളം ഖുർആനിക സത്യങ്ങൾ ഇതിൽ ശക്തിയുക്തം തെളിയിച്ചിട്ടുണ്ട്. അത് പോലെ സമുദായത്തിന് വളരെ ഉപകാരമുള്ളതും, പൗരോഹിത്യത്തിന്റെ ചങ്ങലകുടുക്കിൽ നിന്നും സമുദായത്തെ മോചിപ്പിക്കുന്നതുമായ ഖുർആനികസത്യങ്ങൾ ഇനിയും വിവരിക്കേണ്ടിയിരിക്കുന്നു. തുടർന്നുള്ള എന്റെ പുസ്തകങ്ങളിലൂടെ ഖുർആനിക സത്യങ്ങളെല്ലാം വെളിവാക്കപ്പെടുകതന്നെ ചെയ്യും. ഇൻശാ അള്ളാ... ആയതിന് നേതൃത്വം നൽകേണ്ടത് ഖുർആൻ വിശ്വാസികളും, സമുദായ സ്നേഹികളും, ബുദ്ധിജീവികളും മറ്റുമാണ്.

# പ്രമാണയോഗ്യമായ ഹദീസേത്?

**ഖുർആനിന്നു ശേഷം ഏത് ഹദീസിലാണവർ വിശ്വസിക്കുന്നത്?**

**വി. ഖു: 7:185, 45:6, 77:50**



## മൗലവി ചേകനൂർ

# പ്രമാണയോഗ്യമായ ഹദീസേത് ?

ഗ്രന്ഥകർത്താവ്
**പി. കെ. എം. അബുൽഹസൻ**
**(മൗലവി ചേകനൂർ)**

പകർപ്പവകാശം ഗ്രന്ഥകർത്താവിൽ നിക്ഷിപ്തം

**Pramanayogyamaya**
**Hadeesethu ?**
by
P.K.M. Abdul Hassan
(Moulavi Chekanoor)
Copy right Reserved
Copies : 1000
Published by:
Moulavi Chekanoor
Price Rs.20.00

Checking & corrections done by
***Dr. M.Abdul Jaleel***, *Puttekkad.*
For Chekanoor Moulavi Trust

# വിഷയവിവരം


പേജ്

1. ഖുർആൻ അവഗണിച്ചുകൊണ്ട് ഹദീസ് പ്രമാണമാക്കാൻ കാരണമെന്ത് ? 17
2. നബിയും ഖലീഫ:ഉമർഫാറൂഖും ഹദീസ് എഴുതിവെക്കുന്നത് കർശനമായി നിരോധിച്ചു:- 19
3. ഹദീസെഴുതിവെക്കുന്നത് നബി തടയാൻ കാരണമെന്ത് ? 27
4. ഖുർആനിലില്ലാത്ത ഒറ്റ മതനിയമവും മുസ്ലിംകൾക്ക് ബാധകമല്ലെന്ന് വി: ഖുർആൻ 31
5. അപ്പോൾ "നബിയെ പിൻപറ്റുക" എന്നതിന്റെ അർത്ഥമെന്ത് ? 33
6. ബുഖാരിയും മുസ്ലിമും എഴുതിവെക്കാൻ ആര് പറഞ്ഞു ? 38
7. നബിയുടെ ആയിരം ഖുത്തുബകളിൽ ഒന്നെങ്കിലും ബുഖാരി: മുസ്ലിം അടക്കമുള്ള ഒറ്റ അഹ്ലുൽ ഹദീസുകാരനും എഴുതിവെക്കാതിരിക്കാൻ കാരണമെന്ത് ? 47
8. ആയിരം ഖുത്തുബ:കളിൽ നിന്നാകെ പഠിച്ചത് കേവലം ഒരു വങ്കത്തം മാത്രം 52
9. കേരളത്തിലാദ്യമായി ഇടയിലിരുത്തമില്ലാതെ 10 വർഷം തുടർച്ചയായി ജുമുഅ: ഖുത്തുബ: നടത്തി. 54





10. പതിനായിരം ദൃക്സാക്ഷികളുണ്ടായിട്ടും നബി നിർവ്വഹിച്ച ഏക ഹജ്ജ് ഏത് രൂപത്തിലായിരുന്നുവെന്ന് തെളിയിക്കാൻ പറ്റിയ ഒറ്റ ഹദീസും അഹ് ലുൽ ഹദീസുകാർക്ക് കിട്ടിയിട്ടില്ല ! 56
11. ഏറ്റവും മുന്തിയ മുതവാത്തിറായ ഹദീസ്പോലും അബൂഹുറ:യുടെ പെരുന്നുണയിൽ നിന്ന് രക്ഷപ്പെട്ടില്ല ! 60
12. ബുഖാരി, മുസ്ലിം അടക്കമുള്ള അഹ്ലുൽ ഹദീസുകാർ ഏകകണ്ഠമായി സത്യം പൂഴ്ത്തിവെക്കുന്നു. തെളിവുകൾ കാണുക 62
13. ഖുർആൻ പറഞ്ഞ കാര്യങ്ങൾ ഹദീസിലൂടെ രേഖപ്പെടുത്തുമ്പോൾ മഹാ അപകടങ്ങൾ സംഭവിക്കുന്നു. 67
14. ഹദീസുകളെഴുതിവെച്ചതിനാൽ സംഭവിച്ച ഗുരുതരമായ ആപത്തുകൾ 69
15. അപ്പോൾ ഹദീസ് പ്രമാണമല്ലെന്നോ? 75
16. ഹദീസ് പ്രമാണമാണ്. പക്ഷേ, അത് നബിയുടെ ഹദീസായിരിക്കണം. 78
17. ഖുർആൻകൊണ്ട് തെളിയാത്ത ഏതെങ്കിലുമൊരു നിയമം ഹദീസ് കൊണ്ട് തെളിയിക്കാമോ? 82
18. "ഇബാദത്ത് ; ഇത്വാഅത്ത് ; ഇത്തിബാഅ് " 88
19. മരിച്ചുപോയ മഹാത്മാവിന്ന് "ഇത്വാഅത്ത്" ചെയ്യണമെന്ന് പറയാമോ 91
20. നബി ഭരണകർത്താവായിരിക്കുമ്പോഴുള്ള ഇത്വാഅത്ത് നബിയുടെ കാലശേഷവും എന്തുകൊണ്ട് ബാധകമാക്കിക്കൂടാ? 93

21. "ഹിക്മത്ത്" എന്നാൽ "സുന്നത്താ"ണെന്ന വാദം ഖുർആൻവിരുദ്ധം 98

22. അല്ലാഹുതന്നെ ഇസ്ലാമിന്റെ സകലനിയമങ്ങളും വേണ്ടത്ര വിശദീകരിച്ചിരിക്കുന്നുവെന്ന് ഖുർആനിൽ 100 തവണ ആവർത്തിച്ചിട്ടുണ്ടെങ്കിലും അത് "50 ശതമാനം പോലും ശരിയല്ലെന്ന് " അഹ്‌ലുൽ ഹദീസുകാർ 105

23. 106 ആയത്തുകൾക്ക് കടകവിരുദ്ധമായ വാദം 106

24. "തിബ്‌യാനി"ന്റെ ശേഷം പിന്നെയൊരു "തബ്‌യീനോ" ? 107

25. ഹദീസ് പ്രമാണമാക്കാൻവേണ്ടി പരക്കെ ദുർവ്യാഖ്യാനം ചെയ്യാറുള്ള മറ്റൊരു ഖുർആൻവാക്യം 112

26. "മുഹമ്മദ് നബിയിലും ഇബ്രാഹീം നബിയിലും സത്യവിശ്വാസികളിലും നിങ്ങൾക്ക് "ഉസ്‌വത്ത് "(മാതൃക) ഉണ്ടെ"ന്ന് പറഞ്ഞാൽ അവരുടെയെല്ലാം ഹദീസുകൾ പിൻപറ്റണമെന്നാണോ അർത്ഥം? 116

27. മുസ്ലിംകൾ മുറുകെപിടിക്കേണ്ട ഏകഗ്രന്ഥം ഖുർആൻ മാത്രമാണെന്ന് വിശുദ്ധഖുർആൻ 120

28. ഖുർആനിന്റെ മഹത്വവും ഹദീസിന്റെ ന്യൂനതകളും 125

29. ഖുർആനിന്റെ സൂക്ഷ്മത! 131

30. ഹദീസിനെ ഖുർആനിനേക്കാൾ മുന്തിയ പ്രമാണമാക്കാൻ പുരോഹിതന്മാർ കെട്ടിച്ചമച്ച 15 കള്ളവാദങ്ങൾ 132



31. "നബിയെ അനുസരിച്ചാൽ അല്ലാഹുവിനെ അനുസരിച്ചു" എന്നതിന്റെ വിവക്ഷയെന്ത്? 138

32. ദുർവ്യാഖ്യാനം ചെയ്യപ്പെടുന്ന മറ്റൊരായത്ത്കൂടി 143

33. ജിഹാദിന്റെ ആയത്തുകളെ വാറോലകൾ പ്രമാണമാക്കാനുള്ള തെളിവുകളാക്കി! 145

34. "മുഅൻഅനാ"യ ഹദീസുകൾ മുഴുവനും വാറോലകൾ 147

35. ഖുർആനിന്ന് ശേഷം പിന്നെ ഏത് ഹദീസിനെയാണവർ വിശ്വസിക്കുന്നതെന്ന് വി:ഖുർആൻ 152

36. ഖുർആനല്ലാതെ ഒറ്റ ഹദീസും പ്രമാണമല്ലെന്ന് വി:ഖുർആൻ 153

37. സുന്നത്ത് ജമാഅത്ത്കാർ വഞ്ചന നടത്തി 155

38. ഒരു പ്രധാന ചോദ്യവും അതിന്റെ മറുപടിയും 156

39. "ഖുർആൻസുന്നത്ത് " എന്നാലെന്ത് ? 158

40. ഖുർആൻ സുന്നത്തും വാറോലസുന്നത്തും 160

# ഖുർആൻ അവഗണിച്ചുകൊണ്ട് ഹദീസ് പ്രമാണമാക്കാൻ കാരണമെന്ത് ?

കേവലം 23 വർഷംകൊണ്ട് ലോകത്തിലെ ഏറ്റവും ഉത്തമവും ഉന്നതവുമായ ഒരു സമുദായത്തെ വാർത്തെടുക്കുകയും ലോകസമുദായങ്ങളെ മുഴുവൻ ആകർഷിക്കത്തക്കവിധമുള്ള സമത്വസുന്ദരമായൊരു വ്യവസ്ഥിതി ലോകത്തിന് കാഴ്ചവെക്കുകയം ചെയ്ത ഒരു മഹാത്ഭുതഗ്രന്ഥമാണല്ലോ നമ്മുടെ വിശുദ്ധഖുർആൻ. അങ്ങിനെയുള്ള ഖുർആനിൽനിന്ന് മുസ്‌ലിംകളെ വഴിതെറ്റിച്ചില്ലെങ്കിൽ, ലോകത്തിന്റെ മുഴുവൻ ആധിപത്യവും കാലാകാലം അവരുടെ കയ്യിലായിരിക്കുമെന്നും, എക്കാലത്തും ലോകത്തിലെ ഏറ്റവും ഉന്നതവും ഉത്തമവും ഏറ്റവും വലുതുമായ സമുദായം മുസ്ലിംകളായിത്തീരുമെന്നും തങ്ങളുടെ കഠിനശത്രുക്കളും ദീർഘദൃക്കുകളുമായിരുന്ന അക്കാലത്തെ ചില ജൂതന്മാർ മനസ്സിലാക്കി. തന്നിമിത്തം ഖുർആൻ ഊട്ടിയുറപ്പിക്കുന്ന ഉന്നതാദർശങ്ങളിൽ നിന്നും പ്രധാന കർമ്മപദ്ധതികളിൽ നിന്നും മുസ്ലിംകളെ പിന്തിരിപ്പിക്കുവാനും തദ്വാരാ അവരെ എന്നെന്നും പിന്നോക്കാവസ്ഥയിലേക്ക് തള്ളിവിടാനും എന്താണ് മാർഗ്ഗമെന്ന് അവർ സ്വാഭാവികമായും ചിന്തിക്കാൻ തുടങ്ങി. അങ്ങിനെ, അല്ലാഹു അവതരിപ്പിച്ച് കൊടുത്തിരുന്ന ദിവ്യഗ്രന്ഥങ്ങളിൽനിന്നും പുർവ്വസമുദായങ്ങളെ വഴിതെറ്റിക്കുവാൻവേണ്ടി അവരിലെ ചൂഷകരായ പുരോഹിതൻമാരും കപടവിശ്വാസികളും കൂടി മുൻ പ്രവാചകന്മാരുടെ ചര്യകളും ഉപദേശങ്ങളുമെന്നപേരിൽ ദിവ്യഗ്രന്ഥങ്ങൾക്ക് കടകവിരുദ്ധമായ പല ഹദീസുഗ്രന്ഥങ്ങളും (സുവിശേഷങ്ങളും) നെയ്തുണ്ടാക്കിയത്പോലെ, മുസ്ലിംകൾക്ക് അല്ലാഹു അവതരിപ്പിച്ചുകൊടുത്ത വിശുദ്ധഖുർആനിൽനിന്നും മുസ്ലിംകളെ വഴിതെറ്റിക്കാൻവേണ്ടിയും അതേ വർഗ്ഗങ്ങൾതന്നെ അതേ രൂപത്തിലുള്ള പ്രതിഗ്രന്ഥങ്ങൾ തയ്യാറാക്കാൻ ഹിജ്റ: ഒന്നാംനൂറ്റാണ്ട് മുതൽ ശ്രമമാരംഭിച്ചു. നബിതിരുമേനി ദിവംഗതനായ ഉടനെത്തന്നെ അതിന്റെ ലക്ഷണങ്ങൾ കാണാൻ തുടങ്ങി. അതുകൊണ്ടാണ് സഹാബികളിലെ ഏറ്റവും വലിയ ഖുർആൻ പണ്ഡിതനും ഏറ്റവും വലിയ ഖുർആൻ ഭക്തനുമായിരുന്ന ഹസ്രത്ത് ഉമർഫാറൂഖ് ആദ്യമായി ഖുർആൻ ക്രോഡീകരിക്കാൻ- നബിയുടെ വീടുകളിൽ അവിടവിടെയായി എഴുതിവെച്ചിരുന്നത്, ഒന്നാകെ ഒരു ഗ്രന്ഥത്തിൽ - ഒറ്റ ''മുസ്ഹഫിൽ'' - സമാഹരിക്കാൻവേണ്ടി ഖലീഫാ അബൂബക്കറിനോട് ഉപദേശിക്കുകയും അവർ രണ്ട് പേരുംകൂടി അക്കാര്യം പൂർത്തീകരിക്കാൻ നടപടികളെടുക്കുകയും ചെയ്തത്. അതോടെ മുസ്ലിംകളുടെ അടിസ്ഥാനപ്രമാണമായ ഖുർആൻ ഭദ്രമാക്കപ്പെട്ടു.

പിന്നീട് ഹസ്രത്ത് ഉമർ ഖിലാഫത്ത് ഏറ്റെടുത്തപ്പോൾ, അബൂഹുറയ്റ:യെ പോലുള്ള കപടവിശ്വാസികളുടെ കള്ള ഹദീസുകൾ മൂലം ഖുർആൻ പുറംതള്ള പ്പെട്ടേക്കാമെന്നും അതിനാൽ അത്തരം ഹദീസുകളുടെ വരവും പ്രചാരവും തട യാനിപ്പോൾതന്നെ മുൻകുരതൽ നടപടിയെടുക്കണമെന്നും ഖലീഫാഉമറിന് നിർബ്ബന്ധം തോന്നി. അനന്തരം അദ്ദേഹം ആദ്യം നടത്തിയ പ്രഖ്യാപനമെന്തന്നല്ലേ? "ഖുർആൻ ക്രോഡീകരിച്ചത്പോലെ നമുക്ക് ഹദീസും ഒന്ന് ക്രോഡീകരിക്കണ" മെന്ന്. അത് കേട്ട മാത്രയിൽ അബൂഹുറയ്റയെപോലുള്ള സകല മുനാഫിഖു കളും തങ്ങളുടെ ഹദീസുകളേതാനും പ്രചാരത്തിലാവാൻ പോവുകയാണെന്ന ധാര ണയിൽ ആ പ്രഖ്യാപനത്തെ സർവ്വാത്മനാ സ്വാഗതം ചെയ്തു. അറിവില്ലാത്ത പാമ രൻമാരും അവരോടപ്പൊപ്പമുണ്ടാകുമെന്നത് സ്വാഭാവികമാണല്ലോ.

## നബിയും ഖലീഫ:ഉമർഫാറൂഖും ഹദീസ് എഴുതിവെക്കുന്നത് കർശനമായി നിരോധിച്ചു.

നബിയുടെ അന്ത്യഘട്ടത്തിൽ ചില പ്രധാന വിഷയങ്ങൾ വിവരിച്ച്കൊണ്ട് വളരെ പ്രധാനപ്പെട്ട ചില ഹദീസുകളെങ്കിലും എഴുതി ഒരു ഗ്രന്ഥം തയ്യാറാ ക്കാൻവേണ്ടി നബിയൊരുങ്ങിയപ്പോൾ ആ ഹദീസ്ഗ്രന്ഥം എഴുതിവെക്കുന്ന തിൽനിന്ന് നബിയെ പിന്തിരിപ്പിച്ച ഏകവ്യക്തി ഹസ്രത്ത് ഉമറായിരുന്നുവെന്ന് ബുഖാ രിയിലും മറ്റും വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവിന്റെ കിത്താ ബായ ഖുർആൻ നമ്മുടെ കയ്യിലുണ്ടായിരിക്കെ, ഇനി ഒരു ഹദീസ്ഗ്രന്ഥം പ്രത്യേകം എഴുതിവെക്കേണ്ട ആവശ്യമില്ലെന്നും എല്ലാപ്രശ്നങ്ങൾക്കും പരിഹാരം കണ്ടെ ത്താൻ അല്ലാഹുവിന്റെ കിത്താബ് തന്നെ ധാരാളം മതി (ഹസ്ബുനാകിത്താബുല്ലാ ഹി) എന്നും മറ്റും നബിയുടെ സാന്നിദ്ധ്യത്തിൽ ഹസ്റത്ത് ഉമർ അന്ന് വെട്ടിത്തു റന്ന് പ്രഖ്യാപിക്കുകയുണ്ടായെന്നും ബുഖാരിതന്നെ രേഖപ്പെടുത്തുന്നു. അതിനെ ത്തുടർന്ന് മറ്റു പലതിലുമെന്നപോലെ, ഹസ്രത്ത് ഉമറിന്റെ പ്രസ്തുത അഭിപ്രായം സ്വീകരിച്ച്കൊണ്ട് നബി അപ്പോളെഴുതിവെക്കാനുദ്ദേശിച്ചിരുന്ന - വളരെ പ്രധാന പ്പെട്ട - ഒരു ചെറിയ ഹദീസ് ഗ്രന്ഥംപോലും എഴുതിവെക്കാൻ മുതിരാതെ ആ ശ്രമത്തിൽ നിന്ന് നബി പറ്റെ പിന്മാറുകയാണുണ്ടായത്. ഇതെല്ലാം ബുഖാരിയിലും മറ്റും രേഖപ്പെടുത്തിവെച്ചതും അഹ്ലുൽ ഹദീസുകാരെല്ലാം ഏകകണ്ഠമായി സമ്മ



തിച്ചതുമായ ചരിത്രസത്യങ്ങളാണ്. ഒരു പക്ഷെ, മഹാബുദ്ധിമാനായ നബിതിരു മേനി മേൽകൃത്യങ്ങളെല്ലാം ചെയ്തത് ഹദീസെഴുതിവെക്കുക എന്ന തെറ്റായ ആശ യത്തിന്റെ മുള പറ്റെ നുള്ളിക്കളയാനും ലോകാവസാനംവരെ ആ ചര്യ-ഹദീസെ ഴുതിവെക്കാതിരിക്കുക എന്ന നബിചര്യ - ഒരു തെളിവായവശേഷിക്കാനും വേണ്ടി മന:പൂർവ്വം ചെയ്തതായിരിക്കാം. ഖുർആൻ അല്ലാത്ത യാതൊന്നും എന്നിൽനിന്ന് എഴുതിവെക്കരുതെന്നും ആരെങ്കിലും വല്ലതും എഴുതി വെച്ചിട്ടുണ്ടെങ്കിൽതന്നെ അതെല്ലാം മായ്ച്ചു കളയണമെന്നും നബി മുമ്പേ കൽപിച്ചിരുന്നതായി മുസ്ലിമും രേഖപ്പെടുത്തീട്ടുണ്ട്. അപ്പോൾ നബിയുടെ ആ മുൻ നിരോധം തന്നെയായിരിക്കണം നബിയുടെ ഗ്രന്ഥരചന തടസ്സപ്പെടുത്താൻ ഉമറിനെ പ്രേരിപ്പിച്ചതും നബി അതിൽ നിന്നും പിന്തിരിയാൻ കാരണമായതുമെന്ന് നാം ശരിക്കും മനസ്സിലാക്കേണ്ടിയിരി ക്കുന്നു.

ഒന്നാം ഖലീഫ ഹസ്രത്ത് അബൂബക്കർ ഇസ്ലാമിക ഭരണമേറ്റെടുത്ത ഒന്നാ മത്തെ ദിവസംതന്നെ തന്റെ നയപരിപാടികൾ വിശദീകരിക്കാൻവേണ്ടി മദീനപള്ളി യിൽ പ്രസംഗിക്കാൻ തയ്യാറെടുത്തപ്പോൾ ഹ്രത്ത് ഉമർ വളരെ ധൃതിപ്പെട്ടുകൊണ്ട് സദസ്യരുടെ മുമ്പാകെ പ്രത്യക്ഷപ്പെടുകയും അനന്തരം അല്ലാഹുവിൻരെ ഗ്രന്ഥ മായ വിശുദ്ധഖുർആൻ മാത്രമാണ് നമ്മുടെ മതപ്രമാണമെന്നും നബിയെ നേർവഴി ക്കാക്കിയ അതേ പ്രമാണംകൊണ്ട് മാത്രമേ അല്ലാഹു നമ്മളേയും നേർവഴിക്കാക്കു കയുള്ളൂവെന്നും മറ്റുമുള്ള ആദർശപ്രഖ്യാപനങ്ങൾ ആദ്യംതന്നെ നടത്തുകയുണ്ടാ യി. ഖലീഫ: അബൂബക്കറും മറ്റെല്ലാ സഹാബിമാരും അതെല്ലാം സ്വാഗതം ചെയ്യു കയും ചെയ്തു. ഈ സംഭവവും ബുഖാരി തന്നെ രേഖപ്പെടുത്തിയതാണ്. അങ്ങി നെയുള്ള ഹസ്രത്ത്ഉമർ ഹദീസുകളെല്ലാം ഒന്നെഴുതിവെക്കണമെന്ന ആലോചന യുമായി ഇപ്പോൾ രംഗത്ത് വരാൻ കാരണമെന്തെന്ന് അധികമാർക്കും അന്ന് മന സ്സിലായിക്കാണുകയില്ല. പ്രസ്തുത പ്രഖ്യാപനം നടത്തിയ ഉടനെ രണ്ടാമതദ്ദേഹം പറഞ്ഞതെന്തന്നല്ലേ? "ഒന്നുകൂടി കാര്യമായാലോചിച്ചശേഷം ഒരു മാസം കഴിഞ്ഞിട്ട് നമുക്ക് തീരുമാനമെടുക്കാ"മെന്നായിരുന്നു. ആ അഭിപ്രായവും എല്ലാവരും സ്വാഗതം ചെയ്തു. ഇതെല്ലാം അഹ് ലുൽഹദീസ് നേതാക്കളിൽപെട്ട ഇബ്നുഹ ജറുൽ അസ്ഖലാനിയെപ്പോലുള്ളവർ തങ്ങളുടെ ബുഖാരി വ്യാഖ്യാനഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിവെച്ച ചരിത്രവസ്തുതകളാണ്. മേൽവിവരിച്ച ചരിത്രങ്ങൾ ഓരോന്നും അഹ്ലുൽ ഹദീസുകാർക്ക് പൂർണ്ണമായും എതിരായിരിക്കെ, അവർതന്നെ അതെല്ലാം രേഖപ്പെടുത്തിവെച്ചു എന്നത് നമുക്കേറ്റവും വലിയ തെളിവാണെന്നതിൽ സംശയ മില്ലല്ലോ.

മേൽപ്രസ്താവനകളൊക്കെ നടത്തിയ ഖലീഫയുടെ "ഉള്ളിലിരിപ്പ്" അപ്പോഴാർക്കും മനസ്സിലാവാനിടയില്ല. അനന്തരം ഒരു മാസം കഴിഞ്ഞപ്പോൾ എല്ലാവരും വളരെ ആവേശത്തോടുകൂടി സമ്മേളിച്ചു. വ്യാജ ഹദീസ് നിർമ്മാതാക്കളായ മുനാഫിഖുകൾക്കാണല്ലോ ഹദീസ് ക്രോഡീകരണശ്രമത്തിൽ കൂടുതൽ താൽപര്യമുണ്ടാവുക. അങ്ങിനെ എല്ലാവരും സമ്മേളിച്ചശേഷം മഹാനായ ഖലീഫാ: ഉമറ്ഫാറൂഖ്, തന്റെ ഉള്ളിൽ കരുപ്പിടിപ്പിച്ചിരുന്ന ആശയവും അടിയുറച്ച തീരുമാനവും സഹാ അബികളും താബിഉകളുമായിരുന്ന ആ ജനഹസ്രങ്ങളുടെ മുമ്പാകെ പരസ്യമായി പ്രഖ്യാപിച്ചു. എന്തെന്ന് "അങ്ങിനെയൊരു" ഹദീസ്ഗ്രന്ഥം എഴുതി വെക്കാൻ ഉമർ ഒരു കാലുത്തും അനുവദിക്കുകയില്ലെന്നും പൂർവ്വസമുദായങ്ങൾ തങ്ങൾക്ക് ലഭിച്ചിരുന്ന ദൈവീകഗ്രന്ഥങ്ങൾ പുറംതള്ളിയതുപോലെ, നിങ്ങളും നിങ്ങൾക്ക് ലഭിച്ച ദൈവീകഗ്രന്ഥമായ ഖുർആൻ പുറംതള്ളാനത് കാരണമായിത്തീരുമെന്നും അതിനാൽ ആ പരിപാടി ഞാൻ ഒരിക്കലും സമ്മതിക്കില്ലെന്നും മറ്റുമായിരുന്നു ഖലീഫാ:ഉമറിന്റെ വിലമതിക്കാനാവാത്ത ആ പ്രഖ്യാപനങ്ങൾ. ഖുർആൻ പുറംതള്ളിക്കൊണ്ടുള്ള "സുന്നത്ത് ജമാഅത്തും" "അഹ്‌ലുൽ ഹദീസു"മൊക്കെ ഉടലെടുക്കുമെന്ന ഏകഭയമായിരുന്നു ഹസ്രത്ത് ഉമറിനുണ്ടായിരുന്നന്നത്. അദ്ദേഹം ഭയപ്പെട്ടിരുന്ന ആ മഹാ അപകടങ്ങൾ തൊട്ടടുത്ത നൂറ്റാണ്ടിൽ തന്നെ സംഭവിച്ചതായി നമുക്ക് കാണാൻ കഴിഞ്ഞു.

എങ്കിലും നബിയുടെ മുൻനടപടിയും ഖലീഫാ:ഉമറിന്റെ ആ പ്രഖ്യാപനവും മൂലം മുസ്ലിംകളിൽ ഏറ്റവും ഉത്തമൻമാരും ഖുർആൻ വിശ്വാസികളുമായിരുന്ന സഹാബികളുടെ കാലത്തൊന്നും ഒറ്റ ഹദീസുഗ്രന്ഥവും പിന്നെ രചിക്കപ്പെടുകയുണ്ടായില്ല. അഥവാ അങ്ങിനെയൊരു ഗ്രന്ഥം പറുത്തിറക്കാൻ അക്കാലത്ത് ഒരാൾക്കും ധൈര്യ വന്നതേയില്ല. സാഹിബികളിൽ ഒരാളായ അബ്ദുല്ലാഹിബ്നു അംറ് എന്ന വ്യക്തി "അസ്സ്വാദിക്ക:" എന്ന പേരിൽ ഒരു ഹദീസ് ഗ്രന്ഥം എഴുതി വെച്ചിരുന്നുവെന്ന കിംവദന്തി, അബൂഹുറയ്റാ കമ്പനിക്കാർ തങ്ങളുടെ വ്യാജ ഹദീസുകൾക്ക് പിൻബലം നേടാൻവേണ്ടി മനഃപൂർവ്വം കെട്ടിപ്രചരിപ്പിച്ച ഒരു കള്ളക്കഥ മാത്രമായിരുന്നു. അങ്ങിനയൊരു ഹദീസ് ഗ്രന്ഥം ഉണ്ടായിരുന്നുവെന്ന് പ്രചരിപ്പിക്കാനല്ലാതെ ആ ഗ്രന്ഥത്തിന്റെ ഒരു പേജ് പോലും പുറത്ത്കൊണ്ട് വരാൻ അബൂഹുറയ്റാ താവഴിക്കാർക്കിന്നേവരെ കഴിഞ്ഞിട്ടില്ല. ഇനി, കഴിഞ്ഞാൽതന്നെ, "ജൂതന്മാരിൽ നിന്ന് ഏത് ഹദീസും ഉദ്ധരിക്കുന്നതിൽ തെറ്റില്ലെന്ന് "നബി പറഞ്ഞിരിക്കുന്നു എന്ന പച്ചക്കള്ളം പ്രചരിപ്പിച്ചിരുന്ന കപടനായിരുന്നു അബ്ദുല്ലാഹിബ്നു



അംറെന്ന് ബുഖാരികൊണ്ട് തന്നെ തെളിഞ്ഞ സ്ഥിതിക്ക് അയാളുടെ ജൂതഗ്രന്ഥങ്ങളൊന്നും മുസ്ലിംകൾക്ക് ബാധകവുമല്ല.

ചുരുക്കത്തിൽ ചില രാഷ്ട്രത്തലവൻമാരെയും മറ്റു പല പ്രമുഖവ്യക്തികളെയും ഇസ്ലാമിലേക്ക് ക്ഷണിക്കാൻവേണ്ടി ചില കത്തുകൾ നബി എഴുതിയിട്ടുണ്ടെന്നല്ലാതെ, ഖുർആൻ വ്യാഖ്യാനിച്ച് കൊണ്ടോ മതവിധികൾ വിവരിച്ചുകൊണ്ടോ ഉള്ള ഒറ്റ ഹദീസും നബി എഴുതുകയോ എഴുതിക്കുകയോ സാഹിബികൾ എഴുതിവെക്കുകയോ ചെയ്തിട്ടുണ്ടെന്നതിന്ന് യാതൊരു തെളിവും ഒറ്റ അഹ്‌ലുൽ ഹദീസുകാരനും കൊണ്ടുവരാൻ സാധ്യമല്ല. നബിയുടെ അവസാനഘട്ടത്തിൽ ഗൗരവമുള്ള ചില പ്രശ്നങ്ങളെ പറ്റിയെങ്കിലും വിശദീകരണം നൽകുന്ന ചില പ്രധാന ഹദീസുകൾപോലും എഴുതിവെക്കേണ്ടതില്ലെന്ന് നബി അന്തിമമായി തീരുമാനിച്ചു എന്നറിയുമ്പോൾ വിശേഷിച്ചും.

ചരിത്രയാഥാർത്ഥ്യങ്ങളിതൊക്കെയാണെങ്കിലും അല്ലാഹുവിന്റെയും അല്ലാഹുവിന്റെ കിതാബിന്റെയും ശത്രുവാണെന്ന് ഖലീഫാ:ഉമർ പ്രഖ്യാപിച്ച അബൂഹുറയ്റ:യെപോലുള്ള ജൂതമുനാഫിഖുകൾ അവസരം കാത്തിരിക്കാൻ തീരുമാനിച്ചു. എങ്ങിനെയെങ്കിലും ഉമറിന്റെ കഥകഴിഞ്ഞ് കിട്ടിയാൽ തങ്ങളുടെ വ്യാജ ഹദീസുകൾ ചെലവാക്കാൻ മാർഗ്ഗം കണ്ടെത്താമെന്നവർ ആഗ്രഹിക്കുകയും ചെയ്തു. അവരാഗ്രഹിച്ചപോലെത്തന്നെ അബൂലുഅ്‌ലുഅ് എന്ന പേരുള്ള ഒരു മഹാദുഷ്ടനെക്കൊണ്ട് ഖലീഫാ:ഉമറിനെ ഹിജ്ര 22-ാം വർഷത്തിൽ കൊലചെയ്യിക്കപ്പെട്ടു. "ഒരു പ്രഭാതനമസ്ക്കാരവേളയിൽ മദീനാപള്ളിയിൽവെച്ചായിരുന്നു ആ കിരാതസംഭവം നടന്നത്". ഉടനെ അവനെ പിടികൂടാൻ ശ്രമിച്ച പതിമൂന്ന്പേരെയും അവൻ വഴിക്കുവഴിയായി കുത്തിവീഴ്ത്തി. അവരിൽ 9 പേരും അവന്റെ കുത്തേറ്റതിനാൽ മരണപ്പെട്ടു. അവസാനം അവനെ പിടികിട്ടിയപ്പോൾ ഹസ്രത്ത് ഉമറിനേയും മറ്റും കുത്തിയ അതേ ഇരുതലകഠാരികൊണ്ട് അവൻ അവനെത്തന്നെ കുത്തി സ്വയം ആത്മഹത്യചെയ്യുകയാണുണ്ടായത്. ഇതെല്ലാം ബുഖാരിയും മറ്റും രേഖപ്പെടുത്തിയ ചരിത്രസംഭവങ്ങളാണ്. പിന്നീട് മൂന്നാം ഖലീഫ: ഉസ്മാനാണല്ലോ ഖിലാഫത്തേറ്റെടുത്തത് ഉമറിന്റെ അത്രയൊന്നും ധീരനും ശക്തനുമല്ല, ഉസ്മാനെന്ന് മനസ്സിലാക്കിയ മുനാഫിഖുകൾ അവരുടെ കള്ളഹദീസുകൾ പ്രചാരപ്പെടുത്താൻ മാർഗ്ഗങ്ങളാരായാൻ തുടങ്ങി. നബിയുടെയും ഖലീഫാഉമറിന്റെയും മുൻ നടപടിമൂലം ഹദീസ്ഗ്രന്ഥമെന്നപേരിൽ ഒരൊറ്റ ഗ്രന്ഥവും മക്കാമദീനയിൽ പുറത്തിറക്കാൻ സഹാബികളാരും സമ്മതിക്കില്ലെന്ന് ബോധ്യപ്പെട്ട മുനാഫിഖുകൾ പല കള്ളഹദീസുകളും കള്ളആയത്തുകളാക്കി മാറ്റാനും അനന്തരം ഖുർആനിന്റെ കൂടെ അവ കൂട്ടി

ചേർത്തെഴുതിവെക്കാനും അതെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള ചില കള്ള മുസ്ഹഫുകൾപുറത്തിറക്കാനും ശ്രമമാരംഭിച്ചു. ഖുർആനിനും ഇസ്ലാമിനുമെതിരിൽ രംഗ പ്രവേശം ചെയ്ത സിയോണിസ്റ്റ് ലോബിയുടെ ആദ്യത്തെ തലമുറയായിരുന്നു അവരെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അങ്ങിനെ ഖലീഫാ ഉസ്മാനും അനുയായികളും അവർ പഠിച്ച വിധത്തിൽ ഖുർആനനുസരിച്ച് ഭരിച്ചുകൊണ്ടിരിക്കുമ്പോൾ ഖുർആനിൽ അങ്ങിനെയൊന്നുമില്ലെന്നും ഞങ്ങളുടെ കയ്യിലുള്ള ഖുർആനിൽ ഇങ്ങനെയാണെന്നുംമറ്റും പറഞ്ഞുകൊണ്ട് പല ഭിന്നാഭിപ്രായങ്ങളും അപശബ്ദങ്ങളും പലഭാഗത്തുനിന്നും പുറത്ത് വരാൻ തുടങ്ങി. അപ്പോഴാണ് പുതിയ പുതിയ പല ആയത്തുകളുമടങ്ങിയ പല കള്ള മുസ്ഹഫുകളും രാജ്യത്തിന്റെ പല ഭാഗങ്ങളിലും പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടുണ്ടെന്ന ഞെട്ടിപ്പിക്കുന്ന വാർത്ത ഖലീഫാഉസ്മാനിന്നറിയാൻ കഴിഞ്ഞത്. ഉടനെ ഖലീഫ: പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത്കൊണ്ട് ഉചിതവും കർശനവുമായ നടപടി എടുക്കാൻ തീരുമാനിച്ചു. അതായത് : രാജ്യത്തെവിടെയും കാണപ്പെടുന്ന എല്ലാ മുസ്ഹഫുകളും ശേഖരിച്ച് കേന്ദ്രത്തിലെത്തിക്കാൻ ഖലീഫാഉസ്മാൻ സൈന്യത്തിന്നുത്തരവ് നൽകി. ഒന്നും രണ്ടും ഖലീഫമാരുടെയും മറ്റു പല സഹാബിമാരുടെയും മേൽനോട്ടത്തിൽ രേഖപ്പെടുത്തിവെച്ചിരുന്ന സംശുദ്ധമായ ഖുർആനിന്റെ അസ്സൽ കോപ്പിയോടൊപ്പിച്ച്കൊണ്ട് ആറേഴ് മുസ്ഹഫുകൾ സൂക്ഷ്മമായെഴുതിവെക്കാനും അതിനിടയിൽ ഖലീഫ: ഏർപ്പാട് ചെയ്തിരുന്നു. അങ്ങിനെ മുമ്പ് പറഞ്ഞ പുതിയ മുസ്ഹഫുകളെല്ലാം ഒത്ത് നോക്കി പരിശോധിച്ചശേഷം അവയിൽ കാണപ്പെടുന്ന ആയത്തുകളെഴുതാനും സാക്ഷാൽ മുസ്ഹഫുകളിൽ സ്ഥിരപ്പെടുത്താമെന്ന തന്ത്രപരമായ പ്രചരണത്തിലൂടെ എല്ലായിടത്ത് നിന്നും പതുയ മുസ്ഹഫുകൾ സൈന്യം ശേഖരിച്ച്, കേന്ദ്രമായ മദീനാ പള്ളിയിൽ കൊണ്ട് വന്ന് കൂട്ടി. അബൂഹുറയ്റ:യെ പോലുള്ള സകല മുനാഫിക്കുകളും തങ്ങൾ പടച്ചുവിട്ട കള്ള ആയത്തുകളിൽ കുറേയെങ്കിലും ആ കള്ള മുസ്ഹഫുകളിലൂടെ നിലനിർത്താൻ കഴിഞ്ഞേക്കുമെന്ന വ്യാമോഹത്തോടെ, പരിശോധനതുടങ്ങുന്നത് കാണാൻവേണ്ടി കാത്തിരിക്കുമ്പോഴാണ് ഖലീഫാ ഉസ്മാന്റെ വിലമതിക്കാനാവാത്ത ആ ഉത്തരവുണ്ടായത്. എന്തെന്ന് : “അവിടെ ശേഖരിക്കപ്പെട്ട സകല മുസ്ഹഫുകളും ഒറ്റക്ഷണവുമില്ലാതെ ചുട്ട് ഭസ്മമാക്കണ”മെന്ന് .

ഒന്നാം ഖലീഫയും രണ്ടാംഖലീഫയും ചെയ്ത ഏറ്റവും വലിയ പുണ്യകർമ്മം



ഒരു സംശുദ്ധമായ മുസ്ഹഫ് ക്രോഡീകരിച്ചെഴുതിവെച്ചതായിരുന്നുവെങ്കിൽ, മൂന്നാം ഖലീഫ: ചെയ്ത ഏറ്റവും വലിയ പുണ്യകർമ്മം സകല അശുദ്ധ മുസ്ഹഫുകളും ചുട്ട്കരിച്ച് ഭസ്മമാക്കി എന്നതായിരുന്നു.

മേൽവിവരിച്ച ചുട്ടെരിക്കലിന്ന്ശേഷം ഇനി തന്റെ സീലില്ലാത്ത ഒറ്റ മുസ്ഹഫും രാജ്യത്തെവിടെയും കാണാൻ പാടില്ലാ എന്ന ഒരു മഹത്തായ പ്രഖ്യാപനവും കൂടി ഖലീഫ ഉസ്മാൻ പുറപ്പെടുവിക്കുകയുണ്ടായി. അവിടം മുതൽക്കാണ് എല്ലാ മുസ്ഹഫുകളിലും “മുസ്ഹഫ് ഉസ്മാനി” എന്ന മുദ്രണം സാർവ്വത്രികമായിത്തീർന്നത്. ഇന്ന് മുസ്ഹഫിന്റെ കോടിക്കണക്കിൽ പ്രതികൾ ലോകത്തുണ്ടെങ്കിലും “മുസ്ഹഫ് ഉസ്മാനി” എന്ന മുദ്രണമില്ലാത്ത ഒറ്റ പ്രതിയും അവയിൽ കാണപ്പെടുകയില്ല. പ്രശ്നത്തിന്റെ ഗൗരവവും പശ്ചാത്തലവും ശരിക്ക് മനസ്സിലാക്കാത്ത അപൂർവ്വം ചില പ്രസ്സുകാരുടെ മുസ്ഹഫുകളൊഴികെ.

അബൂഹുറയ്റയുടെ താവഴിക്കാരിലെ ബുഖാരിപോലുള്ള പ്രധാനികൾ തന്നെയാണ് സംക്ഷിപ്തമായിട്ടെങ്കിലും ഖലീഫാഉസ്മാൻ കള്ള മുസ്ഹഫുകൾ ചുട്ടുകരിച്ചത് വരെയുള്ള മേൽ സംഭവങ്ങളെല്ലാം രേഖപ്പെടുത്തി വെച്ചിരിക്കുന്നത്.

അപ്പോൾ നബിയുടെയും ഖലീഫമാരുടെയും കാലത്ത് മുസ്ലിംകളുടെ അടിസ്ഥാനപ്രമാണമായ ഖുർആൻ എന്ന ഏകഗ്രന്ഥമല്ലാതെ, മറ്റൊരു ദീനിപ്രമാണഗ്രന്ഥവും കാണാൻ പാടില്ലെന്ന നിർബ്ബന്ധത്തിൽ ഹദീസ് എഴുതിവെക്കൽ പറ്റെ നിരോധിക്കുകയും കള്ള മുസ്ഹഫുകൾ മുഴുവൻ ചുട്ടെരിക്കുകയുമാണുണ്ടായതെന്ന് സുന്നത്ത് ജമാഅത്തിലെയും അഹ്ലുൽ ഹദീസിലെയും മറ്റും പ്രഗൽഭ ചരിത്രകാരൻമാർതന്നെ എഴുതിവെച്ചതും കക്ഷിഭേദമന്യേ എല്ലാവരും സമ്മതിച്ചുപോന്നതുമായ ചരിത്ര യാഥാർത്ഥ്യങ്ങളാണ്.

## ഹദീസെഴുതിവെക്കുന്നത് നബി തടയാൻ കാരണമെന്ത് ?

ഹദീസ് ഇസ്ലാമിന്റെ രണ്ടാംപ്രമാണമാണെന്നും നബിയിൽനിന്നും തെളിഞ്ഞുകിട്ടിയ ഹദീസുകളെല്ലാം സ്വീകരിക്കൽ നമുക്ക് നിർബ്ബന്ധമാണെന്നുമാണല്ലോ നമ്മുടെ അടിസ്ഥാന സിദ്ധാന്തങ്ങളിലൊന്ന്. എന്നിരിക്കുമ്പോൾ ബുഖാരിയും

മുസ്ലിമും മറ്റും രേഖപ്പെടുത്തിയതനുസരിച്ച് നബിയുടെ ഹദീസുകളെഴുതിവെക്കുന്നത് നബിതന്നെ നിരോധിച്ചു എന്നു പറയുന്നതിന്റെ രഹസ്യമെന്താണെന്ന് നമുക്കറിയേണ്ടതില്ലേ? ഇസ്ലാമിന്റെ രണ്ടാംപ്രമാണം മുസ്ലിംകൾ പഠിക്കരുതെന്ന് നബിക്ക് ശാഠ്യമുണ്ടായിരുന്നുവെന്നല്ലേ അത്കൊണ്ട് വന്ന് ചേരുക. അത് ഇസ്ലാമിക ദൃഷ്ട്യാ ന്യായീകരിക്കാനൊക്കുമോ? വളരെ ഗൗരവമുള്ളൊരു ചോദ്യമാണിത്. അതിന്നനുസരിച്ച മറുപടിയും ആവശ്യമാണ്.

ഖുർആനുമായി കൂടിക്കലരുമെന്ന് ഭയന്നിട്ടാണ് നബിയുടെ കാലത്ത് ഹദീസെഴുതിവെക്കുന്നത് നബി വിലക്കിയതെന്ന ഒരു ''കഴുതന്യായം'' ചില അഹ്ലുൽ ഹദീസുകാർ എഴുന്നെള്ളിക്കാറുണ്ട്. കറിയും കഷായവും കൂടിക്കലരുമെന്ന് ഭയന്നിട്ടാണ് കറിവെച്ചശേഷം കഷായം വെക്കാത്തതെന്ന കിറുക്ക് വർത്തമാനം പോലയല്ലേ ഇത്. ഈ ഇരുപതാം നൂറ്റാണ്ടിലെ ബുദ്ധിയുള്ള മനുഷ്യരോടിതൊന്നും പറഞ്ഞ് ഭ്രാന്ത് പിടിപ്പിക്കരുതെന്നാണ് അത്തരം ''കഴുതന്യായ''ക്കാരോട് നമുക്കാദ്യം പറയുവാനുള്ളത്. ഹദീസെഴുതിവെക്കേണ്ടതായിരുന്നു എന്ന് പറഞ്ഞാൽ ഖുർആൻ സൂക്തങ്ങൾക്കിടയിലൂടെ മുസ്ഹഫിൽ തന്നെ അതും കൂട്ടിക്കലർത്തി എഴുതിവെക്കണമെന്നാണോ അതിന്റെയർത്ഥം ? ഖുർആൻ ഖുർആനായും ഹദീസ് ഹദീസായും വെവ്വേറെ രണ്ട് ഗ്രന്ഥങ്ങളായി എഴുതിവെച്ചാൽ പിന്നെങ്ങിനെയാണത് രണ്ടും തമ്മിൽ കലരുക. ഇനി നബിയുടെ കാലത്ത് ഖുർആൻ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ചിട്ടില്ലാത്തതിനാലാണങ്ങിനെ വിലക്കിയതെന്നാണ് വാദമെങ്കിൽ, ആ ക്രോഡീകരണമൊക്കെ കഴിഞ്ഞ ശേഷമെങ്കിലും നബിയുടെ ഹദീസുകളൊന്ന് ശുദ്ധമായി എഴുതിവെക്കാമായിരുന്നില്ലേ ? ഒറ്റ സ്വഹാബിക്കും ആ ബുദ്ധിയും തോന്നിയില്ല അല്ലേ? അബൂഹുറയ്റാ കമ്പനിയിൽപെട്ട കപടനും ജൂതഹദീസുകാരനുമായ അബ്ദുല്ലാഹിബ്നു അംറിന്നല്ലാതെ, എന്നാൽ പിന്നീടങ്ങിനെ ചെയ്യേണ്ടതുണ്ടെന്നുണർത്താൻ നബിക്കും മരണം വരെ തോന്നുകയുണ്ടായില്ല. ഇതൊക്കെയല്ലേ ഈ ജൂതാസുകളുടെ വാദങ്ങൾ?

ചുരുക്കത്തിൽ മുൻകാലങ്ങളിലെ ''അയ്യുഹന്നാസു''കളോട് പറയാറുള്ള മണ്ടത്തരങ്ങളും ഞൊണ്ടിന്യായങ്ങളുമൊന്നും ഇക്കാലത്ത് പറഞ്ഞാലത് നടക്കുകയില്ല. ബുദ്ധിയുള്ളവർക്ക് കേൾക്കാൻപറ്റിയ വല്ലതും പറയാനുണ്ടെങ്കിൽ അത് പറയണം. അതാണ് ഉൽബുദ്ധരും ബുദ്ധിജീവികളുമായ ഇന്നത്തെ ജനതക്കാവശ്യമായിട്ടുള്ളത്. എന്നാൽ വളരെ വ്സ്തരിച്ച് മറുപടിപറയേണ്ട ഒരു ചോദ്യമാണ്



മുകളിൽ ഉദ്ധരിച്ചതെങ്കിലും ഗ്രന്ഥ ദൈർഘ്യം ഭയന്നതിനാൽ കഴിയുന്നത്ര ചുരുക്കികൊണ്ടാണ് ഇവിടെ അതിന്ന് മറുപടിപറയാൻ പോവുന്നത്. മാന്യവായനക്കാർ അത് ശ്രദ്ധാപൂർവ്വം മനസ്സിലാക്കണമെന്നഭ്യർത്ഥിക്കുന്നു.

ഹദീസ് രണ്ടാം പ്രമാണമാണെന്ന് നാം പറയുന്നതിന്റെ ഉദ്ദേശം: ഹദീസുണ്ടെങ്കിലേ ഖുർആൻ പൂർണ്ണമാകൂ എന്ന അർത്ഥത്തിലല്ല, പ്രത്യൂത ഖുർആനിൽ പറഞ്ഞകാര്യം ഹദീസിലുംകൂടി പറഞ്ഞതായി കാണപ്പെടുകയാണെങ്കിൽ അക്കാര്യത്തിൽ ഖുർആൻ ഒന്നാമത്തെ പ്രമാണമായി ലഭിച്ചതിന്ന് പുറമേ രണ്ടാമത്തം പ്രമാണമായി ഹദീസും ലഭിച്ചു എന്നു മാത്രമാണ്. അല്ലാതെ ഖുർആനിൽ കാണപ്പെടാത്ത നിയമങ്ങൾ കണ്ട്പിടിക്കാൻ ഹദീസുകൾ തേടിപോകണമെന്ന ഉദ്ദേശത്തിലല്ല. എന്ത് കൊണ്ടെന്നാൽ: ഖുർആൻ സ്വയം തന്നെ സമ്പൂർണ്ണമാണെന്നും അത് സുവ്യക്തമാണെന്നും സൻമാർഗ്ഗത്തിലൂടെ ചലിക്കാൻ ഖുർആൻ തന്നെ ധാരാളം മതി എന്നുമൊക്കെ ഖുർആൻ ആവർത്തിച്ചു പ്രഖ്യാപിച്ചതാണ്. അവയിൽ രണ്ടു മൂന്ന് സൂക്തങ്ങൾ ഇവിടെ ഉദ്ധരിക്കാം.

1. ''വനസ്സൽനാ - അലൈക്കൽ - കിതാബ - തിബ്യാനൻ - ലികുല്ലിശൈഇൻ - വഹുദൻ - വറഹ്മത്തൻ - വബുശ്റ - ലിൽ മുസ്ലിമീൻ.'' അർത്ഥം : മുസ്ലിംകൾക്കെല്ലാം ഒരു സന്തോഷവാർത്തയായിട്ടും വലിയ ഒരനുഗ്രഹമായിട്ടും ശരിയായ മാർഗ്ഗദർശനമായിട്ടും മതപരമായ എല്ലാ പ്രശ്നങ്ങൾക്കും പരിപൂർണ്ണവിശദീകരണമായിട്ടുമാണ് ഈ മഹത്തായ ഗ്രന്ഥം (ഖുർആൻ) നിനക്ക് നാം അവതരിപ്പിച്ച് തന്നിരിക്കുന്നത്. (വി:ഖു: 16:89)

2. ''ഇന്നഹാദൽ - ഖുർആന - യഹ്ദീ - ലില്ലത്തീ - ഹിയ - അഖ്വമു.'' അർത്ഥം: ഈ ഖുർആൻ ഏറ്റവും ചൊവ്വായ മാർഗ്ഗത്തിലേക്ക് (മനുഷ്യരെ) നയിക്കുമെന്ന കാര്യം തീർച്ചയാണ്. (വി:ഖു: 17:9)

3. ''ഓ! സത്യവിശ്വാസികളെ, നിങ്ങൾ അതുമിതും പ്രശ്നങ്ങളെപറ്റി ചോദിക്കാൻ ഒരുമ്പെടരുത്. (നിങ്ങളുടെ ചോദ്യത്തിനനുസരിച്ച്) അവയുടെ നിയമങ്ങൾ വെളിപ്പെടുകയാണെങ്കിൽ നിങ്ങൾക്കത് വിഷമമായിത്തീരും. എന്നാൽ ഖുർആൻ അവതരിക്കപ്പെടുന്ന സന്ദർഭത്തിലാണ് നിങ്ങളതൊക്കെ ചോദിക്കുന്നതെങ്കിലോ? അവയെപറ്റിയെല്ലാം കണിശമായ നിയമങ്ങൾ നിങ്ങൾക്ക് വെളിപ്പെടുത്തിത്തരികയും

ചെയ്യും. (അതിനാൽ നിങ്ങൾ പലതും ചോദിക്കാൻ മെനക്കെടാതിരിക്കലാണ് നല്ലത്.) ഖുർആൻ പ്രതിപാദിക്കാത്ത അത്തരം വിഷയങ്ങളെല്ലാം അല്ലാഹു നിങ്ങൾക്ക് സ്വയം ഒഴിവാക്കിതന്നിരിക്കയാണ്. അല്ലാഹു വളരെയേറെ പൊറുക്കുന്നവനും ക്ഷമിക്കുന്നവനുമാണ്. (പിന്നെന്തിന്ന് നിങ്ങൾ വേണ്ടാത്ത സംശയങ്ങളുണ്ടാക്കി വിഷമം സൃഷ്ടിക്കുന്നു?) നിങ്ങളുടെ മുമ്പും ചില ജനത പലതും ചോദിക്കാറുണ്ടായിട്ടുണ്ട്. (തൽഫലമായി അവർക്കതിനെപറ്റിയെല്ലാം നിയമങ്ങളുണ്ടാക്കി അവതരിപ്പിച്ചുകൊടുത്തപ്പോൾ) ആ നിയമങ്ങളെല്ലാം അവർ ധിക്കരിക്കുകയാണ് ചെയ്തത്.'' (അതിനാൽ നിങ്ങളും ധിക്കാരികളായിത്തീരുവാൻ വേണ്ടിയുള്ള കാരണങ്ങളുണ്ടാക്കേണ്ട) വി: ഖു: 5:101, 102)

## ഖുർആനിലില്ലാത്ത ഒറ്റ മതനിയമവും മുസ്ലിംകൾക്ക് ബാധകമല്ലെന്ന് വി: ഖുർആൻ

ഏറ്റവും അടിസ്ഥാനപരവും വളരെ വ്യാപകവുമായ വലിയൊരു സിദ്ധാന്തമാണ് മുകളിലുദ്ധരിച്ച ഖുർആൻ സൂക്തങ്ങളിലൂടെ നമുക്കുരുതിരിഞ്ഞ് കിട്ടുന്നത്. അതാണ് താഴെ വിവരിക്കുന്നതും അത് ശ്രദ്ധാപൂർവ്വം വായിക്കുക!

ഖുർആനിലൂടെ അല്ലാഹു സ്വയം വ്യക്തമാക്കിത്തന്ന മതവിധികൾ മാത്രമെ നബിക്കും മുസ്ലിംകൾക്കും പൊതുവെ ബാധകമാവുകയുള്ളുവെന്നും എന്നാൽ ഖുർആനിലൂടെ എന്തെങ്കിലും വിധിയോ വിലക്കോ വ്യക്തമാക്കിയിട്ടില്ലാത്ത ഏതൊരു കാര്യവും പ്രവർത്തിക്കുന്നതിലോ പ്രവർത്തിക്കാതിരിക്കുന്നതിലോ യാതൊരു തെറ്റും കുറ്റവും ഇസ്ലാമിലില്ലെന്നും മേലുദ്ധരിച്ച ഖുർആൻ സൂക്തങ്ങളിലൂടെ അല്ലാഹു വ്യക്തമായി പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനെ ദുർബലപ്പെടുത്തുനനതോ ഭേദഗതി വരുത്തുന്നതോ ആയ ഒറ്റ ആയത്തും ഖുർആനിലെവിടെയും ഇല്ലതാനും. എന്നിരിക്കുമ്പോൾ ഖുർആൻ വ്യക്തമാക്കിയതിലേറെ നിയമങ്ങളും നിബന്ധനകളും മുസ്ലിംകളുടെ മേൽ അടിച്ചേൽപ്പിക്കാൻവേണ്ടി ഹദീസുകൾ എഴുതുവെക്കാനും അതൊരു മൂലപ്രമാണമാക്കി പ്രതിഷ്ഠിക്കാനും അല്ലാഹു എങ്ങനെയാണനുവദിക്കുക.

ശരിക്കും ആവേശവും പ്രായോഗികവുമായ് നിയമങ്ങളേതൊക്കെയാണെങ്കിൽ അതെല്ലാം വേണ്ടത്ര ദീർഘദൃഷ്ടിയോടെ ആദ്യമേ ക്രോഡീകരിച്ചുകൊണ്ട് ഖുർആനിലൂടെ അല്ലാഹു വ്യക്തമാക്കിത്തന്നതിന്ന് പുറമെ, വീണ്ടും ചില നിയമങ്ങൾ ഉടലെടുക്കാൻ കാരണമുണ്ടാക്കിയാലത് ധിക്കാരത്തിലേക്ക് വഴിവെക്കുകയാണ് ചെയ്യുകയെന്നും, മനുഷ്യചരിത്രത്തിലെ കഴിഞ്ഞകാല അനുഭവം അതാണെന്നും അതിനാൽ ഒരിക്കലും അത്തരം സ്ഥിതിവിശേഷമുണ്ടാക്കിത്തീർക്കാൻ നിങ്ങൾ ഒരുമ്പെടരുതെന്നും അല്ലാഹു കാര്യകാരണസഹിതം വിലക്കുകയാണ് ചെയ്തിരിക്കുന്നത്. അത്തരത്തിലുള്ള കർശനമായ വിലക്ക് ഖർആനിലുള്ളപ്പോൾ ആ ഖുർആൻ ശരിക്ക് പഠിച്ച നബിതിരുമേനി എങ്ങിനെയാണ് മറ്റൊരു ഗ്രന്ഥവുംകൂടി എഴുതിവെക്കുവാനും അത് പ്രമാണമാക്കുവാനും മുസ്ലിംകളോട് കൽപ്പിക്കുക? അത് സങ്കൽപ്പിക്കാൻപോലും സാധ്യമല്ല. ദൈവാനുഗ്രഹത്താൽ അങ്ങിനെയൊന്നും സംഭവിച്ചതുമില്ല. അപ്രകാരം സംഭവിക്കണമെങ്കിൽ അതിനായി അല്ലാഹുവിങ്കൽ നിന്ന് പുതിയൊരു കൽപന ലഭിക്കുകതന്നെ വേണ്ടിയിരുന്നു. പക്ഷേ അങ്ങിനെയൊരു കൽപന മരണംവരെ നബിക്ക് ലഭിച്ചിരുന്നില്ലെന്ന് ഏറ്റവും വലിയ തെളിവാണ്: ഹദീസുകൾ എഴുതിവെക്കുന്നത് ആദ്യമേ നബി നിരോധിച്ചിരുന്നുവെന്നതും അന്ത്യഘട്ടത്തിൽപോലും ആ നിരോധനത്തിൽ നബി ഉറച്ചുനിന്നുവെന്നതുമൊക്കെ.

## 'അപ്പോൾ നബിയെ പിൻപറ്റുക' എന്നതിന്റ അർത്ഥമെന്ത് ?

ഇപ്പോൾ പലരേയും ആശയക്കുഴപ്പത്തിലാക്കുന്നൊരു ഗംഭീരപ്രശ്നമാണിത്.

നബിയുടെ ഹദീസുകളൊന്നും ശരിക്കെഴുതി വെച്ചിട്ടില്ലെന്നും എഴുതിവെച്ചതൊന്നും നബിയുടെ ഹദീസുകളല്ലെന്നും വന്നുകഴിഞ്ഞാൽപിന്നെ നബിയെ പിൻപറ്റുക ''നബിയെ അനുസരിക്കുക'' എന്നെല്ലാം ഖുർആൻ കൽപിക്കുന്നതിന്റെ അർത്ഥമെന്തെന്നാണ് പലർക്കും മനസ്സിലാവാത്തത്. അത് മനസ്സിലാവാതിരിക്കാൻ തുടങ്ങിയിട്ടും ആയിരത്തിലേറെ വർഷങ്ങൾ കഴിഞ്ഞു. അതിന്റെ കാരണക്കാരും അബൂഹുറയ്റാ താവഴിക്കാർ തന്നെയാണ്. അതിനാൽ ആ വിവരക്കേട് അവസാനിപ്പിക്കലും വളരെ നിർബ്ബന്ധമുള്ള കാര്യമാണല്ലോ. അതിന് നബിയെ ഇത്തബാഅ് ചെയ്യുക (പിൻപറ്റുക) എന്ന് ഖുർആൻ കൽപിച്ചതിന്റെ ഉദ്ദേശമെ

ന്തെന്ന് ഖുർആനിൽ നിന്ന് തന്നെ നാം ശരിക്കും പഠിക്കേണ്ടതുണ്ട്.

നബിയോടും മുസ്ലിംകളോടും ഖുർആൻ പിൻപറ്റണമെന്ന കൽപന ഖുർ ആനിൽ ഇരുപത്തിയാറു പ്രാവശ്യം അല്ലാഹു ആവർത്തിച്ചതാണ്. അത്പോലെ ത്തന്നെ പൂർവ്വപ്രവാചകന്മാരുടെ സന്മാർഗ്ഗത്തെയും (ദീനിനേയും) അവരുടെ മില്ല ത്തിനേയും സുന്നത്തിനേയും പിൻപറ്റാനും നബിയോടും മുസ്ലിംകളോടും ആറ് സ്ഥലത്ത് ഖുർആൻ കൽപിച്ചിട്ടുണ്ട്. ഖുർആനിൽ മൂന്ന് സ്ഥലത്ത്മാത്രം മുസ്ലിം കളോട് നബിയെ പിന്റപറ്റണമെന്നും കൽപിച്ചിരിക്കുന്നു. പിൻഗാമികളായ സത്യ വിശ്വാസികൾ മുൻഗാമികളായ സത്യവിശ്വാസികളെ പിൻപറ്റേണ്ടതാണെന്ന് മൂന്ന് സ്ഥലത്ത് വേറയും പറയുന്നു. ഇപ്പറഞ്ഞ ഓരോന്നിന്റെയും ഉദ്ദേശമെന്തെന്ന് ശരിക്കും പഠിക്കുമ്പോൾ നബിയെ പിൻപറ്റാൻ പറഞ്ഞതിന്റെ ഉദ്ദേശവും ശരിക്കും വ്യക്തമാകുമെന്നത് തീർച്ചയാണ്. അതിനാൽ ഓരോന്നിന്റെയും ഉദ്ദേശമെന്തെന്ന് നമുക്ക് പരിശോധിക്കാം.

ഖുർആൻ പിൻപറ്റണമെന്ന് ഇരുപത്താറ് തവണ കൽപിച്ചതിന്റെ ഉദ്ദേശം ഖുർആൻ അനുസരിച്ചു ജീവിക്കണമെന്നാണെന്നതിൽ ആർക്കും തർക്കമില്ലല്ലോ. രണ്ടാമതായി പൂർവ്വപ്രവാചകൻമാരുടെ സൻമാർഗ്ഗത്തേയും മില്ലത്തിനേയും സുന്ന ത്തിനേയുമൊക്കെ പിൻപറ്റണമെന്ന് നബിയോടും നമ്മളോടും പറഞ്ഞതിന്റെ താൽപര്യം എന്താണെന്നാണ് മനസ്സിലാവേണ്ടത്. പൂർവ്വപ്രവാചകൻമാരുടെയെല്ലാം ഹദീസ്ഗ്രന്ഥങ്ങളും സുവിശേഷങ്ങളും തേടിപ്പിടിച്ച് അവയിലുള്ളതനുസരിച്ച് ജീവി ക്കണമെന്നാണതിന്റെ താൽപര്യമെന്ന് മുസ്ലിംകളിൽ ബുദ്ധിയുള്ളവരാരും പറയു മെന്ന് തോന്നുന്നില്ല. കാരണം : അത്തരം ഗ്രന്ഥങ്ങൾ എഴുതിയുണ്ടാക്കിയതിന്റെ പേരിലും അതിൽകൂടി അട്ടിമറികൾ നടത്തിയ കാരണത്താലുമാണ് പൂർവ്വസമുദാ യങ്ങളിലെ പുരോഹിതവർഗ്ഗത്തെ ഖുർആൻ കഠിനമായി ആക്ഷേപിക്കുന്നത്. എന്നി രിക്കുമ്പോൾ ആ പിഴച്ച ഗ്രന്ഥങ്ങൾതന്നെ വീണ്ടും പിൻപറ്റാൻ എങ്ങിനെയാണ് അല്ലാഹു കൽപിക്കുക? അതൊരിക്കലുമില്ല. അപ്പോൾ പൂർവ്വപ്രവാചകന്മാരുടെ ദീനും മില്ലത്തും സുന്നത്തും പിൻപറ്റൽതന്നെയാണെന്ന് മുസ്ലിംകളെ പഠിപ്പിക്കാനും കർമ്മാനുഷ്ഠാനങ്ങളിലെയും ആചാരസമ്പ്രദായങ്ങളിലെയും ബാഹ്യരൂപങ്ങളോ രൂപവ്യത്യാസങ്ങളോ ഒന്നും തന്നെ ദീൻ, മില്ലത്ത്, സുന്നത്ത് എന്നിവയുടെ വിവ ക്ഷയിൽ തീരെ പരിഗണനീയമല്ലെന്ന് പുരോഹിതവർഗ്ഗത്തെ മുഴുവൻ ബോധ്യപ്പെ ടുത്തികൊടുക്കുവാനും വേണ്ടിയാണ് പൂർവ്വഗ്രന്ഥങ്ങൾ പിൻപറ്റണമെന്ന് പറയാതെ



പൂർവ്വപ്രവാചകൻമാരുടെ ദീനും മില്ലത്തും സുന്നത്തും പിൻപറ്റണമെന്ന ശൈലി ഖുർആൻ പ്രത്യേകം പ്രയോഗിച്ചതെന്ന് നാം വ്യക്തമായും മനസ്സിലാക്കേണ്ടിയിരി ക്കുന്നു. അല്ലാതെ പൂർവ്വപ്രവാചകൻമാരുടെ ജീവചരിത്രങ്ങളോ അവരുടെ ഹദീ സ്ഗ്രന്ഥങ്ങളോ പിൻപറ്റണമെന്നല്ല അവരുടെ മില്ലത്തിനെയും സുന്നത്തിനെയും പിൻപറ്റണമെന്ന് ഖുർആൻ ആവർത്തിച്ചു കൽപിച്ചതിന്റെ ഉദ്ദേശം. അങ്ങിനെ യൊക്കെയാണെന്ന് ഒറ്റ മുസ്ലിം മതപണ്ഡിതനും പറയുകയുമില്ല.

ഇനി മൂന്നാമതായി സത്യവിശ്വാസികളിലെ പിൻഗാമികൾ, മുൻഗാമികളെ പിൻപറ്റുന്നതായും ഖുർആൻ പറഞ്ഞിട്ടുണ്ടല്ലോ. മുൻഗാമികളുടെ ചരിത്രഗ്രന്ഥ ങ്ങൾ പ്രമാണമാക്കിക്കൊണ്ട് പിൻഗാമികൾ ജീവിക്കണമെന്നോ, അല്ലെങ്കിൽ അവ രുടെ ജീവിതരീതികൾ ഇസ്ലാമിൽ ഒരു പ്രമാണമാക്കണമെന്നോ ആണ് ഖുർആ നിൽ അപ്പറഞ്ഞതിന്റെ ഉദ്ദേശമെന്നും ബുദ്ധിയുള്ളവരാരും പറയുകയില്ല. പ്രവാച കന്മാരുടെ കാര്യത്തിൽപോലും ആ ഉദ്ദേശം നടപ്പില്ലെന്ന് ഖുർആൻ വ്യക്തമാക്കു മ്പോൾ പ്രവാചകന്മാരെക്കാൾ വലിയ മാലാഖമാരായി മതപുരോഹിതന്മാരെ പ്രതി ഷ്ഠിച്ചാൽ ഇനിയുള്ളകാലം അത് നടക്കുകയുമില്ല.

ചുരുക്കത്തിൽ പൂർവാവപ്രവാചകന്മാരെയും അവരുടെ ദീനിനെയും മില്ല ത്തിനേയും സുന്നത്തിനേയും പിൻപറ്റണമെന്ന് ഖുർആൻ കൽപിച്ചതിന്റെ ഏക ഉദ്ദേശ്യം ഖുർആനിനെ പിൻപറ്റണമെന്ന് മാത്രമാണെന്നും അതേ ഉദ്ദേശമല്ലാതെ, മറ്റൊ രുദ്ദേശം മേൽപറഞ്ഞതിന്നില്ലെന്നും ഖുർആൻ പഠിച്ചവരെല്ലാം സമ്മതിക്കേണ്ടിയി രിക്കുന്നു. ഇന്നേവരെയുള്ള എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും അഹ് ലുൽ ഹദീ സുകാരും സുന്നത്ത് ജമാഅത്ത്കാരും അത് സമ്മതിച്ചിട്ടുമുണ്ട്. ഇനി നബിയെ പിൻപറ്റണമെന്ന് ഖുർആൻ പറയുന്നതിന്റെ താൽപര്യമെന്താണെന്നാണ് മനസ്സിലാ ക്കേണ്ടത്. അതന്വൊരുങ്ങുമ്പോൾ ഇതേവരെ സമ്മതിച്ച മേൽ പറഞ്ഞ സത്യങ്ങ ളെല്ലാം പറ്റെ നിഷേധിക്കാനാണ് മതപുരോഹിതന്മാർ ഒറ്റക്കെട്ടായി അണിനിരക്കു ന്നത്. അതായത് : നബിയെ പിൻപറ്റണമെന്ന് പറഞ്ഞതിന്റെ ഉദ്ദേശം നബിയുടെ ഹദീസുകൾ പിൻപറ്റണമെന്നാണെന്നും ഖുർആൻ പിൻപറ്റിയത് കൊണ്ടൊന്നും നബിയെ പിൻപറ്റലാവുകയില്ലെന്നും അതിനാൽ നബിയുടെ ജീവചരിത്രവും ഹദീ സുകളും ഇസ്ലാമിന്റെ മുഖ്യപ്രമാണമായി കണക്കാക്കണമെന്നും ആ പ്രമാണത്തിന്റെ ഏറ്റവും മുന്തിയ പ്രചാരകന്മാരാണ് അബൂഹുറയ്റയും ബുഖാരിയും മുസ്ലീമുമെല്ലാ

മെന്നുമാണ് ഖുർആനില്ലാത്ത അഹ്ലുൽ ഹദീസുകാരുടെയും സുന്നത്ത്ജമാഅത്ത്കാരുടേയും അടിയുറച്ച വാദം. ഈ വാദക്കാരെ നേരിടാൻ അല്ലാഹുവിനെക്കൊണ്ടല്ലാതെ, അഥാവാ അവന്റെ ഖുർആൻകൊണ്ടല്ലാതെ സാധ്യമല്ലെന്നത് തീർച്ചയാണ്. അത്കൊണ്ട് തന്നെയായിരിക്കണം മറ്റു പ്രവാചകൻമാരെപറ്റി പറഞ്ഞപ്പോൾ ഖുർആൻ എടുത്തുപറയാത്തൊരു വിശദീകരണം നമ്മുടെ നബിയെപറ്റി പറഞ്ഞപോപോൾ ഖുർആൻ പ്രത്യേകം എടുത്തുപറയാൻ കാരണമായത്. അതായത് : സൂറത്തുൽ അഅ്റാഫിൽ - 7: 157ൽ - നബിയെ പിൻപറ്റണമെന്നുണർത്തിയപ്പോൾ അതേ സൂക്തത്തിന്റെ അവസാനത്തിൽതന്നെ, അതിന്റെ വിവക്ഷ, ഇന്നതാണെന്ന് അല്ലാഹു പ്രത്യേകം വ്യക്തമാക്കി. എന്ന് പറഞ്ഞാൽ: നബിയെ പിൻപറ്റണമെന്ന് കൽപിച്ചതിന്റെ സാക്ഷാൽ ഉദ്ദേശം നബിക്കവതരിപ്പിച്ചു കൊടുത്ത ഗ്രന്ഥം പിൻപറ്റലാണെന്ന - വളരെ പ്രധാനപ്പെട്ട ഒരു വിവരണം അല്ലാഹു കൂട്ടിച്ചേർത്തു എന്ന് ചുരുക്കം. അപ്പോൾ ഖുർആനിൽ നബിയെ പിൻപറ്റാൻ പറഞ്ഞതിന്റെ ഉദ്ദേശം നബിക്ക് ശേഷം 200 വർഷം കഴിഞ്ഞ് വന്ന ബുഖാരി മുസ്ലിംപോലുള്ളവരെഴുതിയുണ്ടാക്കിയ ജൂതായിസങ്ങൾ നിറഞ്ഞ ഹദീസ് ഗ്രന്ഥങ്ങൾ പിൻപറ്റണമെന്നാണെന്ന് വാദിക്കുന്നത്, ഖുർആൻ പഠിക്കാത്തത് കൊണ്ട് പറയുന്ന തനി കുഫ്റും ധിക്കാരവുമാണെന്ന് തീർച്ചയായി. അത്തരം വാദക്കാരുടെ വായ മൂടിക്കെട്ടാൻ പറ്റിയ ഏറ്റവും പ്രബലമായൊരു തെളിവാണ് മേൽ ഖുർആൻ സൂക്തമെന്നതിൽ സംശയമില്ല.

## ബുഖാരിയും മുസ്ലിമും എഴുതി വെക്കാൻ ആരുപറഞ്ഞു ?

മുമ്പ് വിവരിച്ചുപോയപ്രകാരം നബിയുടേയും ഖലീഫാഉമറിന്റെയും കർശനമായ നിരോധംമൂലം അബൂഹുറൈറാ കമ്പനിക്കാരുടെ ''ഹദീസെഴുതി പ്രമാണ ഗ്രന്ഥമാക്കുക'' എന്ന വ്യാമോഹം നടക്കാതെപോയെന്ന് മനസ്സിലായല്ലോ. എങ്കിലും അവരുടെ ജൂതഏജൻസിപ്പണി തുടരുകതന്നെ ചെയ്തു. ഖുർആനിക ഭരണകർത്താക്കളായിരുന്ന നാല് ഖലീഫമാർ രണ്ടാം ഖലീഫ: ഉമറിനെ വകവരുത്തിയ ശംഷം ഉസ്മാനിന്റെയും അലിയ്യിന്റെയും കൂടി കഥ കഴിക്കാനുള്ള പ്ലാനും പരിപാടിയും അബൂഹുറയ്റാ, മുആവിയാ കൂട്ട് കമ്പനിക്കാർ യഥാസയം തയ്യാറാക്കി. ഏറിയ ആസൂത്രണങ്ങൾക്ക് ശേഷം അവരത് നടപ്പിലാക്കുകയും ചെയ്തു. അനന്തരം മുആവിയാനെ രാജാവായും വാഴിക്കപ്പെട്ട ശേഷമാണ് ലോകത്തിലെ ഏറ്റവും വലിയ കള്ളഹദീസ് നിർമ്മാതാവായിരുന്ന അബൂഹുറയ്റക്ക് ലോകത്തിലെ ഏറ്റവും വലിയ ''ഹദീസ് പണ്ഡിത ഇമാമായി'' വാഴാനവസരം ലഭിച്ചത്. ആ സന്ദർഭം വേണ്ടമാതിരി ഉപയോഗപ്പെടുത്താൻ സമർത്ഥനായ അബൂഹുറയ്റ: തീരുമാനിക്കുകയും ചെയ്തു.

എന്നാൽ സഹാബിമാരിൽ ഒരു വ്യക്തിയെങ്കിലും ജീവിച്ചിരിക്കുന്ന കാലത്തോളം ഒറ്റ ഹദീസ്ഗ്രന്ഥവും എഴുതാനോ എഴുതിക്കുവാനോ സാധ്യമല്ലെന്നുറപ്പാക്കായ അബൂഹുറയ്റാ കമ്പനിക്കാർ അവരുടെ കള്ളഹദീസുകളെല്ലാം വാമൊഴിയായി പ്രചരിപ്പിക്കാനാണ് തീരുമാനിച്ചത്. ആ പ്രചരണം മക്ക, മദീന, സിറിയ, ഇറാൻ, ഇറാഖ്, ഈജിപ്ത് മുതലായ രാജ്യങ്ങളിൽ മുആവിയയുടെ നീണ്ട ഇരുപത്കൊല്ലത്തെ ഭരണകാലത്ത് തന്റെ പരിപൂർണ്ണ പിന്തുണയോടെ നിർബാധം തുടരുകയും ചെയ്തു. മുആവിയയുടെ തെമ്മാടിയായ മകൻ യസീദിന്റെ കാലത്തും മറ്റും ആ ജൂതപ്രവർത്തനം പതിന്മടങ്ങ് ശക്തി പ്രാപിച്ചുവെന്ന് പറയേണ്ടതില്ലല്ലോ.

എങ്കിലും ഖുർആനിലെ പ്രധാന സിദ്ധാന്തങ്ങളും ആദർശങ്ങളും തുരങ്കം വെക്കാൻവേണ്ടി നെയ്തുണ്ടാക്കുന്ന കള്ളഹദീസുകൾ മുസ്ലിംകളിൽ വിലപ്പോകണമെങ്കിൽ അതിന്റെ അവതരണത്തിൽ ചില പ്രത്യേകതകൾ ആവശ്യമാണെന്ന് അബൂഹുറയ്റ:യും കൂട്ടുകാരും മനസ്സിലാക്കി. അതിന്റെ ഫലമായാണ് ഏറ്റവും ഗൗരവമുള്ള ഖുർആൻ വിരുദ്ധ കള്ള ഹദീസുകൾ അവർ കെട്ടിവിടുമ്പോൾ അത് അല്ലാഹു നബിയോട് നേരിട്ട് പറഞ്ഞ ''ഖുദ്സീ ഹദീസുകളാ''ണെന്നും അതല്ലെങ്കിൽ ജിബ്രീൽ നബിക്ക് പ്രത്യേകം പഠിപ്പിച്ചുകൊടുത്ത ''മലകീ ഹദീസു''കളാണെന്നും മറ്റും അവർ പ്രചരിപ്പിക്കാനിടയായത്.

അല്ലാഹു നബിക്ക് നേരിട്ട് പഠിപ്പിച്ചുകൊടുത്ത ഹദീസുകൾ ''അഡീഷനൽ ഖുർആനും'' ജിബ്രിൽ വഴി പറഞ്ഞുകൊടുത്ത ഹദീസുകൾ ''എക്സ്ട്രാ ഖുർആനു''മായിട്ടാണ് അഹ്ലുൽ ഹദീസുകാരെല്ലാം പൊതുവെ സങ്കൽപ്പിച്ചുപോരുന്നത്. അതുകൊണ്ടാണ് അത്തരം ഹദീസുകൾകൊണ്ട് ഖുർആനിനെത്തന്നെ ''നസ്ഖ് '' ചെയ്യാം (ദുർബലപ്പെടുത്താം) എന്ന് വരെ ശാഫിയെപ്പോലുള്ള അഹ്ലുൽ ഹദീസുകാർ ഇമാം അബൂഹനീഫ:യെ പോലുള്ള ഖുർആൻ പണ്ഡിതന്മാർക്കെതിരിൽ വാദിക്കാനും ധാരാളം ഖുർആൻ വിരുദ്ധനിയമങ്ങൾ നെയ്ത് വിടാനും കാരണമായത്.

മേൽ വിവരിച്ച ജൂത പ്രവർത്തനത്തിലൂടെ ഖുർആൻ വാദികളും (ഖുർ ആൻ സുന്നത്തുകാർ) ഖുർആൻ വിരുദ്ധരും (സുന്നത്ത് ജമാഅത്തുകാർ) എന്നിങ്ങനെ പ്രധാനപ്പെട്ട രണ്ട് വിഭാഗമായി മുസ്ലിം സമുദായത്തെ നടുപൊളിക്കാൻ കഴിഞ്ഞെങ്കിലും ഹദീസുകൾ വാമൊഴിയിൽ നിന്നും വരമൊഴിയായി (ഓരോ പ്രമാണ ഗ്രന്ഥമായി) സ്ഥിരപ്പെടുത്താത്ത കാലത്തോളം ആ പിളർപ്പിനും ഭിന്നിപ്പിനും ശാശ്വതത്വം ലഭിക്കുകയില്ലെന്ന് ജൂതന്മാർ ദീർഘദർശനം ചെയ്തു. തന്നിമിത്തം അബൂ ഹുറയ്റാ കമ്പനിക്കാർ നെയ്തുവിട്ട പ്രധാന ഹദീസുകളെല്ലാം ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കാനും അതൊരു മൂലപ്രമാണമായി മുസ്ലിംകളെക്കൊണ്ടംഗീകരിപ്പിക്കാനും ജൂതന്മാർ തീരുമാനിച്ചു.

ഹിജ്റ: രണ്ടാംനൂറ്റാണ്ടിന്റെ അവസാനംവരെ പലരേയും അതിനുപയോഗപ്പെടുത്താൻ അവർ ശ്രമിച്ചെങ്കിലും അതൊന്നും തീരെ വിജയിക്കുകയുണ്ടയില്ലെന്നതാണ് ചരിത്രസത്യം. അങ്ങിനെ ഹിജ്റ: മൂന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് ചില ജൂതപരോഹിതന്മാരും കൃസ്ത്യൻ പാതരിമാരും കൂടി റഷ്യക്കാരായിരുന്ന ബുഖാരി, മുസ്ലിം, തുർമുദി മുതൽക്കുള്ള ചില പ്രധാന വ്യക്തികളെ മേൽകൃത്യത്തിന് വേണ്ടി തെരഞ്ഞെടുത്ത് നിയോഗിച്ചത്. അവരിൽ ഏറ്റവും പ്രധാനി ഹിജ്റ: 196 -ാം വർഷത്തിൽ റഷ്യയിലെ ബുഖാറയിൽ ജനിച്ചുവളർന്ന കുശാഗ്രബുദ്ധിയായ ബുഖാരി തന്നെയായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. വലിയ അപകടങ്ങളൊന്നുമില്ലാത്ത - വളരെനല്ലതെന്നു തോന്നപ്പെടുന്ന - അല്ലെങ്കിൽ കടുത്ത സത്യംതന്നെയായ - പലതരം ഹദീസുകൾക്കിടയിലൂടെ, വളരെ സമർത്ഥമായി നിർമ്മിക്കപ്പെട്ട - ഉന്നതമായ പരമ്പരകളിലൂടെ വിളംബരം ചെയ്യുന്ന - ഒറ്റ മുസ്ലിമിന്നും പറയാൻ പറ്റാത്ത - നബിയെ അങ്ങേയറ്റം തരം താഴ്ത്തുകയും വഷളാക്കുകയും ചെയ്യുന്ന - നബിയെ വലിയൊരു മഹാപാപിയായി ചിത്രീകരിക്കുന്ന - നബിയൊരു സ്ത്രിലമ്പടനും കാമഭ്രാന്തനുമായിരുന്നുവെന്ന് വരുത്തിത്തീർക്കുന്ന - സകല ജൂതഹദീസുകളും വളരെ ഭദ്രമായും ഭംഗിയായും സംശയരഹിതമായും എഴുതിവെച്ച ആദ്യത്തെ മനുഷ്യനായിരുന്നു ബുഖാരി എന്നത് ഒരനഷേധ്യ യാഥാർത്ഥ്യമത്രെ ! ഈ ഗ്രന്ഥത്തിൽ കണിശമായി തെളിയിക്കാൻപോകുന്നതും അത് തന്നെയാണ്. നബിയേയും ഇസ്ലാമിനേയും ഇത്രയധികം അവഹേളിക്കുന്നതും അതേസമയം ഇസ്ലാമിലെ ''ഏറ്റവും മുന്തിയ ഹദീസ്ഗ്രന്ഥ''മെന്ന് ജൂതമുനാഫിഖുകൾ ലോകമൊട്ടുക്കും



പ്രചരിപ്പിച്ചതും ഭൂരിപക്ഷ മുസ്ലിംകളെയും ഖുർആനിൽ നിന്ന് വഴിതെറ്റിച്ചതുമായ മറ്റൊരു ഗ്രന്ഥവും മുസ്ലിം ലോകത്തിന്നേവരെയുണ്ടായിട്ടില്ല.

അതേപോലെത്തന്നെ ഖുർആനിന്നെതിരിലും നബിക്കെതിരിലും ഇത്രയധികം ജൂതായിസങ്ങൾ കുത്തിനിറക്കപ്പെട്ട ഒരു ഗ്രന്ഥത്തിന്ന്, അന്നേവരെ രചിക്കപ്പെട്ട ഒറ്റ ഗ്രന്ഥത്തിനും ഒരു പണ്ഡിതനും പേരിട്ടിട്ടില്ലാത്ത- അഥവാ പേരിടാൻ ധൈര്യം വന്നിട്ടില്ലാത്ത - ''അൽ - ജാമിഉസ്സ്വഹീഹ് '' (ശരിയായ പ്രാമാണിക ഹദീസുകളുടെ സമാഹാരം) എന്ന പച്ചക്കള്ളമായ ഒരു പേര് നൽകാനും അത് അകത്തും പുറത്തുമെഴുതി ലോകത്തൊട്ടാകെ പ്രചരിപ്പിക്കാനും ധൈര്യം കാണിച്ച ആദ്യത്തെ മനുഷ്യനും മേൽപറഞ്ഞ ബുഖാരിതന്നെയായിരുന്നു.

അഹ്‌ലുൽ ഹദീസുകാരുടെ തന്നെ അഭിപ്രായപ്രകാരം ബുഖാരിയേക്കാൾ ഖുർആനും ഹദീസും പഠിച്ച ''മുത്വ്‌ലഖ് മുജ്തഹിദ്'' (ഖുർആനിലും ഹദീസിലും സ്വതന്ത്രമായി ഗവേഷണ നിരീക്ഷണങ്ങൾ നടത്താൻ കഴിവുള്ള പ്രഗൽഭ പണ്ഡിതൻ) ആയ ''ഇമാംമാലിക്ക് രചിച്ചതും'' ബുഖാരിയിലുള്ള ജൂത ഹദീസുകളുടെ ഇരുപതിലൊരംശംപോലുമുൾക്കൊള്ളാത്തതും 40 വർഷക്കാലം മെനക്കെട്ടിരുന്ന് പരിശോധന നടത്തിയതുമായ ''മുവത്ത്വ'' എന്ന ഹദീസ്ഗ്രന്ഥമാണോ, അതോ മുത്വ്‌ലഖ് മുജ്തഹിദല്ലാത്ത- ഖുർആൻ വിരുദ്ധ ഹദീസുകൾ ധാരാളം ശേഖരിക്കാൻ വേണ്ടി പല നാടുകളും ചുറ്റിസഞ്ചരിച്ച ഒരു വ്യകതി, കേവലം പതിനാറ് വർഷം കൊണ്ട് കുത്തിക്കുറിച്ചതും ''മുവത്ത്വ''യേക്കാൾ ഇരുപതിരട്ടി ജൂത ഹദീസുകളടങ്ങിയതുമായ ബുഖാരി എന്ന ഗ്രന്ഥമാണോ ''സ്വഹീഹ് ''(ശരിയായ പ്രമാണികഹദീസ്ഗ്രന്ഥം) എന്ന പേരിടാൻ അർഹമായിട്ടുള്ളതെന്ന് ബുദ്ധിയുള്ളവർ ചിന്തിച്ചുകൊള്ളട്ടെ. എന്നാൽ വാറോലഗ്രന്ഥങ്ങളുടെ കൂട്ടത്തിൽപെട്ടതാണെങ്കിലും ബുഖാരിയേക്കാൾ എത്രയോമെച്ചപ്പെട്ട ഒരു ഹദീസ്ഗ്രന്ഥമാണ് മാലിക്കിന്റേതെന്ന് പറയപ്പെടുന്ന 'മുവത്ത്വ', എന്നിരിക്കെ, അതിന്ന്പോലും ''സ്വഹീഹ്'' എന്നോ ''ജാമിഅ് '' എന്നോ പേരിടാനോ, അതിനെ ഒരു പ്രമാണഗ്രന്ഥമായി കണക്കാക്കാനോ ഇമാംമാലിക്ക് ആരെയും അനുവദിക്കുകയുണ്ടായില്ലെന്ന് അഹ് ലുൽ ഹദീസുകാർതന്നെ രേഖപ്പെടുത്തിവെച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ കാലത്തെ മുസ്ലിംഭരണകർത്താവായിരുന്ന ഖലീഫാമൻസൂർ, ഇമാംമാലിക്കിന്റെ മുവത്തവയെ ഹദീസിന്റെ പ്രമാണഗ്രന്ഥമായി രാജ്യത്തൊട്ടാകെ പ്രചരിപ്പിക്കാനൊരുങ്ങിയപ്പോൾ ഇമാംമാലിക്ക് അതിന്നൊരിക്കലും അനുവദിച്ചില്ലെന്നും തന്റെ ആ ഗ്രന്ഥത്തിലെഴുതിയ

ഹദീസുകളെല്ലാം സത്യമാണെന്ന കാര്യം തനിക്കുറപ്പില്ലെന്നതാണ് അദ്ദേഹമതിന് പറഞ്ഞ കാരണമെന്നുമുള്ള ചരിത്രവും അഹ്ലുൽ ഹദീസുകാർതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ബുഖാരിയുടെ ഗുരുവുവിന്റെ ഗുരുവും മദ്ഹബ്നേതാവുമായ ശാഫി, ഏകസാക്ഷിയുടേതടക്കമുള്ള സകല ഹദീസുകളും പ്രമാണമാക്കാൻ വേണ്ടി പാടുപെട്ടിരുന്ന വ്യക്തിയായിരുന്നെങ്കിലും ഹദീസിന്റെ ഒരു പ്രമാണഗ്രന്ഥം നിർമ്മിക്കാൻ അദ്ദേഹത്തിനും ധൈര്യമുണ്ടായില്ല. ബുഖാരിയുടെ ഗുരുവും മറ്റൊരു മദ്ഹബുനേതാവുമായ അഹ്മദ്ബ്നുഹമ്പൽ ഒരു വലിയ ഹദീസ്ഗ്രന്ഥമെഴുതിയെങ്കിലും അതിന് "സ്വഹീഹ്" എന്നോ "ജാമിഅ്" എന്നോ പേരിടാൻ അദ്ദേഹവും തയ്യാറായില്ല. അതൊരു പ്രമാണഗ്രന്ഥമാണെന്ന് അദ്ദേഹമാരോടും പറഞ്ഞതായി തെളിഞ്ഞിട്ടുമില്ല.

ചുരുക്കത്തിൽ നബിയുടെ ഹദീസുകളും ചര്യകളും നേരിട്ട് പഠിച്ച സഹാബികളും അവരിൽനിന്ന് നേരിട്ട് പഠിച്ച താബിഉകളുമെല്ലാം ജീവിച്ചിരുന്നതും പഠിച്ചിരുന്നതും എല്ലാ ഹദീസുകളുടെയും കേന്ദ്രങ്ങളായിരുന്ന മക്കയിലും മദീനയിലും പരിസരപ്രദേശങ്ങളിലുമായിരുന്നല്ലോ. രണ്ടാംനൂറ്റാണ്ടുകാരായ നാല് മദ്ഹബിന്റെ ഇമാമുകളും അവരുടെ കാലക്കാരായിരുന്ന മറ്റു ധാരാളം പ്രഗൽഭ പണ്ഡിതന്മാരും അതേ കേന്ദ്രങ്ങളിൽവെച്ച് തന്നെയാണ് ഹദീസുകളെല്ലാം കേട്ടിരുന്നതും പഠിച്ചിരുന്നതുമൊക്കെ.

അപ്പോൾ നബിയുടെ കാലംമുതൽ രണ്ടാംനൂറ്റാണ്ടിന്റെ അന്ത്യംവരെയുണ്ടായിരുന്ന ആയിരക്കണക്കിലുള്ള ഹദീസ് പണ്ഡിതൻമാരിൽ ഒരാൾക്ക് നാല് ഇമാമുകൾക്ക്പോലും - "സ്വഹീഹ്" എന്ന പേരിലോ "ജാമിഅ്" എന്നപേരിലോ "സുനനുന്നബി" എന്ന പേരിലോ ഒരു ഗ്രന്ഥം എഴുതി പ്രചരിപ്പിക്കാൻ - അല്ലെങ്കിൽ അവരെഴുതിയതിന്ന് അവയിലേതെങ്കിലുമൊരു പേരിടാൻ - ഒരു കാലുത്തും ധൈര്യമുണ്ടായില്ലെന്നു ചുരുക്കം. എന്നിരിക്കെ, അവർക്കാർക്കും ഉണ്ടാവാത്ത ഒരസാധാരണധൈര്യം - അബൂഹുറയ്റയെപ്പോലുള്ളസകല ജൂതമുനാഫിഖുകളുടെയും ജൂതായിസങ്ങളും കള്ളഹദീസുകളും കുത്തിനിറക്കപ്പെട്ട ഒരു ഗ്രന്ഥത്തിന്ന് "ലോകത്തിലെ ഏറ്റവും മുന്തിയ പ്രാമാണിക ഹദീസ്ഗ്രന്ഥ"മെന്ന് പേരിട്ട് പ്രചരിപ്പിക്കുവാനുള്ള ജൂതപുരോഹിതന്മാരുടെ ധൈര്യം- റഷ്യയിലെ ജൂതൻമാർക്കിടയിൽ ജനിച്ചുവളരുകയും പലനാടുകളും ചുറ്റിസഞ്ചരിച്ച് അവിടങ്ങളിലെ ജൂതപുരോഹിത



ന്മാരിൽനിന്ന് പഠിച്ച് പാസാവുകയും ചെയ്ത ബുഖാരിക്ക് മാത്രം ഉണ്ടായി എന്ന് വരുമ്പോൾ താനൊരു ചില്ലറക്കാരനല്ലെന്നസത്യം നമ്മളെല്ലാവരും സമ്മതിക്കുകതന്നെവേണം. അതുകൊണ്ട് തന്നെയാണ് ഖുർആനിൽ ആദ്യമായവതരിച്ച അഞ്ച് ആയത്തുകളിൽ നിന്ന്- 96-ാം അദ്ധ്യായമായ "സൂറത്തുൽ അലഖ്"ലെ ആദ്യത്തെ അഞ്ചായത്തുകളിൽ നിന്ന്-മുസ്ലിംകളെല്ലാം അക്ഷരാഭ്യാസം പഠിക്കൽ നിർബ്ബന്ധമാണെന്ന് വ്യക്തമായും തെളിയിക്കുന്ന വിലയേറിയ രണ്ടായത്ത്, ബുഖാരിയുടെ ആദ്യത്തെ പേജിൽതന്നെ താൻ മന:പൂർവ്വം കക്കാനും അത് വഴി അക്ഷരാഭ്യാസത്തിന്റെ പ്രാധാന്യം മുസ്ലിംസമുദായത്തിന്റെ ശ്രദ്ധയിൽപ്പെടുത്താതിരിക്കാനും സാക്ഷൽ ജൂത ഏജന്റായ ബുഖാരിക്ക് ധൈര്യം വന്നതും അതിനാൽ ഓരോ ഹദീസും ബുഖാരി തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവെക്കുമ്പോൾ ആദ്യമായി രണ്ട് റക്അത്ത് സുന്നത്ത് (ബിദ്അത്ത്) നമസ്ക്കരിച്ചിട്ടായിരുന്നു താനത് ചെയ്യാറുള്ളതെന്ന കള്ളപ്രചരണം സുന്നത്ത് ജുമാഅത്തുകാർ ഇന്നേവരെ നടത്തിപ്പോന്നതിന്ന് പകരമായി, ബുഖാരി തന്റെ ഹദീസ് ഗ്രന്ഥം ആദ്യമായി എഴുതാൻ ആരംഭിച്ചത് തന്നെ വിശുദ്ധഖുർആനിലെ ഏറ്റവും ആദ്യത്തേതും വളരെ പ്രധാനപ്പെട്ടതുമായ രണ്ടായത്ത് കട്ട് കൊണ്ടായിരുന്നുവെന്ന സത്യപ്രചരണമാണ് ഖുർആൻ സുന്നത്തുകാരായ നമ്മൾ മേലിൽ നടത്തിക്കൊണ്ടിരിക്കേണ്ടത്. എങ്കിലേ ബുഖാരി ആരാണെന്നും താനൊരു പുതിയ കിതാബ് - നബിയും സാഹബിമാരും കർശനമായി വിലക്കിയ കിതാബ്- നിർമ്മിച്ചതെന്തിനായിരുന്നുവെന്നും ആ കിതാബിന് "അൽജാമി ഉസ് സഹീഹ്"എന്ന കള്ളപ്പേരിടാൻ കാരണമെന്തെന്നുമൊക്കെ ചിന്തിച്ചു പഠിക്കാൻ നമ്മുടെ സമുദായം തയ്യാറാവുകയുള്ളൂ. ഖുർആനിന്റെ ആയത്തുകളിലെന്നപോലെ അർത്ഥത്തിലും ഇടക്കിടെ മേൽ പറഞ്ഞതരത്തിലുള്ള കളവും അട്ടിമറിയും ആവർത്തിക്കുവാൻ വേണ്ടി ബുഖാരി നിരന്തരം ശ്രമിച്ചിട്ടുണ്ടെന്നത് തന്റെ ഗ്രന്ഥം ശരിക്ക് പഠിച്ചവർക്ക് നന്നായറിയാവുന്ന യാഥാർത്ഥ്യമാണ്. പക്ഷെ, ഇന്ത്യയിലെ ഏറ്റവും വലിയ അറബിക്കോളേജുകളായ ദേവ്ബന്ദ് ദാറുൽഉലൂംകോളേജ്, വെല്ലൂർ ബി.എസ്.എ. കോളേജ് മുതലായ ഹദീസ് പഠനകേന്ദ്രങ്ങളിൽപോലും ബുഖാരി മുഴുവൻ ക്ലാസെടുത്ത് പഠിപ്പിക്കുന്ന സമ്പ്രദായം പൊതുവേയില്ലന്നതാണ് പരമാർത്ഥം. മുഴുവൻ പഠിപ്പിച്ചെങ്കിലല്ലേ ബുഖാരിയുടെ തനിനിറം വിദ്യാർത്ഥികൾക്ക് ശരിക്കും മനസ്സിലാക്കാനാവുകയുള്ളൂ. എനിക്കോ "സമാഹാരം" ഒരു ക്ലാസെടുത്ത് തീർക്കണമെന്ന നിർബ്ബന്ധമുണ്ടായപ്പോൾ സ്പെഷ്യൽ ക്ലാസ്സെടുത്തിട്ടാണ് വെല്ലൂരിൽവെച്ച് ഞാനക്കാര്യം നിർവ്വഹിച്ചത്.

ആകെയാൽ അല്ലാഹുവിന്റെ കിതാബ് കഴിച്ചാൽ പിന്നീടേറ്റവും മുന്തിയ കിതാബ് ബുഖാരിയാണെന്ന ശുദ്ധ അസംബന്ധമാണ് മുസ്ലിം ഭൂരിപക്ഷത്തെ വഴിപിഴപ്പിക്കുകയും അധഃപതിപ്പിക്കുയും ചെയ്ത ഏറ്റവും വലിയ അസംബന്ധം. വാസ്തവത്തിൽ അല്ലാഹുവിന്റെ കിതാബിനെ - ഖുർആനിനെ - വളരെയേറെ തെറ്റിദ്ധരിക്കാനിടവരുത്തിയതും. അതിന്റെ ആശയാദർശങ്ങൾ മുക്കാലും അട്ടിമറിച്ചതും , ധാരാളം ജൂതായിസങ്ങൾ കുത്തിനിറക്കപ്പെട്ടതുമായ ലോകത്തിലെ ഏറ്റവും വെടക്ക് കിതാബ് ബുഖാരിയാണെന്നതാണ് തികച്ചും അനിഷേധ്യമായ - സത്യം. ഇതിന്ന് മുമ്പ് ഞാനെഴുതിയ "അബൂഹുറയ്റയുടെ തനിനിറം" "നമസ്ക്കാരം എങ്ങിനെ ; എപ്പോൾ, എത്ര?" "നമസ്ക്കാരം മൂന്ന് മാത്രം" "ഖുർആനിൽ നമസ്ക്കാരത്തിന്നുള്ള സ്ഥാനം" "തറാവീഹും തഹജ്ജുദും നബിക്ക് മാത്രം" എന്നീ ഗ്രന്ഥങ്ങൾ നിറയെ മേൽപറഞ്ഞതിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങളാണ്. ഏത് മതപണ്ഡിതന്റെ മുമ്പിലും അക്കാര്യം തെളിയിച്ചുകൊടുക്കുവാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈയുള്ളവൻ എപ്പോഴും തയ്യാറുമാണ്. പക്ഷെ ഗൗരവമേറിയ ഈ വെല്ലുവിളി നേരിടാൻ ഒരൊറ്റ മതപണ്ഡിതനും ഇപ്പോഴും മുന്നോട്ട് വരുന്നില്ലെന്നതാണ് അൽഭുതകരമായ മറ്റൊരു സത്യം. അങ്ങിനെ വരാതിരിക്കുന്നത് ആളെ ഭയന്നതുകൊണ്ടൊന്നുമല്ല? മറിച്ച് "തെളിവുകളേയും മുബാഹല"യെയും ഭയന്നത്കൊണ്ട് മാത്രമാണത്. സുന്നീ, മജാഹിദ്, ജമാഅത്ത് അഹ്മദിയ്യത്ത് എന്നീ നാല് വിഭാഗങ്ങളിൽപെട്ട പല മതപുരോഹിതന്മാരും എനിക്കെതിരിൽ മറുപടി പറയാൻ ആദ്യം അണിനിരന്നെങ്കിലും സംഗതി പന്തിയല്ലെന്ന് കണ്ടപ്പോൾ അവരെല്ലാം ധൈര്യസമേതം പിൻമാറിയിരിക്കുകയാണെന്ന ചരിത്രവസ്തുത മാന്യവായനക്കാർ ഒരിക്കലും മറന്നുപോവരുത്.



# നബിയുടെ ആയിരം ഖുത്തുബകളിൽ ഒന്നെങ്കിലും ബുഖാരി: മുസ്ലിം അടക്കമുള്ള ഒറ്റ അഹ് ലുൽ ഹദീസുകാരനും എഴുതിവെക്കാതിരിക്കാൻ കാരണമെന്ത് ?

വളരെ ഗൗരവമുള്ളൊരു ചോദ്യമാണിത്. കേരളത്തിലെ മതപണ്ഡിതന്മാരോട് സെമിനാറുകളിലും പൊതുയോഗങ്ങളിലും വെച്ച് ഞാനിത് ചോദിക്കാൻ തുടങ്ങിയിട്ട് വർഷം 20 കഴിഞ്ഞു ! 1967ൽ നദ്‌വത്ത് നേതാക്കളായിരുന്ന എ.കെ. അബ്ദുല്ലത്തീഫ് മൗലവി മുതലായവർ കോഴിക്കോട് ടൗൺഹാളിൽവെച്ച് എനിക്കെതിരിൽ സംഘടിപ്പിച്ചിരുന്ന ഒരു സെമിനാറിൽ സുന്നത്തിനെ സംബന്ധിച്ച് ഞാൻ തയ്യാറാക്കിയിരുന്ന ഒരു പ്രബന്ധത്തിലൂടെയാണ് മേൽചോദ്യം ആദ്യമായി ഈയുള്ളവൻ രംഗത്ത് കൊണ്ടുവന്നത്. കഴിഞ്ഞ 25 വർഷത്തിനിടയിൽ വീണ്ടും വീണ്ടും ഞാനീചോദ്യം ആവർത്തിക്കാറുണ്ടെങ്കിലും ഒറ്റ മതപണ്ഡിതനും ഇന്നേവരെ അതിന്നൊരു മറുപടിയും പറയുന്നില്ല. ഇനിയും പറയുകയുമില്ല. കാരണം: ഹദീസ് ക്രോഡീകരണക്കാർക്ക് നബിയുടെ ഹദീസ് ഒരു ശതമാനമെങ്കിലും രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നും അവർ ക്രോഡീകരിച്ചതിൽ 99 ശതമാനവും ജീതഹദീസുകളോ തനി വാറോലകളൊ ആണെന്നുമുള്ള പരമസത്യം ബുദ്ധിയും ചിന്താശക്തിയുമുള്ള എല്ലാവരും പഠിച്ചുകൊണ്ടിരിക്കുന്ന ഒരുകാലഘട്ടമാണത്. അങ്ങനെയുള്ള ഇക്കാലക്കാരിൽ പുരോഹിതന്മാരുടെ ഞൊണ്ടിന്യായങ്ങളോ, കൊഞ്ഞനം കാണിക്കലോ ഒന്നും തന്നെ വിലപ്പോവുകയില്ല. സമുദായത്തെ കഴുതകളാക്കുന്ന പണി ഇനിയുള്ളകാലം നടക്കുകയുമില്ല.

വിശുദ്ധ ഖിർആനിന്റെ വിവരണവും വ്യാഖ്യാനവും മുഴുവൻ അടങ്ങിയിട്ടുള്ളത് നബിയുടെ ഹദീസുകളിലാണെന്നാണല്ലോ അഹ് ലുൽ ഹദീസുകാരുടെ ഐക്യകണ്ഠ്യേനയുള്ള വാദം. എന്നാൽ ഖുർആൻ വ്യാഖ്യാനിച്ചുകൊണ്ട് നബി മതപ്രബോധനം നടത്തിയിരുന്നത് മുഖ്യമായും വെള്ളിയാഴ്ച പ്രസംഗങ്ങളിലൂടെ

യായിരുന്നുവെന്ന ചരിത്രസത്യം ഒറ്റക്കക്ഷിയും നിഷേധിക്കുകയില്ലല്ലോ. നബി മദീനയിലെത്തിയശേഷം താമസിയാതെ ജുമുഅ: ആരംഭിച്ചെന്ന് അഹ് ലുൽ ഹദീസുകാരും സമ്മതിക്കുന്നു. മാത്രമല്ല ഓരോ വെള്ളിയാഴ്ചയും ഈരണ്ട് ഖുത്തുബ:യാണ് നബി നടത്തിയിരുന്നതെന്നും അവരെല്ലാവരും വാദിക്കുന്നുമുണ്ട്. അങ്ങനെയാകുമ്പോൾ 10 വർഷക്കാലത്തെ നബിയുടെ മദീനാജിവിതത്തിൽ സുമാർ 500 ഓളം വെള്ളിയാഴ്ചകളിലായി ആയിരത്തോളം ഖുത്തുബ: നബി നടത്തിയിരുന്നുവെന്ന് അനിവാര്യമായും വന്നുചേർന്നു. യുദ്ധഘട്ടത്തിലും ഹജ്ജ് വേളയിലും ഉംറകാലത്തും മറ്റുമായി നബി നടത്തിയിരുന്ന പ്രഭാഷണങ്ങൾ വേറെയും.

ചുരുക്കത്തിൽ അഹ്ലുൽ ഹദീസുകാരുടെ തന്നെ വാദപ്രകാരം ആയിരത്തിലധികം ഗംഭീര മതപ്രഭാഷണങ്ങൾ നബി നടത്തിയിട്ടുണ്ട്. അതെല്ലാം ഖുർആൻ വ്യാഖ്യാനിച്ച് കൊണ്ടായിരുന്നുവെന്നും സമുദായത്തെ പൊതുവെ ബാധിക്കുന്ന സാമൂഹ്യപ്രശ്നങ്ങളെയും ദീനീവിഷയങ്ങളെയും സംബന്ധിച്ചായിരുന്നുവെന്നുമുള്ള കാര്യത്തിൽ ഒറ്റ മുസ്ലിമുംതർക്കിക്കുകയില്ല അതേപോലെ അഞ്ചോ പത്തോ വാചകങ്ങളിൽ ഒതുങ്ങി നിൽക്കുന്നതോ രണ്ടോ മൂന്നോ ശ്വാസത്തിൽ പറഞ്ഞു തീർക്കുന്നതോ ആയ ചെറിയ ചെറിയ ഹദീസുകളായിരിക്കുകയില്ല അവയൊന്നും തന്നെ.

ഏതൊരു മുസ്ലിംമത വിഭാഗവും ഒരു വർഷത്തേക്ക് വേണ്ടി അറബിയിൽ തയ്യാറാക്കുന്ന ഖുത്തുബാ സമാഹാരം 300ഓ 400ഓ പേജുള്ള ഓരോ വാല്യമായിട്ടാണല്ലോ സാധാരണ നാം കണ്ടു വരുന്നത്. ആ സ്ഥിതിക്ക് നബി തിരുമേനി പത്ത് വർഷത്തിലാകെ നടത്തിയ ഖുത്തുബകൾ മാത്രമെഴുതിവെച്ചാൽ തന്നെ ചുരുങ്ങിയത് പത്ത് വാല്യമെങ്കിലും ഉണ്ടാകുമെന്നതിൽ സംശയമില്ലല്ലോ. അതെല്ലാം ഖുർആൻ അവതരിപ്പെച്ചിരുന്നതനുസരിച്ച് അതിനെ വ്യാഖ്യാനിച്ചു കൊണ്ട് നബി സമുദായത്തെ പഠിപ്പിച്ചിരുന്നതും ഇസ്ലാമിന്റെ രണ്ടാം പ്രമാണമാണെന്ന് തർക്കമുറ്റതുമായ ആയിരക്കണക്കിലുള്ള നീണ്ടനീണ്ട ഹദീസുകളുമായിരിക്കും. പക്ഷേ, നബിയുടെ ആ മഹത്തായ ആയിരം ഖുത്തുബ:കളിൽ നിന്ന് അഥവാ സുപ്രധാനവും സുദിർഘവുമായ ആയിരക്കണക്കിലുള്ള ഹദീസുകളിൽ നിന്ന് ഒരു വെള്ളിയാഴ്ചത്തെ ഹദീസുകളെങ്കിലും അല്ലെങ്കിൽ ഒരു വെള്ളിയാഴ്ചത്തെ രണ്ട് ഖുത്തുബകളിലെ ഒരു കുത്തുബയെങ്കിലും നബിയുടെ എല്ലാ ഹദീസുളുടെയും ''ഭണ്ഡാരം' സൂക്ഷിപ്പികാരനാണെന്ന പച്ചക്കള്ളം പറഞ്ഞ് നടന്നിരുന്ന അബൂഹുറയ്റായോ, തന്റെ കമ്പനിയിൽപെട്ടവരോ എന്നെങ്കിലും സമുദായത്തെ പഠിപ്പിക്കുകയുണ്ടായോ ? അതല്ലെങ്കിൽ ലോകം മുഴുവൻ ചുറ്റിസഞ്ചരിച്ച് ഹദീസ് സമാഹാരങ്ങൾ തയ്യാറാക്കി എന്നവകാശപ്പെടുന്ന ബുഖാരിയോ, മുസ്ലിമോ മറ്റുവല്ലവരുമോ നബിയുടെ ഒരു വെള്ളിയാഴ്ചത്തെ ഒരു ഖുത്തുബയെങ്കിലും എഴുതിവെക്കുകയുണ്ടോ ? അതില്ലെന്നതിന്ന് അഹ് ലുൽഹദീസുകാരുടെയും സുന്നത്ത് ജമാഅത്ത്കാരുടെയും ഇന്നേവരെയുള്ള സകല മഹാഭാരതങ്ങളും സാക്ഷിയല്ലേ ? അപ്പോൾ ഇസ്ലാമിന്റെ രണ്ടാംപ്രമാണമായ ഹദീസുകൾ മുക്കാലരക്കാലും അബൂഹുറയ്റ സമുദായത്തെ പഠിപ്പിച്ചുട്ടുണ്ടെന്നും ബുഖാരിയും മുസ്ലിമും അതെല്ലാം സൂക്ഷ്മമായി രേഖപ്പെടുത്തീട്ടുണ്ടെന്നുമുള്ള പെരുങ്കള്ളം തനി ജൂതന്മാരല്ലാതെ മറ്റാരാണ് പ്രചരിപ്പിക്കുക?

ആകെയാൽ നബിയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രബോധനകാലഘട്ടമായിരുന്ന മദീനാജീവിതത്തിലെ നീണ്ട പത്ത് വർഷക്കാലത്ത് നബി സഹാബിമാരെ പഠിപ്പിച്ചിരുന്ന സാരസമ്പൂർണ്ണവും സർവ്വത്ര വിജ്ഞാനീയവുമായിരുന്ന ആയിരം ഖുത്തുബകളിൽ ഒന്നെങ്കിലും റിപ്പോർട്ട് ചെയ്യാനോ, എഴുതിവെക്കാനോ ഒറ്റ അഹ് ലുൽ ഹദീസുകാരനും കഴിഞ്ഞില്ലെന്നത് ഒരനിഷേധ്യ യാഥാർത്ഥ്യമാണ്. എന്നിരിക്കെ അങ്ങിനെയുള്ള അഹ്ലുൽ ഹദീസുകാർ നബിയെയും ഇസ്ലാമിനെയും അവഹേളിക്കുവാനും തരം താഴ്ത്തുവാനും ഉതകുന്ന ധാരാളം ജൂതഹദീസുകൾ കൂട്ടിക്കുഴച്ച്കൊണ്ട് ''ജാമിഅ്'' ''സ്വഹീഹ്'' എന്നീ കള്ളപ്പേരുകളിലൊക്കെ എന്തെങ്കിലും വ്യാജ ഹദീസ്ഗ്രന്ഥങ്ങൾ നെയ്തുണ്ടാക്കിയെങ്കിൽ ബുദ്ധിയും തന്റേടവുമുള്ള ഏത് മുസ്ലിമാണതൊക്കെ വിലവെക്കാൻ തയ്യാറാവുക? അത് കൊണ്ടല്ലേ ഇമാം അബൂഹനീഫയെപ്പോലുള്ള പ്രഗൽഭരായ ഖുർആൻ പണ്ഡിതന്മാർ (അദ്ദേഹത്തിന്റെ ശിഷ്യന്മാരല്ല) അഹ് ലുൽഹദീസുകാരെ പറ്റെ പുച്ഛിച്ചുതള്ളാനും അവരുടെ ഒറ്റ ഹദീസും ഇസ്ലാമിലെ ഒരു പ്രമാണമായി അംഗീകരിക്കാതിരിക്കാനും കാരണമായത്. ഇമാം അബൂഹനീഫയുടെയും സഹപണ്ഡിതന്മാരുടെയും മേൽവിവരിച്ച നിലപാട് മൂലം അവരെയെല്ലാം ''അഹ്ലുർറഅ്യ് '' (യുക്തിവാദികൾ) എന്ന് അഹ്ലുൽ ഹദീസുകാർ മുദ്രകുത്തുകയും അത് സമുദായത്തിലാകെ പ്രചരിപ്പിക്കുകയും അവരെ സമുദായത്തിൽനിന്നൊറ്റപ്പെടുത്താൻ നിരന്തരം ശ്രമിക്കുകയും ചെയ്ത ചരിത്രസംഭവങ്ങൾ സുന്നത്ത് ജമാഅത്ത്കാർ തന്നെ ധാരാളം രേഖപ്പെടുത്തിവെച്ചതല്ലേ.

# ആയിരം ഖുത്തുബ:കളിൽ നിന്നാകെ പഠിച്ചത് കേവലം ഒരു വങ്കത്തം മാത്രം

പത്ത് വർഷക്കാലത്തിന്നിടയിൽ മുസ്ലിംകൾക്ക് മതം പഠിപ്പിക്കാനായി നബി നടത്തിയിരുന്ന 500ഓ 1000മോ ഖുത്തബ:കളിൽ ഒറ്റൊന്നും അഹ് ലുൽ ഹദീസു കാർ പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്തില്ലെന്ന് മുമ്പ് വിവരിച്ചുവല്ലോ. എങ്കിലും നബിയുടെ ആ പത്ത് വർഷത്തെ നീണ്ട മതപഠനക്ലാസ്സുകളിൽ നിന്ന് വളരെ പ്രധാനപ്പെട്ട ഒരു കാര്യം പിൽക്കാലത്തെ അഹ് ലുൽ ഹദീസുകാരും സുന്ന ത്ത്ജമാഅത്ത്കാരുമെല്ലാം പഠിച്ചുവെച്ചിട്ടുണ്ട്. അതെന്തെന്നല്ലേ? നബി പ്രസംഗി ക്കുമ്പോൾ സാധാരണ നിൽക്കാറാണ് പതിവ്.വാർദ്ധക്യം ബാധിച്ചശേഷം ചിലപ്പോ ഴൊക്കെ വിശ്രമിക്കാൻവേണ്ടി ഖുത്തുബ:ക്കിടയിൽ അൽപം ഇരിക്കാറുമുണ്ടത്രെ. അത് സ്വാഭാവികവുണല്ലോ. അത് കണ്ട് പിടിച്ച കുശാഗ്രബുദ്ധികളായ സുന്നത്ത് ജമാഅത്തിലേയും അഹ്ലുൽഹദീസിലേയും പണ്ഡിതന്മാർ പാസാക്കിയതെ ന്തെന്നോ? നബിയുടെ ഖുത്തുബയിൽ പഠിപ്പിക്കാറുണ്ടായിരുന്ന ഒറ്റ ദീനി വിഷ യവും നമ്മുടെ ഖുത്തുബയിൽ പഠിപ്പിക്കൽ നമുക്ക് നിർബ്ബന്ധമില്ല. പേരിനൊരാ യത്തോതണമെന്നല്ലാതെ, അതിന്റെ അർത്ഥമോ ആശയമോ ഇന്നതാണെന്ന് സദ സ്സ്യർക്ക് വിവരിച്ച് കൊടുക്കണമെന്നില്ല. ഇനി വല്ലവരും അതിന്നൊരുങ്ങുകയാ ണെങ്കിൽ തന്നെ അത് സദസ്സ്യർക്ക് മനസ്സിലാവണമെന്നോ അവർക്കറിയാവുന്ന ഭാഷ യിലായിരിക്കണമെന്നോ ആർക്കും പറയാനും പാടില്ല. പിന്നെയോ? നബിയുടെ ആ പത്ത് വർഷക്കാലത്തെ സുദീർഘമായ ആയിരം ഖുർആൻ ക്ലാസുകളിൽ നിന്ന് വളരെ പ്രധാനപ്പെട്ടതായി പഠിക്കേണ്ട ഒരേ ഒരു കാര്യമുണ്ട്. അത് മറ്റൊന്നുമല്ല; ഏതൊരു ഖത്തീബും മിമ്പറിൽ കയറിയശേഷം അൽപം സംസാരിച്ചു കഴിഞ്ഞാൽ ഖുത്തുബക്കിടയിൽ വെറുതെ ഒന്നിരിക്കണം. അത് ഫർസാണ് ; അത് ചെയ്തി ല്ലെങ്കിൽ ഖുത്തുബ: ബാത്വിലാകും; ഖുത്തുബ്: മാത്രമല്ല, ജുമുഅ;യും ബാത്വിലാ കുമത്രെ! അഥവാ രണ്ടും നിഷ്ഫലമാകുമെന്ന് സാരം.

നോക്കണം ! ഇത്തരം കഴുതത്തരങ്ങളാണ് ഖുർആൻ പണ്ഡിതന്മാരായ



ഇമാം അബൂഹനീഫയെപ്പോലുള്ളവരല്ലാത്ത “പെരിയപെരിയ ഇമാമുകളെല്ലാം” ആയി രത്തിലേറെ വർഷങ്ങളായി സമുദായത്തെ പഠിപ്പിച്ചുപോന്നത്. അവരുടെ പിൻഗാ മികളായ പുരോഹിതന്മാർ അതേ “കഴുതമസാല” തന്നെ നമ്മുടെ സമുദായത്തെ ഇന്നും പഠിപ്പിക്കുന്നു. മുസ്ലിംകളിന്ന് നൂറ് കോടിയുണ്ടെങ്കിലും അതിൽ 95 കോടി യിൽ നിന്നും മേൽപറഞ്ഞ വങ്കത്തങ്ങളൊന്നും ഇപ്പോഴും മാറിയിട്ടില്ലെന്നതാണ് ഏറ്റവും പരിതാപകരമായസത്യം. ആ മഹാഭൂരിപക്ഷത്തിൽ നിന്ന് ഇനി അടുത്ത കാലത്തൊന്നും അത് മാറുന്ന ലക്ഷണവുമില്ല. അഥവാ കടുത്തദുരഭിമാനംമൂലം അവരുടെ പുരോഹിതന്മാർ അതൊന്നും മാറ്റാൻ തയ്യാറാവുകയില്ലെന്ന് താൽപര്യം. അങ്ങിനെയുള്ള നമ്മുടെ സമുദായം ഏത് കാലത്താണിനി നന്നാവുക എന്നാണ് സമുദായ സ്നേഹികളായ ബുദ്ധിജീവികളെല്ലാം ഇപ്പോൾ ചിന്തിച്ചുകൊണ്ടിരിക്കുന്ന ത്.

# കേരളത്തിലാദ്യമായി ഇടയിലിരുത്ത മില്ലാതെ 10 വർഷം തുടർച്ചയായി ജുമുഅ ഖുത്തുബ: നടത്തി

ജമാഅത്തെ ഇസ്ലാമിയുടെ ശാന്തപുരം ഇസ്ലാമിയ്യാ കോളേജിൽനിന്നും മുജാഹിദുകളുടെ എടവണ്ണ ജാമിഅ: നദ്വിയ്യ: കോളേജിൽ നിന്നും ആദർശപ്രച രണാർത്ഥം രാജിവെച്ചിറങ്ങിയശേഷം 1964 മുതൽ ഖുർആനികപ്രസ്ഥാനത്തിന്റെ പ്രവർത്തനകേന്ദ്രമായി ഞാൻ തെരഞ്ഞെടുത്തത് മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസവും സംസ്കാരവും ഉൽബുദ്ധതയുമുള്ളൊരു പ്രദേശമായ പറവണ്ണയെയാണ്. അന്നാ ട്ടിലെ നല്ലവരായ ആദർശബന്ധുക്കളുടെ ക്ഷണമനുസരിച്ചായിരുന്നു അത്. അവി ടത്തെ പ്രവർത്തനകാലത്ത് പറവണ്ണ മുജാഹിദ് പള്ളിയിൽ ഖുത്തുബയും ജുമുഅയും നടത്താനുള്ള അധികാരം എന്നെയാണവർ ചുമതലപ്പെടുത്തിയിരു ന്നത്. അങ്ങിനെ ഏതാണ്ട് 10 വർഷക്കാലം ഞാനവിടെ ഖുത്തുബ:യും ജുമുഅ യും നടത്തുകയുണ്ടായി. ആ ഖുത്തുബ:കളെല്ലാംതന്നെ ഇടയിലിരുത്തമില്ലാതെ യാണ് ഞാൻ നിർവ്വഹിച്ചിരുന്നതെന്ന ചരിത്രവസ്തുത ഇവിടെ രേഖപ്പെടുത്തുന്നത്

സന്ദർഭോചിതമായിരിക്കുമല്ലോ.

അപ്പോൾ ഖുത്തുബ:യുടെ ഇടയിലിരുത്തം ഒരു കേവല വിഡ്ഢിത്തമാണെന്ന് സുമാർ 30 വർഷം മുമ്പ് വിവരിച്ചുകൊടുത്തപ്പോൾ അത് മനസ്സിലാക്കാൻ തയ്യാറാവുകയും അത് നടപ്പിലാക്കാൻ എന്നോട് സഹകരിക്കുകയും ചെയ്ത കേരളത്തിലെ ആദ്യത്തെ പ്രദേശക്കാരാണ് പറവണ്ണയിലെ ഉൽബുദ്ധരായ ആദർശബന്ധുക്കളെന്ന് പറയുന്നതിൽ എനിക്ക് പലതുകൊണ്ടും അഭിമാനമുണ്ട്.

ഇത്രയും വിവരിച്ചതിന്റെ താൽപര്യം: ഖുത്തുബ:യുടെ ഇടയിലിരുത്തം ഹറാമാണെന്നോ, അങ്ങിനെ ഇരുന്നുപോയാൽ ജുമുഅ: ശരിയാവുകയില്ലെന്നോ ഒന്നുമല്ല. പിന്നെയോ: ഇടയിലിരുത്തം ഒരു ഫർസോ സുന്നത്തോ അല്ലെന്നും ഇനി അങ്ങനെ ഇരിക്കുന്ന പക്ഷം രണ്ടാമതൊരു മുഖവുരയോടുകൂടി മറ്റൊരു ഖുത്തുബ: ആരംഭിക്കുന്ന സമ്പ്രദായം നബിയുടെ ജിവിതത്തിലൊരിക്കലും നബി ചെയ്തിട്ടില്ലാത്ത തനി ബിദ്അത്തും വിഡ്ഢിത്തവുമാണെന്നും ഏതെങ്കിലും ഒരു വാറോല ഹദീസ്കൊണ്ട്പോലും നബി അങ്ങിനെ ചെയ്തിരുന്നതായി തെളിയിക്കാൻ ഒറ്റ അഹ്ലുൽ ഹദീസുകാരന്നും സാദ്ധ്യമല്ലെന്നും മാന്യവായനക്കാരെ ഉണർത്തൽ മാത്രമാണ്.

# പതിനായിരം ദൃക്സാക്ഷികളുണ്ടായിട്ടും നബി നിർവ്വഹിച്ച ഏകഹജ്ജ് ഏത് രൂപത്തിലായിരുന്നുവെന്ന് തെളിയിക്കാൻ പറ്റിയ ഒറ്റ ഹദീസും അഹ് ലുൽ ഹദീസുകാർക്ക് കിട്ടിയില്ല!

''നബിയുടെ ഹദീസുകളിഖിലാവും വള്ളിപുള്ളി തെറ്റാതെ സമാഹരിച്ചെഴുതിവെച്ചു'' എന്നവകാശപ്പെടുന്ന അഹ് ലുൽ ഹദീസുകാർക്കാർക്കും തന്നെ നബി നിർവഹിച്ചിരുന്ന ഏക ഹജ്ജ് മൊത്തത്തിൽ ഏത് രൂപത്തിലായിരുന്നുവെന്നെങ്കിലും സംശയരഹിതമായി തെളിയിക്കാൻപറ്റിയ ഒറ്റ ഹദീസും രേഖപ്പെടുത്തിവെ



ക്കാൻ കഴിഞ്ഞില്ലെന്ന അൽഭുതകരമായ ചരിത്രസത്യമാണിവിടെ തെളിയിക്കാൻ പോകുന്നത്. അത് ശരിക്കും തെളിയുന്നപക്ഷം നബിയുടെ ഒറ്റചര്യയും ശരിയായ രൂപത്തിൽ - സംശയമറ്റ നിലയിൽ - രേഖപ്പെടുത്തിവെക്കാൻ അഹ്ലുൽ ഹദീസുകാർക്ക് കഴിഞ്ഞിട്ടില്ലെന്നതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമായിത്തീരുമതെന്നതിൽ സംശയമില്ലല്ലോ. അത്കൊണ്ട് താഴെ നിരത്തിവെക്കുന്ന തെളിവുകൾ ശ്രദ്ധാപൂർവ്വം വായിക്കുക.

ഹജ്ജ് നിർവ്വഹിക്കുന്നതിന്ന് ആകെ മൂന്ന് രൂപമാണുള്ളത്.

1. ഹജ്ജും ഉംറ:യും ഒന്നിച്ച് നിർവ്വഹിക്കുക. ഇതിന്ന് ''ഖിറാൻ' എന്നാണ് സാങ്കേതികമായി പറയുക.

2. ആദ്യം ഉംറ:ചെയ്യുക. പിന്നീട് ഹജ്ജ് ചെയ്യുക. ഇതിന്ന് ''തമത്തുഅ്'' എന്ന് പറയും.

3. ആദ്യം ഹജ്ജ് ചെയ്യുക. പിന്നീട് ഉംറ:ചെയ്യുക. ഇതിന്ന് ''ഇഫ്റാദ്'' എന്നാണ് പേർ.

മേൽ വിവരിച്ച മൂന്നിലൊരു രൂപത്തിലല്ലാതെ ഒരാൾക്കും ഹജ്ജും ഉംറയും ചെയ്യാൻ സാധ്യമല്ലെന്നത് വ്യക്തമാണല്ലോ. അതേപോലെ ഒരേ സമയം ആ മൂന്ന് രൂപവും ഒന്നിച്ചൊരാൾക്ക് ചെയ്യാൻ സാധ്യമല്ലെന്നതും വ്യക്തം തന്നെ. എന്നിരിക്കെ, നബിയുടെ ജീവിതത്തിൽ, നബി ആകെ ചെയ്ത ഒരു ഹജ്ജിനെപറ്റി വിവരിക്കുമ്പോൾ അതിലേതെങ്കിലുമൊരു രൂപം നിർണ്ണയിച്ചുപറയൽ നിർബ്ബന്ധമല്ലേ? എന്നാൽ സഹാബികളായ പതിനായിരക്കണക്കിൽ ദൃക്സാക്ഷികളുണ്ടായിട്ട് പോലും ബുഖാരി മുസ്ലിം അടക്കമുള്ള ഒറ്റ അഹ്ലുൽ ഹദീസുകാരന്നും ആ മൂന്നിൽ ഇന്ന രൂപത്തിലാണ് നബി ഹജ്ജ് ചെയ്തിരുന്നതെന്ന് സംശയരഹിതമായി തെളിയിക്കാൻ പറ്റിയ ഒറ്റ ഹദീസും രേഖപ്പെടുത്തിവെക്കാൻ സാധ്യമായില്ല. എന്നാൽ അതിൽ രണ്ടിലൊരു രൂപത്തിലായിരുന്നുവെന്നെങ്കിലും തീർത്ത് പറയാനവർക്ക് കഴിഞ്ഞോ? അതുമില്ല. പിന്നെയോ? ''മൂന്നിലൊരു രൂപത്തിൽ നബി ഹജ്ജ് ചെയ്തു'' വെന്നാണ് ബുഖാരിമുസ്ലിം മുതൽക്കുള്ള എല്ലാ ''പ്രഗൽഭൻമാരും'' കൂടി എഴുതി തയ്യാറാക്കിയ ഹദീസ് സമാഹാരങ്ങളിൽ നിന്നാകെ ഉരുത്തിരിഞ്ഞു കിട്ടുന്ന ''ദൃക്സാക്ഷിവിവരണസംഗ്രഹം''.

ഉദാഹരണമായി ഹസ്രത്ത് ആയിഷ, അലി, ഇബ്നു ഉമർ മുതലായ സഹാബിമാരിൽ നിന്ന് നബി ചെയ്ത ഹജ്ജ് "ഖിറാൻ" രൂപത്തിലായിരുന്നുവെന്ന് ബുഖാരിയും മുസ്ലിമും മറ്റും നിവേദനം ചെയ്തിരിക്കുന്നു. അതേ ആയിഷ, അലി, ഇബ്നു ഉമർ എന്നിവരിൽ നിന്ന് അതേ ബുഖാരിയും മുസ്ലിമും തന്നെ നബിയുടെ ഹജ്ജ് "തമത്തുഅ് "രൂപത്തിലായിരുന്നുവെന്നും രേഖപ്പെടുത്തീട്ടുണ്ട്. ആയിഷയിൽ നിന്ന് തന്നെ മൂന്നാമതായി ബുഖാരിയും മുസ്ലിമും, ഇബ്നു അബ്ബാസ്, ഇബ്നു ഉമർ എന്നിവരിൽനിന്ന് മുസ്ലിമും മറ്റുപലരും രേഖപ്പെടുത്തിയിരിക്കുന്നത് നബിയുടെ ഹജ്ജ് "ഇഫ്റാദ്" രൂപത്തിലായിരുന്നുവെന്നാണ്.

ചുരുക്കത്തിൽ വളരെ പരസ്യമാക്കി നബി ചെയ്തിരുന്നതും നബി ചെയ്തിരുന്ന ആരാധനാകർമ്മങ്ങളിൽ വെച്ചേറ്റവുമധികം ദൃക്സാക്ഷികളുണ്ടായിരുന്നതുമായ ഒരു പ്രധാനകർമ്മമാണല്ലോ ഹജ്ജത്തുൽവദാഅ് എന്ന പേരിലറിയപ്പെടുന്ന നബിയുടെ ചരിത്രപ്രസിദ്ധമായ ഹജ്ജ്. അങ്ങിനെയുള്ള ആ ഏക ഹജ്ജിനെ പറ്റി മൊത്തത്തിലുള്ള ഒരു രൂപമെങ്കിലും ഇന്നതായിരുന്നുവെന്ന് കണിശമായും നിർണ്ണയിക്കാൻ പറ്റിയ ഒറ്റ ഹദീസും ഒരു സ്വഹാബിയിൽ നിന്നും സംശയരഹിതമായി എഴുതിവെക്കാൻ ഈ അഹ്ലുൽ ഹദീസുകാർക്കിന്നേവരെ കഴിഞ്ഞിട്ടില്ലെന്നത് ഏറ്റവും ദയനീയവും അൽഭുതകരവുമായൊരു സത്യമല്ലേ ?

അതിലേറെ അൽഭുതകരമായിട്ടുള്ളത് : മേൽ വിവരിച്ച പരസ്പരവിരുദ്ധങ്ങളായ ഹദീസുകളല്ലാം തന്നെ ബുഖാരിയും മുസ്ലിമും മറ്റും രേഖപ്പെടുത്തി വെച്ചിരിക്കുന്നത് അവരുടെ ഏറ്റവും മുന്തിയ പരമ്പരകളിലൂടെയാണെന്നതാണ്.

എന്നാൽ മൂന്നാലൊരു രൂപത്തിലല്ലാതെ ചെയ്യാൻ കഴിയാത്ത ഹജ്ജിനെ പ്പറ്റി മൂന്നാലൊരു രൂപത്തിലായിരുന്നു നബി നിർവ്വഹിച്ചിരുന്നതെന്ന "മഹാവിജ്ഞാനത്തിലേക്ക് വെളിച്ചം വീശാൻ ഈ പ്രഗൽഭന്മാരു"ടെ സേവനം നമുക്കാവശ്യമുണ്ടായിരുന്നോ ? എന്നാണ് അബൂഹുറയ്റാപ്രഭൃതികളോട് നമുക്ക് ചോദിക്കുവാനുള്ളത്. അവരുടെമഹാഭാരതങ്ങൾ ഒറ്റൊന്നും എഴുതിവെച്ചിട്ടില്ലെങ്കിലും ബുദ്ധിയുള്ള ആർക്കും സ്വയം മനസ്സിലാക്കാവുന്നതല്ലേയുള്ളൂ അത് ? എന്ന് മാത്രമല്ല, ഈ അഹ് ലുൽ ഹദീസുകാരുടെ ഒറ്റ ഗ്രന്ഥത്തിന്റെയും സഹായമില്ലാതെ, കേവലം ഖുർആൻ മാത്രം പരിശോധിച്ചാൽ തന്നെ, നബിയുടെ ഹജ്ജ് ഖിറാൻ രൂപത്തിലായിരുന്നുവെന്ന് ഗ്രഹിക്കാൻ വിവേകമുള്ള ആർക്കും ഒരു പ്രയാസവുമില്ലായിരുന്നു. ഖുർആൻ പഠിച്ചവർക്കൊക്കെ ശരിക്കറിയാവുന്ന യാഥാർത്ഥ്യമാണത്.



അപ്പോൾ നബിചര്യ മുഴുവൻ വള്ളിപുള്ളി തെറ്റാതെ, രേഖപ്പെടുത്തിവെക്കാൻ കഴിഞ്ഞത് ബുഖാരി മുസ്ലിംപോലുള്ളവരുടെ മഹത്തായ സേവനം കൊണ്ടായിരുന്നുവെന്ന് അബൂഹുറയ്റാപ്രഭൃതികൾ കൊട്ടിഘോഷിക്കുന്നത് തനി വഞ്ചനയും കടുത്ത കള്ളപ്രചരണവുമല്ലാതെ മറ്റൊന്നുമല്ല. നബിയുടെ സുന്നത്തിന്ന് പകരം അബൂഹുറയ്റയെപ്പോലുള്ള ജൂതമുനാഫിഖുകളുടെ ജൂതായിസങ്ങളും കള്ള ഹദീസുകളും വള്ളിപുള്ളിതെറ്റാതെ, ഒരു ന്യൂനതയും പറ്റാതെ കിട്ടിയേടത്തോളം ശേഖരിച്ചെഴുതിവെച്ച സമർത്ഥരായ കപടന്മാരായിരുന്നു അവരെന്ന് വേണമെങ്കിൽ പറയാം. അങ്ങിനെ പറഞ്ഞാൽ അത് നൂറ് ശതമാനം ശരിയുമാണ്. അല്ലാതെ നബിയുടെ ഹദീസുകളിൽ ഒരു ശതമാനമെങ്കിലും അല്ലെങ്കിൽ നബിയുടെ ആയിരം ഖുത്തുബകളിൽ ഒരു ഖുത്തുബയെങ്കിലും അതുമല്ലെങ്കിൽ പതിനായിരക്കണക്കിന് സഹാബികൾ ദൃക്സാക്ഷികളായിണ്ടായിരുന്ന നബിയുടെ ഏക ഹജ്ജിന്റെ മൊത്തത്തിലുള്ള ഒരു രൂപമെങ്കിലും കണിശമായി എഴുതിവെക്കാനോ അത് പ്രചരിപ്പിക്കാനോ കഴിഞ്ഞിട്ടില്ലാത്ത അഹ് ലുൽഹദീസുകാരെപറ്റി, നബിചര്യ മുഴുവൻ സംരക്ഷിച്ചവരായിരുന്നുഅവരെന്നോ അവരുടെ ഗ്രന്ഥങ്ങളാണ് ഇസ്ലാമിന്റെ പ്രമാണങ്ങളെന്നോ പറഞ്ഞാൽ അബൂഹുറയ്റാപ്രഭൃതികളല്ലാതെ ബുദ്ധിയും വിവേകവുമുള്ള ഏതെങ്കിലുമൊരു മുസ്ലിം അത് വകവെച്ചുകൊടുക്കുമോ? അതൊരിക്കലുമുണ്ടാവില്ല. മാത്രമല്ല, നബിചര്യ മുഴുവൻ വഷളാക്കി ചിത്രീകരിച്ചതും ഖുർആനിന്റെ ആശയാദർശങ്ങൾ അടിമുടി അട്ടിമറിച്ചതും അതുവഴി പരിശുദ്ധ ഇസ്ലാമിനെ ഒരു വൃത്തികെട്ട മതമാക്കി രൂപാന്തരപ്പെടുത്തിയതുമെല്ലാം അഹ്ലുൽ ഹദീസുകാർ മാത്രമാണെന്ന കുടുത്തസത്യം ധാരാളം തെളിവുകളിലൂടെ എന്റെ മറ്റു ഗ്രന്ഥങ്ങളിലും ഈയുള്ളവൻ ശക്തിയായി സ്ഥാപിച്ചതാണ്.

## ഏറ്റവും മുന്തിയ മുതവാത്തിറായ ഹദീസ് പോലും അബൂഹുറയ്റയുടെ പെരുന്നുണയിൽ നിന്ന് രക്ഷപ്പെട്ടില്ല!

"അബൂഹുറയ്റ:യുടെ തനിനിറം എന്റെ ഗ്രന്ഥത്തിലെ 6-ാം അദ്ധ്യായ

ത്തിൽ (60-ാം പേജു മുതൽ) 30 പേജുകളിലായി സകല പുരോഹിതൻമാരുടെയും ഞൊണ്ടിന്യായങ്ങൾക്ക് വായടപ്പൻ മറുപടി കൊടുത്ത് കൊണ്ട് 108 ആയത്തുകൾക്കെതിരായി ലോകത്തിലെ ഏറ്റവും മുന്തിയ മുതവാത്തിറായ ഹദീസിൽപോലും അബൂഹുറയ്റ; ഒരു ഹിമാലയൻ നുണ പൊട്ടിച്ചെന്ന് ഖുർആനിക തെളിവുകളിലൂടെ ശക്തിയുക്തം സമർത്ഥിച്ചതും പിന്നീടിന്നേവരെ ഒറ്റ പുരോഹിതനും അതിനൊരു മറുപടിയും പറയാതിരുന്നതും മാന്യവായനക്കാർക്കനുഭവമുള്ള കാര്യമാണല്ലോ.

ഹദീസുകളുടെ കൂട്ടത്തിൽ വെച്ചേറ്റവും മുന്തിയ മുതവാത്തിറായ (അനിഷേധ്യമായ) ഏക ഹദീസാണ് "എന്റെമേൽ കള്ളംപറയുന്നവൻ നരകത്തിൽ ഇരിപ്പിടം ഒരുക്കിക്കൊള്ളട്ടെ" എന്ന ആ ഹദീസെന്നാണ് അഹ് ലുൽ ഹദീസുകാരെല്ലാം ഐക്യകണ്ഠ്യേന പറയുന്നത്. അങ്ങിനെയുള്ള ആ ഹദീസിൽപോലും "മനഃപൂർവ്വം പറയാതിരുന്നാൽ മതി". എന്ന അതി ഗുരുതരവും അപകടകരവുമായ ഒരു പെരും കള്ളം അബൂഹുറയ്റ: കൂട്ടിക്കലർത്തിപ്പറഞ്ഞെന്നാണ് ബുഖാരിമുസ്ലിം മുതൽക്കുള്ള എല്ലാ പ്രമാണികഹദീസ് ഗ്രന്ഥങ്ങളിലൂടെയും കണിശമായും വ്യക്തമായും മുമ്പ് നാം തെളിയിച്ചുകൊടുത്തത്.

അബൂഹുറയ്റയുടെ ആ കടുത്ത കള്ളം ഖുർആനിലെ നൂറിൽപരം ആയത്തുകൾക്കെതിരാണെന്നുറപ്പായിട്ടും പ്രസ്തുത ആയത്തുകളിലൊറ്റൊന്നിന്റെയും വ്യാഖ്യാനത്തിൽ അതിനൊന്നും യാതൊരു മറുപടിയും പറയാതെ അഹ്ലുൽഹദീസുകാരും ഖുർആൻ വ്യാഖ്യാതാക്കളും ഖുർആൻ പരിഭാഷക്കാരുമെല്ലാം പറ്റെ ഒഴിഞ്ഞുമാറുകയാണുണ്ടായതെന്ന പരമസത്യവും പ്രസ്തുത അദ്ധ്യായത്തിൽ ഈയുള്ളവൻ വ്യക്തമായി സമർത്ഥിച്ചിട്ടുണ്ട്. അത് കൊണ്ടൊക്കെത്തന്നെയാണ് സുന്നീ, മുജാഹിദ്, ജമാഅത്ത് എന്നീ വിഭാഗങ്ങളിലെ പല പുരോഹിതന്മാരും എന്റെ അത്തരം വാദങ്ങൾക്ക് മറുപടി പറയാൻവേണ്ടി സ്പെഷലായി ഗ്രന്ഥങ്ങളെഴുതിക്കൊണ്ട് ആദ്യം രംഗത്തിറങ്ങിയെങ്കിലും പിന്നീടവരെല്ലാം "ധൈര്യസമേതം" പിൻമാറിയതും, "കണ്ടറിയാത്തവർ കൊണ്ടെങ്കിലും അറിഞ്ഞല്ലോ" . നല്ലത് തന്നെ!

ചുരുക്കത്തിൽ അഹ്ലുൽ ഹദീസുകാരുടെ നേതാക്കളായ അബൂഹുറയ്റ: ബുഖാരി, മുസ്ലിംപോലുള്ള പെരിയ വമ്പന്മാരെല്ലാവരും കൂടി നബിയുടെ എല്ലാചര്യകളും ഹദീസുകളും വള്ളിപുള്ളി തെറ്റാതെ മുസ്ലിംകൾക്ക് പഠിപ്പിച്ചുകൊടുത്തു എന്ന് പറയുന്നതിലുള്ള കടുത്ത പൊള്ളത്തരം തുറന്നു കാട്ടുന്നതാണ് താഴെപറ



യുന്ന ദൃഷ്ടാന്തങ്ങളെല്ലാം തന്നെ.

# ബുഖാരി, മുസ്ലിം അടക്കമുള്ള അഹ് ലുൽ ഹദീസുകാർ ഏകകണ്ഠമായി സത്യം പൂഴ്ത്തിവെക്കുന്നു! തെളിവുകൾ കാണുക

1. ഏറ്റവും മുന്തിയ മുതവാത്തിറായ ഹദീസിൽപോലും ഗുരുതരമായ കള്ളം ചേർത്തിക്കൊണ്ട് ആ കള്ളവും കൂടി അബൂഹുറയ്റാ താവഴിക്കാർ മുതവാത്തിറാക്കിത്തീർത്തു!
2. നബിയുടെ ആയിരം ഖുത്തബ:കളിൽ ഒറ്റൊന്നുപോലും അവർ എഴുതിവെക്കുകയോ പഠിപ്പിക്കുകയോ ചെയ്തില്ല!
3. ഏറ്റവും പരസ്യമായതും ആയിരക്കണക്കിന് സാക്ഷികളുണ്ടായിരുന്നതുമായ നബിയുടെ ഹജ്ജിന്റെ മൊത്തത്തിലുള്ള രൂപം പോലും ചില സ്വാർത്ഥ താൽപര്യം മൂലം അവരാരും എഴുതിവെച്ചില്ല! അതേസമയം മക്കാമുശ്രിക്കുകളുടെ പാരമ്പര്യങ്ങളിൽപെട്ട ഹജറുൽ അസ്വദ് ചുംബിക്കൽ, അർദ്ധനഗ്നരായി ഹജ്ജ്ചെയ്യൽ, മീനായിൽ കല്ലേറ് നടത്തൽ മുതലായ ഖുർആൻവിരുദ്ധ ജാഹിലീ സമ്പ്രദായങ്ങൾ മുഴുവൻ നബിയുടെപേരിൽ യാതൊരു സംശയവും ആശയക്കുഴപ്പവുമില്ലാതെ, വളരെ വ്യക്തമായും ഭംഗിയായും അവരെഴുതിവെക്കുകയും ചെയ്തു.
4. പതിനായിരക്കണക്കിൽ സഹാബിമാരോടൊപ്പം നബി ഹജ്ജ് ചെയ്തപ്പോൾ പെരുന്നാൾ ദിവസം മീനായിൽവെച്ച് നബി സഹാബിമാരെക്കൂട്ടി പെരുന്നാൾ നമസ്ക്കാരം നിർവ്വഹിച്ചു എന്നതൊരു കടുത്ത സത്യം മാത്രമാണ്. പെരുന്നാൾ നമസ്ക്കാരത്തിന്റെ കൽപന ഖുര: 108-ാം അദ്ധ്യായത്തിലുണ്ടെന്നതാണതിന്റെ തെളിവ്. പക്ഷെ, അങ്ങിനെയൊരു നമസ്ക്കാരം അന്നവിടെവെച്ച് നബി നടത്തി എന്ന സത്യം ലോകത്തിലെ ഒറ്റ ഹദീസ് പ്രമാണിയും എഴുതിവെച്ചിട്ടില്ല. എന്നാൽ ആ നമസ്ക്കാരം അന്ന് നബി നടത്തിയില്ലെന്നെഴുതിവെച്ചോ? അതുമില്ല. സകല ഹദീസ് പുരോഹിതന്മാരും കൂടി മീനായിൽവെച്ചുള്ള നബിയുടെ പെരുന്നാൾ നമസ്ക്കാരത്തിന്റെ

കാര്യം ഏകകണ്ഠമായി പൂഴ്ത്തിവെച്ചു എന്ന് ചുരുക്കം. അതെന്തിനെന്നോ: പെരുന്നാൾ നമസ്ക്കാരത്തിന് പകരം അന്നവിടെ വെച്ച് നടത്തേണ്ട പ്രധാനകർമ്മം (ജാഹിലിയ്യാ ആചാരത്തിൽപെട്ട ഖുർആൻ വിരുദ്ധമായ) കല്ലേറാണെന്ന കള്ളം എഴുതി പ്രചരിപ്പിക്കാൻ വേണ്ടി തന്നെ. അഹ്ലുൽഹദീസുകാർ മുഴുക്കെ തനി കപടന്മാരും വഞ്ചകന്മാരും ഖുർആൻ വിരുദ്ധമായ ജാഹിലീആചാരങ്ങളും ജൂതനിയമങ്ങളും പ്രചരിപ്പിക്കാൻവേണ്ടി വേഷംമാറിവന്ന സിയോണിസ്റ്റുകളുമാണെന്നതിന്റെ ഏറ്റവും വലിയ തെളിവുകളിലൊന്നാണിത്. ഇതിന്റെ വിശദമായ വിവരണം ഞാനെഴുതിയ ഹജ്ജിന്റെ ബുക്കിൽ 152-ാം പേജിൽ വേണ്ടപോലെ സമർത്ഥിച്ചിട്ടുണ്ട്.

(5) ഖു:17:79ലൂടെ രാത്രിനമസ്ക്കാരം നബിക്ക് മാത്രമാണമാണെന്ന് പ്രഖ്യാപിച്ചശേഷം പിന്നെയും ചില സഹാബിമാർ അതിൽനിന്ന് പിൻമാറാതിരുന്നപ്പോൾ അവർക്കത് ബാധകമല്ലെന്നും നബിക്ക് മാത്രമേ അത് ബാധകമുള്ളൂവെന്നും അവരെ ഊന്നിപഠിപ്പിക്കാൻവേണ്ടി നബി തന്ത്രം പ്രയോഗിച്ചതും അങ്ങനെ സഹാബിമാരെയെല്ലാം മദീനത്തെ പള്ളിയിൽ ഒരു ദിവസം ഒരുമിപ്പിച്ചശേഷം അവരെ രാത്രി നസമ്ക്കാരം നിർവ്വഹിക്കാനുവദിക്കാതെ നബി വീട്ടിൽ കടന്ന് രാത്രി ഒറ്റക്ക് നമസ്ക്കരിച്ചതുമായ സംഭവം ബുഖാരി മുസ്ലിം മുതൽക്കുള്ള സകല ഹദീസ് പ്രമാണിമാരും നിവേദനം ചെയ്തിരിക്കുന്നു. പക്ഷേ, ആ സംഭവത്തിലെ മർമ്മപ്രധാന കണ്ണിയായ "നബി ഒറ്റക്ക് നമസ്ക്കരിച്ചു" എന്ന സത്യം ഖുർആൻകൊണ്ട് കണിശമായും തെളിഞ്ഞത് - ഹദീസ് പ്രമാണിമാരിലെ ഒറ്റ പുരോഹിതനും എഴുതിവെച്ചില്ല. എന്നാൽ അന്ന് നബി നമസ്ക്കരിച്ചില്ലെന്ന് പറയാനവർക്ക് ധൈര്യമുണ്ടായോ? അതുമില്ല. പോകട്ടെ! നബി ആ രാത്രി നമസ്ക്കരിച്ചോ, ഇല്ലയോ എന്നതിനെപറ്റി എന്തെങ്കിലും സൂചനയോ സംശയമോ അവർ രേഖപ്പെടുത്തിയൊ? അതും തഥൈവ. അപ്പോൾ സകല അഹ് ലുൽ ഹദീസുകാരും ആ സത്യമായ ചരിത്രം പൂഴ്ത്തിവെക്കുന്നതിൽ ഇജ്മാആയി (ഏകോപിച്ചു) എന്ന് താൽപര്യം. തറാവീഹ് പുനഃസ്ഥാപിക്കാൻവേണ്ടി ചെയ്ത ഏറ്റവും വലിയ കപടത്തരമായിരുന്നു അത്.

6. പിന്തുടർച്ചാനിയമം അവതരിച്ചപ്പോൾ "കലാലത്തിനെ" പറ്റി (പാർശ്വബന്ധുക്കളുടെ അവകാശത്തെപ്പറ്റി) സഹാബിമാർ പ്രത്യേകം ചോദിക്കാനും അവർക്കതിനെക്കുറിച്ച് വിശദീകരിച്ചുകൊടുക്കാൻ അല്ലാഹു പ്രത്യേകം ആയത്തിറിക്കാനും കാരണം നബിയായിരുന്നു. അഥവാ നബിയുടെ വഫാത്തിനെത്തുടർന്നുടലെടുക്കാൻ പോകുന്ന നബിയുടെ കലാലത്തിന്റെ ഗുരുതരമായ അവകാശപ്രശ്നത്തെ



പറ്റി അറിയലായിരുന്നു സഹാബിമാരുടെ ലക്ഷ്യം. കലാലത്തിന്റെ ആയത്തിലൂടെ അക്കാര്യം അല്ലാഹുവേണ്ടത്ര വ്യക്തമാക്കുകയും ചെയ്തു. ആണോ, പെണ്ണോ ആയ സന്താനം (വലദ്) ഇല്ലെങ്കിലേ പാർശ്വബന്ധുക്കൾക്കവകാശമുള്ളൂവെന്ന് ഖുർആൻ ആവർത്തിച്ചുപറയാൻ കാരണമതാണ്. കലാലത്തിൽ ഒന്നാമതായി ഉൾപ്പെടുന്നത് നബിയുടെ കുടുംബമാണെന്ന് താൽപര്യം. പക്ഷെ, ലോകത്തിലെ ഒറ്റ അഹ് ലുൽ ഹദീസുകാരനും ഒറ്റ തഫ്സീറുകാരനും ആ വസ്തുത ഇന്നേവരെ രേഖപ്പെടുത്തിയില്ല. അഥവാ കലാലത്തിന്റെ ആയത്തിന്റെ വ്യാഖ്യാനത്തിൽ അവരെല്ലാവരും കൂടി ആ പശ്ചാത്തലവിവരണം ഏകകണ്ഠമായി പൂഴ്ത്തിവെച്ചു എന്ന് താൽപര്യം. നബിയുടെ മകൾ ഫാത്തിമക്കവകാശം കൊടുക്കാതിരുന്നത് കടുത്ത തെറ്റായിപ്പോയെന്ന ശീആ വാദത്തിന്റെ തെളിവ് പുറത്ത് വരാതിരിക്കാൻവേണ്ടിയാണ് സകല സുന്നത്ത്ജമാഅത്ത് കാരും കൂടി ആ വസ്തുത പറ്റെ പൂഴ്ത്തിവെച്ചതെന്ന കടുത്ത സത്യം എല്ലാ ഖുർആൻ വിശ്വാസികളും മേലിലെങ്കിലും അറിഞ്ഞിരിക്കേണ്ടതാണ്.

ചുരുക്കത്തിൽ സുന്നത്ത് ജമാഅത്തുകാരുടെ ഏതെങ്കിലും നടപടിക്രമം തെറ്റാണെന്ന് വരുമെന്ന് കണ്ടാൽ തൽസംബന്ധമായ സകല ഹദീസുകളും ചരിത്ര വിവരണങ്ങളും അഹ്ലുൽഹദീസുകാർ ഏകകണ്ഠമായി പൂഴ്ത്തിവെക്കുമെന്നതിന്ന് അവരുടെ ഗ്രന്ഥങ്ങളിൽ തന്നെ മേൽവിവരിച്ച പ്രകാരമുള്ള ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.

അപ്പോൾ ഇതൊക്കെയാണ് നബിയുടെ ചര്യകളും ഹദീസുകളും വള്ളി പുള്ളിതെറ്റാതെ അഹ്ലുൽ ഹദീസുകാർ നമുക്കെത്തിച്ചുതന്നു എന്നതിന്റെ "ഏറ്റവും മുന്തിയ തെളിവുകൾ." ഇത് പോലെ ഇസ്ലാമിന്നും മുസ്ലിംകൾക്കും വേണ്ടി അഹ് ലുൽഹദീസുകാർ ചെയ്ത് തന്ന "പ്രധാനസേവനങ്ങളുടെ" 30ഓളം വരുന്ന ഒരു പട്ടികതന്നെ ശേഷം വിവരിക്കുന്നുണ്ട്. അതും ശ്രദ്ധാപൂർവ്വം വായിക്കുക.

ഇതേവരെ നാം വിവരിച്ചത്പോലുള്ള തെളിവുകളും ന്യായവാദങ്ങളുമെല്ലാം കേട്ട ശേഷം ഉത്തരംമുട്ടി നാവടക്കേണ്ടിവന്ന അബൂഹുറയ്റാ പ്രഭൃതികളെപ്പോലെ ത്തന്നെ ചില നിഷ്പക്ഷമതികളും ചോദിക്കാറുള്ള വലിയൊരു ചോദ്യമുണ്ട്. സകല പുരോഹിതന്മാരും പൊക്കിനടക്കാറുള്ള ഒരു ചോദ്യവുമാണത്. അതെന്തെന്നല്ലേ? അബൂഹുറയ്റയുടെയും മറ്റും ഹദീസുകൾ സ്വീകരിക്കാതിരുന്നാൽ പിന്നെ നമുക്ക്

നമസ്ക്കാരത്തിന്റെ രൂപമെങ്ങിനെയാണ് ലഭിക്കുക ? ഇതാണാചോദ്യം. അതിന്റെ മറുപടിയാണ് : അബൂഹുറയ്റാ കമ്പനിക്കാരുടെ ഹദീസുകൾകൊണ്ട് നമസ്ക്കാരത്തിന് രൂപം നൽകിയതിനാലുണ്ടായിത്തീർന്ന മഹാ അപകടങ്ങളും ഖുർആനിൽനിന്ന് ലഭിക്കുന്ന സാക്ഷാൽ നമസ്ക്കാരത്തിന്റെ രൂപവും വിശദമായി വിവരിച്ചുകൊണ്ട് ഞാനെഴുതിയ "നമസ്ക്കാരം" "ഖുർആനിലെ നമസ്ക്കാരരൂപം" മുതലായ ഗ്രന്ഥങ്ങൾ. താൽപര്യമുള്ളവർ അതെല്ലാം വാങ്ങി വായിക്കുക !

# ഖുർആൻ പറഞ്ഞകാര്യങ്ങൾ ഹദീസിലൂടെ രേഖപ്പെടുത്തുമ്പോൾ മഹാ അപകടങ്ങൾ സംഭവിക്കുന്നു !

ഒറ്റ ഉദാഹരണം മാത്രം ഇപ്പോൾ വിശദീകരിക്കാം: റംസാനിൽ നോമ്പ് അനുഷ്ടിക്കണമെന്നാണ് വി: ഖു: 2 : 185 - ൽ കൽപിച്ചിരിക്കുന്നത്. മാസപ്പിറവി കണ്ടാൽ എന്നോ കേട്ടാൽ എന്നോ പറഞ്ഞുകൊണ്ട് ഖുർആൻ ഒരിക്കലും ആശയക്കുഴപ്പമുണ്ടാക്കിയില്ല. റംസാനാണെന്ന് കണിശമായും ഉറപ്പാവണമെന്നേ ഖുർആനിന്റെ പ്രസ്ഥാവനകൊണ്ട് വരികയുള്ളൂ. അത് കണ്ടിട്ടോ കാണാതെയോ കണക്ക് കൊണ്ടോ എങ്ങിനെയായാലും വിരോധമില്ലെന്ന് താൽപര്യം.

എന്നാൽ ഖുർആനിന്റെ മേൽപ്രസ്താവനക്ക് ശേഷം ഒറ്റ ഹദീസും എഴുതിവെച്ചിട്ടില്ലായിരുന്നുവെങ്കിൽ ആയിരത്തിലേറെ വർഷങ്ങളായി മുസ്ലിം സമുദായത്തിൽ നോമ്പിലും പെരുന്നാളിലും നിലനിന്ന് പോന്ന ഒറ്റകുഴപ്പവും ഒരനൈക്യവും ഒരു കാലത്തുമുണ്ടാകുമായിരുന്നില്ല, തീർച്ച. പക്ഷേ, ഹദീസ് രേഖപ്പടുത്താനൊരുമ്പെട്ടവർ ഖുർആനിന്റെ ഭദ്രവും ആശയക്കുഴപ്പമില്ലാത്തതുമായ ആ ശൈലി തീരെ ശ്രദ്ധിക്കാതെ അബൂഹുറയ്റ നെയ്ത് വിട്ട "മാസപ്പിറവി കണ്ടാൽ നോമ്പനുഷ്ടിക്കുക" എന്ന അപകടകരമായ ശൈലിയാണെഴുതിവെച്ചത്. മാസപ്പിറവിയെപ്പറ്റി ഖുർആനൊരിക്കലും പറയാത്ത - പറയാൻപറ്റാത്ത - നബിയും പറഞ്ഞിട്ടുണ്ടെന്ന് വിശ്വസിക്കാനാവാത്ത - 'കണ്ടാൽ' എന്ന അതിവിനാശകരവും അശാസ്ത്രീയവും അനൈക്യം വിതറുന്നതുമായ ആ ഒരൊറ്റപദം ബുഖാരിയും മുസ്ലിമും "മുത്തഫഖ് അലൈഹി"യായ ഹദീസാക്കി എഴുതിവെച്ചത് മൂലം അതിനാലുണ്ടായത്തീർന്ന അനർത്ഥങ്ങളും അനൈക്യങ്ങളും 1300 വർഷം പിന്നിട്ടിട്ടും സമുദായത്തിൽ നിന്ന്



പിഴുതെറിയാൻ ഒരു ശക്തിക്കും ഇന്നേവരെ കഴിഞ്ഞിട്ടില്ല. ഇനി ലോകാവസാനം വരെ അതിന്ന് കഴിയുമെന്ന പ്രതീക്ഷയുമില്ല. അത്രവലിയ അപകടമാണ് ഒരിക്കലും എഴുതിവെക്കരുതെന്ന് നബിയും സഹാബിമാരും വിലക്കിയ ഹദീസുകളിലെ ആ ഒരൊറ്റപദം - 'കണ്ടാൽ' എന്ന പദം - എഴുതിവെച്ചതിനാൽ ഉണ്ടായിത്തീർന്നതെന്നത് വർഷംതോറും നമ്മളെല്ലാം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കടുത്ത യാഥാർത്ഥ്യമല്ലേ!

ഇതേപോലെ ഖുർആൻ വളരെ ഭംഗിയായും ഭദ്രമായും പറഞ്ഞകാര്യങ്ങൾ ഹദീസുകളിലൂടെ എഴുതിവെച്ചപ്പോഴുണ്ടായ മഹാഅപകടങ്ങൾ നൂറ് കണക്കിൽ നിരത്തിവെക്കാനുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ ഓരോ ഗ്രന്ഥത്തിലും അതാത് സന്ദർഭങ്ങളിൽ കഴിയുന്നിടത്തോളം ഞാനത് വിവരിക്കുകയും ചെയ്യും.

എങ്കിലും ഹദീസുകളെവുതിവെച്ചതിനാലുണ്ടായ അപകടങ്ങളിൽ ഗുരുതരമായ ചിലതിനെപറ്റിയും കൂടി മാന്യവായനക്കാരുടെ അറിവിന്നായി ഇപ്പോൾത്തന്നെ എണ്ണിപ്പറയുന്നത് നന്നായിരിക്കുമല്ലോ. അവയുടെ തെളിവുകളും വിശദീകരണങ്ങളും എന്റെ മുൻഗ്രന്ഥങ്ങളിൽ വളരെ കണിശമായും വ്യക്തമായും വിവരിച്ചിട്ടുണ്ടെന്ന വസ്തുതയും വായനക്കാരെ പ്രത്യേകം ഉണർത്തുന്നു.

# ഹദീസുകളെഴുതിവെച്ചതിനാൽ സംഭവിച്ച ഗുരുതരമായ ആപത്തുകൾ

1. വിശ്വാസം കൊണ്ട് മാത്രം യാതൊരു ഫലവുമില്ലെന്നുംവിശ്വാസത്തോടൊപ്പം പരോപകാരമുള്ള നല്ലകാര്യങ്ങൾകൂടി ചെയ്തെങ്കിൽ മാത്രമെ മോക്ഷമുള്ളൂവെന്നും 136 ആയത്തുകളിലൂടെ അല്ലാഹു ആവർത്തിച്ചു പഠിപ്പിച്ചതാണ്. എന്നാൽ ഖുർആനിലെ ഏറ്റവും വലിയ ആ അടിസ്ഥാനസിദ്ധാന്തത്തിന്നെതിരിൽ കേവലം വിശ്വാസംകൊണ്ട് മാത്രമം സ്വർഗ്ഗത്തിൽ കടക്കാമെന്ന ഒരു "ഹിമാലയൻവെടി" അബൂഹുറയ്റ പ്രചരിപ്പിച്ചത് മൂലം ആത്മീയവും ധാർമ്മികവും സദാചാരപരവുമായ ആഴ

മേറിയ അധഃപതനങ്ങൾ മുസ്ലിംസമുദായത്തിൽ നൂറ്റാണ്ടുകളായി നിലനിന്നുപോന്നു.

2. 108 ആയത്തുകൾക്കെതിരിൽ അബൂഹുറയ്റ: പൊട്ടിച്ച ഹിമാലയൻ നുണകാരണം സകല വാറോലകളെയും ജൂതായിസങ്ങളെയും ഇസ്ലാമിന്റെ മൂലപ്രമാണങ്ങളാക്കുകവഴി പരിശുദ്ധ ഇസ്ലാമിനെ കേവലം ഒരു ജൂതമതമാക്കിത്തീർത്തു.

3. ഖുർആൻ വിവരിച്ച പത്ത് ഇസ്ലാം കാര്യങ്ങളുടെ ഇടയിൽ നിന്ന് അക്ഷരാഭ്യാസമുൾപ്പെടെയുള്ള പ്രധാനപ്പെട്ട അഞ്ചെണ്ണം തട്ടിയത് മൂലം വിദ്യാഭ്യാസപരമായും സാംസ്കാരികമായും മുസ്ലിംകളെ അധഃപതിപ്പിച്ചു.

4. ഖുർആൻ പഠിപ്പിച്ച ഈമാൻകാര്യങ്ങളിൽ മായം ചേർത്ത്കൊണ്ട് ഒന്ന് (വിധിവിശ്വാസം) അധികരിപ്പിക്കുകവഴി, മുസ്ലിംകളെ അലസരും നിഷ്ക്രിയരും നിരാശരുമാക്കിത്തീർത്തു.

5. ഖുർആനിലെ 81 ആയത്തുകൾക്കെതിരായി, നമസ്ക്കാരത്തേക്കാൾ എഴുപതിരിട്ടി പുണ്യമുള്ള സകാത്ത് മുക്കാലും വെട്ടിക്കുറച്ചത് മൂലം മുസ്ലിംകളിലെ കോടാനുകോടി പാവങ്ങളുടെ അവകാശങ്ങൾ കാലാകാലത്തേക്ക് നിഷേധിച്ചു.

6. നമസ്ക്കാരത്തിന്റെ പ്രതിഫലം ഖുർആൻ പറഞ്ഞ പത്തിരട്ടിയല്ലെന്നും അത് 700 ഇരട്ടിയുണ്ടെന്നും അതിനാൽ എത്ര നമസ്ക്കരിച്ചോ അത്രയും നല്ലതാണെന്നുമുള്ള കടുത്തകള്ളം പ്രചരിപ്പിക്കുക വഴി മുസ്ലിംകളെ നമസ്ക്കാരഭ്രാന്തന്മാരാക്കി മാറ്റി.

7. എല്ലാ മഹാപാപികൾക്കും വെറും ശഹാദത്ത് കൊണ്ട് തന്നെ സ്വർഗ്ഗം കിട്ടുമെന്നുറപ്പ് കൊടുക്കുക നിമിത്തം ധാരാളം കൊലപാതകികളെയും തെമ്മാടികളെയും മറ്റെല്ലാവിധ കുറ്റവാളികളെയും മുസ്ലിം സമുദായത്തിൽ വർദ്ധിപ്പിച്ചു.

8. നമസ്ക്കാരത്തിൽപോലും നമ്മുടെ നബിയേയും ഈസാനബിയേയും നിന്ദ്യേന അസഭ്യം പറയാൻ ജൂതമുനാഫിഖുകൾക്ക് പഴുതുണ്ടാക്കിക്കൊടുത്തു. നമ്മളറിയാതെ നമ്മളെയും ആ കുറ്റകൃത്യത്തിൽ പങ്കാളികളാക്കി.



9. നമസ്ക്കാരത്തിന്റെ 'ഫർസുകളിൽ' വളരെ പ്രധാനപ്പെട്ടതായി ഖുർആൻ പഠിപ്പിച്ച "ഖുശൂഅ്" (ഭയഭക്തി) എന്നത് നമസ്ക്കാരത്തിന്റെ ഫർസുകളെണ്ണിയപ്പോൾ പൂഴ്ത്തിവെക്കുകവഴി മുസ്ലിംകളുടെ കാലാകാലമായുള്ള നമസ്ക്കാരങ്ങൾ ഫലശൂന്യമാക്കിത്തീർത്തു.

10. നമസ്ക്കാരത്തിൽ ഉറക്കെ ഓതുന്ന ഫാത്തിഹാസൂറത്തുകളിലെ 'ബിസ്മി' മുഴുവൻ കക്കുകമൂലം മുസ്ലിംകളെക്കൊണ്ട് നിത്യവും അല്ലാഹുവിനെ പരസ്യമായി ധിക്കരിക്കാനിടവരുത്തി.

11. നബി ആദ്യം വലിയ കുടിയാനായിരുന്നുവെന്ന് പ്രചരിപ്പിച്ചു.

12. അന്യസ്ത്രീകളുടെ വീടുകളിൽപോയി കിടന്നുറങ്ങൽ നബിയുടെ സമ്പ്രദായമായിരുന്നുവെന്ന മഹാഅപരാധം നബിയുടെമേൽ ആരോപിച്ചു.

13. നബി ധാരാളം മഹാപാപങ്ങൾ ചെയ്തിരുന്നുവെന്ന് സമർത്ഥിച്ചു.

14. മലവിസർജ്ജനം കഴിഞ്ഞാൽ വെള്ളമുണ്ടെങ്കിൽ പോലും നബി ആസനം കഴുകാറില്ലെന്ന് പ്രചരിപ്പിച്ചു.

15. അമുസ്ലിംകളോട് സ്നേഹത്തിലും സൗഹാർദത്തിലും കഴിയണമെന്ന ഖുർആനിന്റെ മഹത്തായ നിർദ്ദേശത്തിന് കടകവിരുദ്ധമായി അവരോട് വെറുപ്പും വിദ്വേഷവും വളർത്തുകവഴി അവരോടെക്കാലത്തും കലഹിച്ചുകൊണ്ടിരിക്കാനും അവരുമായി കലാപം നടത്തിക്കൊണ്ടിരിക്കാനും മുസ്ലിംകൾക്ക് പ്രേരണനൽകി.

16. സർവ്വരോഗവാഹിനിയും മാലിന്യവിഭൂഷിതയുമായ ഈച്ചയെ മുസ്ലിംകളെക്കൊണ്ട് കഴുകിക്കുടിപ്പിക്കുവാനിടവരുത്തി.

17. മനുഷ്യനേറ്റവുമധികം ഉപകാരമുള്ള നായയെക്കൊണ്ടുള്ള ഏറ്റവും വലിയ ഉപകാരം (വീടു കാവൽ) മുസ്ലിംകൾക്ക് നിഷിദ്ധമാക്കി.

18. ഖിർആനിൽ ഏറ്റവുമാദ്യം ഫർസാക്കിയ അക്ഷരാഭ്യാസം നബിപോലും അംഗീ

കരിച്ചിട്ടില്ലെന്നും മുസ്ലിംകൾക്കത് സുന്നത്ത്പോലുമല്ലെന്നും വിശ്വസിപ്പിച്ചു.

19. നബിയുടെ ഏറ്റവും വലിയ സംരക്ഷകനും ഇസ്ലാമിന്ന് വേണ്ടി വളരെയധികം ത്യാഗം സഹിച്ച മഹാനും നബിയുടെ പ്രിയങ്കരനായ പിതൃവ്യനും, ഹസ്രത്ത് അലിയുടെ പിതാവും, നബികുടുംബത്തിലെ ഒന്നാമത്തെ മുഅ്മിനുമായിരുന്ന അബുത്വാലിബിനെ കാഫിറും മുശ്രിക്കുമാക്കി പ്രചരണം നടത്തി.

20. നബി കുടുംബങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കുക വഴി അവരെ നിരന്തരം ദ്രോഹിച്ചു.

21. വളരെ നല്ലൊരു പുണ്യാരാധനയായ നമസ്ക്കാരത്തിൽപോലും ഏറ്റവും വലിയ കുറ്റകൃത്യമായ ശിർക്കിന്ന് അടിത്തറപാകി.

22. സുന്നത്ത് നമസ്ക്കാരം, സുന്നത്ത് നോമ്പ്, സുന്നത്ത് ഹജ്ജ് എന്നീപേരുകളിൽ ധാരാളം ബിദ്അത്തുകൾ അടിച്ചേൽപ്പിക്കുകവഴി മുസ്ലിംകളുടെ ശാരീരികവും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായ സകലവിധ പുരോഗതികൾക്കും കാലാകാലം തടസ്സങ്ങളുണ്ടാക്കി.

23. ഖുർആൻ പഠനത്തിൽ നിന്ന് നാനാവിധേനയും ശ്രദ്ധതിരിച്ചുകൊണ്ട് കള്ളപ്രമാണമായ വ്യാജസുന്നത്ത് പഠനത്തിൽ മുസ്ലിംകളുടെ ശ്രദ്ധകേന്ദ്രീകരിപ്പിച്ചു.

24. അവകാശങ്ങളെല്ലാം പൂർണ്ണമായി നൽകിക്കൊണ്ട് ഏറ്റവുമധികം സംരക്ഷണം നൽകാൻ ഖുർആൻ ഊന്നിപ്പറഞ്ഞ അനാഥകളായ പൗത്രന്മാരുടെയും മറ്റും അവകാശങ്ങൾ പറ്റെ നിഷേധിക്കുകമൂലം വർഷംതോറും ലക്ഷക്കണക്കിൽ തെരുവ് തെണ്ടികളെ മുസ്ലിം സമുദായത്തിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

25. ഖുർആൻ മുറുകെ പിടിച്ചിരുന്നുവെങ്കിൽ വിഭിന്ന പാർട്ടികളുണ്ടാവുക എന്നത് സംഭവിക്കാനിടയില്ലാതിരുന്ന ഇസ്ലാമിൽ, ആയിരക്കണക്കിലുള്ള പരസ്പരവിരുദ്ധങ്ങളായ കള്ള ഹദീസുകൾ വഴി മുസ്ലിം സമുദായത്തെ നൂറോളം പാർട്ടികളാക്കി ഭിന്നിപ്പിച്ചുകൊണ്ട് ലോകാവസാനം വരെ അവരെ തമ്മിലടിപ്പിക്കാനിടവരുത്തി.



നബിയും സഹാബിമാരും വിലക്കിയിരുന്ന "ഹദീസ് എഴുതിവെക്കുക" എന്ന വിനാശകരവും ആപൽക്കരവുമായ ബിദ്അത്ത് നടപ്പിലാക്കിയതിനാൽ സംഭവിച്ച നാശങ്ങളുടെയും അപകടങ്ങളുടെയും പട്ടിക തുടർന്നെണ്ണുകയാണെങ്കിൽ അത് നൂറിലോ ഇരുനൂറിലോ അവസാനിക്കുകയില്ല. എങ്കിലും ഒരു സമുദായം പിന്നോക്കക്കാരിൽ പിന്നോക്കക്കാരാവാൻ മേൽവിവരിച്ച മഹാഅപകടങ്ങൾതന്നെ ധാരാളം മതി എന്ന് മനസ്സിലാക്കാൻ വലിയ ബുദ്ധിയൊന്നും ആവശ്യമില്ല. പ്രസ്തുത അപടങ്ങളും അനർത്ഥങ്ങളും മുഴുൻ ഉണ്ടാക്കിതീർത്തത് ഹദീസെഴുതി പ്രമാണമാക്കുക എന്ന ഏക ഫിത്ന: ബുഖാരിയും മുസ്ലിമും മറ്റും നടപ്പിലാക്കിയത് കൊണ്ട് മാത്രമാണെന്നാണ് ആയിരം തവണ നമുക്കാവർത്തിച്ചു പറയുവാനുള്ളത്. അത്തരം അപകടങ്ങൾ പറ്റെ തടഞ്ഞുനിർത്താൻവേണ്ടിതന്നെയായിരുന്നു നബിയും സഹാബിമാരും ഹദീസെഴുതിവെക്കുന്നത് കർശനമായി നിരോധിച്ചിരുന്നതും.

അബൂഹുറയ്റാ കമ്പനിക്കാർ പ്രചരിപ്പിച്ച ഹദീസുകളെല്ലാം വലിച്ചെറിഞ്ഞുകൊണ്ട് നബിയുടെ പ്രാമാണികവും സത്യസമ്പൂർണ്ണവുമായ ആയിരം ഖുത്തുബകളായിരുന്നു പദപ്രയോഗങ്ങൾ സൂക്ഷിച്ചുകൊണ്ട് അഹ് ലുൽ ഹദീസുകാർ എഴുതിവെച്ചിരുന്നതെങ്കിൽ - അല്ലാത്തപക്ഷം ഒറ്റ ഹദീസും അവരെഴുതിവെച്ചിട്ടില്ലായിരുന്നുവെങ്കിൽ - മേൽ എണ്ണിപറഞ്ഞ ഒറ്റ അപകടവും നമ്മുടെ സമുദായത്തിൽ ഒരിക്കലും സംഭവിക്കുമായിരുന്നില്ല. പക്ഷെ നബിയുടേയാണെന്നുറപ്പുള്ള ആയിരംഖുത്തുബകൾക്ക് പകരം നബിയുടെ പേരിൽ അബൂഹുറയ്റ:യെപ്പോലുള്ള ജൂത മുനാഫിഖുകൾ കെട്ടിപ്രചരിപ്പിച്ച പതിനായിരം കള്ള ഹദീസുകളല്ലേ ഈ അഹ്ലുൽ ഹദീസകുകാരെല്ലാവരും കൂടി എഴുതിക്കൂട്ടി ഗ്രന്ഥങ്ങളാക്കി പ്രചരിപ്പിച്ചത്. ഇസ്ലാമിന്റെയും മുസ്ലിംകളുടെയും സകല നാശങ്ങൾക്കും കാരണം അവരുടെ ജൂതായിസങ്ങൾ നിറഞ്ഞആ കള്ളഹദീസ് ഗ്രന്ഥങ്ങളാണെന്ന പരമസത്യം ഇനിയെങ്കിലും മനസ്സിലാക്കാൻ നമ്മൾ തയ്യാറാവാത്തപക്ഷം നമ്മുടെ അധോഗതിക്കും പിന്നോക്കാവസ്ഥക്കും ഈ ഇരുപതാംനൂറ്റാണ്ട് കഴിഞ്ഞാലും വലിയ വ്യതാസമൊന്നുമുണ്ടാവുകയില്ലെന്ന കാര്യം തീർച്ചയാണ്.

# അപ്പോൾ ഹദീസ് പ്രമാണമല്ലെന്നോ?

നബിയുടെ ഹദീസുകളെന്നപേരിൽ ജൂതതാവഴിക്കാരും മറ്റും നബിയുടെ പേരിൽ കെട്ടിവിട്ട കള്ളഹദീസുകളുടെ പൊള്ളത്തരങ്ങൾ തുറന്ന് കാട്ടുമ്പോൾ പലരുടെയും വായിൽ നിന്ന് പെട്ടെന്ന് ചാടാറുള്ള ഒരു ചോദ്യമാണ് ഹെഡ്ഡിംഗിൽ കൊടുത്തിരിക്കുന്നത്. അതായത് ഇതേവരെ വിവരിച്ചതിന്റെ പ്രധാനലക്ഷ്യം: നബിയുടെ ഹദീസുകളൊന്നും പ്രമാണമല്ലെന്ന് സ്ഥാപിക്കലാണെന്നാണ് ചോദ്യത്തിൽ നിന്ന് മുഴച്ച് വരുന്നത്. വാസ്തവത്തിൽ നമ്മളിതേവരെ തള്ളിപ്പറിഞ്ഞതൊന്നും തന്നെ നബിയുടെ ഹദീസുകളെ പറ്റി ഒരിക്കലുമല്ല. നബിയടേതാണെന്ന് തെളിഞ്ഞു കിട്ടിയ ഒറ്റ ഹദീസും ഇന്നേവരെ നാം തള്ളിപ്പറഞ്ഞിട്ടുമില്ല. പിന്നെയോ? അബൂഹുറയ്റയെപ്പോലുള്ള ജൂതമുനാഫിഖുകളുടെ കള്ള ഹദീസുകളാണ് ഇന്ന് മുസ്ലിംലോകത്ത് പ്രചാരത്തിലുള്ള മിക്ക ഹദീസുകളെന്നും അതൊന്നും ഇസ്ലാമിലേക്ക് കൂട്ടിച്ചേർക്കാനോ, ഇസ്ലാമിന്റെ ഒരു പ്രമാണമായി അംഗീകരിക്കാനോ ഒറ്റ മുസ്ലിമിന്നും പാടില്ലാത്തതാണെന്നുമാണ് നാം വാദിക്കുന്നതും സമർത്ഥിക്കുന്നതുമൊക്കെ. അത് നബിയേയോ നബിയുടെ സുന്നത്തിനേയോ ഒരിക്കലും തള്ളിക്കളയാനല്ല, പ്രത്യുത നബിയെയും നബി കൊണ്ടുവന്ന പരിശുദ്ധ ഇസ്ലാമിനെയും സംരക്ഷിക്കുവാനും സംശുദ്ധമാക്കുവാനും വേണ്ടി മാത്രമാണ്. അതോരോ മുസ്ലിമിന്റെയും ഒഴിവാക്കാനാവാത്ത കടമയുമാണല്ലോ. എന്ന് മാത്രമല്ല, ഒരു യഥാർത്ഥ മുസ്ലിമിന്റെ ഏറ്റവും വലിയ കടമതന്നെ: കഴിയുമെങ്കിൽ തന്റെ മതപ്രമാണങ്ങളിൽ കടന്നുകൂടിയ കള്ളപ്രമാണങ്ങൾ കണ്ട് പിടിക്കലും അവയുടെയെല്ലാം തനിനിറവും പൊള്ളത്തരവും തൊലിയുരിച്ച് കാണിക്കലുമാണ്.

**അപ്പോൾ നമ്മുടെ വാദം : നബിയുടെ ഹദീസുകളൊന്നും പ്രമാണമല്ലെന്നല്ല, മറിച്ച്, പ്രചാരത്തിലുള്ള ഹദീസുകളൊന്നും നബിയുടെ ഹദീസുകളല്ലെന്നും നബിയുടെ ഹദീസുകളൊന്നും പ്രചാരത്തിലില്ലെന്നുമാണ്. പ്രസ്തുത വാദത്തെ ഖണ്ഡിക്കാൻ ലോകത്തൊരു പണ്ഡിതനും സാധ്യമല്ല. സാധ്യമാകുമെങ്കിൽ അത് ഖണ്ഡിക്കപ്പെടാൻ വേണ്ടി തന്നെയാണ് ദൈവീകായുധമായ മുബാഹല: സഹിതം സകല പുരോഹിതൻമാരോടും നേരിടാൻ നാം തയ്യാറായിരിക്കുന്നതും.**



ചുരുക്കത്തൽ നബിയുടെ ഹദീസുകളൊന്നും അവയുടെ യഥാർത്ഥ സാക്ഷികളായ സഹാബികളിൽ ഒരാളും തന്നെ നമുക്ക് ക്രോഡീകരിച്ച് തന്നില്ല. സഹാബികളിലെ ഏറ്റവും വലിയ ഖുർആൻ സുന്നത്ത് പണ്ഡിതന്മാരായിരുന്ന നാല് ഖലീഫമാരിലൊരാളെങ്കിലും അത് ചെയ്യാനോ ചെയ്യിക്കാനോ തയ്യാറായതുമില്ല. മാത്രമല്ല, ആരെങ്കിലും അങ്ങിനെ ചെയ്യുന്നത് അവർ കർശനമായി നിരോധിക്കുകയും ചെയ്തു. അത്രയുമല്ല, നബി തന്നെയും നബിയുടെ ഹദീസുകൾ എഴുതിവെക്കുന്നത് അവിടുത്തെ അന്ത്യഘട്ടത്തിൽ പോലും പറ്റെ നിരോധിക്കുകയാണ് ചെയ്തതെന്ന കടുത്ത സത്യം ഹദീസ് ക്രോഡീകരണക്കാരുടെ നേതാക്കളായ ബുഖാരി മുസ്ലിമിനെപ്പോലുള്ള അബൂഹുറയ്റാ താവഴിക്കാർതന്നെ തങ്ങളുടെ പ്രമാണഗ്രന്ഥങ്ങള്ൽ വ്യക്തമായെഴുതിവെക്കാൻ നിർബ്ബന്ധിതരായതും നാം കണ്ടുകഴിഞ്ഞു. തീർന്നില്ല ; അബൂഹുറയാറാ കമ്പനിക്കാർ ഏകകണ്ഠമായി നബിയുടെ 99 ശതമാനം ഹദീസകളും (ആയിരം ഖുത്തുബകൾ) പറ്റെ പൂഴ്ത്തിവെച്ചതും നമ്മളറിഞ്ഞുകഴിഞ്ഞു. പ്രസ്തുത ആയിരം ഖുത്തുബകൾക്ക് പകരം ആയിരക്കണക്കിൽ ജൂതായിസങ്ങൾ കുത്തിക്കുറിച്ചുകൊണ്ട് അതെല്ലാം നബിയുടെ പേരിൽ - പ്രാമാണിക ഹദീസുഗ്രന്ഥങ്ങളെന്ന പേരിൽ - ഹിജ്റ മൂന്നാംനൂറ്റാണ്ടിൽ റഷ്യയിൽ നിന്ന് വന്ന ബുഖാരിയും മുസ്ലിമും മറ്റും ജൂതന്മാരുടെ സഹായത്തോടെ ലോകം മുഴുൻ പ്രചാരപ്പെടുത്തിയതും വേണ്ടത്ര തെളിയിക്കപ്പെട്ടു. എന്നിരക്കെ അത്തരക്കാരുടെ ആ ഖുർആൻ വിരുദ്ധ ഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന ഹദീസുകളൊന്നും തന്നെ ഇസ്ലാമിൽ പ്രമാണമാക്കാൻ പാടില്ലെന്നും അത് ഖുർആനിനെ തുരങ്കം വെക്കലാണെന്നും പറയുന്നതെങ്ങിനെയാണ് നബിയെ ധിക്കരിക്കലോ നബിയെ നിഷേധിക്കലോ ആവുക ? അതൊരിക്കലുമില്ല. നേരെമറിച്ച് ജൂതമുനാഫിഖായ അബൂഹുറയ്റയേയും തന്റെ താവഴിക്കാരെയും ധിക്കരിക്കലും നിഷേധിക്കലും മാത്രമാണത്. ഖുർആനിൽ വിശ്വസിക്കുന്ന എല്ലാ മുസ്ലീംകൾക്കും അത്തരക്കാരെ മേലിലെങ്കിലും ധിക്കരിക്കൽ നിർബ്ബന്ധവുമാണ്. അത്രക്കും കടുത്തദ്രോഹമാണ് ഖുർആനിനോടും നബിയോടും ഇസ്ലാമിനോടും മുസ്ലിംകളോടുമെല്ലാം അവർ ചെയ്തിരിക്കുന്നതെന്ന് അവരുടെ തന്നെ മഹാഭാരതങ്ങൾ മുഖേന എന്റെ ഈ ഗ്രന്ഥത്തിലും മറ്റു ഗ്രന്ഥങ്ങളിലുമായി ഞാൻ വേണ്ടത്ര തെളിയിച്ചിട്ടുമുണ്ട്. ഇനിയും എത്രവേണമെങ്കിലും തെളിയിക്കാൻ തയ്യാറുമാണ്.

# ഹദീസ്പ്രമാണമാണ്. പക്ഷേ അത് നബിയുടെ ഹദീസായിരിക്കണം

നബിയുടേതാണെന്ന് സ്ഥിരപ്പെട്ടുകിട്ടിയ എല്ലാ ഹദീസുകളും ഇസ്ലാമിന്റെ രണ്ടാംപ്രമാണമാണെന്നും നബിയുടേതാണെന്നുറപ്പുള്ള ഹദീസ് പ്രമാണമല്ലെന്നു പറയുന്നവൻ ശരിയായ മുസ്ലിമല്ലെന്നുമാണ് നമ്മുടെ അടിസ്ഥാന സിദ്ധാന്തങ്ങളിലൊന്ന്.

എന്നാൽ ഒരു ഹദീസ് നബിയുടേതാണെന്ന് സ്ഥിരപ്പെട്ടു കിട്ടാനെന്താണ് മാർഗ്ഗം? അതാണ് ഗൗരവമേറിയ പ്രശ്നം. അഹ് ലുൽ ഹദീസുകാരുടെ നിർവ്വചനപ്രകാരം : നബിയുടേതാണെന്നുറപ്പുള്ള ഹദീസുകളെല്ലാം ഹദീസെന്ന് പറയണമെന്നത് പോലെത്തന്നെ നബിയുടേതല്ലെന്നുറപ്പുള്ള ഹദീസുകൾക്കും അഥവാ നബിയുടെ പേരിൽ കെട്ടിപ്രചരിപ്പിക്കപ്പെട്ട എല്ലാ കള്ളഹദീസുകൾക്കും ഹദീസെന്ന് പറയണമെന്നാണ് അവരുടെ ഏകകണ്ഠമായ തീരുമാനം. അതായത് : നബിയിലേക്ക് ചേർത്തിക്കൊണ്ട് ആരെന്ത് പറഞ്ഞിരുന്നാലും അത് സത്യമാവട്ടെ, കള്ളമാവട്ടെ, അല്ലെങ്കിൽ കള്ളമാണെന്നുറപ്പാവട്ടെ- എങ്ങിനെയായാലും ശരി - അവക്കെല്ലാം ഹദീസെന്നു പറയണമെന്നാണ് അബൂഹുറയ്റാ താവഴിക്കാരായ അഹ് ലുൽ ഹദീസുകാർ അവരുടെ ഹദീസ് സിദ്ധാന്ത ശാസത്രങ്ങളിലെല്ലാം ഇജ്മാ ആയി (ഏകകണ്ഠമായി) രേഖപ്പെടുത്തി വെച്ചിരിക്കുന്നത്. സത്യവും അസത്യവും കൂട്ടികുഴച്ചുകൊണ്ടുള്ള തനി അസംബന്ധമായ ഈ നിർവ്വചനം ആരാണുണ്ടാക്കിയതെന്നൊന്നും ആരും ചോദിക്കേണ്ടതില്ല. കാരണം; സത്യവും അസത്യവും കൂട്ടിക്കുഴക്കുക എന്ന പരിപാടി ജാതന്മാരുടെ സ്ഥിരം തൊഴിലാണെന്ന് എത്രയോതവണ ഖുർആൻ നമ്മെ പഠിപ്പിച്ചുകഴിഞ്ഞതാണല്ലോ. അപ്പോൾ അഹ് ലുൽ ഹദീസുകാർക്കാ നിർവ്വചനം ആദ്യം പറഞ്ഞുകൊടുത്തതും അത് പ്രചാരപ്പെടുത്തിയതും ജൂതന്മാരായിരിക്കുമെന്നതിൽ ഖുർആൻവിശ്വാസികൾക്ക് സംശയമില്ല. ഹദീസുകളിലൂടെയുള്ള സകല കുഴപ്പങ്ങൾക്കും അടിത്തറ പാകിയത് ജൂതന്മാരാണെന്നറിയുമ്പോൾ വിശേഷിച്ചും.



ഒരു ഹദീസ് നബിയുടേതാണെന്ന് സ്ഥിരപ്പെട്ടുകിട്ടാൻ ഖുർആൻ സിദ്ധാന്തമനുസരിച്ച് ചുരുങ്ങിയത് രണ്ട് സാക്ഷികളെങ്കിലും വേണമെന്നും ആ രണ്ട് സാക്ഷികളിൽ ഒരാളും തന്നെ അബൂഹുറയ്റയെപ്പോലുള്ള ജൂതമുനാഫിഖുകളിൽ നിന്നോ അവരുടെ ശിഷ്യന്മാരിൽ നിന്നോ ഒരിക്കലും ഹദീസ് സ്വീകരിച്ചിട്ടില്ലെന്നുറപ്പാവണമെന്നുമാണ് ഖുർആൻ സുന്നത്തുകാരായ നമ്മുടെ ഏറ്റവും വലിയൊരുസിദ്ധാന്തം.

ഖുർആനിലെ 108 ആയത്ത് കൊണ്ടാവർത്തിച്ചുറപ്പിക്കപ്പെട്ട ഇസ്ലാമിന്റെ ഏറ്റവും വലിയൊരു സിദ്ധാന്തത്തിൻമേൽ - മതത്തിന്റെ പ്രമാണങ്ങളെല്ലാം "ഇൽമും" (ഉറപ്പും) വിശ്വാസവുമുള്ളതായിരിക്കണമെന്നും ഏകസാക്ഷികളുടേത് പോലുള്ള "സന്ന്" (സുമാർ വിശ്വാസമുള്ളത്) ഒരിക്കലും പ്രമാണമാക്കാൻ പാടില്ലെന്നുമുള്ള അടിസ്ഥാനപരമായ ഖുർആനിക സിദ്ധാന്തത്തിൻമേൽ - കെട്ടിപ്പടുത്തതാണ് മേൽപ്പറഞ്ഞ സിദ്ധാന്തം. അബൂഹുറയ്റയുടെ തനിനിറം എന്ന എന്റെ ഗ്രന്ഥത്തിൽ അത് വേണ്ടത്ര തെളിയിക്കപ്പെട്ടതിനാലും അതിനൊന്നും ഒരു മറുപടിയും ഒറ്റ മതപണ്ഡിതനും ഇന്നേവരെ പറഞ്ഞിട്ടില്ലാത്തതിനാലും അതിന്നിനിയും കൂടുതൽ തെളിവിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

സി.എൻ. അഹ്മദ് മൗലവി തന്റെ ബുഖാരി പരിഭാഷയുടെ മുഖവുരയിൽ പരിഭാഷക്ക് മാർക്കറ്റുണ്ടാക്കാൻവേണ്ടി ഏകസാക്ഷി റിപ്പോർട്ട് മതപ്രമാണമാണെന്ന് സ്ഥാപിക്കാനായി ബാലിശമായ പല തെളിവുകളും പെറുക്കിവെച്ചിട്ടുണ്ട്. 1969ലെ എന്റെ നിരീക്ഷണം മാസികയിലൂടെയും മറ്റൊരു സ്പെഷൽ കൃതിയിലൂടെയും സി.എൻ മൗലവി ഉദ്ധരിച്ച ഓരോ തെളിവിന്നും ഞാൻ അക്കമിട്ട് മറുപടി പറയുകയും പ്രബലമായ എതിർതെളിവുകൾ നിരത്തിവെക്കുകയും ചെയ്തിട്ടുമുണ്ട്. അതിനൊന്നും പിന്നെ സി.എൻ മൗലവിയോ ഏകസാക്ഷിവാദക്കാരായ മറ്റു വല്ലവരുമോ ഇന്നേവരെ ഒരു മറുപടിയും പറഞ്ഞിട്ടുമില്ല.

അബൂഹുറയ്റക്ക് വേണ്ടി മറുപടിപറയാൻ രംഗത്തിറങ്ങിയവരെല്ലാം ഒറ്റ തിരച്ചടികൊണ്ട് തന്നെ രംഗത്ത് നിന്നും പിന്മാറിയത് പോലെ, ഏകസാക്ഷി വാദക്കാരും സത്യം ബോധ്യപ്പെട്ടപ്പോൾ പിന്മാറിയതായിരിക്കാം. നമുക്കാവശ്യവും അത്രമാത്രമേയുള്ളൂ. അതല്ല, ഏകസാക്ഷി ഹദീസുകൾ മതപ്രമാണമാക്കണമെന്നതിന്ന്

പുതിയ വല്ല തെളിവുകളും ആർക്കെങ്കിലും രംഗത്ത് വെക്കാനുണ്ടെങ്കിൽ ഉടനെ അതുമായി അവർ വെളിക്ക് വരേണ്ടതാണെന്നും അനന്തരം അത്തരം തെളിവുക ളുടെ ബലാബലം തുറന്ന് കാണിക്കാൻ വേണ്ടി ശക്തിയായൊരു വിവാദത്തിന്നും മുബാഹലക്കും അവർ തയ്യാറാകണമെന്നുമാണ് നമുക്കവരോട് വീണ്ടും പറയുവാ നുള്ളത്. സമുദായത്തെ കാലാകാലം കുരങ്ങ് കളിപ്പിക്കുക എന്ന അവരുടെ പാര മ്പര്യത്തിനിയെങ്കിലും അറുതി വരുത്താതിരിക്കാൻ പറ്റുകയില്ല. ഇസ്ലാമിന്റെ അടി സ്ഥാന പ്രമാണമെന്തെന്ന് പോലും തീരുമാനിക്കാൻ 30 വർഷം കാത്തിരുന്നിട്ടും മതപണ്ഡിതന്മാർ തയ്യാറില്ലെങ്കിൽ അവരുടെ ലക്ഷ്യം മതക്കച്ചവടം മാത്രമാണെന്നും യഥാർത്ഥ മതം അവർക്കൊരു പ്രശ്നമേയല്ലെന്നും സമുദായത്തെ ബോധ്യപ്പെടു ത്തുകതന്നെവേണം.

## ഖുർആൻകൊണ്ട് തെളിയാത്ത ഏതെങ്കിലുമൊരു നിയമം ഹദീസ് കൊണ്ട് തെളിയിക്കാമോ ?

നബിയോ സഹാബിമാരോ തീരെ ചെയ്തിട്ടില്ലാത്തതും മറ്റുള്ളവരെയെ ങ്കിലും ചെയ്യാൻ അവരൊരിക്കലും അനുവദിച്ചിട്ടില്ലാത്തതും 200 വർഷംവരെ ഒറ്റ മുസ്ലിമിന്നും ചെയ്യാൻ ധൈര്യം വന്നിട്ടില്ലാത്തതും അതിവിനാശകരവുമായ ഒരു ബിദ്അത്ത് - ഓരോ ഹദീസ് ഗ്രന്ഥമെഴുതി പ്രമാണമാക്കുക എന്ന ബിദ്അത്ത്- ബുഖാരിയും മുസ്ലിമും ചെയ്ത് പൂർത്തീകരിച്ചിട്ടില്ലായിരുന്നുവെങ്കിൽ, ഇസ്ലാമാകെ അപകടത്തിലാകുമായിരുന്നെന്നും ഇസ്ലാമിന്റെ മഹത്തായ പല നിയമങ്ങളും നമുക്ക് നഷ്ടപ്പെട്ടുപോകുമായിരുന്നെന്നുമൊക്കെയാണല്ലോ അഹ് ലുൽഹദീസുകാരുടെ യെല്ലാം പൂർവ്വകാലം മുതൽക്കുള്ളവാദം. അത്തരം വാദക്കാരോട് നമുക്ക് ചോദി ക്കുവാനുള്ള ഏറ്റവും പ്രധാനപ്പെട്ടൊരു ചോദ്യമാണ് ഹെഡ്ഢിംഗിൽ കൊടുത്തി രിക്കുന്നത്. അതൊന്ന് വിശദമാക്കാം.

ഖുർആനിന്റെ അർത്ഥത്തിലൂടെയോ, വ്യാഖാനത്തിലൂടെയോ, പൊതു സിദ്ധാന്തങ്ങളിലൂടെയോ ശൈലി വിശേഷത്തിലൂടെയോ, മറ്റു സൂചനകളിലൂടെയോ



ഒരിക്കലും തെളിയിക്കാൻ കഴിയാത്ത ഏതെങ്കിലുമൊരു ഇസ്ലാമിക നിയമം ബുഖാരി മുസ്ലിംപോലുള്ളവരുടെ ശരിയായ ഹദീസുകളിലൂടെ തെളിയിച്ചു തരാൻ ലോകപ ണ്ഡിതൻമാരിലാർക്കെങ്കിലും സാധ്യമാണോ എന്നാണ് വളരെ ചങ്കൂറ്റത്തോടെ നമുക്ക് ചോദിക്കുവാനുള്ളത്. ഇതിന്റെ മറുപടിക്കുവേണ്ടി ഒന്നോ രണ്ടോ മാസമോ അല്ലെ ങ്കിൽ ഒന്നോ രണ്ടോ വർഷമോ നമുക്ക് കാത്തിരിക്കാം. പക്ഷേ, രണ്ട് മാസമല്ല, രണ്ട് വർഷവുമല്ല 20 വർഷം കാത്തിരുന്നാലും ചൊവ്വിനുള്ള ഒരു മറുപടിയും നമ്മുടെ മതപണ്ഡിതൻമാരിൽ നിന്നൊരിക്കലും പ്രതീക്ഷിക്കേണ്ടതില്ലെന്നതിന്ന് വളരെ വ്യക്ത മായ ദൃഷ്ടാന്തം നമ്മുടെ മുമ്പിലുണ്ട്. അതെന്തെന്നാൽ; ഇസ്ലാമിലെ ഏറ്റവും പ്രധാ നപ്പെട്ടൊരു വകുപ്പായ അനന്തിരാവകാശ നിയമങ്ങളെപ്പറ്റി ഖുർആനിലെന്ത് പറയു ന്നുവെന്ന് ശ്രദ്ധിക്കുകയോ പരിശോധിക്കുകയോ ചെയ്യാതെ ഖുർആനിന്ന് വിരുദ്ധ മായി ഇന്നുള്ള മതപണ്ഡിതന്മാരോട് ഈയുള്ളവൻ തെളിവുകളാവശ്യപ്പെടാൻ തുട ങ്ങിയിട്ട് 30ഓളം വർഷങ്ങൾ കഴിഞ്ഞു. സഊദി അറേബ്യയിലെ ജാമിഅ: ഇസ്ലാ മിയ്യ: യൂനിവേഴ്സിറ്റിയുടെ വൈസ്ചാൻസലറായിരുന്ന ശൈഖ് സൈദലവി മാലി ക്കി, അൽഅസ്ഹർസർവ്വകലാശാലയിലെ പ്രൊഫസർമാരായിരുന്ന ശൈഖ് അഖ ബാവി, ശൈഖ് അബ്ദുൽ മുൻഇമുന്നമിർ, ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി അമീർ മൗലാന അബുല്ലൈസ്, ദേവ്ബന്ത് അറബിക്കോളേജ് പ്രിൻസിപ്പാളായിരുന്ന മൗലാ നാഹുസൈൻ അഹ്മദ്മദനി, വെല്ലൂർ അറബിക്കോളേജ് പ്രിൻസിപ്പാൾമാരായിരുന്ന ശൈഖാദം, ശൈഖ്ഹസൻ, ഉമറാബാദ് അറബിക്കോളേജ് പ്രിൻസിപ്പാൾമാരായിരുന്ന മൗലാനാ അബ്ദുസ്സുബ്ഹാൻ, മൗലാനാ അബ്ദുൽവാജിദ്, ഫറൂഖ് അറബിക്കോ ളേജ് പ്രിൻസിപ്പാളായിരുന്ന മൗലാന അബുസ്സ്വബാഹ്, പുളിക്കൽ അറബിക്കോ ളേജ് പ്രിൻസിപ്പാളായിരുന്ന മൗലാനാ എം.സി.സി. അബ്ദുർറഹ് മാൻ മൗലവി മുത ലായ ധാരാളം പണ്ഡിതനേതാക്കളുമായി 1960കളിൽ ഈയുള്ളവൻ പലതവണ നേരിട്ട് ചർച്ചകൾ നടത്തുകയുണ്ടായി. മൗലാന മൗദൂദി, മൗലാനാ അമീൻ അഹ്സൻ ഇസ്ലാഹി, മൗലാനാ അബുൽഹസൻഅലി നദ്‌വി മുതലായ പ്രധാനികളോട് എന്റെ തെളിവുകൾ നിരത്തിവെച്ചുകൊണ്ടുള്ള ഒരു അറബീരിസാലയിലൂടെ രേഖാമൂലം ഞാൻ എഴുതി ചോദിക്കുകയും ചെയ്തു. പക്ഷെ(അബൂഹുറയ്റാ മുആവിയാ കാല ഘട്ടം മുതൽ നിന്ന് പോന്ന) പാരമ്പര്യത്തെ (ഇജ്ഇനെ)അടിസ്ഥാനമാക്കിയാണ് നമ്മുടെ അനന്തിരാവാകശനിയമങ്ങൾക്ക് രൂപം നൽകിയത് എന്ന് പറയുകയല്ലാ തെ, ഖുർആനിലോ സുന്നത്തിലോ അതിന്ന് തെളിവുണ്ടെന്ന് പറയാൻ മേൽ എണ്ണി പ്പറഞ്ഞവരാരും തന്നെ ഒരിക്കലും തയ്യാറാവുകയുണ്ടായില്ല. ഇപ്പോഴും അതിന്ന് തയ്യാറുള്ളവരുമില്ല. ഉണ്ടെങ്കിൽ അത്തരക്കാരെ കണ്ടെത്താൻവേണ്ടി തന്നെയാണ്

ഞാനിപ്രകാരം വെട്ടിതുറന്നെഴുതുന്നതും എന്നാൽ 30 വർഷം കഴിഞ്ഞിട്ടും മറു പടി കണ്ടെത്താത്തവർ ഇനി കണ്ടെത്തുമെന്നാരും പ്രതീക്ഷിക്കയും വേണ്ട.

ചുരുക്കത്തിൽ നിലവിലുള്ള അനന്തിരാവകാശ നിയമങ്ങളിലെ പലതും നീതിവിരുദ്ധവും കിരാതവുമാണെന്നു ഖുർആൻകൊണ്ട് ഞാൻ തെളിയിച്ചുകൊടുത്തതിനെതിരിൽ ഖുർആനിൽ നിന്നോ സുന്നത്തിൽ നിന്നോ അണുവോളം തെളിവ് കണ്ടുപിടിക്കാൻ കഴിയാതെ ഗതിമുട്ടിയ ആ പണ്ഡിതൻമാരിൽ മരിച്ചിട്ടില്ലാത്തവരും അവരുടെ ശിങ്കിടികളും ഇപ്പോൾ ചെയ്യുന്ന പണി എന്തെന്നല്ലേ? കേവലം കൊഞ്ഞനം കാട്ടിക്കൊണ്ട് കാലം കഴിക്കുക തന്നെ. അതേപോലെ മേലുന്നയിച്ച ചോദ്യത്തിന്നും ചില കൊഞ്ഞനം കാണിക്കലൊക്കെ നടന്നേക്കാമെന്നല്ലാതെ, ഖുർആനിന്റെ സൂചനകളിലൂടെയെങ്കിലും തെളിയാത്ത ഒറ്റ മതനിയമവും കേവലം ഹദീസ്കൊണ്ട് - നബിയുടേതാണെന്നുറപ്പുള്ള ഹദീസ് കൊണ്ട് - തെളിയിക്കാനവർക്കാർക്കും കഴിയുകയില്ല തീർച്ച.

എന്ത് കൊണ്ടെന്നാൽ: അഹ് ലുൽ ഹദീസുകാരെല്ലാവരും കൂടി എഴുതിവെച്ച ഹദീസുകളിൽ ഏതെല്ലാം ഹദീസുകളാണോ നബിയുടേതാണെന്നുറപ്പായതെങ്കിൽ അവയിൽപറഞ്ഞ കാര്യങ്ങളെല്ലാം ഖുർആനിൽ നേരത്തെത്തന്നെ സൂചിപ്പിക്കുകയെങ്കിലും ചെയ്തവയായിരിക്കും. ഇനി ഖുർആനിൽ നിന്ന് ഒരു നിലക്കും സൂചന ലഭിക്കാത്ത മതനിയമങ്ങളാണ് ഏതെങ്കിലും ഹദീസുകളിൽ നിന്ന് ലഭിക്കുന്നതെങ്കിലോ ? അത്തരം ഹദീസുകളിൽ ഒന്നെങ്കിലും നബിയുടേതാണെന്ന് തെളിയിക്കാൻ അബൂഹുറയ്റാ താവഴിക്കാരാൽ സാധ്യമാവുകയുമില്ല. അബൂഹുറയ്റ് താവഴിക്കാരല്ലാതെ മറ്റാരെയും അഹ്ലുൽഹദീസുകാരിൽ കണ്ടെത്താൻ കഴിയുകയുമില്ലല്ലോ. മേൽ രേഖപ്പെടുത്തിയ വാദം തികച്ചും ഗുരുതരവും വളരെയേറെ വ്യാപകവുമായ ഒരു വാദമാണെന്നറിഞ്ഞുകൊണ്ട് തന്നയാണ് സമുദായത്തിലെ എല്ലാ വിഭാഗത്തിലുംപെട്ട മതപണ്ഡിതന്മാരുടെ മുമ്പിൽ യാതൊരു ഭയവുമില്ലാതെ ഈയുള്ളവൻ അവതരിപ്പിച്ചിരക്കുന്നത്. ഏതൊരു പണ്ഡിതനും പ്രസ്തുത വാദം ഖണ്ഡിക്കാൻ മേൽവിവരിച്ച രണ്ടിലൊരു ഇനത്തിൽപെടാത്ത ഒരേരു ഹദീസ്മാത്രമേ കണ്ട് പിടിക്കേണ്ടതുള്ളൂ. അതോടെ എന്റെ വാദം തകർന്ന് തരിപ്പണമാവുകതന്നെ ചെയ്യും. അങ്ങിനെ ഏതെങ്കിലും ഒരു പണ്ഡിതൻ തെളിയിച്ചുതന്നാൽ ആ നിമിഷത്തിൽ തന്നെ എന്റെ വാദത്തിൽ നിന്ന് ഞാൻ പിന്മാറുന്നതും പത്രങ്ങൾ വഴി അത്



പരസ്യപ്പെടുത്തുന്നതുമാണ്. അതിനാൽ ഏറ്റവും ഗുരുതരവും വളരെയേറെ ദൂരവ്യാപകവുമായ മേൽ അവതരിപ്പിച്ച വാദത്തെ ഖണ്ഡിക്കാനാണ് കഴിവും പാണ്ഡിത്യവുമുള്ള മതനേതാക്കൾ രംഗത്ത് വരേണ്ടത്.

ഇത്രയൊക്കെ കണിശതയിലും ഗൗരവത്തിലുമെഴുതുന്നത് അൽപമെങ്കിലും അഹന്തയോ അഹംഭാവമോ ഉണ്ടായത് കൊണ്ടല്ലെന്ന് മാന്യവായനക്കാരെ വിനയപൂർവ്വം ഞാൻ ഓർമ്മപ്പെടുത്തുന്നു. മറിച്ച് ആയിരത്തിലേറെ വർഷങ്ങളായി വെറും അലസതയും അശ്രദ്ധയും മൂലം ഖുർആൻ ചിന്തിക്കാനോ അതിൽ ഗവേഷണം നടത്താനോ തയ്യാറില്ലാതെ, 'സുന്നത്ത് ജമാഅത്ത്', "സുന്നത്ത് ജമാഅത്ത്" എന്ന അനിസ്ലാമിക മുദ്രാവാക്യവുമായി തൽപ്രസ്ഥാനക്കാരിലെ ഖോജാക്കളുടെ ഖാലയും ഖീലയും ജാഹില്ഇജ്മാഉംമാത്രം അയവിറക്കിക്കൊണ്ട് കാലം കഴിക്കുന്ന മതപണ്ഡിതന്മാരെ ഇനിയെങ്കിലും ചിന്തിപ്പിക്കാനും ഗവേഷണനിരീക്ഷണങ്ങൾ നടത്താൻ അവരെ നിർബ്ബന്ധിതരാക്കാനും അത് വഴി സമുദായത്തിന്ന് വളരെയേറെ ഉപകാരമുള്ള ഖുർആനിക സത്യങ്ങൾ അവരെക്കൊണ്ടും കൂടി തുറന്ന് പറയിക്കാനും വേണ്ടി മാത്രമാണ്. അതിനൊന്നും ഇനിയും തയ്യാറില്ലാത്ത മതപണ്ഡിതന്മാർ കേവലഭൂരിപക്ഷ നേതൃത്വമോ അവരിൽ നിന്നുള്ള വരുമാനമോ ബഹുമാനമോ അല്ലെങ്കിൽ തനി മതക്കച്ചവടമോ മാത്രം ലക്ഷ്യംവെച്ചുകൊണ്ട് പ്രവർത്തിക്കുന്നവരാണെന്ന് സമുദായത്തെ ബോധ്യപ്പെടുത്തിക്കൊടുക്കണമെന്ന ആത്മാർത്ഥമായ ആഗ്രഹവും ഈയുള്ളവനുണ്ട്. എങ്കിലേ അബൂഹുറയ്റാ കമ്പനിക്കാരും അവരുടെ താവഴിക്കാരും കൂടി നൂറ്റാണ്ടുകൾക്കപ്പുറം നമ്മുടെ സമുദായത്തിന്റെ മേൽ അടിച്ചേൽപ്പിച്ചു കഴിഞ്ഞ ഖുർആൻ വിരുദ്ധപുരോഹിതമതത്തിൽ നിന്നും ജൂതമത നിയമങ്ങളിൽ നിന്നും മുസ്ലിംസമുദായത്തെ ഇനിയെങ്കിലും മോചിപ്പിക്കാനും അവർക്കാശ്വാസം നൽകുവാനും നമുക്ക് കഴിയുകയുള്ളൂ. ഇത്തരം ലക്ഷ്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് രംഗത്ത് വന്ന പല മതസംഘടനകളും ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവരിലെ മത പണ്ഡിതന്മാരെല്ലാം അറിഞ്ഞോ അറിയാതെയോ ജൂതമുനാഫിഖായ അബൂഹുറയ്റയുടെ കറകളഞ്ഞ അനുയായികളാണെന്നാണ് അബൂറയ്റയെപറ്റി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഖണ്ഡനമണ്ഡനങ്ങളിൽ നിന്ന് പുറത്തായിക്കഴിഞ്ഞ അനുഭവ സത്യം. അപ്പോൾ അത്തരക്കാരുടെ പരിഷ്ക്കരണ പ്രവർത്തനങ്ങൾ കൊണ്ടൊന്നും നമ്മുടെ സമുദായത്തെ ഉദ്ധരിക്കാൻ ഒരു കാലത്തും സാധ്യമല്ലെന്നത് തീർച്ചയാണ്.

മേൽ വിവരിച്ച പുരോഹിതമതവും ജൂതമത നിയമങ്ങളും വള്ളിപുള്ളി തെറ്റാതെ മുറപ്രകാരം പഠിപ്പിക്കാൻ പറ്റിയ കുറെ അറബിക്കോളേജുകളും കൂറ്റൻ പള്ളികളും പള്ളിദർസുകളും വർഷംതോറും വർദ്ധിപ്പിക്കുകയും പ്രധാനപ്പെട്ട പത്ത് ഇസ്ലാം കാര്യങ്ങളിൽ നിന്ന് അതിപ്രധാനമായ അഞ്ചെണ്ണം പുറം തള്ളിക്കൊണ്ട് അവയിൽ ഏറ്റവും പുണ്യം കുറഞ്ഞതാണെന്ന് ഖുർആൻ തന്നെ പഠിപ്പിച്ച നോമ്പ്. നമസ്ക്കാരം, ഹജ്ജ് മുതലായവയെ പർവ്വതീകരിച്ച് പ്രബോധനം ചെയ്യുകയും അല്ലാഹുവും റസൂലും കൽപ്പിച്ചതിലധികം എണ്ണവും വണ്ണവും കൂട്ടി ചെയ്യുന്ന ഒരു കൂട്ടം നമസ്ക്കാരഭ്രാന്തന്മാരെ വാർത്തെടുക്കുകുയും ചെയ്തുവെന്നതാണ് 50, 60 വർഷങ്ങളായി അവരിവിടെ നടത്തിയ ഏറ്റവും വലിയ സമുദായോദ്ധാരണ പ്രവർത്തനങ്ങളുടെ ആകെത്തുക എന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. മേൽവിവരിച്ച പൗരോഹിത്യപ്രവണതകൾ ഇനിയും വർദ്ധിക്കുകയല്ലാതെ അതൊരിക്കലും കുറയാൻ സാധ്യതയില്ലെന്ന് ദീർഘിച്ച കാത്തിരിപ്പിൽ നിന്നും ശരിക്കും ബോധ്യപ്പെട്ടതിനാലാണ് ഇത്തരത്തിലുള്ളൊരു പ്രവർത്തനശൈലി ആവിഷ്ക്കരിക്കാനും രണ്ടാമതും രംഗത്തിറങ്ങുവാനും ഈയുള്ളവൻ നിർബ്ബിന്ധിതനായത്. നമ്മുടെ സമുദായത്തിലെ ബുദ്ധിജീവികളും മതപണ്ഡിതന്മാരിലെ സത്യസന്ധരായ നല്ലൊരു വിഭാഗവും എന്റെ ഈ പ്രവർത്തനത്തെ അർഹമായ വിധത്തിൽ വിലയിരുത്തുകയും നല്ലനല്ല പ്രതികരണങ്ങൾ അറിയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്: ഗ്രൂപ്പ് വ്യത്യാസമെന്യേ സത്യാന്വേഷികളായ എല്ലാ മുസ്ലിംസുഹൃത്തുക്കളും ഈ ഖുർആൻ സുന്നത്ത് പ്രസ്ഥാനത്തിന്ന് തീർച്ചയായും പിന്തുണ നൽകുമെന്ന ശുഭപ്രതീക്ഷയോടെ അല്ലാഹുവിന്റെ പ്രീതിമാത്രം കാംക്ഷിച്ചുകൊണ്ട് സമുദായത്തിന്ന് വളരെയേറെ ഉപകാരമുള്ള ഈ പ്രസ്ഥാനത്തിന്ന് വേണ്ടി മരണം വരെ ത്യാഗംചെയ്യാൻ ഈയുള്ളവൻ തീരുമാനിച്ചിരിക്കുന്നു.

## "ഇബാദത്ത് ; ഇത്വാഅത്ത് ; ഇത്തിബാഅ് "

വളരെയേറെ അട്ടിമറികൾക്കും ദുർവ്യാഖാനങ്ങൾക്കും വിധേയമായ ഖുർആനിലെ മൂന്ന് സുപ്രധാനപദങ്ങളാണ് മുകളിലുദ്ധരിച്ചത്. തൽസംബന്ധമായി വിശദമായ പല ചർച്ചകളും അവതരിപ്പിക്കേണ്ടതുണ്ടെങ്കിലും നമുക്കിവിടെ ആവശ്യമായി വന്ന



വശം മാത്രമേ തൽക്കാലം പരാമർശിക്കുന്നുള്ളൂ. അതായത് : ആ മുന്ന് പദങ്ങളുടെ ഉദ്ദേശവും പ്രയോഗവ്യത്യാസവും മാത്രമാണിവിടെ ചൂണ്ടിക്കാണിക്കുന്നത്.

ഒന്നാമത്തെ പദമായ ഇബാദത്ത്കൊണ്ടുള്ള വിവക്ഷ, "അങ്ങേയറ്റത്തെ വണക്കത്തോടുകൂടിയ ആരാധന" എന്നായതിനാൽ ആ കർമ്മം ചെയ്യാൻ വേണ്ടി നിർദ്ദേശിക്കുമ്പോൾ അല്ലാഹുവിനെ മാത്രമേ പറയാവൂ എന്നത് ഖുർആനിലെ ഏറ്റവും വലിയൊരടിസ്ഥാനസിദ്ധാന്തമാണ്. എന്ന് പറഞ്ഞാൽ അല്ലാഹുവിന്ന് ഇബാദത്ത് ചെയ്യണമെന്നല്ലാതെ അല്ലാഹുവിന്നും റസൂലിന്നും ഇബാദത്ത് ചെയ്യണമെന്ന് ഖുർആനൊരിക്കലും പറയാറില്ല. അത് പറയാനാർക്കും പാടുള്ളതുമല്ല. അതേസമയം അല്ലാഹുവിന്നും റസൂലിന്നും ഇത്വാഅത്ത് ചെയ്യുക (കീഴ്പെട്ടുജീവിക്കുക) എന്ന് ഖുർആനിൽ 11 സ്ഥലത്ത് പറഞ്ഞിട്ടുമുണ്ട്. മാത്രമല്ല, സാധാരണ മനുഷ്യരിൽപെട്ട ഭരണകർത്താക്കൾക്ക്പോലും ഇത്വാഅത്ത് ചെയ്യണമെന്ന് 4:59- ൽ ഖുർആൻ കൽപിച്ചിരിക്കുന്നു. അപ്പോൾ ഇബാദത്തും ഇത്വാഅത്തും രണ്ടും രണ്ടാണെന്ന് ഖുർആൻകൊണ്ട് തന്നെ സൂര്യപ്രകാശംപോലെ തെളിഞ്ഞു കഴിഞ്ഞ ഒരു യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യം സമുദായത്തിന്റെ ശ്രദ്ധയിൽപെടുത്താതെ മൗദൂദിസാഹിബും തന്റെ അനുയായികളും ചില രാഷ്ട്രീയ താൽപര്യങ്ങൾ ലക്ഷ്യം വെച്ച് കൊണ്ട് ആ സത്യം പറ്റെ പൂഴ്ത്തിവെക്കുകയും ഖുർആനിക പദങ്ങളിൽ കൽപിച്ചുകൂട്ടി ദുർവ്യാഖ്യാനം നടത്തുകയുമാണ് ചെയ്യുന്നത്. ഇബാദത്തും ഇത്വാഅത്തും ഒന്നാണെന്ന ഖുർആൻ വിരുദ്ധവും ഭാഷാവിരുദ്ധവുമായ അവരുടെ ദുർവ്യാഖ്യാനംമൂലം എന്തെല്ലാം ആശയക്കുഴപ്പങ്ങളാണവർ സമുദായത്തിലുണ്ടാക്കിത്തീർത്തതെന്നോ? അതൊന്നും ഇക്കൂട്ടത്തിൽ വിവരിക്കാനിപ്പോഴുദ്ദേശമില്ല. വേണമെങ്കിൽ സൗകര്യംപോലെ ഖുർആനിന്റെ അടിസ്ഥാനത്തിൽ തന്നെ അതിന്നായി വേറയൊരുഗ്രന്ഥം നമുക്ക് തയ്യാറാക്കാം. ഇനി മൂന്നാമത്തെ പദമായ 'ഇത്തിബാഇ' നെപറ്റിയാണ് പറയാനുള്ളത്. മേൽപറഞ്ഞ രണ്ട് പദങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായിട്ടാണ് ഇത്തിബാഅ് എന്ന പദത്തെ ഖുർആൻ ഗണിച്ചിട്ടുള്ളതെന്നാണ് ഖുർആൻകൊണ്ട് തന്നെ വ്യക്തമായും തെളിയുന്നത്. അതെങ്ങിനെ എന്നാൽ : ഇത്തിബാഅ് എന്ന പദം ഒരിക്കലും അല്ലാഹുവിലേക്ക് ചേർത്തിപ്പറയാൻ പാടില്ലെന്നാണ് ഖുർആനിന്റെ നിശ്ചയം. ഭാഷാപരമായി ആ പ്രയോഗം തെറ്റായതുകൊണ്ടുതന്നെ. അതായത് : നേരിട്ട് കാണുകയോ കേൾക്കുകയോ ചെയ്യുന്ന കാര്യം അതേപടി പിൻതുടരുന്നതിനാണ് ഇത്തിബാഅ് എന്ന് ഭാഷയിൽ പ്രയോഗിക്കുന്നത്. മേൽ ഉദ്ദേശപ്രകാരം അല്ലാഹു

വിലേക്കത് ചേർത്തിപ്പറയാൻ പറ്റുകയില്ലെന്നത് സ്പഷ്ടമാണല്ലോ. കാരണം; അല്ലാഹുവിനെ നേരിട്ട് കാണാനോ അവിടെന്ന് പറയുന്നത് നേരിട്ട് കേൾക്കാനോ നമുക്കാർക്കും സാധ്യമല്ലാത്തത് കൊണ്ട് തന്നെ അപ്പോൾ ഇത്തിബാഅ് ചെയ്യാൻ 35 ഓളം സ്ഥലത്ത് ഖുർആൻ ആവർത്തിച്ചുപറഞ്ഞെങ്കിലും അവയിലൊരിടത്തും തന്നെ അല്ലാഹുവിനെ ഇത്തിബാഅ് ചെയ്യണമെന്ന് പറയാതിരിക്കാൻ കാരണമതാണ്. എന്നാൽ ആ 35-ൽ 26 സ്ഥലത്തും ഖുർആനിനെ ഇത്തബാഅ് ചെയ്യേണ്ടകാര്യം പറഞ്ഞിട്ടുമുണ്ട്. ഖുർആൻ നമുക്ക് നേരിട്ട് കാണാൻ കഴിഞ്ഞത്കൊണ്ട് മാത്രമാണത്. 35ൽ ബാക്കിയുള്ളതിൽ പ്രവാചകന്മാരെയും മറ്റും ഇത്തിബാഅ് ചെയ്യാനാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ ഖുർആനിനെ ഇത്തിബാഅ് ചെയ്യണമെന്നതിന്റെയും പ്രവാചകന്മാരെയും മറ്റും ഇത്തിബാഅ് ചെയ്യണമെന്നതിന്റെയും ഏക ഉദ്ദേശം അല്ലാഹുവിന്റെ കൽപനകളെ അനുസരിക്കണമെന്നതാണെങ്കിലും അല്ലാഹുവിനെ ഇത്തിബാഅ് ചെയ്യണമെന്ന് പറയുന്നത് ഖുർആനിന്റെ ദൃഷ്ടിയിൽ തെറ്റായ പ്രയോഗമാണെന്ന് താൽപര്യം.

## മരിച്ചുപോയ മഹാത്മാവിന്ന് "ഇത്വാഅത്ത്" ചെയ്യണമെന്ന് പറയാമോ?

പൊതുവെ ആരും ശ്രദ്ധിക്കാറില്ലാത്തും ഭാഷാപരമായി തികച്ചും തെറ്റായതുമായ മറ്റൊരു പ്രയോഗമാണ് മരണപ്പെട്ടുപോയ ഭരണാധികാരിക്ക് ഇത്വാഅത്ത് ചെയ്യുക (കീഴ്പെട്ട് ജീവിക്കുക) എന്ന് പറയുന്നതും. അത് കൊണ്ടാണ് പൂർവ്വപ്രവാചകൻമാരെ ഇത്തിബാഅ് ചെയ്യണമെന്ന് പലതവണ നമ്മളോട് കൽപിച്ച ഖുർആനിൽ അവർക്ക് ഇത്വാഅത്ത് ചെയ്യണമെന്നൊരിക്കലും പറയാതിരിക്കാൻ കാരണം. ഓരോ പ്രവാചകനും അവരുടെ കാലഘട്ടക്കാരോട് തങ്ങൾക്ക് ഇത്വാഅത്ത് ചെയ്യണമെന്ന് പറയാറുണ്ടെന്നല്ലാതെ, അവരുടെ പിൻഗാമികളോടുള്ള ഉപദേശമായി അതൊരിക്കലും പറയാറില്ല. എന്നാൽ ഇത്തിബാഅ് ചെയ്യണമെന്ന് പറയാറുണ്ട് താനും.



വസ്തുതകൾ ഇതൊക്കെയാണെങ്കിലും അബൂഹുറയ്റാ താവഴിക്കാർ ഖുർആൻ വ്യാഖ്യാനിച്ചപ്പോൾ മേൽപറഞ്ഞ ഖുർആനിക സിദ്ധാന്തങ്ങളെല്ലാം അട്ടിമറിക്കുകയാണ് ചെയ്തത്. അതായത്: ഇബാദത്തും ഇത്വാ അത്തും രണ്ടും രണ്ടാണെന്ന് ഖുർആൻ പഠിപ്പിക്കുമ്പോൾ മുമ്പ് പ്രസ്താവിച്ചപോലെ അത് രണ്ടും ഒന്നാണെന്നാണ് ജമാഅത്തേ ഇസ്ലാമിക്കാരും അവരെപ്പോലുള്ളവരും വാദിക്കുന്നത്. അതേപ്രകാരംതന്നെ ഇത്വാഅത്തും ഇത്തിബാഉം ശരിക്കും രണ്ടാണെന്ന് ഖുർആൻ വ്യക്തമാക്കുമ്പോൾ സകല അഹ്ലുൽ ഹദീസുകാരും സുന്നത്ത് ജമാഅത്ത് കാരും അത് രണ്ടും ഒന്നാണെന്നാണ് പ്രചരിപ്പിച്ചുപോന്നത്. ഇത്തിബാഇന്റെ ശരിയായ അർത്ഥം പരിഗണിക്കുമ്പോൾ അല്ലാഹുവിലേക്കത് ചേർത്തിപ്പറയുന്നത് തെറ്റാണെന്നത്പോലെത്തന്നം ഇത്വാഅത്തിന്റെ ശരിയായ അർത്ഥം പരിഗണിക്കുമ്പോൾ മരിച്ചുപോയവരിലേക്കത് ചേർത്തിപറയുന്നതും ഭാഷയിൽ തെറ്റായ പ്രയോഗം തന്നെയാണ്. ഖുർആനിലോ അറബിസാഹിത്യത്തിലോ ആ പ്രയോഗം തീരെ കാണപ്പെടാതിരിക്കാൻ കാരണവുമതാണ്. അതേസമയം മരിച്ചുപോയ നമ്മുടെ നബിയേയോ പൂർവ്വപ്രവാചകന്മാരയെയോ ഇത്തിബാഅ് ചെയ്യണമെന്ന് പറയുന്നത് തെറ്റല്ലതാനും. എങ്കിലും ആ ഇത്ത്വിബാഇന്റെ ഉദ്ദേശവും ഖുർആനിനെ മാത്രം പിൻപറ്റലാണെന്നാണ് ഖുർആൻ തന്നെ വ്യക്തമാക്കിയരിക്കുന്നതെന്ന് മുമ്പ് സമർത്ഥിച്ചത് മാന്യവായനക്കാരുടെ ഓർമ്മയിലുണ്ടായിരിക്കുമല്ലോ? ഖുർആനിലെ ഈ യാഥാർത്ഥ്യങ്ങളൊന്നും തന്നെ അബൂഹുറയ്റാ താവഴിക്കാരാരും ശ്രദ്ധിക്കുകയോ ചിന്തിക്കുകയോ ചെയ്യാറില്ല. അങ്ങിനെ ചെയ്താൽ പിന്നെ സുന്നത്ത് എന്നൊരു രണ്ടാംപ്രമാണം തട്ടിക്കൂട്ടാനോ അതിന്നുവേണ്ടി ദുർവ്യാഖ്യാനം ചെയ്യാനുള്ള ഖുർആൻസൂക്തങ്ങളുടെ എണ്ണം പെരുപ്പിച്ചുകാണിക്കുവാനോ സാധ്യമാവുകയുമില്ല.

ആകെയാൽ നബിയുടെ സുന്നത്ത് പ്രമാണമാക്കാൻവേണ്ടി "അത്വീഉല്ലാഹ-വ അത്വീഉർറസൂല" മുതലായ ഖുർആൻ സൂക്തങ്ങളോതി വ്യാഖ്യാനിക്കുന്നത് വ്യക്തമായ വിവരക്കേടാണെന്നും നബിതിരുമേനി ഭരണം നടത്തിക്കൊണ്ടിരുന്ന കാലത്ത് നബി പുറപ്പെടുവിച്ചിരുന്ന കൽപനകളും ഉത്തരവുകളുമെല്ലാം മുസ്ലിംകൾ അനുസരിക്കണമമെന്ന് മാത്രമാണതിന്റെ ഉദ്ദേശമെന്നും അല്ലാതെ നബിയുടെ വിയോഗാനന്തരം അതെല്ലാം കുത്തിക്കുറിച്ച്കൊണ്ട് അതൊരു മൂലപ്രമാണമാക്കി പ്രതിഷ്ഠിക്കണമെന്നല്ല അതിന്റെ ലക്ഷ്യമെന്നുമൊക്കെ വേണ്ടത്ര സ്പഷ്ടമായിക്കഴിഞ്ഞു.

# നബി ഭരണകർത്താവായിരിക്കുമ്പോഴുള്ള 'ഇത്വാഅത്ത്' നബിയുടെ കാലശേഷവും എന്ത്കൊണ്ട് ബാധകമാക്കിക്കൂടാ?

എല്ലാവർക്കും പൊതുവെയുള്ള സംശയമാണിത്. അതിനാൽ വിഷയം ഒന്നുകടി വിശദീകരിക്കുന്നത് നല്ലതാണ്.

നബി ജീവിച്ചിരുന്നകാലത്ത് നബിയെ അനുസരിക്കുക എന്നത് വളരെ നിർബ്ബന്ധമുള്ള കാര്യമാണെന്നതിൽ സംശയമില്ല. ഖുർആനത് ഊന്നപ്പറഞ്ഞിട്ടുമുണ്ട്. എന്നല്ല, സാധാരണ ഭരണകർത്താക്കളെപ്പോലും അനുസരിക്കൽ മുസ്ലിംകൾക്ക് നിർബ്ബന്ധമാണെന്ന് ഖുർആൻ 4:59ൽ വ്യക്തമാക്കിയിരിക്കുന്നു. എന്ന് വെച്ച് ഓരോ ഭരണകർത്താവും മരിച്ചശേഷം അവർ ഭരിച്ചിരുന്ന കാലങ്ങളിലെ വിധികളും ഉത്തരവുകളുമൊക്കെ എഴുതിവെച്ചൊരു പ്രമാണമാക്കിക്കൊണ്ട് പിന്നീട് വരുന്ന ഭരണാധികാരികളെല്ലാം ആ പ്രമാണത്തെ അടിസ്ഥാനമാക്കി ഭരിക്കണമെന്നാണോ അതിന്റെയർത്ഥം ? അതൊരിക്കലുമല്ലല്ലോ. അങ്ങിനെ അർത്ഥമാക്കിയാൽ അതിനാലുണ്ടായിത്തീരുന്ന അപകടങ്ങളും അനർത്ഥങ്ങളും ചില്ലറയൊന്നുമായിരിക്കയുമില്ല. അതുകൊണ്ടാണ് മുസ്ലിംകളുടെ ഏറ്റവും മുന്തിയ ഭരണാധികാരിയായ നബി തിരുമേനിയുടെ വിധിവിലക്കുകൾപോലും എഴുതിവെച്ച് കുഴപ്പമുണ്ടാക്കരുതെന്ന് നബിതന്നെ കർശനമായി വിലക്കുവാനും പകരം ഖുർആൻ എന്ന ഏകഗ്രന്ഥം പിൻപറ്റൽ മാത്രമേ ശേഷംവരുന്ന ആർക്കും നിർബ്ബന്ധമുള്ളൂവെന്ന് അല്ലാഹുവും റസൂലും വ്യക്തമാക്കുവാനും കാരണമായത്.

ഇനി നബിയുടെ കാലശേഷം ഖുർആൻ പിൻപറ്റുകയല്ലാതെ നബിയെ ഇത്വാഅത്ത് ചെയ്താൽ ധാരാളം ഭവിഷ്യത്തുകളുണ്ടാവുകയും ചെയ്യും. അതുണ്ടായിട്ടുമുണ്ട്. ആയതിന്ന് ഒന്ന് രണ്ടുദാഹരണങ്ങൾ ഇപ്പോൾ തന്നെ വിവരിക്കാം.

1. സകാത്തിന്റെ ശതമാനം ഖുർആനൊരിക്കലും ക്ലിപ്തപ്പെടുത്തിയിട്ടില്ലാത്തതാണെന്ന് "ഖുർആനിൽ നമസ്ക്കാരത്തിനുള്ള സ്ഥാനം" എന്ന ഗ്രന്ഥത്തിൽ മുമ്പ്



വേണ്ടത്ര സമർത്ഥിച്ചുപോയതാണ്. കാലാകാലത്തേക്കുള്ള പ്രമാണഗ്രന്ഥത്തിൽ അത് ക്ലിപ്തപ്പെടുത്തിപ്പറയാൻ പാടുള്ളതുമല്ല. കാരണം : ഓരോ വർഷത്തിലും പുതിയപുതിയ സാമ്പത്തിക പരാധീനതകൾ ഭരണകൂടത്തെ ബാധിച്ചെന്നുവരും. അതനുസരിച്ച് സകാത്തിന്റെ (നികുതിയുടെ) വിഹിതം പലപ്പോഴും കൂട്ടേണ്ടതായും വരും. അതെല്ലാം മിച്ചധനക്കാരിൽ നിന്ന് വസൂൽചെയ്യൽ നിർബ്ബന്ധമാണെന്നല്ലാതെ, സഹാബിമാർ വിഹിതം ക്ലിപ്തപ്പെടുത്തിക്കൊടുക്കാൻ പലപ്പോഴും ആവശ്യപ്പെട്ടിട്ട് പോലും ഖുർആനത് ശ്രദ്ധിച്ചതേയില്ല. അത് ശ്രദ്ധിക്കാൻ പറ്റുകയുമില്ല. എന്നാൽ നബി ഭരണം നടത്തിക്കൊണ്ടിരുന്നപ്പോൾ ഏതോ ഒരു ക്ലിപ്തതോതിലായിരിക്കുമല്ലോ ഓരോരുത്തരിൽനിന്നും നബി സകാത്ത് വസൂൽ ചെയ്തിട്ടുണ്ടാവുക. പണത്തിന് രണ്ടരശതമാനമാണെന്നാണ് എഴുതിവെച്ചിരിക്കുന്നത്. അപ്പോൾ പിന്നീടുണ്ടാകുന്ന ആവശ്യങ്ങൾക്കനുസരിച്ച് "അവശതതീർക്കാൻ ആവശ്യമായ തുക, മിച്ച ധനക്കാരിൽ നിന്ന് പിരിച്ചെടുക്കണമെന്ന" ഖുർആനിന്റെ ഉത്തമവും ശാശ്വതവുമായ തത്വം മുറുകെപിടിക്കുന്നതിന്ന് പകരം ഏത് പ്രതിസന്ധിയിലും കേവലം രണ്ടര ശതമാനം മാത്രമേ സകാത്ത് പരിക്കാവൂ എന്ന് പറയുകയും അതാണ് നബിയോടുള്ള ഇത്തിബാഉം ഇത്വാഅത്തുമെന്നൊക്കെ വാദിക്കുകയും ചെയ്താൽ ആ വാദം ഒരിക്കലും ഖുർആനികമോ ഇസ്ലാമികമോ ആയിരിക്കുകയില്ല. മറിച്ച് ഖുർആനിനെ ധിക്കരിക്കലും ഇസ്ലാമിനെ അലങ്കോലപ്പെടുത്തലും മാത്രമാണത്. ഇതുപോലുള്ള ഭവിഷ്യത്തുകൾ തടയാൻ വേണ്ടിത്തന്നെയായിരുന്നു, അക്കാലത്തെ സാഹചര്യങ്ങൾക്കനുസരിച്ച് നബി പുറപ്പെടുവിച്ചിരുന്ന വിധിവിലക്കുകളൊന്നും തന്നെ പിൽക്കാലത്തെ ചുറ്റുപാടുകൾനോക്കാതെ മൂലപ്രമാണങ്ങളായി എഴുതിവെക്കരുതെന്നും എക്കാലത്തേക്കും പൂർണ്ണമായും യോജിച്ചത് അല്ലാഹു തയ്യാറാക്കിയ ഏക മൂലപ്രമാണമായ ഖുർആൻ മാത്രമാണെന്നും നബി സഹാബിമാരെ പഠിപ്പിക്കാനും നബിയും സഹാബിമാരും ഹദീസ്ഗ്രന്ഥമെഴുതിവെക്കുന്നത് കർശനമായി നിരോധിക്കാനും കാരണമായത്.

2. ഉപ്പയുടെ ഉമ്മാക്കും ഉമ്മയുടെ ഉമ്മാക്കും അനന്തരസ്വത്തിന്റെ ആറിലൊന്ന് വീതം നബി അവകാശം കൊടുത്തതായി അഹ് ലുൽഹദീസുകാർ എഴുതിവെച്ചിരിക്കുന്നു. പക്ഷേ, ആറിലൊന്ന് നബി കൊടുത്ത അവസരത്തിൽ അവരോടൊപ്പമുണ്ടായിരുന്ന മറ്റവകാശികളാരായിരുന്നുവെന്ന് ഒറ്റ അഹ് ലുൽ ഹദീസുകാരന്നും എഴുതിവെച്ചിട്ടില്ല. എന്നിരിക്കെ ഉമ്മയുടെ ഉമ്മാക്കും, ഉപ്പയുടെ ഉമ്മാക്കും ഏത് രൂപത്തിലും എല്ലാകാലത്തും ആറിലൊന്ന് മാത്രമാണവകാശമെന്ന് പറയുന്നത്

ഇത്തിബാഓ ഇത്വാഅത്തോ ആവുകയില്ല. കേവലം വിവരക്കേടും അസംബന്ധ വുമാണത്. കാരണം : വ്യത്യസ്ത രൂപങ്ങളിലായി (പകുതിക്കും) മൂന്നിലൊന്നിന്നും ആറിലൊന്നിന്നുമൊക്കെ ഉമ്മ അവകാശിയാകുന്നത് പോലെത്തന്നെ ഉമ്മയുടെ അഭാവത്തിൽ അതേപകുതിക്കും മൂന്നിലൊന്നിനും ആറിലൊന്നിനുമൊക്കെ ഉമ്മയുടെ ഉമ്മയും ഉപ്പയുടെ അഭാവത്തിൽ ഉപ്പയുടെ ഉമ്മയുടെയെല്ലാം അവകാശിളാകുമെന്നതാണ് ഖുർആൻകൊണ്ട് കണിശമായും തെളിയുന്ന നീതിപൂർവ്വകമായ നിയമം. നിലവിലുള്ള പിന്തുടർച്ചാനിയമത്തെ ഖുർആനിന്റെ അടിസ്ഥാനത്തിൽ പൊളിച്ചെഴുതിക്കൊണ്ട് 300 പേജുകളിലായി 1966ലെഴുതിവെച്ച എന്റെ ആദ്യത്തെ അറബീ ഗ്രന്ഥത്തിൽ അത് ശക്തിയായി സ്ഥാപിച്ചുട്ടുമുണ്ട്. 1991 ൽ മലയാളത്തിലും ഞാനത് പ്രസിദ്ധീകരിച്ചു. അതിന്റെ ഇംഗ്ലീഷ് പരിഭാഷയും തയ്യാറായിട്ടുണ്ട്. അധികം വൈകാതെ അതും പ്രസിദ്ധീകരിക്കുന്നതാണ്.

ചുരുക്കത്തിൽ സ്ഥലമോ സന്ദർഭമോ സാഹചര്യമോ യാതൊന്നും എഴുതിവെക്കാതെ നബിയുടെ വിധിവിലക്കുകൾമാത്രം എഴുതിവെച്ചുകൊണ്ട് അതിനെ ഇത്വാഅത്ത് ചെയ്യണമെന്ന് പറയുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ തനി മണ്ടത്തരം മാത്രമാണ്. ഈ ഇരുപതാംനൂറ്റാണ്ടിലെ ബുദ്ധിയുള്ളവരാരും അതംഗീകരിക്കുകയില്ല. കൂടാതെ, വ്യക്തമായ അനീതികളും അറബീജാഹിലിയ്യത്തുകളും നിലനിർത്താനും ഖുർആനിക സിദ്ധാന്തങ്ങൾ തകർക്കാനും മാത്രമേ അതുപകരിക്കുകയുള്ളൂ. എന്നല്ല, ഇന്നേവരെയുള്ള മുസ്ലിം സമുദായം അനുഭവിച്ചതെല്ലാം അത് മാത്രമാണ് താനും. അത്കൊണ്ട് തന്നെയാണ് നബിയെ ഇത്വാഅത്ത് ചെയ്യുക എന്നത് നബിയുടെ അറിവിലും അനുഭവത്തിലുംപെട്ട കാര്യങ്ങളെപ്പറ്റി നബി പറഞ്ഞതിൽ മാത്രമേ പാടുള്ളൂവെന്നും നബി അറിയുകയോ കാണുകയോ ചെയ്തിട്ടില്ലാത്തതും നബിക്കൂഹിക്കാൻപോലും സാധ്യമല്ലാത്തതുമായ പിൽക്കാലസംഭവങ്ങളിലേക്കത് വലിച്ചുനീട്ടാനോ വളച്ചൊടിക്കാനോ പാടില്ലെന്നും എന്നാൽ അതെല്ലാം സൂക്ഷ്മമായറിഞ്ഞുകൊണ്ടും അവയെല്ലാം ഉദ്ദേശിച്ചുകൊണ്ടും അല്ലാഹു അവതരിപ്പിച്ച ഖുർആനിനെമാത്രമേ അതിലേക്കെല്ലാം ബാധകമാക്കാവൂ എന്നും ഖുർആനിന്റെ അടിസ്ഥാനത്തിൽ നാം ഉറച്ചു വാദിക്കാൻ കാരണമായത്.

നബിയെ പിൻപറ്റണമെന്ന് പറഞ്ഞതിന്റെ ഉദ്ദേശം നബിക്കിറക്കിക്കൊടുത്ത ഖുർആൻ പിൻപറ്റണമെന്നാണെന്ന് ഖു: 7 : 157ൽ അല്ലാഹു പ്രത്യേകം വ്യക്തമാക്കാൻ കാരണവും മേൽവിവരിച്ചതൊക്കെത്തന്നെയാണ്.



# 'ഹിക്മത്ത്' എന്നാൽ സുന്നത്താണെന്നവാദം ഖുർആൻ വിരുദ്ധം

ഇതേവരെ വിവരിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ ഹദീസ് എന്നൊരു രണ്ടാംപ്രമാണഗ്രന്ഥം ഇസ്ലാമിൽ കാണാൻപാടില്ലെന്ന നിർബ്ബന്ധമായിരുന്നു അല്ലാഹുവിന്നും അവന്റെ റസൂലിന്നും അവരെ പരിപൂർണ്ണമായനുസരിച്ച സത്യസന്ധമായ സഹാബിമാർക്കുമുണ്ടായിരുന്നുതെന്ന് നാം ശരിക്കും ഗ്രഹിച്ചുകഴിഞ്ഞുവല്ലോ. ഖുർആനിലെ വ്യകതമായ ആയത്തുകൾ കൊണ്ട് തന്നെയാണ് അവസാനമായി നാമത് സമർത്ഥിച്ചതും. എന്നാൽ അത്തരം തെളിവുകൾക്കെല്ലാം കടകവിരുദ്ധമായിക്കൊണ്ട് ഹദീസ് എന്നൊരു പ്രമാണം ക്രോഡീകരിക്കേണ്ടതും അത് പിൻപറ്റേണ്ടതും ആവശ്യമാണെന്നും അല്ല, അത് നിർബ്ബന്ധമാണെന്നും സ്ഥാപിക്കാൻവേണ്ടി അഹ് ലുൽ ഹദീസുകാർ പല ഖുർആൻ വാക്യങ്ങളും ദുർവ്യാഖ്യാനം ചെയ്തിട്ടുണ്ട്. അതിന്റെ പൊള്ളത്തരങ്ങൾ തൊലിയുരച്ചുകാണിക്കലും വളരെ നിർബ്ബന്ധമുള്ള കാര്യമാണല്ലോ. അതാണീ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

നമ്മുടെ നബിക്ക് അല്ലാഹു ഇറക്കിക്കൊടുത്ത കിതാബ് ഒന്ന് മാത്രമേയുള്ളൂവെന്ന കാര്യത്തിൽ ആർക്കും തർക്കമില്ലാത്തതാണ്. എന്നിരിക്കുമ്പോൾ ഖുർആനിലെ ചില സ്ഥലങ്ങളിൽ അല്ലാഹു നബിക്ക് കിതാബും ഹിക്മത്തും ഇറക്കിക്കൊടുത്തു എന്ന് പറയുന്നതിന്റെ ഉദ്ദേശമെന്തെന്ന് നാം ശരിക്കും പഠിക്കേണ്ടിയിരിക്കുന്നു. ഹിക്മത്തിറക്കി എന്നതിന്റെ ഉദ്ദേശം ഖുർആല്ലാത്ത മറ്റൊരു ഗ്രന്ഥവും കൂടി ഇറക്കിക്കൊടുത്തു എന്നൊരിക്കലുമാവാൻ പാടുള്ളതല്ല, കാരണം : ഖുർആനല്ലാത്ത മറ്റൊരു ഗ്രന്ഥം നബി ഒരു കാലത്തും പ്രബോധനം ചെയ്തിട്ടില്ലാത്തത് കൊണ്ട് തന്നെ. പിന്നെന്താണത് കൊണ്ടുദ്ദേശമെന്നാണ് നമുക്കറിയേണ്ടത്. എന്നാൽ അതറിയാൻ യാതൊരു വിഷമവുമില്ല. അപ്പറഞ്ഞ ഹിക്മത്ത്കൊണ്ടുള്ള ഉദ്ദേശം ഖുർആനിന്റെ ഒരു ഭാഗം തന്നെയാണെന്ന് 17.39ലും 33:34ലും മറ്റും ഖുർആൻ ശരിക്കും വ്യക്തമാക്കിയിട്ടുണ്ട്. ആദ്യം പൊതുവെ പറഞ്ഞശേഷം പ്രധാനപ്പെട്ടത് പ്രത്യേകം എടുത്തുപറയുക എന്നത് സാഹിത്യശൈലിയിലും ഖുർആനിന്റെ ഒരു പൊതുസ്വഭാവമാണ്. ഖുർആനിൽ അതിന്ന് ധാരാളം ഉദാഹരണങ്ങളുമുണ്ട്.

അപ്പോൾ ഖുർആനിനെപറ്റി പൊതുവെ പറഞ്ഞശേഷം അതിന്റെ ഒരു പ്രധാനഭാഗമായ ഹിക്മത്തിനെപറ്റിയും പ്രത്യേകം എടുത്തുപറഞ്ഞെന്നാണ് നമ്മുടെ ശക്തിയായ വാദം. ഖുർആൻ കൊണ്ടത് വ്യക്തമായി തെളിഞ്ഞുകിട്ടിയത് തന്നെ കാരണം. അതെങ്ങിനെ എന്ന് ശ്രദ്ധിക്കുക!

നബിക്കിറക്കിക്കൊടുത്തു എന്ന് ഖുർആൻ പറഞ്ഞ ഹിക്മത്തിനെപറ്റി പൂർവ്വകാലം മുതലേ ഗുരുതരമായ അഭിപ്രായവ്യത്യാസം ഉടലെടുത്തതിനാൽ അതിന്ന് പരിഹാരം കണ്ടെത്താൻ പറ്റിയ ഏറ്റവും നല്ല മാർഗ്ഗം ഖുർആൻതന്നെ പരിശോധിക്കലാണല്ലോ. എന്നാൽ മഹാൽഭുതമെന്ന് പറയട്ടെ! അബൂഹുറയ്റാ പ്രഭൃതികളായ അഹ് ലുൽ ഹദീസുകാരെല്ലാവരുംകൂടി ഖുർആൻ പറഞ്ഞ ഹിക്മത്തിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് സുന്നത്തെന്നപേരിൽ സകല വാറോലകളെയും പ്രമാണമാക്കുന്നതിനെ തകർക്കാനെന്നവണ്ണം ഖുർആൻ നൽകിയ ഒരസാധാരണവിവരണം പ്രത്യേകം ശ്രദ്ധേയമാണ്. അതേതെന്ന് കാണുക! ''ഈസാനബി, ബയ്യിനാത്തുമായി (വ്യക്തമായ തെളിവുകളുമായി തന്റെ ജനതയെ) സമീപിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഞാനിതാ 'ഹിക്മത്തു' മായി നിങ്ങളെ സമീപിച്ചിരിക്കുന്നു'' എന്ന് ഖു: 43:63)

നോക്കുക ! ഇങ്ങിനെയൊരു വിവരണം ഖുർആനിൽ സാധാരണവരാറില്ല. ഹിക്മത്തിന്റെ ഉദ്ദേശം ബയ്യിനാത്ത് എന്ന് മാത്രമാണെന്നും അതിനാൽ അറബി ഭാഷയിലോ സാഹിത്യത്തിലോ ഖുർആനിന്റെ പ്രയോഗത്തിലോ ഒരിക്കലും ''ബയ്യിനാത്ത്'' (വ്യക്തമായ തെളിവുകൾ) എന്ന് പറയാൻ പറ്റാത്ത ഏക സാക്ഷിറിപ്പോർട്ടുകളായ വാറോല ഹദീസുകളൊന്നും ഹിക്മത്തിൽ പെടുത്താൻ പാടില്ലെന്നും വ്യക്തമായി പഠിപ്പിക്കണമെന്ന് അല്ലാഹുവിന്ന് നിർബ്ബന്ധമുള്ളത്പോലയുണ്ട് മേൽവിവരണം കണ്ടാൽ പിൽകാലത്ത് വരുന്ന അഹ്ലുൽ ഹദീസ് പുരോഹിതൻമാരും മറ്റും ആ പദത്തെ മന:പൂർവ്വം ദുർവ്യാഖ്യാനം ചെയ്യുമെന്ന യാഥാർത്ഥ്യം സർവ്വജ്ഞനായ അല്ലാഹു മുൻകൂട്ടി അറിയാതിരിക്കില്ലല്ലോ. ഏതായാലും ഹിക്മത്ത് എന്നുപറഞ്ഞാൽ ശരിയായ ''ബയ്യിനാത്ത്'' എന്നാണുദ്ദേശമെന്നും അല്ലാതെ ആരെങ്കിലും തെണ്ടിപ്പെറുക്കി കൊണ്ടുവരുന്ന വാറോലകളോ കീറോലകളോ അല്ല അതുകൊണ്ടുദ്ദേശമെന്നും അല്ലാഹുതന്നെ വ്യക്തമാക്കിത്തന്നു.

ഇനി നബിക്ക് ബയ്യിനാത്ത് എന്നുപറയാവുന്ന വല്ലതും അല്ലാഹു അവതരിപ്പിച്ചുകൊടുത്തിട്ടുണ്ടോ എന്നും നബിയുടെ സുന്നത്തിന്ന് ബയ്യിനാത്തെന്ന് പറയാമോ എന്നുമാണ് നാം പരിശോധിക്കേണ്ടത്. അങ്ങിനെ ഖുർആനാകെ പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നത് ജനങ്ങൾക്ക് ഓതി കേൾപ്പിച്ചുകൊടുക്കേണ്ട കുറെ ബയ്യിനാത്ത് അല്ലാഹു നബിക്ക് നൽകിയിട്ടുണ്ടെന്ന് തന്നെയാണ്. ആ ബയ്യിനാത്തിനെപ്പറ്റിയും ഖുർആനിന്റെ ഒരു ഭാഗമാണെന്ന് 2:159ലും 2:185ലും മറ്റും ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുമുണ്ട്. അപ്പോൾ സംഗതി വളരെ ഭംഗിയായി, അതായത് : ഖുർആൻതന്നെ കാര്യങ്ങളൊക്കെ വെട്ടിവെളിച്ചത്താക്കിത്തന്നു. ഏറ്റവും വലിയൊരിടിസ്ഥാന പ്രശ്നമെന്നനിലക്ക് അതാവശ്യവുമാണല്ലോ. ഇനി നബിയുടെ സുന്നത്തിനെ (ജീവചരിത്രത്തെ)പറ്റി ബയ്യിനാത്ത് എന്നോ ഹിക്മത്ത് എന്നോ ഖുർആനിലെവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ എന്നാണറിയേണ്ടത്. എന്നാൽ അതുണ്ടെന്ന് ലോകത്തൊരുപണ്ഡിതനും പറയുകയില്ല. അങ്ങിനെ പറഞ്ഞാലത് നടക്കുകയുമില്ല. കാരണം; നബിയുടെ സുന്നത്തിനെപ്പറ്റി എന്നല്ല പൂർവ്വ പ്രവാചകൻമാരുടെ സുന്നത്തിനെപറ്റിയും ഖുർആനിലെവിടെയും അങ്ങിനെ പറഞ്ഞിട്ടില്ല. മാത്രമല്ല, നബിയുടെ സുന്നത്ത് (സുന്നത്തുനബി) അല്ലെങ്കിൽ നബിയുടെ ഹദീസ് (ഹദീസുനബി) എന്നൊരു നാമം പോലും ഖുർആൻ പ്രയോഗിക്കാത്തതാണ്. അപ്പോൾ അല്ലാഹു നബിക്കിറക്കിക്കൊടുത്ത ഹിക്മത്തും ബയ്യിനാത്തും ഖുർആനിന്റെ ഒരു ഭാഗമാണെന്നും ഹിക്മത്തിന്റെ ഉദ്ദേശം ബയ്യിനാത്ത് എന്ന് തന്നെയാണെന്നും ഖുർആൻകൊണ്ട് ശരിക്കും തെളിഞ്ഞുകഴിഞ്ഞാൽ പിന്നെ അല്ലാഹു നബിക്ക് ''കിതാബും ബയ്യിനാത്തും'' ഇറക്കികൊടുത്തു എന്നും ''കിതാബും ഹിക്മത്തും'' അവതരിപ്പിച്ചുകൊടുത്തു എന്നുമൊക്കെ ഖുർആനിൽ പറഞ്ഞതിന്റെ അർത്ഥവും ഉദ്ദേശവും ഒന്നുതന്നെയാണെന്ന് ശരിക്കും വ്യക്തമായല്ലോ. അതുകൊണ്ടാണ് കിതാവും ബയ്യിനാത്തും ഇറക്കി എന്നും കിതാബും ഹിക്മത്തും പഠിപ്പിച്ചു എന്നും മറ്റും ധാരാളം സ്ഥലങ്ങളിൽ കൂട്ടിപ്പറഞ്ഞ ഖുർആനിൽ ഹിക്മത്തും ബയ്യിനാത്തും ഇറക്കി എന്നോ ഹിക്മത്തും ബയ്യിനാത്തും പഠിപ്പിച്ചു എന്നോ ഒരിക്കലും കൂട്ടിപറയാതിരിക്കാൻ കാരണമായത്. എന്നുവെച്ചാൽ : ഹിക്മത്തിന്റെയും ബയ്യിനാത്തിന്റെയും ഉദ്ദേശം ഒന്ന് തന്നെയായതിനാൽ അത് രണ്ടിനെയും ഒന്നിച്ചൊരിടത്ത് പറയാൻ പറ്റാതെ വന്നു എന്ന് താൽപര്യം.

ചുരുക്കത്തിൽ അല്ലാഹു നബിക്ക് ഹിക്മത്ത് ഇറക്കിക്കൊടുത്തു എന്ന് പറഞ്ഞത്: അല്ലാഹു ഇറക്കിക്കൊടുത്ത ഖുർആനിലെ ചില പ്രധാന ഭാഗങ്ങളെ പ്പറ്റി മാത്രം പറഞ്ഞതാണെന്നും അല്ലാതെ 200 വർഷങ്ങൾക്കുശേഷം റഷ്യയിൽ

നിന്ന് വന്ന ബുഖാരി മുസ്ലിം മുതലായവർ നബിയുടെ സുന്നത്തെന്ന പേരിൽ കുത്തിക്കുറിച്ച ചപ്പ്, ചവറ്, വാറോലകളെ സംബന്ധിച്ചോ അവരുടെ ജൂതായിസങ്ങളെ പറ്റിയോ ഒരിക്കലുമല്ലെന്നും കണിശമായു തെളിഞ്ഞുകഴിഞ്ഞു. ഇത്രയും വ്യക്തമായ തളിവുകൾ ഖുർആനിൽതന്നെയുണ്ടായിരുന്നിട്ടും അതൊന്നും ശ്രദ്ധിക്കുകയോ പരിശോധിക്കുകയോ ചെയ്യാതെ, അല്ലെങ്കിൽ അതിനെന്തെങ്കിലുമൊരു "കൊഞ്ഞന മറുപടി"യെങ്കിലും പറയാതെ, അറബീസാഹിത്യത്തിലോ ഭാഷാ നിഘണ്ടുക്കളിലോ മൂന്നിലും കണ്ടെത്താത്തതും ഖുർആൻ വിരുദ്ധവും തനി വ്യാജവുമായ ഒരർത്ഥം - ഹിക്മത്തിന്ന് സുന്നത്ത് എന്നർത്ഥം - അബൂഹുറയ്റ: മുതൽ സി.എൻ. അഹ്മദ് മൗലവിവരെയുള്ള ഖുർആൻ വ്യാഖ്യാനക്കാരും പരിഭാഷക്കാരും നൽകി എന്ന് വരുമ്പോൾ ഖുർആനിൽ നഗ്നമായ ദുർവ്യാഖ്യാനം ചെയ്തിട്ടെങ്കിലും വാറോല ഹദീസുകളെ ഇസ്ലാമിന്റെ രണ്ടാംപ്രമാണമാക്കണമെന്ന നിർബ്ബന്ധമായിരുന്നു അവർക്കെല്ലാമുണ്ടായിരുന്നതെന്നല്ലേ അത് വ്യക്തമായും തെളിയിക്കുന്നത്.

മുഹമ്മദ് നബി തിരുമേനിക്ക് കിതാബും ഹിക്മത്തും നൽകി എന്ന് പറഞ്ഞതുപോലെത്തന്നെ, കഴിഞ്ഞുപോയ എല്ലാ പ്രവാചകന്മാർക്കും കിതാബും ഹിക്മത്തും നൽകി എന്നും ഖു 3:81 ൽ അല്ലാഹു വ്യക്തമാക്കിപ്പറഞ്ഞതാണ്. അതേ സമയം പൂർവ്വപ്രവാചകൻമാർ കൊണ്ട് വന്ന കിതാബുകളിൽ നിന്ന് അവരുടെ സമുദായങ്ങൾ വ്യതിചലിച്ചുപോയതിനെപ്പറ്റി ഖുർആൻ ആക്ഷേപിച്ചതല്ലാതെ, ഏതെങ്കിലുമൊരു പ്രവാചകന്റെ കിതാബിൽ നിന്നും അദ്ദേഹത്തിന്റെ സുന്നത്തിൽ നിന്നും തന്റെ സമുദായം വ്യതിചലിച്ചുപോയി എന്നൊരാക്ഷേപം ഖുർആനിൽ ഒറ്റ സ്ഥലത്തും പറഞ്ഞിട്ടില്ല. മാത്രമല്ല, പൂർവ്വപ്രവാചകന്മാരുടെ സുന്നത്തുകളും ഉപദേശ നിർദ്ദേശങ്ങളുമാണെന്ന് പറഞ്ഞുകൊണ്ട് ചില ഹദീസുഗ്രന്ഥങ്ങളും (സുവിശേഷങ്ങളും) എഴുതിയുണ്ടാക്കിയതിന്റെ പേരിൽ ജൂത - ക്യസ്ത്യൻപരോഹിതന്മാരെ കഠിനമായാക്ഷേപിക്കുകയാണ് ഖുർആൻ ചെയ്തിരിക്കുന്നത്. അതെല്ലാം പഠിച്ചറിഞ്ഞശേഷം ആ പുരോഹിതന്മാരെത്തന്നെ പൂർണ്ണമായും അനുകരിച്ചുകൊണ്ട് ഖുർആനിന്ന് കടകവിരുദ്ധമായ കുറെ ഹദീസ്ഗ്രന്ഥങ്ങൾ ജൂതമുനാഫിഖായ അബൂഹുറയ്റയുടെ താവഴിക്കാർ കെട്ടിച്ചമച്ചപ്പോൾ ആ കള്ള ഹദീസ് ഗ്രന്ഥങ്ങളിലാണ് ഖുർആനിന്റെ സകല വിശദീകരണങ്ങളുമുള്ളതെന്നും അതാണ് ഇസ്ലാമിന്റെ "കറകളഞ്ഞ രണ്ടാംപ്രമാണ"മെന്നും മറ്റും കൊട്ടിഘോഷിച്ചുകൊണ്ട്, അവയെ പൊക്കി നടക്കുകയും അവക്ക് വേണ്ടി വാദിക്കുകയും ചെയ്യുന്ന പുരോഹിതപ്പരിഷകളെ



പ്പോലെ പിഴച്ചവരും പിഴപ്പിക്കുന്നവരുമായി ലോകത്ത് വേറെവല്ലവരുമുണ്ടോ എന്നാണ് നമുക്ക് ചോദിക്കുവാനുള്ളത്. ഖുർആൻ പറയുന്നത് കാണുക:-

"ഓ! സത്യഗ്രന്ഥത്തിന്റെ അവകാശികളേ, മതപരമായ കാര്യത്തിൽ (ആ ഗ്രന്ഥത്തിൽ നിന്നും) ലഭിച്ച 'ഹക്കിന്ന്' (ഉറപ്പായ സത്യത്തിന്ന്) അപ്പുറത്തേക്ക് നിങ്ങൾ മറികടന്ന് പോവാതിരിക്കുക. (ആ ഗ്രന്ഥത്തിൽ വിവരിക്കുന്ന) സത്യമാർഗ്ഗത്തിൽനിന്നും മുമ്പേ വഴിതെറ്റിപ്പോവുകയും ധാരാളം പേരെ വഴിതെറ്റിക്കുകയും ചെയ്ത ഒരു ജനതയുടെ (ഒരുകൂട്ടം പുരോഹിതൻമാരുടെ) തോന്ന്യവാസങ്ങളെ നിങ്ങളൊരുകാലത്തും അനുകരിക്കാതിരിക്കുകയും ചെയ്യുക" (വി:ഖു: 5:77)

എത്രമാത്രം അർത്ഥവത്തും സന്ദർഭോചിതവുമായ ഖുർആൻ സൂക്തമാണിതെന്ന് പ്രത്യേകം വിശദീകരിക്കേണ്ടതില്ലല്ലോ. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് വ്യക്തമായി തെളിയുന്നതും അഥവാ "ഹക്ക്" എന്ന് സംശയം തീർത്ത് പറയാവുന്നതുമല്ലാതെ, മറ്റൊരു പ്രമാണത്തെയും പിൻപറ്റാൻ പാടില്ലെന്നും അതൊക്കെ വ്യക്തമായ ദുർമാർഗ്ഗമാണെന്നും വെട്ടിത്തുറന്ന് പ്രഖ്യാപിക്കുകയല്ലേ ഇത്തരം ഖുർആൻ സൂക്തങ്ങളിലൂടെ അല്ലാഹു നിരന്തരം ചെയ്തിരിക്കുന്നത് ? എന്നിട്ടും "ഹക്ക്" എന്നൊരിക്കലും പറയാൻ പറ്റാത്തതും, കേവലം ളന്ന് (സുമാറായിട്ടല്ലാതെ, പൂർണ്ണമായി വിശ്വസിക്കാൻ കൊള്ളാത്തത്) എന്ന് സകല പുരോഹിതന്മാരും ഏകകണ്ഠമായി സമ്മതിച്ചതുമായ 'ഖബർ ആഹാദി' നെ (ഏകസാക്ഷി ഹദീസുളേയും മറ്റും) ഇസ്ലാമിന്റെ ഒരു പ്രമാണമാക്കൽ നിർബ്ബന്ധമാണെന്ന് അതേ പുരോഹിതവർഗ്ഗം തന്നെ പറഞ്ഞാൽ ജൂതപുരോഹിതന്മാരിൽ നിന്നെന്തൊരു വ്യത്യാസമാണിവർക്കുള്ളതെന്നാണ് നമുക്കറിയേണ്ടത്.

# അല്ലാഹുതന്നെ ഇസ്ലാമിന്റെ സകല നിയമങ്ങളും വേണ്ടത്ര വിശദീകരിച്ചിരിക്കുന്നുവെന്ന് ഖുർആനിൽ 100 തവണ ആവർത്തിച്ചിട്ടുണ്ടെങ്കിലും അത് '50 ശതമാനംപോലും ശരിയല്ലെ'ന്ന് അഹ് ലുൽ ഹദീസുകാർ

ഇത് പറയുമ്പോൾ ആരും മുഖം ചുളിച്ചിട്ട് കാര്യമില്ല. ഒരു സത്യം മാത്രമാണ് പറയുന്നത്. അത് തെളിയിച്ചുതരികയും ചെയ്യാം.

ഖുർആൻ സുവ്യക്തമാണെന്നും സുഗ്രാഹ്യമാണെന്നും മനുശ്യസമുദായത്തിന്ന് (നബിക്ക് മാത്രമല്ല) നിഷ്പ്രയാസം ഗ്രഹിക്കാൻവേണ്ടി അത് വേണ്ടത്ര വിവരിക്കുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ടെന്നുമൊക്കെ നൂറിലധികം തവണ ഖുർആൻ ഉണർത്തിയത് ഖുർആൻ വായിച്ചു മനസ്സിലാക്കുന്നവർക്കെല്ലാം അറിയാവുന്ന സത്യമാണ്. പക്ഷേ, അതിനെല്ലാം കടകവിരുദ്ധമായാണ് അഹ്ലുൽ ഹദീസുകാരുടെ വാദം. അതായത്: ഖുർആനിന്റെ ആശയാദർശങ്ങളൊന്നും - ഈമാൻ - ഇസ്ലാം കാര്യങ്ങൾപോലും - ഖുർആൻ ശരിക്ക് വ്യക്തമാക്കിയിട്ടില്ലെന്നും ഖുർആനിൽ നിന്നാർക്കുമത് (നബിക്കല്ലാതെ) ഗ്രഹിക്കാൻ സാധ്യമല്ലെന്നും എത്രയോ അവ്യക്തമായ വാക്യങ്ങൾ ഖുർആനിലുണ്ടെന്നും "മുജ്മൽ" "മുബ്ഹം" "മുതശാബിഹ് " എന്നൊക്കെയാണതിന്റെ പേരെന്നും അതിനാൽ അതിന്റെയെല്ലാം ആശയം ശരിക്കും അറിയണമെങ്കിൽ നബിയുടെ ഹദീസുകളിലെ വിശദീകരണവും കൂടി കൂട്ടിച്ചേർത്ത് വ്യാഖാനിച്ചെങ്കിലല്ലാതെ- ആർക്കും ഒരു വിഷയവും ഖുർആനിൽ നിന്ന് പഠിച്ചറിയാൻ സാധ്യമല്ലെന്നുമൊക്കെയാണ് അഹ്ലുൽ ഹദീസുകാരുടെ കുഫ്റ് വാദങ്ങൾ.



# 106 ആയത്തുകൾക്ക് കടക വിരുദ്ധമായ വാദം

അഹ്ലുൽ ഹദീസുകാരുടെ മേലുദ്ധരിച്ച വാദങ്ങൾ ഖുർആനിലെ 106 ആയത്തുകൾക്ക് കടകവിരുദ്ധമായ വാദങ്ങളാണ്. ഖുർആൻ നേർക്കുനേരെ സാധുവല്ലെന്നും സമ്പൂർണ്ണമല്ലെന്നും ഖുർആനിൽനിന്ന് വ്യക്തമായി തെളിയുന്നയാതൊന്നും അപ്പാട് സ്വീകരിക്കാൻ പാടില്ലെന്നും മറ്റും വരുത്തിത്തീർക്കാൻ വേണ്ടി നൂറ്റാണ്ടുകൾക്കപ്പുറം ഇസ്ലാമിൽ നുഴഞ്ഞുകയറിയ ജൂതമുനാഫിഖുകൾ മുസ്ലിംകൾക്കിടയിൽ പ്രചാരപ്പെടുത്തിയ കള്ളവാദങ്ങളുമാണത്. സംഗതിയൊന്നുമറിയാതെ അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് തന്നെ ഇന്നും അതൊക്കെ ഏറ്റുപാടിക്കൊണ്ടിരിക്കുന്ന മതപുരോഹിതന്മാർ നമുക്കിടയിൽ ധാരാളമുണ്ട്. തങ്ങളുടെ വാദങ്ങൾ സ്ഥാപിക്കാനായി മുമ്പ് വിവരിച്ചത്പോലെ മറ്റു ചില ഖുർആൻ സൂക്തങ്ങളും അവർ ദുർവ്യാഖ്യാനം ചെയ്യാറുമുണ്ട്. അതുംകൂടി വിവരിക്കുന്നത് നല്ലതാണല്ലോ.

# 'തിബ്യാനി'ന്റെ ശേഷം പിന്നെയൊരു 'തബ്യീനോ' ?

1. "ഖുർആൻ നബിക്കവതരിപ്പിച്ചുകൊടുത്തത് നബി അത് ജനങ്ങൾക്ക് വെളിപ്പെടുത്തിക്കൊടുക്കാൻ വേണ്ടിയാണെന്ന്" സൂറത്തുന്നഹ്ലിലെ രണ്ടായത്തുകളിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. അതിന്നുപയോഗിച്ച പദം "തബ്യീൻ" എന്ന ധാതുവിൽനിന്നുള്ളതാണ്. ആ "തബ്യീനി"ന്ന് പുരോഹിതൻമാർ നൽകുന്ന വ്യാഖ്യാനം ഖുർആൻ വെളിപ്പെടുത്തിക്കൊടുക്കുക എന്നല്ല, പിന്നെയോ? ഖുർആനിൽ വ്യക്തമാക്കിയിട്ടില്ലാത്ത കാര്യങ്ങൾ വ്യക്തമാക്കലും അത് വിശദീകരിച്ചുകൊടുക്കലും നബിയുടെ ചുമതലയിൽപെട്ടതാണെന്നാണ്. എന്നാൽ "തബ്യീനി"ന്നവർ നൽകുന്ന ആ വ്യാഖ്യാനം ശരിയാണെന്ന് സങ്കൽപിക്കുന്നപക്ഷം ഖുർആൻ പറയാത്തകാര്യങ്ങളും വിശദീകരണങ്ങളും കൂട്ടിച്ചേർത്ത്കൊണ്ട് ഖുർആൻ പഠിപ്പിക്കൽ നബിയല്ലാത്തവർക്കും നിർബ്ബന്ധമാണെന്ന് വരും. കാരണം: നബിയോട് കൽപിച്ച അതേ

''തബ്‌യീൻ'' തന്നെ ഖുർ : 2:160ൽ സത്യവിശ്വാസികളോടും അല്ലാഹു കൽപ്പിച്ചിട്ടുണ്ട്. അതേപോലെ ജൂതൻമാരോടും ക്രിസ്ത്യാനികളോടുമെല്ലാം അതേ ''തബ് യീൻ'' ചെയ്യാൻ തന്നെയാണ് ഖു:3:187ൽ കൽപ്പിച്ചിരിക്കുന്നത്. അപ്പോൾ ''തബ്‌യീൻ'' എന്നാൽ ഖുർആൻ വ്യക്തമാക്കാത്തത് വ്യക്തമാക്കലാണെന്നും ഖുർആൻ വിശദീകരിക്കാത്തത് വിശദീകരിക്കലാണെന്നുമാണുദ്ദേശമെങ്കിൽ നബിക്കും നബിയെ മാത്യകയാക്കിക്കൊണ്ട് മറ്റെല്ലാവർക്കും ആ ''കൂട്ടിച്ചേർക്കൽ പരിപാടി''യങ്ങ് സാർവ്വത്രികമാക്കാമെന്നായി അവരുടെ വ്യാഖാനത്തിന്റെ ആകെത്തുക. എന്നാൽ നബി അതൊന്നും ചെയ്തിട്ടില്ലെങ്കിലും ആയിരത്തിലേറെ വർഷങ്ങളായി അബൂഹുറയ്‌റാതാവഴിക്കാരായ മതപുരോഹിതന്മാരെല്ലാവരും ചെയ്തുപോന്ന പാരമ്പര്യം അത് തന്നെയായിരുന്നുവെന്നത് നമുക്കുറപ്പായ ചരിത്രസത്യമാണ്.

ചുരുക്കത്തിൽ വേണ്ടത്ര ''തബ്‌യീനും'' ''തഫ്‌സ്വിലും'' ''തഫ്‌സീറു''മെല്ലാം കഴിച്ചിട്ടാണ് അല്ലാഹു ഖുർആൻ അവതരിപ്പിച്ചതെന്ന് ഖുർആനിൽ തന്നെ പല സ്ഥലത്തും ആവർത്തിച്ചു വ്യക്തമാക്കിയശേഷം - തബ്‌യീനിന്റെ പുറമെ ''തിബ്‌യാനും'' (സമ്പൂർണ്ണ വിശദീകരണം) കൂടി നടത്തപ്പെട്ടതാണ് വിശുദ്ധ ഖുർആനെന്ന് 16:89ൽ ഖുർആൻതന്നെ വീണ്ടും ഉണർത്തിയശേഷം - ആ ഖുർആൻ അതേപടി ജനങ്ങൾക്ക് വെളിപ്പെടുത്തിക്കൊടുക്കണമെന്നും അതിൽ യാതൊന്നും കൂട്ടിചേർക്കാനോ വെട്ടിച്ചുരുക്കാനോ പാടില്ലെന്നും അല്ലാഹു ആവർത്തിച്ചു കൽപിച്ചിട്ടും മുമ്പും പിമ്പും നോക്കാതെ നബിയോട് ഖുർആൻ തബ്‌യീൻ ചെയ്യാൻ (വെളിപ്പെടുത്തിക്കൊടുക്കാൻ) കൽപിച്ചതിന്റെ ഉദ്ദേശം ഖുർആനിന്റെ ആശയാദർശങ്ങളിൽ കൂട്ടിചേർക്കലുകൾ നടത്തണമെന്നാണെന്നും അഥവാ അഡീഷണൽ ഖുർആനായ പല ഹദീസുകളും (രഹസ്യവഹ് യിലൂടെ ലഭിച്ചത്) കൂട്ടിപ്പറയണമെന്നാണെന്നുമൊക്കെയുള്ള പച്ചക്കള്ളങ്ങൾ മുസ്ലിംകൾക്കിടയിൽ ഇവർ പ്രചരിപ്പിക്കാൻ തുടങ്ങിയിട്ട് വർഷം ആയിരത്തിലേറെയായി. ഖുർആൻ വ്യക്തമാക്കാത്തതോ വിശദീകരിക്കാത്തതോ ആയ എന്തൊരു കാര്യമുണ്ടെങ്കിലും മതത്തിൽ അതൊന്നും ശ്രദ്ധിക്കേണ്ട ആവശ്യം സത്യവിശ്വാസികൾക്കില്ലെന്നും അതെല്ലാം അല്ലാഹു പറ്റെ ഒഴിവാക്കിത്തന്ന വിഷയങ്ങളാണെന്നും 5:101 ൽ ഖുർആൻ വെട്ടിത്തുറന്ന് പ്രഖ്യാപിച്ചു. എന്നിട്ടും ഖുർആൻ വ്യക്തമാക്കിത്തരാത്ത ചില കർമ്മാനുഷ്ഠാനങ്ങളും മറ്റും ഇസ്ലാമിലുണ്ടെന്നും അതുകൊണ്ടാണ് ഖുർആനിന്റെ ''യഥാർത്ഥ വിവരണ''മായ ആ ഹദീസുകളൊന്നും സ്വഹാബിമാരാരും എഴുതിവെക്കാതിരുന്നതെന്നുംഎന്നാൽ 200 വർഷങ്ങൾക്കുശേഷം റഷ്യയിലെ ജൂതസങ്കേതങ്ങളിൽ നിന്ന് വന്ന ബുഖാരി, മുസ്ലിം



മുതലായ ''മഹാന്മാരാണ''തെല്ലാം ക്രോഡീകരിച്ചു ഭദ്രമാക്കിത്തന്നതെന്നും അവരില്ലായിരുന്നുവെങ്കിൽ സുന്നത്ത് എന്ന പുണ്യപ്രമാണം മുസ്ലിംസമുദായത്തിന്ന് എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകുമായിരുന്നുവെന്നുമൊക്കെ പറഞ്ഞാൽ, ഈ ഇരുപതാം നൂറ്റാണ്ടിലെ തലക്ക് വെളിവുള്ളവരാരും തന്നെ അതൊന്നും വിഴുങ്ങാൻ തയ്യാറാവുകയില്ലെന്ന് നമ്മളെല്ലാം ഇനിയെങ്കിലും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഖുർആൻ വിവരിക്കാത്ത ഏതെങ്കിലുമൊരു ദീനികാര്യം മുസ്ലിംകളെ പഠിപ്പിക്കാൻവേണ്ടി അല്ലാഹു നബിയോട് സ്വകാര്യത്തിൽ കൽപ്പിച്ചിരുന്നുവെന്ന് പറയുന്നത് ശുദ്ധമേ കളവും തനി അസംബന്ധവുമാണ്. അങ്ങിനത്തെ ഒറ്റ കാര്യവും തെളിയിക്കാൻ ലോകത്തൊരു പുരോഹിതനും സാധ്യമല്ല. അതേപോലെത്തന്നെ ഖുർആനിന്റെ വിവരണത്തിൽ എവിടെയെങ്കിലും അവ്യക്തതയുണ്ടെന്ന് പറയുന്നതും കേവലം കുഫ്‌റും ധിക്കാരവുമാണ്. കാരണം; ഖുർആൻ വളരെ വ്യക്തവും ലളിതവും പൂർണ്ണ വിശദീകരണമടങ്ങിയതുമാണെന്നൊക്കെ ഖുർആനിലെ നൂറ്റിൽപരം സ്ഥലങ്ങളിൽ അല്ലാഹു ആവർത്തിച്ചുപറഞ്ഞ കാര്യമാണ്. എന്നിരിക്കുമ്പോൾ ഖുർആനിലെ ഏതെങ്കിലുമൊരു പദമോ വാക്യമോ അവ്യക്തമാണെന്ന് പറയുന്നത് ആ നൂറ്റിൽപരം ആയത്തുകളെ കളവാക്കൽ മാത്രമാണ്. അതിനാൽ ഖുർആനിൽ വിശ്വസിക്കുന്ന ഒറ്റ മുസ്ലിമിന്നും അത്തരം വാദങ്ങൾ ഒരിക്കലും അംഗീകരിച്ചുകൊടുക്കാൻ നിർവ്വാഹമില്ല.

ഇനി ഏതെങ്കിലുമൊരു കാര്യം ഖുർആനിൽ വിവരിച്ചത് വ്യക്തമാകുന്നില്ലെന്ന് വാദത്തിന്നുവേണ്ടി സമ്മതിച്ചാൽത്തന്നെ, അത്തരം കാര്യങ്ങളെപ്പറ്റി ഹദീസുകൾ പരിശോധിക്കാൻ മുസ്ലിംകൾ ബാധ്യസ്ഥരുമല്ല. എന്തുകൊണ്ടെന്നാൽ : ഹദീസ് എന്നൊരു പ്രമാണം തീരെ എഴുതിവെച്ചതെല്ലാം തനി ജൂതായിസങ്ങൾ കൂട്ടിക്കുഴച്ചതാണെന്ന് കണിശമായും തെളിഞ്ഞതിനാലും തന്നെ. പൂർണ്ണമായുറപ്പില്ലാത്ത യാതൊന്നും മതത്തിൽ പ്രമാണമാക്കാൻ പാടില്ലെന്നതാണല്ലോ 108 ആയത്തുകളിലൂടെ ഖുർആൻ ആദ്യമേ നമ്മളെ പഠിപ്പിച്ച ഏറ്റവും വലിയ അടിസ്ഥാനസിദ്ധാന്തം. എന്നിരിക്കെ കള്ള ഹദീസുകൾ കൂട്ടിക്കലർത്തപ്പെട്ടതാണെന്നുറപ്പുള്ള ഹദീസ്ഗ്രന്ഥങ്ങളെ നാമെങ്ങിനെയാണ് പ്രമാണമാക്കുക. തലമുറ തലമുറകളായി ആയിരം കൊല്ലം പരിശോധിച്ചുപോന്നിട്ടും അവയിലുള്ള കടുത്ത ജൂതായിസങ്ങൾപോലും കണ്ട് പിടിക്കാൻ ഇക്കാലംവരെ അവർക്കാർക്കും കഴിഞ്ഞില്ലെന്നല്ലേ നമ്മളിപ്പോൾ രംഗത്ത് കൊണ്ടുവരുന്ന ഓരോ ജൂതായിസത്തിന്റെയും ചുരുളഴിയുമ്പോൾ മനസ്സി

ലായിക്കൊണ്ടിരിക്കുന്നത്. അപ്പോൾ അത്തരം കള്ളഹദീസ് ഗ്രന്ഥങ്ങൾ പ്രമാണ മാക്കി ജീവിക്കാൻ ഇസ്ലാം എങ്ങിനെയാണ് മുസ്ലിംകളോട് കൽപിക്കുക. തൗറാ ത്തിലും ഇഞ്ചീലിലും കുറെ ജൂതായിസങ്ങൾ കടന്നുകൂടിയപ്പോഴല്ലേ അല്ലാഹു ഇറ ക്കിയ ഗ്രന്ഥങ്ങളായിരുന്നിട്ടുപോലും അവയെ മുഴുവൻ പുറംതള്ളിക്കൊണ്ട് പുതിയ കിതാബ് (ഖുർആൻ) അവതരിപ്പിച്ചുതന്നത്. യാതൊരു കലർപ്പും കടന്നു കൂടാതെ അല്ലാഹു തന്നെ അത് വേണ്ടവിധത്തിൽ സംരക്ഷിച്ചുതരികയും ചെയ്തു. എന്നിട്ടും ഖുർആൻ കൈവെടിഞ്ഞുകൊണ്ട് അതിലെ ആദർശസിദ്ധാന്തങ്ങൾക്ക് നിരക്കാ ത്തതും സഹാബികളുടേയും താബികളുടേയും താബിഉത്താബിഉകളുടെയും നാല് ഇമാമുകളുടെയുമെല്ലാം കാലശേഷം പൊട്ടിമുളച്ചതും തനി ജൂതായിസങ്ങളടങ്ങിയ തുമായ ബുഖാരി മുസ്ലിംപോലുള്ള ഗ്രന്ഥങ്ങളിലാണ് ഖുർആനിന്റെ സകല വിശദീ കരണങ്ങളും അടങ്ങിയിട്ടുള്ളതെന്ന് പറഞ്ഞുകൊണ്ട് അവയെ ഇസ്ലാമിന്റെ മൂലപ്ര മാണങ്ങളാക്കി പ്രതിഷ്ഠിക്കാനൊരുമ്പെട്ട നമ്മളേക്കാൾ വിഡ്ഢികളും ബുദ്ധിശൂന്യ രുമായി ലോകത്ത് വേറെയാരെയെങ്കിലും കണ്ടെത്താൻ കഴിയുമോ? അതൊരിക്ക ലുമുണ്ടാവില്ല. ഇത്രയും കടുത്ത വിവരക്കേട് നാം കാണിച്ചതിന്റെ ഫലമായിട്ടാണ് കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചത്പോലുള്ള ഗുരുതരമായ ആപത്തുകളെല്ലാം പല നൂറ്റാണ്ടുകളായി നാം കെട്ടിപ്പേറേണ്ടിവന്നതും. ''അല്ലാഹുവിന്റെ പാശം (ഖുർആൻ) മുറുകെപിടിക്കുക'' (3:103) എന്ന ഖുർആന്റെ മഹത്തായ കൽപന സ്വീകരിക്കാനും മറ്റെല്ലാ പാശങ്ങളും (ദൈവേതരഗ്രന്ഥങ്ങൾ) പ്രമാണസ്ഥാനത്ത് നിന്ന് വലിച്ചെറിയാനും എന്നാണ് നാം തയ്യാറാവുന്നതെങ്കിൽ അന്ന് മാത്രമേ വല്ല ഭാവിയും നമുക്ക് പ്രതീ ക്ഷിക്കാനാവുകയുള്ളൂ. അല്ലാഹു നമുക്കെല്ലാവർക്കും നല്ല ബുദ്ധി തോന്നിക്കുമാ റാകട്ടെ.

# ഹദീസ് പ്രമാണമാക്കാൻ വേണ്ടി പരക്കെ ദുർവ്യാഖ്യാനം ചെയ്യാറുള്ള മറ്റൊരു ഖുർആൻ വാക്യം

'ഖിയാമ :'' എന്ന 75-ാം അദ്ധ്യായത്തിലെ ഒരു വാക്യമാണ് വിഷയം. മര ണം, ഖിയാമത്ത് നാൾ, പുനർജീവിതം, വിചാരണ എന്നിവയെപറ്റിയാണതിൽ പരാ മർശിക്കുന്നത്. അതിൽ വിചാരണയെപറ്റി പറഞ്ഞഭാഗം പറ്റെ അടർത്തിയെടുത്തു



കൊണ്ട്, അവതരണ പശ്ചാത്തലമോ പൂർവ്വാപരബന്ധമോ ഒന്നും നോക്കാതെ, ഹദീസ് പ്രമാണമാക്കാനുള്ള ഒരു വിവരണമാണതെന്നും പറഞ്ഞുകൊണ്ട്, ഒരു കള്ളക്കഥ കെട്ടിയുണ്ടാക്കുകവഴി ശുദ്ധനുണയായ ഒരു ദുർവ്യാഖ്യാനം പ്രചരിപ്പിക്കുകയാണ് ബുഖാരിയും മുസ്ലിമും ഇന്നേവരെയുള്ള അബൂഹുറയ്റാതാവഴിക്കാരും അവരുടെ അനുയായികളായ ഏതാണ്ടെല്ലാ മുഫസ്സിറുകളും ഖുർആൻ പരിഭാഷക്കാരുമൊക്കെ ചെയ്തിരിക്കുന്നത്. ആ ഭാഗമേതെന്ന് ശ്രദ്ധിക്കുക.

യുനബ്ബഉൽ - ഇൻസാനു - യൗമഇദീൻ - ബിമാഖദ്ദമവ അഹ്ഹർ. ബലിൽ ഇൻസാനു- അലാനഫ്സിഹീ - ബസീറ:, വലൗ അൽഖാ - മആദീറ:, ലാ - തുഹർറിക് - ബിഹീ - ലിസാനക - ലിതഅ്ജ - ബിഹീ. ഇന്ന - അലൈനാ - ജംഅഹു - വഖുർആനഹൂ, സുമ്മ - ഇന്ന - അലൈനാ - ബയാനഹൂ'' (ഖു: 75 : 16 19)

ശരിയായ അർത്ഥം ഗ്രഹിക്കുക:- ''മനുഷ്യൻ ചെയ്തതിനെപറ്റിയും ചെയ്യാ ത്തതിനെപറ്റിയും അന്ത്യനാളിൽ (അവന്റെ നൻമതിൻമകളെഴുതപ്പെട്ട ഗ്രന്ഥം മുഖേ ന) അവന്ന് വിവരിച്ച് കൊടുക്കപ്പെടും. എന്നാൽ ( ആ വിചാരണവേളയിൽ) ഓരോ മനുഷ്യനും പല ഒഴികഴിവുകളും സമർപ്പിക്കുമെങ്കിലും അവൻ തന്നെപ്പറ്റി (തന്റെ ചെയ്തികളെപ്പറ്റി) സ്വയം ബോധവാനായിരിക്കും. (അങ്ങിനെ തന്റെ നൻമതിൻമ യുടെ ഗ്രന്ഥവായന, മറ്റുള്ളവർക്ക് വ്യക്തമാവാതിരിക്കാൻ വേണ്ടി, അവൻ ധൃതി യിൽ വായിക്കാൻ തുടങ്ങുമ്പോൾ അല്ലാഹുവിന്റെ ഉത്തരവുണ്ടാകും) ധൃതിപ്പെട്ട് വായിക്കാനായി നീ നിന്റെ നാവനക്കിപോവരുത്. നിന്റെ ആ ഗ്രന്ഥം നാം സമാഹ രിച്ചത് പോലത്തന്നെ അത് വായിച്ചുകേൾപ്പിക്കലും നമ്മുടെ ചുമതലയിൽപെട്ട താണ്. അത്കൊണ്ട് നാം (നമ്മുടെ മലക്കുകൾ) അത് വായിച്ചുതരുമ്പോൾ നീ അതനുസരിച്ചുകൊണ്ട് വായിച്ചാൽമാത്രം മതി. അനന്തരം അത് (അതിലുള്ള ഗുണ ദോഷങ്ങളുടെ പ്രതിഫലങ്ങളെല്ലാം) വിവരിച്ചുതരിക എന്നതും നമ്മുടെ കർത്തവ്യം തന്നെയാണ്. പക്ഷേ, വരാനിരിക്കുന്ന - ആശങ്കയും ആകാംക്ഷയും നിറഞ്ഞ - ആ ഭാവിയെക്കുറിച്ച് നിങ്ങൾ ചിന്തിക്കുന്നേയില്ല. ഐഹീകജീവിതത്തെ ഇഷ്ട പ്പെടുകയും പാരത്രികജീവിതത്തെ അവഗണിക്കുകയുമാണ് നിങ്ങൾ ചെയ്യുന്നത്.

ഇതാണ് ഖുർആൻ പറഞ്ഞത്. എന്നാൽ അബൂഹുറയ്റാ താവഴിക്കാരായ സകല മുഫസ്സിറുകളും ഖുർആൻ പരിഭാഷക്കാരും വ്യാഖ്യാനിച്ചതെങ്ങിനെ എന്നല്ലേ

? പ്രസ്തുത സൂക്തങ്ങൾ മുറിച്ചെടുത്തുകൊണ്ട് ഒരു പുത്തൻ വ്യാഖ്യാനമാണവർ നൽകിയ്ത്. അതായത് : ജിബ്രീൽ നബിക്ക് വഹ്യ് നൽകിക്കൊണ്ടിരിക്കുമ്പോൾ ധൃതിയിൽ അത് ഉരുവിടൽ നബി പതിവാക്കിയിരുന്നുവെന്നും അപ്പോൾ നീ അങ്ങിനെ ധൃതിപ്പെട്ടു നാവനക്കേണ്ടതില്ലെന്നും ഖുർആൻ ക്രോഡീകരിക്കലും പിന്നീടത് വിവരിച്ചുതരലും നമ്മുടെ ചുമതലയിൽ പെട്ടതാണെന്നും അല്ലാഹു അറിയിച്ചെന്നാണവരുടെ വ്യാഖ്യാനങ്ങൾ. ഈ കള്ള വ്യാഖ്യാനത്തിന്ന് സ്ഥിരീകരണം നൽകാൻവേണ്ടി മറ്റൊരു പെരുങ്കള്ളവുംകൂടി ബുഖാരി രേഖപ്പെടുത്തിയിട്ടുണ്ട്. അതിപ്രകാരമാണ് : "നബി നാവനക്കിയിരുന്നതിന്റെ ദൃക്സാക്ഷിവിവരണം നാവനക്കിക്കൊണ്ടുതന്നെ ഇബ്നു അബ്ബാസ് ചെയ്ത് കാണിച്ചുകൊടുത്തു" എന്നതാണത്. എന്നാൽ : പ്രസ്തുത ഖുർആൻ സൂക്തം അവതരിച്ച കാലത്ത് ഇബ്നുഅബ്ബാസ് ജനിച്ചിട്ടുപോലുമുണ്ടായിരുന്നില്ലെന്ന ചരിത്രസത്യം (അഹ്ലുൽ ഹദീസുകാരെല്ലാം ശേഷം സമ്മതിക്കേണ്ടിവന്ന സത്യം) പിന്നീടറിഞ്ഞപ്പോഴാണ് ബുദ്ധിയുള്ളവർക്ക് ആ നുണയുടെ ആഴം മനസ്സിലാക്കാൻ കഴിഞ്ഞത്. മറ്റൊരുകാര്യം ശ്രദ്ധിക്കുക:-

ഖുർആനെല്ലാം അവതരിപ്പിക്കുകയും ക്രോഡീകരിക്കുകയും ചെയ് ശേഷമാണ് അല്ലാഹു ഖുർആൻ വിവരിക്കുക എന്നാണല്ലോ മേൽവ്യാഖ്യാനപ്രകാരം വന്നുചേരുക. എന്തൊരു വിഢ്ഢിത്തമാണിപ്പറയുന്നത് ! മാത്രമോ? ഖുർആൻ അവതരിപ്പിച്ചത് തന്നെ പൂർണ്ണ വിവരണത്തോടുകൂടിയാണെന്ന് നൂറ്റിൽപരം സ്ഥലങ്ങളിൽ അല്ലാഹു ആവർത്തിച്ചുപറഞ്ഞസത്യത്തിന്ന് കടകവിരുദ്ധവുമല്ലേ അത്. "തബ്യീനും" "തിബ് യാനു" (സമ്പൂർണ്ണ വിവരണം) മെല്ലാം കഴിഞ്ഞശേഷമാണ് "ബയാൻ' (പൊതു വിവരണത്തിന്റെ ആവശ്യം നേരിടുന്നതല്ലേ? ബുദ്ധിശൂന്യൻമാർക്ക് പറഞ്ഞു കൂടാത്തതെന്താണ് ? "അഹ് ലുൽ ഹദീസുകാർ പൊതുവെ വിഡ്ഢികളാണെ"ന്ന് അല്ലാമ: സമഖ്ശരിയെപോലുള്ളവർ പറഞ്ഞത് വെറുതെയാണോ?

"ഒരു കുഴപ്പവുംകൂടി" :- ഖുർആൻ അവതരിച്ചതിന്ശേഷം അതിന്റെ വിവരണം നബിയുടെ ചുതമലയിൽപെട്ടതാണെന്നോ അതിന്ന് നബിയെ ഏൽപ്പിച്ചിരിക്കുന്നു എന്നോ അല്ല മേൽ ഖുർആൻ വ്യാഖ്യാനപ്രകാരം ലഭിക്കുക. പിന്നെയോ? ആ ബാധ്യതയും അല്ലാഹുവിന്റേതാണെന്ന് മാത്രമാണ്. അപ്പോൾ അതനുസരിച്ചും



അപ്പറഞ്ഞ വിവരണം ഖുർആനിൽ തന്നെ നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ടതുമാണ്. അതല്ലെങ്കിൽ ഖുർആൻ വിവരിക്കാൻവേണ്ടി മറ്റൊരു ഗ്രന്ഥം അല്ലാഹു അവതരിപ്പിച്ചിട്ടുണ്ടെന്ന് സമ്മതിക്കേണ്ടിവരും. ഇതിലപ്പുറം ഗതികേട് വേറെ വല്ലതുമുണ്ടോ?

ചുരുക്കത്തിൽ സുന്നത്ത് പ്രമാണമാക്കാൻ വേണ്ടിയാണ് അവർ ആ ദുർവ്യാഖ്യാനം ചെയ്തതെങ്കിലും ആ ലക്ഷ്യം നേടാൻ കഴിയാതെയാണ് വന്നിരിക്കുന്നത്. അതായത്: അടിമുടി കള്ളമായ ഒരു ദുർവ്യാഖ്യാനം കെട്ടിച്ചമച്ചിട്ടും സുന്നത്ത് പ്രമാണമാക്കാനുള്ള ഒരു സൂചനയെങ്കിലും അതുകൊണ്ട് സ്ഥാപിക്കാൻ ഒറ്റ പുരോഹിതന്നും സാധ്യമായില്ല. ഇനി സാധ്യമായിട്ടും ഫലവുമില്ല. കാരണം: ആ വ്യാഖ്യാനം തനികള്ളമാണെന്ന് സൂര്യപ്രകാശംപോലെ തെളിഞ്ഞതുകൊണ്ട് തന്നെ.

# "മുഹമ്മദ് നബിയിലും ഇബ്രാഹീംനബിയിലും സത്യവിശ്വാസികളിലും നിങ്ങൾക്ക് 'ഉസ്വത്ത ് '(മാതൃക) ഉണ്ടെ"ന്ന് പറഞ്ഞാൽ അവരുടെ യെല്ലാം ഹദീസുകൾ പിൻപറ്റണമെന്നാണോ അർത്ഥം !

മതപുരോഹിതന്മാർ ദുർവ്യാഖ്യാനം ചെയ്യാറുള്ള ഒരായത്തും ആ ദുർവ്യാഖ്യാനത്തിന്റെ പൊള്ളത്തരവുമാണ് മുകളിൽ സൂചിപ്പിച്ചത്. അതായത് : ഇബ്രാഹിംനബിയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന സത്യവിശ്വാസികളും തങ്ങൾക്ക് ലഭിച്ചിരുന്ന ദൈവീകഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ തൗഹീദ് മുറുകെ പിടിച്ചുകൊണ്ട് ശിർക്കിനോടും ശിർക്കന്മാരോടും പോരാടിയ ചരിത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ഇബ്രാഹീംനബിയിലും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന സത്യവിശ്വാസികളിലും നിങ്ങൾക്ക് 'ഉസ്വത്തുൻ ഹസനത്ത് ' (ഉത്തമമാതൃക) ഉണ്ടെന്ന് 60:4ലും 60:6ലും ഖുർആൻ ആവർത്തിച്ചു പറയുകയുണ്ടായി. അപ്പറഞ്ഞതിന്റെ ഉദ്ദേശം : ഇബ്രാഹീം നബിയുടെയും കൂട്ടുകാരുടെയും ഹദീസുകൾ ശേഖരിച്ചൊരു പ്രമാണഗ്രന്ഥമുണ്ടാ

ക്കിക്കൊണ്ട് അതിലുള്ള ജീവിതരീതികൾ മാതൃകയാക്കണമെന്നാണെന്ന് ലോകത്തൊരു ഖുർആൻ പണ്ഡിതനും ഒറ്റ അഹ് ലുൽ ഹദീസുകാരനും ഇന്നേവരെ വാദിച്ചിട്ടില്ല; ഇനിയും വാദിക്കുകയുമില്ല. എന്നാൽ ഇബ്രാഹീം നബിയുടെ കാര്യത്തിൽ പറഞ്ഞ അതേ രൂപത്തിൽതന്നെയാണ് തൗഹീദും ഖുർആനിക പ്രസ്ഥാനവും വിജയിപ്പിക്കാൻവേണ്ടി മുഹമ്മദ്നബി തിരുമേനി ഉറച്ചു നിന്ന് പോരാടിയ ചരിത്രം സൂചിപ്പിച്ചുകൊണ്ട് അദ്ദേഹത്തിലും ഉസ്വത്തുൻ ഹസനത്ത് (ഉത്തമമാതൃക) ഉണ്ടെന്ന് 33 : 21ൽ ഖുർആൻ പറഞ്ഞതും. പക്ഷെ മുഹമ്മദ്നബിയിൽ ഉത്തമമാതൃകയുണ്ടെന്ന് പറഞ്ഞപ്പോഴേക്കും അതിന്റെ ഉദ്ദേശം: നബിയുടെപേരിൽ കുറേ ഹദീസ് ഗ്രന്ഥങ്ങൾ ക്രോഡീകരിച്ച് വെക്കണമെന്നും എന്നിട്ടതനുസരിച്ച് നടക്കണമെന്നുമാണ് സകല പുരോഹിതപ്പരിഷകളും വ്യാഖ്യാനിച്ചത്. അതെന്തിന്ന് വേണ്ടി എന്നല്ലേ: തൗഹീദടക്കമുള്ള ഖുർആനികപ്രസ്ഥാനം പുനസ്ഥാപിക്കാനും ശിർക്കൻപ്രസ്ഥാനം തകർക്കാനുംവേണ്ടി ഇബ്രാഹീം നബിയും മുഹമ്മദ് നബിയുമൊക്കെ ജിഹാദ് ചെയതിരുന്നത്പോലെ മുസ്ലിംകളും ജിഹാദ് ചെയ്യണമെന്ന ഖുർആനിന്റെ മഹത്തായ കൽപന അട്ടിമറിക്കാനും പകരം ജിഹാദിനേക്കാൾ 70 ഡിഗ്രി താഴെയുള്ള നമസ്ക്കാരം, നോമ്പ്, മുതലായ കേവലാരാധനകളാണ് ഏറ്റവും മുന്തിയ പുണ്യകർമ്മങ്ങളെന്ന ജൂതസിദ്ധാന്തങ്ങളടങ്ങിയ ഹദീസുഗ്രന്ഥങ്ങളിലേക്ക് സമുദായത്തിന്റെ ശ്രദ്ധ തിരിച്ചുവിടാനും വേണ്ടിതന്നെ. ഇബ്രാഹീംനബിയിൽ മാതൃകയുണ്ടെന്ന് പറഞ്ഞതിന്റെ അർത്ഥം ഇബ്രാഹീം നബിയുടെ ഹദീസുഗ്രന്ഥങ്ങൾ പ്രമാണമാക്കണമെന്നല്ലെങ്കിൽ മുഹമ്മദ് നബിയിൽ മാതൃകയുണ്ടെന്നതിന്റെ അർത്ഥം 200 വർഷങ്ങൾക്ക് ശേഷം കെട്ടിച്ചമക്കപ്പെട്ട ഹദീസ്ഗ്രന്ഥങ്ങൾ പ്രമാണമാക്കണമെന്നാക്കിയത് വെറും ജൂതത്തരമല്ലാതെ മറ്റെന്താണ് ? ഖുർആന്റെ ശരിയായ ആശയം ഗ്രഹിക്കാൻ ഒട്ടും പ്രയാസം നേരിടാതിരിക്കാൻ വേണ്ടി തുല്യപ്രയോഗങ്ങളിലൂടെ ഖുർആൻ കാര്യങ്ങൾ ആവർത്തിച്ചു വ്യക്തമാക്കിത്തന്നിട്ടും പിന്നെയും മനഃപൂർവ്വം അത് ദുർവ്യാഖ്യാനം ചെയ്യുന്നത് തനി ജൂതത്തരമാണെന്നതിലെന്താണ് സംശയമുള്ളത്.

ചുരുക്കത്തിൽ ഇബ്രാഹിം നബിയിലും അദ്ദേഹത്തിന്റെ അനുയായികളിലും മുഹമ്മദ് നബിയിലുമൊക്കെ ഉത്തമമാതൃകയുണ്ടെന്ന് ഖുർആൻ പ്രസ്താവിച്ചതിന്റെ ഏകഉദ്ദേശം ഖുർആനികാദർശങ്ങൾ മുറുകെ പിടിക്കുന്നതിലും അതിന്ന് വേണ്ടി ത്യാഗം ചെയ്യുന്നതിലുമൊക്കെ അവരെ മാതൃകയാക്കി നടക്കണമെന്ന് മാത്രമാണ്. അല്ലാതെ യാതൊരു ത്യാഗത്തിന്റെയും ആവശ്യമില്ലാത്തതും തനി ജൂതമ



യവും ഖുർആൻ വിരുദ്ധവുമായ പാരമ്പര്യാചാരങ്ങളും ആരാധനകളും നിലനിർത്തിപ്പോരണമെന്നൊരിക്കലുമല്ല. എന്നാൽ ഖുർആനിനെ അടിസ്ഥാനമാക്കിക്കൊണ്ട് നബി നിർവ്വഹിച്ചിരുന്ന നമസ്ക്കാരത്തിന്റെയും, നോമ്പിന്റെയും, ഹജ്ജിന്റെയുമൊക്കെ ശരിയായരൂപം വിവരിക്കുന്ന ഏതെങ്കിലുമൊരു ഹദീസ്ഗ്രന്ഥം ആരെങ്കിലും എഴുതിവെച്ചിട്ടുണ്ടായിരുന്നുവെങ്കിൽ അതിനെ മാതൃകയാക്കണമെന്ന് പറഞ്ഞാൽ അത് 100 ശതമാനവും സ്വാഗതം ചെയ്യാൻ നാം തയ്യാറായിരുന്നു. പക്ഷേ ഖുർആനല്ലാതെ അങ്ങിനെയൊരു 'സാധനം' ലോകത്തിന്നേവരെ ഉണ്ടായിട്ടില്ലെന്നാണല്ലോ ലക്ഷ്യസഹിതം ഈ ഗ്രന്ഥത്തിൽ നാം സമർത്ഥിച്ചുപോയത്. പരിശുദ്ധവും പരിപൂർണ്ണവുമായ ഖുർആൻ നമ്മുടെ കയ്യിലുണ്ടായിരിക്കുന്ന കാലത്തോളം മറ്റൊരു പ്രമാണഗ്രന്ഥത്തിന്റെ ആവശ്യം നമുക്കില്ലതാനും. ഖുർആനിന്ന് പുറമെ ഒരു ഹദീസ്ഗ്രന്ഥവും കൂടി എഴുതിവെക്കാൻ നബിയോ സഹാബിമാരോ തയ്യാറാവാതിരിക്കാനും എന്നല്ല അങ്ങിനെയൊരു ഹദീസ്ഗ്രന്ഥം എഴുതിവെക്കുന്നതിനെ അവർ കർശനമായി വിലക്കാനും കാരണമതാണ്. "ഖുർആന്റെ ശേഷം ഏത് ഹദീസിനെയാണവർ പ്രമാണമാക്കുന്നതെ"ന്ന് ഖുർആൻ ആവർത്തിച്ചു ചോദിക്കാൻ കാരണവും അത് തന്നെയാണല്ലോ.

അല്ലാഹുവും റസൂലും വിലക്കിയതും സഹാബിമാരാരും ചെയ്യാൻ മുതിരാത്തതുമായ 'സുന്നത്തെഴുതി പ്രമാണമാക്കുക' എന്ന ബിദ്അത്ത് ന്യായീകരിക്കാൻവേണ്ടി അബൂഹുറയാറാപ്രഭൃതികൾ നിരന്തരം ദുർവ്യാഖ്യാനം ചെയ്യാറുള്ള സുപ്രധാന ഖുർആൻ സൂക്തങ്ങളുടെ യഥാർത്ഥ വ്യാഖ്യാനവും അവരുടെ ദുർവ്യാഖ്യാനത്തിന്റെ വഷളായ രൂപവുമാണ് ഇതേവരെ നാം വിവരിച്ചത്. സുന്നത്ത് ഒരു സ്വതന്ത്രപ്രമാണമാണെന്നും അത് മുറുകെ പിടിക്കേണ്ടതാണെന്നും വാദിക്കാവുന്ന ഒറ്റ ആയത്തും ഇനി ഖുർആനിലില്ല. അടിസ്ഥാനരഹിതമായ വാറോലഹദീസുകൾ പ്രമാണമാക്കാൻവേണ്ടി അതേ വാറോലകൾകൊണ്ട് തന്നെ തെളിവു പറയുക, എന്ന പാമരവിഡ്ഢിത്തങ്ങൾക്ക് മറുപടി പറയേണ്ട ആവശ്യവുമില്ലല്ലോ. അതിനാൽ ഖുർആനിൽ നിന്ന് തെളിയുന്ന ഒരു കാര്യം നടപ്പിലാക്കാൻ ബുഖാരി മുസ്ലിം പോലുള്ള വാറോലഗ്രന്ഥങ്ങളുടെ വിശദീകരണം തേടിനടക്കുകയോ അല്ലെങ്കിൽ ഖുർആനിൽ നിന്ന് തീരെ തെളിയാത്തൊരു കാര്യം ബുഖാരി കൊണ്ടോ മറ്റോ തെളിയിക്കാൻ മുസ്ലിംകൾ ഒരുമ്പെടുകയോ ചെയ്യരുതെന്നാണ് ഇതേവരെ വിവരിച്ച ഖുർആനികതെളിവുകളുടെ അടിസ്ഥാനത്തിൽ മുസ്ലിംസമുദായത്തോട് നമുക്കപേക്ഷിക്കാനുള്ളത്. ആയതിനെ എതിർക്കാൻ ഏതെങ്കിലും മതപണ്ഡിതനോ മതപു

രോഹിതനോ തയ്യാറാണെങ്കിൽ അവരുടെ പാണ്ഡിത്യപരമായ എല്ലാ കഴിവുകളും സംഘടിപ്പിച്ചുകൊണ്ട് ഒരു തുറന്ന വിവാദത്തിന്നും മുബാഹലക്കും അവർ തയ്യാറാവേണ്ടതും അത് വഴി ഇസ്ലാമിലെ ഏററവും ഗുരുതരമായ ഈ പ്രശ്നത്തിൽ സമുദായത്തിന്ന് നിർബ്ബന്ധമായും പരിഹാരമുണ്ടാക്കിക്കൊടുക്കേണ്ടതുമാണ്.

# മുസ്ലിംകൾ മുറുകെ പിടിക്കേണ്ട ഏകഗ്രന്ഥം ഖുർആൻ മാത്രമാണെന്ന് വിശുദ്ധ ഖുർആൻ

''വഅ്തസ്വിമൂ ബിഹബ് ലില്ലാഹി ജമീഅൻ, വലാതഫർറഖൂ'' (ഖു : 3: 103) നിങ്ങളെല്ലാവരും അല്ലാഹുവിന്റെ പാശത്തെ (ഖുർആനിനെ) മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിച്ച് പിരിയാതിരിക്കുകയും ചെയ്യുക !'' ''വമഖ്തലഫത്തും - ഫീഹി, മിൻശൈഇൻ, ഫഹുഖ്മുഹൂ - ഇലല്ലാഹി.'' (42 : 10) അർത്ഥം = ''ഏതൊരുകാര്യത്തിലും നിങ്ങൾ ഭിന്നാഭിപ്രായത്തിലായാൽ അതിന്റെ വിധിക്കായി നിങ്ങൾ മടങ്ങേണ്ടത് അല്ലാഹുവിലേക്കാണ് - അവന്റെ ഖുർആനിലേക്കാണ്''.

എത്രമാത്രം വ്യക്തമായ കൽപനകളാണിതൊക്കെ. ഇതേപ്രകാരം അല്ലഹുവിനെ അഥവാ അവന്റെ ഖുർആനിനെ മുറുകെപിടിക്കാൻ വേണ്ടി ഖുർആനിൽ 10 സ്ഥലത്ത് (3 : 101, 3 : 103, 4 :146, 4 : 175, 22 : 78, 7 : 170, 31 : 32, 43 : 21, 43 : 43 എന്നീ സൂക്തങ്ങളിൽ) അല്ലാഹു കൽപിക്കുകയോ ഉണർത്തുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഖുർആനിൽ ഒറ്റസ്ഥത്തും നബിയെയോ നബിയുടെ ഒറ്റ ഹദീസിനെയോ നബിയുടെ സുന്നത്തിനെയോ മുറുകെ പിടിക്കണമെന്ന ഒരു സൂചന പോലും അല്ലാഹു നൽകിയിട്ടില്ല. കാരണമെന്തെന്നല്ലേ? നബിക്ക് പോലും ഖുർആൻ മുറുകെ പിടിച്ചുകൊണ്ടല്ലാതെ - ഖുർആനിന്റെ അടിസ്ഥാനത്തിലല്ലാതെ - ഒറ്റ മതവിധിയും പ്രഖ്യാപിക്കാൻ പാടില്ലെന്ന് വേറെ പത്ത് സ്ഥലത്ത് (ഖു: 4:105, 2:213, 5:44, 5:45, 5:47, 5:48, 5:49, 6:57, 12:40, 12:67 എന്നീ സൂക്തങ്ങളിൽ അല്ലാഹു ശക്തിയായി ആജ്ഞാപിച്ചത്കൊണ്ട് തന്നെ. നബിയെ അനുസരിക്കണമെന്ന് ഖുർആൻ പലപ്പോഴും കൽപിക്കാറുണ്ടെങ്കിലും അല്ലാഹുവിന്റെ നിയമങ്ങൾക്കനുസൃതമായിട്ട് മാത്രമേ അത് പാടുള്ളൂവെന്ന് ഖു: 4:64ൽ അല്ലാഹു പ്രത്യേകം വ്യക്തമാക്കിയിരിക്കുന്നു. ''ഏതെങ്കിലും കാര്യത്തിൽ നിങ്ങൾ ഭിന്നിച്ചാൽ



അക്കാര്യം അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക'' എന്ന് 4:59ൽ ഖുർആൻ കൽപിച്ചത് മേൽപറഞ്ഞതിന്നെതിരല്ലെന്ന് പ്രത്യേകം ഓർമ്മിക്കുക! എന്ത് കൊണ്ടെന്നാൽ ഖുർആന്റടിസ്ഥാനത്തിലല്ലാതെ ഒറ്റ വിധിയും പ്രഖ്യാപിക്കാൻ നബിക്ക് പാടില്ലെന്ന് മുമ്പ് സൂചിപ്പിച്ച 10 സൂക്തങ്ങളിലൂടെ ഖുർആൻ കർശനമായി വിലക്കിയിരിക്കെ, ആ വിലക്ക് ഒരു കാലത്തും ലംഘിക്കാത്ത വ്യക്തിയാണ് നബിയെന്ന് സ്വഹാബിമാർക്കുറപ്പുമുണ്ടായിരിക്കെ, നബി ജീവിച്ചിരിക്കുന്ന കാലത്ത് സ്വഹാബിമാർ സ്വന്തമായി ഖുർആൻ പരിശോധിക്കുന്നതിന്ന് പകരം തർക്കപ്രശ്നത്തെപറ്റി നബിയോടു ചോദിച്ചാലും ഖുർആനിലുള്ളത് മാത്രമേ നബി പറയുകയുള്ളൂവെന്ന് സ്വഹാബിമാരെ ഉണർത്തുക മാത്രമാണ് 4:49ൽ ഖുർആൻ ചെയ്തിരിക്കുന്നത്. അല്ലാഹുവിലേക്കും റസൂലിലേക്കും എന്ന് കൂട്ടിപ്പറയാൻ കാരണവുമതാണ്. നേരെ മറിച്ച് ഖുർആനിൽനിന്ന് ലഭിക്കാത്ത ചില നിയമങ്ങൾ നബിയിൽ നിന്ന് ലഭിക്കാൻ സാധ്യതയുണ്ടായിരുന്നെങ്കിൽ, അഥവാ അങ്ങിനെ ചില വ്യത്യസ്ത നിയമങ്ങൾ സ്വകാര്യവഹ്യിലൂടെ നബിക്കറിയിച്ചുകൊടുത്തിരുന്നെങ്കിൽ - അല്ലാഹുവിലേക്ക് അതില്ലെങ്കിൽ റസൂലിലേക്ക് എന്നർത്ഥം ലഭിക്കുന്നതരത്തിൽ ''അത്വീഉല്ലാഹഫസുമ്മ അത്വീഉർറസൂല'' എന്നോ മറ്റോ വേർതിരിച്ച് പറയൽ നിർബന്ധമായിരുന്നു. പക്ഷേ ഖുർആൻ ഒറ്റ സ്ഥലത്തും അങ്ങിനെപറയുകയുണ്ടായില്ല. അപ്പോൾ അല്ലാഹുവിലേക്ക് - അഥവാ അവന്റെ ഖുർആനിലേക്ക് - മടക്കിയാലും റസൂലിലേക്ക് മടക്കിയാലും ഓരേവിധിതന്നെയാണ് ലഭിക്കുക എന്നും അഥവാ ഖുർആൻ പറയുന്നതും നബി പറയുന്നതും തമ്മിൽ ഒരിക്കലും വ്യത്യാസം വരില്ലെന്നും ഉറപ്പുള്ളതുകൊണ്ടാണ് അങ്ങിനെയുള്ളൊരു സൂചനപോലും ഖുർആൻ നൽകാതിരിക്കാൻ കാരണം. എന്നിരിക്കുമ്പോൾ 4:59-ാം സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ''അല്ലാഹുവിന്റെ ഖുർആനിലേക്ക് മടങ്ങുക. ഖുർആനിൽ തത്സംബന്ധമായി യാതൊന്നും കാണുന്നില്ലെങ്കിൽപിന്നെ, റസൂലിന്റെ സുന്നത്തിലേക്ക് മടക്കുക'' എന്നിങ്ങനെ ലോകപുരോഹിതന്മാരെല്ലാം ഏകകണ്ഠമായി അർത്ഥം പറയാറുള്ളത് ശുദ്ധനുണയും കടുത്ത ഖുർആൻ ദുർവ്യാഖ്യാനവുമാണെന്നതിൽ സംശയമില്ല. എന്ത്കൊണ്ടെന്നാൽ അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കുക എന്നുപറഞ്ഞാൽ അല്ലാഹുവിനെ അല്ലെങ്കിൽ റസൂലിനെ അനുസരിക്കുക എന്നല്ലല്ലോ അതിന്റെയർത്ഥം. പിന്നെയോ അല്ലാഹുവിനെ - അഥവാ അവന്റെ കിതാബിനെ - പൂർണ്ണമായനുസരിക്കണമെന്നും അത് തന്നെയാണ് റസൂലിനെ അനുസരിക്കലെന്നും മാത്രമാണ്. അങ്ങിനെയല്ലായിരുന്നുവെങ്കിൽ ഖുർആൻ വ്യക്തമാക്കിയിട്ടില്ലാത്ത സകല നിയമങ്ങളും ഒഴിവാക്കിത്തന്നിരിക്കുന്നുവെന്ന് 5:101ൽ അല്ലാഹു ഒരിക്കലും പ്രഖ്യാപിക്കുമായിരുന്നില്ല.

അതേപോലെ ഖുർആന്റടിസ്ഥാനത്തിൽ മാത്രമേ വിധിക്കാവു എന്ന് അല്ലാഹു നബിയോട് ആവർത്തിച്ച് കൽപിച്ചിരുന്നുമില്ല. ഖുർആനിലില്ലാത്ത കുറെ നിയമങ്ങൾ സ്വകാര്യത്തിൽ അല്ലാഹു നബിക്കറിയിച്ചുകൊടുത്തിരുന്നുവെങ്കിൽ പിന്നെങ്ങിനെയാണ് ഖുർആനടിസ്ഥാനത്തിൽ മാത്രം വിധിക്കണമെന്ന് അല്ലാഹു നബിയോട് ആവർത്തിച്ചുകൊണ്ടിരിക്കുക?

ആകെയാൽ, ഖുർആൻ പറഞ്ഞതിൽനിന്നും വ്യത്യസ്തമായിട്ടാണ് നബി പറഞ്ഞതെന്ന് ഏതെങ്കിലും ഹദീസിൽ കാണപ്പെടുന്നുവെങ്കിൽ ആ ഹദീസ് നബി പറഞ്ഞതല്ലെന്നും അത് പച്ചക്കള്ളമാണെന്നും നാം ഉറപ്പിക്കുകതന്നെവേണം. എന്നാൽ നബി പറഞ്ഞതാണെന്നുറപ്പുള്ള ഒറ്റ ഹദീസും ലോകത്ത് കാണപ്പെടുകയില്ലെന്ന് വന്നാൽ പിന്നെ, നബിയുടെ ഹദീസും ഖുർആനും തമ്മിൽ എതിരാവുക എന്ന പ്രശ്നമേ ഉൽഭവിക്കുന്നുമില്ലല്ലോ. അതേപോലെ ഖുർആനിൽ നിന്ന് കിട്ടാത്തനിയമം ഹദീസിൽ നിന്ന് കണ്ടുപിടിക്കേണ്ടതാണെന്ന് പറയാനും പാടുള്ളതല്ല. കാരണം: ഒറ്റ ഹദീസും എഴുതിവെക്കാൻ പാടില്ലെന്ന് സഹാബികളോട് വിലക്കിയ നബി, ഖുർആനിൽ കാണാത്ത വിഷയങ്ങളെപറ്റി എന്റെ ഹീസുകൾ പരിശോധിച്ചോളൂ എന്നെങ്ങിനെയാണ് പറയുക? അത് സങ്കൽപ്പിക്കാൻപോലും സാധ്യമല്ല. സ്വഹാബിമാരുടെ കയ്യിൽ ഹദീസുകളുടെ ഒരു ചെറിയ ഗ്രന്ഥമെങ്കിലുമുണ്ടായിരുന്നെങ്കിൽ അപ്പറഞ്ഞതിനെ കുറച്ചൊക്കെ ന്യായീകരിക്കാമായിരുന്നു. പക്ഷെ, ഹദീസുകളുടെ ഒരു പേജ്പോലും അവരാരും എഴുതിവെച്ചിരുന്നില്ലെന്നറിയുമ്പോൾ ആർക്കാണതിനെ ന്യായീകരിക്കാനാവുക? അതൊരിക്കലുമില്ല. യാഥാർത്ഥ്യങ്ങൾ ഇതൊക്കെയാണെന്നിരിക്കുമ്പോൾ മുആദുബ്നുജബൽ എന്ന സ്വഹാബിയെ യമനിലെ ഗവർണ്ണറായി നബി നിയോഗിച്ചയച്ച സന്ദർഭത്തിൽ ആദ്യമായി ഖുർആനും രണ്ടാമതായി ഹദീസും പരിശോധിക്കാൻ നബി കൽപിച്ചെന്നും അതേപോലെ ' രണ്ട് പ്രമാണങ്ങളാണ് ഞാൻ നിങ്ങളിൽ വിട്ടേച്ച് പോകുന്നതെന്നും അല്ലാഹുവിന്റെ കിതാബും എന്റെ സുന്നത്തുമാണതെന്നും'' ഹജ്ജത്തുൽ വദാഇൽ നബി വിളംബരം ചെയ്തെന്നുമൊക്കെ ഏതോ ചില ജൂതാസുകളും ഖുർആൻ നിഷേധികളും കെട്ടിവിട്ടത്, ലോകത്തൊട്ടാകെ പ്രചരിപ്പിച്ച പുരോഹിതവർഗ്ഗത്തിന്ന് അൽപമെങ്കിലും ബുദ്ധിയോ ഖുർആൻ വിശ്വാസമോ ഉണ്ടോ എന്നാണ് ഖുർആന്റടിസ്ഥാനത്തിൽ നമുക്ക് ചോദിക്കുവാനുള്ളത്. ജിബ്രീൽ കൊണ്ട് വന്ന ''രിസാലത്ത്'' (ദൗത്യസന്ദേശം) മുഴുവൻ ഖുർആനിലില്ലെന്നും ഖുർആനിൽ നിന്ന് ചില സൂക്തങ്ങൾ



വിട്ടുപോയിട്ടുണ്ടെന്നും അതിനാൽ ഖുർആൻ അപൂർണ്ണമാണെന്നും ആ അപൂർണ്ണമായ ഭാഗം പ്രബോധനം ചെയ്തിരുന്നതിന്നിടയിൽതന്നെ ദിവസങ്ങളോളം നബിക്ക് പിരിയിളകി എന്നും മറ്റും മുത്തഫഖ് അലൈഹിയായ ഹദീസുകളാക്കി എഴുതിവെച്ച ബുഖാരി മുസ്ലിംപോലുള്ള ജൂത ഏജന്റുമാർക്ക് പ്രചരിപ്പിക്കാൻ പറ്റാത്ത ഏതെങ്കിലും തോന്ന്യവാസങ്ങൾ ഹദീസുലോകത്തുണ്ടാകുമോ എന്ന് മാത്രമേ നാം ചിന്തിക്കേണ്ടതുള്ളൂ.

# ഖുർആനിന്റെ മഹത്വവും ഹദീസിന്റെ ന്യൂനതകളും

ഖുർആൻ വിശ്വാസികൾക്കിടയിൽ തീരെ തർക്കമില്ലാത്ത കാര്യങ്ങളായതിനാൽ തെളിവുകൾ വിശദീകരിക്കേണ്ടതില്ല.

1. നബിയുടെ കാലത്ത് തന്നെ ഖുർആൻ എഴുതി സൂക്ഷിക്കപ്പെട്ടിരുന്നു. ഹദീസുകളാവട്ടെ നബിയുടെയോ താബിയുകളുടെയോ, താബിയുതാബിയുളകളുടെ കാലത്ത്പോലുമോ എഴുതിവെച്ചിരുന്നതേയില്ല. സഹാബികളിൽപ്പെട്ട അബ്ദുല്ലാഹിബ്നുഅംറ് എന്ന വ്യക്തി ഹദീസെഴുതിവെച്ചിരുന്നെന്ന് അബൂഹുറയ്റ പ്രചരിപ്പിച്ചത് തന്റെ കള്ളഹദീസ് പ്രചരണ പ്രസ്ഥാനത്തിന്ന് പിൻഫലം നേടാൻവേണ്ടി താൻ കെട്ടിവിട്ട ഒരു കള്ളക്കഥ മാത്രമായിരുന്നു. ''അസ്സ്വാദിഖ'' എന്നപേരിൽ ഒരു ഹദീസ്ഗ്രന്ഥം തന്നെ മേപ്പടിയാൻ ക്രോഡീകരിച്ചിരുന്നുവെന്നകഥ അതിലും വലിയ കള്ളക്കഥയാണ്. ഇനി അങ്ങിനെയൊന്നുണ്ടായിരുന്നെന്ന് സങ്കൽപിച്ചാൽതന്നെ, അതിന്റെ ഒരു പേജുപോലും പുറത്തുകാണിക്കാൻ നാല് ഖലീഫമാരുടെ കാലത്തൊരാൾക്കും ധൈര്യം വന്ന ചരിത്രമില്ല. അബൂഹുറയ്റയുടെ കള്ള ഹദീസ്പ്രചരണ യുഗത്തിൽ മാത്രമേ ആ കള്ളക്കഥയും കള്ളഗ്രന്ഥവും പ്രചരിപ്പിക്കാൻ ജൂതപുരോഹിതന്മാർക്കവസരം ലഭിച്ചുള്ളൂവെന്ന് ചുരുക്കം. എന്നാൽ ''ഇസ്രാ ഈല്യരിൽനിന്ന് (ജൂതൻമാരിൽനിന്ന്) ഏത് ഹദീസും നിങ്ങൾ പ്രചരിപ്പിച്ചോളു എന്നും അതിലൊന്നും യാതൊരു തെറ്റുമില്ലെന്നു''മുള്ള (ബുഖാരി) പെരുങ്കള്ളങ്ങൾ നബിയുടെ പേരിൽ കെട്ടിപ്രചരിപ്പിച്ചിരുന്ന അബൂഹുറയ്റ കമ്പനിയിലെ ഒരു പ്രമുഖനായ അബ്ദുല്ലാഹി ബ്നുഅംറ് സ്വന്തമായി വല്ല ഹദീസ് ഗ്രന്ഥനും എഴുതിവെച്ചിരുന്നെങ്കിൽതന്നെ, അത്കൊണ്ട് വല്ല ഫലവുമുണ്ടോ? അതൊട്ടില്ലതാനും. സഹാ

ബികളും താബിഉകളും മറ്റും ഹദീസ്ഗ്രന്ഥങ്ങളൊന്നും എഴുതിവെക്കാതിരിക്കാൻ കാരണമെന്തെന്നല്ലേ. അത് മറ്റൊന്നുമല്ല. നബിയുടെ അന്ത്യഘട്ടത്തിൽപോലും നബി അത് കർശനമായി വിലക്കിയിരുന്നത്കൊണ്ടും നാല് ഖലീഫമാരും ആ വിലക്ക് മുറുകെ പിടിച്ചിരുന്നത്കൊണ്ടും തന്നെ. ഹദീസെഴുതിവെക്കാനൊരുമ്പെട്ട ബുഖാരിയും മുസ്ലിമും തന്നെയാണ് ഹദീസ് എഴുതിവെക്കുന്നത് നബി വിലക്കിയിരുന്നു എന്ന ഹദീസും രേഖപ്പെടുത്തിവെക്കാൻ നിർബ്ബന്ധിതരായത്.

ഇനി ഖുർആനും ഹദീസും തമ്മിലുള്ള വ്യത്യാസങ്ങളിലെ രണ്ട് മുതൽക്കുള്ളത് ശ്രദ്ധിക്കുക!

2. ഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണ്. ഹദീസുഗ്രന്ഥങ്ങളാവട്ടെ, അവ മുഴുവനും മനുഷ്യനിർമ്മിതങ്ങളും കണക്കില്ലാത്ത ജൂതായിസങ്ങൾ കുത്തിനിറക്കപ്പെട്ടവയുമാണ്.

3. ഖുർആൻ മുഴുവൻ അല്ലാഹുവിന്റേതാണെന്നുറപ്പുള്ളതാണ്. ഖുർആനിലെ നിരവധി അമാനുഷികതകളാണതിന് കാരണം. നേരെമറിച്ച് നബിയുടേതാണെന്നുറപ്പുള്ള ഒറ്റ ഹദീസും ലോകത്തിലില്ല. ലോകത്തിലെ ഏറ്റവും മുന്തിയ മുതവാത്തിറായ ഹദീസിൽപോലും അബൂഹുറയ്റ: ഒരു ഹിമാലയൻനുണ കുത്തിക്കയറ്റി എന്ന് "അബൂഹുറയ്റയുടെ തനിനിറം" എന്ന എന്റെ മുൻഗ്രന്ഥത്തിൽ 108 ആയത്തുകളുടെ അടിസ്ഥാനത്തിൽ ശക്തിയുക്തം തെളിയിക്കപ്പെട്ടതാണ്. അതിനിന്നേവരെ ഒറ്റ പുരോഹിതനും ഒരു മറുപടിയും പറഞ്ഞിട്ടുമില്ല.

4. ഇസ്ലാമിക വിധികളുടെ പരിപൂർണ്ണവിശദീകരണം (തിബ് യാൻ) ആണ് ഖുർആൻ എന്ന് ഖു: 16:89-ൽ അല്ലാഹു അസന്നിഗ്ദ്ധമയി പ്രഖ്യാപിച്ചിരിക്കുന്നു. എന്നാൽ ഹദീസുകളെപറ്റി മതത്തിന്റെ ഒരു വിവരണമാണെന്നുപോലും അല്ലാഹുവോ റസൂലോ ഒരിക്കലും പറഞ്ഞിട്ടില്ല.

5. ഖുർആനിന്റെ വിവരണം ഹദീസിന്റെ വിവരണത്തേക്കാൾ കണിശവും ഭദ്രവും ശാസ്ത്രീയവുമാണെന്ന് വിശ്വസിക്കാൻ ഓരോ മുസ്ലിനും നിർബ്ബന്ധമാണ്. മറിച്ച് ഹദീസിന്റെ വിവരണം ഖുർആനിന്റെ വിവരണത്തേക്കാൾ കണിശമാണെന്നോ ഭദ്രമാണെന്നോ ശാസ്ത്രീയമാണെന്നോ വിശ്വസിക്കുന്നവൻ കാഫിറും മുർതദ്ദുമാണ്.



6. ഖുർആനിന്റെ വിവരണത്തെപ്പറ്റി അത് സ്പഷ്ടമാണെന്നും വ്യക്തമാണെന്നും വിശദമാണെന്നും ലളിതമാണെന്നും കണിശമാണെന്നും പൂർണ്ണമാണെന്നുമൊക്കെ പല ശൈലികളിലായി നൂറ്റിൽപരം സ്ഥലങ്ങളിൽ അല്ലാഹു ആവർത്തിച്ചു പറഞ്ഞിരിക്കുന്നു. ഹദീസിനെപ്പറ്റി, അങ്ങിനെയുള്ള ഒറ്റ പ്രസ്താവനയും അല്ലാഹുവോ റസൂലോ പറഞ്ഞിട്ടില്ല.

7. അല്ലാഹുവിന്റേതാണെന്നുറപ്പുള്ള വാക്യങ്ങൾക്കല്ലാതെ ഖുർആൻ എന്നുപറയാൻ പാടുള്ളതല്ല. എന്നാൽ നബിയുടേതല്ലെന്നുറപ്പുള്ള കള്ള ഹദീസുകൾക്കുപോലും ഹദീസുകളെന്നു പറയാമെന്നാണ് ഇക്കാലംവരെയുള്ള പുരോഹിതവർഗ്ഗത്തിന്റെ ഏകകണ്ഠമായ തീരുമാനം.

8. കള്ളമാണെന്നോ അശാസ്ത്രീയമാണെന്നോ തെളിയിക്കപ്പെട്ട ഒറ്റ ആയത്തും ഖുർആനിലില്ല. അതേസമയം തനി കള്ളമാണെന്നും അശാസ്ത്രീയമാണെന്നും അസംബന്ധമാണെന്നുമൊക്കെ പൂർണ്ണമായി തെളിയിക്കപ്പെട്ട നൂറുകണക്കിൽ കള്ളഹദീസുകൾ ബുഖാരി മുസ്ലിംപോലുള്ള "പ്രാമാണിക" ഹദീസ്ഗ്രന്ഥങ്ങളിൽ തന്നെയുണ്ട്.

9. നബിയുടെ ഭാഷക്ക് നിരക്കാത്ത ഒറ്റ ആയത്തും ഖുർആനിലില്ല. പക്ഷേ നബിയുടെ ഭാഷക്ക് നിരക്കാത്ത നൂറുകണക്കിൽ ഹദീസുകൾ ബുഖാരി മുസ്ലിം പോലുള്ള ഹദീസ്ഗ്രന്ഥങ്ങളിലുണ്ട്.

10. ഖുർആനിന്റെ ക്രോഡീകരണം നബിയുടെയും സഹാബിമാരുടെയും കാലത്ത് തന്നെ പൂർണ്ണമായും നടന്നതാണ്. ഹദീസുകളുടെ ക്രോഡീകരണമാവട്ടെ നബിയുടെയോ, സഹാബിമാരുടെയോ, താബിഉകളുടെയോ കാലത്തൊന്നും തീരെ നടന്നിട്ടില്ല. അവരുടെയെല്ലാം കാലശേഷം - ഹിജ്റ: 200ന് ശേഷം - മാത്രമാണ് ഹദീസുകളെല്ലാം ക്രോഡീകരിക്കപ്പെട്ടത്. അതൊക്കെയും ബുഖാരിമുസ്ലിമിനെപ്പോലുള്ള വിദേശ ഏജന്റുമാരുടെ കൈകളിലാണുതാനും. "മുവത്ത്വാ" എന്ന ഹദീസ് ഗ്രന്ഥം ഹിജ്റ: 200ന് മുമ്പുള്ള ഇമാം മാലിക് ക്രോഡീകരിച്ചതാണെന്നു പറയാറുണ്ടെങ്കിലും അത് സത്യവിരുദ്ധവും മുവത്ത്വയിൽതന്നെ കാണപ്പെടുന്ന പല പ്രയോഗങ്ങൾക്കും നിരക്കാത്തതുമാണ്. അദ്ദേഹത്തിന്റെ ശിഷ്യൻമാരാണ് വാസ്തവത്തിൽ മുവത്ത്വ

എന്ന ഹദീസ് ഗ്രന്ഥം അദ്ദേഹത്തിന്റെ ഹദീസുക്ലാസുകളെ അടിസ്ഥാനമാക്കി ക്കൊണ്ട് പിൽക്കാലത്ത് ക്രോഡീകരിച്ചത്.

11. ഖുർആൻ പൂർണ്ണമായും സംരക്ഷിക്കാമെന്ന് അല്ലാഹു ആദ്യമേ ഏറ്റകാര്യമാണ്. എന്നാൽ ഒറ്റ ഹദീസും സംരക്ഷിക്കാമെന്ന് അല്ലാഹു ഒരിക്കലും ഏറ്റിട്ടേയില്ല. അതുകൊണ്ടുതന്നെ ഒറ്റ ഹദീസും സംശയമറ്റനിലയിൽ സംരക്ഷിക്കപ്പെട്ടതുമില്ല.

12. ഖുർആനിൽ വിശ്വസിക്കൽ ഓരോ മുസ്ലിമിന്നും ഫർസാണ്, അത് പ്രധാനപ്പെട്ട ഈമാൻ കാര്യവുമാണ്. അതേസമയം ഹദീസിൽ വിശ്വസിക്കൽ ഒറ്റ മുസ്ലിമിന്നും ഫർസല്ല; അത് ഈമാൻകാര്യത്തിലേ പെട്ടതുമല്ല. മാത്രമോ? ''ഖുർആനിന്ന്ശേഷം ഏത് ഹദീസിലാണവർ വിശ്വസിക്കുന്നതെ''ന്നാണ് ഖു: 77:50ലും മറ്റുമായി അല്ലാഹു ആവർത്തിച്ചുചോദിക്കുന്നത്.

13. ഖുർആനിന്നെതിരായ സകല ഹദീസുകളും തള്ളിക്കളയൽ നിർബന്ധമാണെന്ന് പുരോഹിതന്മാർ പോലും സമ്മതിച്ചതാണ്. എന്നാൽ എത്ര മുന്തിയ ഹദീസായിരുന്നാലും അതുകൊണ്ട് ഖുർആനിലെ ഒറ്റ ആയത്തിനേയും തള്ളിക്കളയാൻ പാടില്ലെന്നും അവർ തന്നെ തത്വത്തിൽ സമ്മതിക്കുന്നുണ്ട്.

14. അന്ത്യനാൾവരെയുണ്ടാകാൻ പോകുന്ന സകല മനുഷ്യരുടെയും സ്ഥിതിഗതികൾ അറിഞ്ഞുകൊണ്ടും അവയെ മുഴുവൻ വിലയിരുത്തിക്കൊണ്ടും സർവ്വജ്ഞനായ അല്ലാഹു രൂപപ്പെടുത്തിയ വാക്യസമൂഹമാണ് വിശുദ്ധ ഖുർആൻ. നേരെമറിച്ച് സ്വന്തം അണികൾക്കിടയിൽ കടന്നുകൂടിയിരുന്ന മുനാഫിഖുകളെപ്പോലും അറിയാൻ കഴിയാത്ത (ഖു:9:101) അല്ലാഹുവിനെ അപേക്ഷിച്ച് വളരെ കുറഞ്ഞ അറിവ് മാത്രമുള്ള ഒരു മനുഷ്യപ്രവാചകന്റെ പേരിൽ പ്രചരിക്കപ്പെട്ട വാക്യമാണ് ഹദീസ്.

15. ഖുർആൻ പിൻപറ്റണമെന്ന് ഖുർആനിലൂടെ നിരന്തരം കൽപിച്ച അല്ലാഹു, ഹദീസ് പിൻപറ്റണമെന്നോ സുന്നത്ത് പിൻപറ്റണമെന്നോ ഖുർആനിൽ ഒറ്റ സ്ഥലത്തും കൽപിച്ചിട്ടേയില്ല. നബിയെ അനുസരിക്കണമെന്നും പിൻപറ്റണമെന്നും മാത്രമേ കൽപിക്കാറുള്ളൂ. അതിന്റെ ഉദ്ദേശമാണെങ്കിലോ, ഖുർആൻ പിൻപറ്റണമെന്നുമാത്രമാണുതാനും. കാരണം ഇബ്രാഹീംനബിയുടെ മില്ലത്തിനേയും പൂർവ്വ പ്രവാചകന്മാരുടെ സുന്നത്തുകളെയും പിൻപറ്റണമെന്നു ഖുർആൻ ആവർത്തിച്ചു



കൽപ്പിച്ചിട്ടുണ്ടല്ലോ. അതിന്റെ എല്ലാം ഉദ്ദേശം ആ പ്രവാചകൻമാരുടെ ഹദീസുകൾ പിൻപറ്റണമെന്നാണോ? ബുദ്ധിയുള്ളവരാരും അങ്ങിനെ പറയുകയില്ല. പിന്നെയോ അവരുടെയെല്ലാം മില്ലത്തും സുന്നത്തും തന്നെയാണ് ഖുർആൻ വിവരിക്കുന്നതെന്നതിനാൽ അവരെ പിൻപറ്റണെന്ന് കൽപിച്ചതിന്റെ ഏക ഉദ്ദേശം ഖുർആൻ വിവരിക്കുന്ന മില്ലത്തും സുന്നത്തും പിൻപറ്റണമെന്ന് മാത്രമാണ്. അല്ലാതെ, ഇബ്രാഹീം നബിയുടെയോ മറ്റോ ഹദീസുഗ്രന്ഥങ്ങൾ തേടിപ്പോകണമെന്നോ ആ ഗ്രന്ഥങ്ങളിൽ വിവരിച്ചതുപ്രകാരം ശരീഅത്ത്നിയമങ്ങൾ രൂപപ്പെടുത്തണമെന്നോ ഒരിക്കലുമുദ്ദേശമാക്കാൻ പാടുള്ളതല്ല. ഒറ്റ മുസ്ലിം മതപുരോഹിതനും അങ്ങിനെ ഉദ്ദേശമാക്കീട്ടുമില്ല.

# ഖുർആനിന്റെ സൂക്ഷ്മത!

ഇബ്രാഹീം നബിയുടെ മില്ലത്തിനെയും പൂർവ്വപ്രവാചകൻമാരുടെ സുന്നത്തുകളേയും പിൻപറ്റാൻ കൽപിച്ച അല്ലാഹു മുഹമ്മദ്നബിയെ പിൻപറ്റണമെന്ന് മാത്രമല്ലാതെ, മുഹമ്മദ് നബിയുടെ മില്ലത്തിനെ പിൻപറ്റണമെന്നോ, അവിടെത്തെ സുന്നത്തിനെ മാതൃകയാക്കണമെന്നോ ഒരിക്കലും പറയുകയുണ്ടായില്ല. അത് ഖുർആൻ വിശ്വാസികളായ നമ്മുടെ ഒരു മഹാഭാഗ്യമെന്നേ പറയേണ്ടൂ. കാരണം: ഖുർആനൊരിക്കലും അങ്ങിനെ പ്രയോഗിക്കാതിരിക്കെത്തന്നെ, ''നബിയുടെ സുന്നത്ത്'' ''നബിയുടെ മില്ലത്ത് '' ''നബിയുടെ ഹദീസ് '' ''നബിയുടെചര്യ'' എന്നിങ്ങനെ മാത്രം വാതോരാതെ പറയാൻ ശീലിച്ച മതപുരോഹിതന്മാർ ആ പ്രയോഗങ്ങളിലൊന്നെങ്കിലും ഖുർആനിൽ കണ്ടെത്തിയിരുന്നെങ്കിൽ സകല ഖുർആൻ വാദികളേയും അവർ ഏകകണ്ഠമായി കാഫിറാക്കുമായിരുന്നു. എന്നാൽ അല്ലാഹുവിന്റെ ദീർഘദൃഷ്ടി ഒന്നുകൊണ്ട് മാത്രമായിരിക്കണം അത്തരം പ്രയോഗങ്ങളിൽ നിന്നെല്ലാം വിശുദ്ധ ഖുർആനിനെ അല്ലാഹു സംശുദ്ധമാക്കാൻ കാരണമായത്.

# ഹദീസിനെ ഖുർആനിനേക്കാൾ മുന്തിയ പ്രമാണമാക്കാൻ പുരോഹിതന്മാർ കെട്ടിച്ചമച്ച 15 കള്ളവാദങ്ങൾ

1. "എല്ലാ പ്രവാചകൻമാർക്കും കിതാബും ഹിക്മത്തും നൽകി" എന്ന് ഖുർആൻ 3:81ലും മറ്റും പറഞ്ഞിരിക്കെ അവിടെയൊന്നും ഹിക്മത്തിന്ന് സുന്നത്ത് എന്ന് അർത്ഥം പറയാത്ത പുരോഹിതൻമാർ മുഹമ്മദ് നബിക്ക് കിതാബും ഹിക്മത്തും നൽകി എന്ന് പറഞ്ഞപ്പോൾ ഹിക്മത്തിന്റെ അർത്ഥം സുന്നത്ത് എന്നാണെന്ന് പച്ച ക്കള്ളം പറഞ്ഞു.

2. മതനിയമങ്ങളെപ്പറ്റിയെല്ലാം വിശദമായും ലളിതമായും വ്യക്തമായും പൂർണ്ണമാ യുമൊക്കെ ഖുർആൻ തന്നെ വിവരിച്ചിട്ടുണ്ടെന്ന് നൂറ്റിൽപരം സ്ഥലങ്ങളിൽ അല്ലാഹു ആവർത്തിച്ചുപറയുമ്പോൾ മതപുരോഹിതൻമാർ പറയുന്നത്: ഇസ്ലാമിന്റെ അടിസ്ഥാനവിഷയങ്ങളായ ഈമാൻ - ഇസ്ലാംകാര്യങ്ങൾ പോലും ഖുർആൻ വിവ രിച്ചത് പൂർണ്ണമല്ലെന്നും മതനിയമങ്ങളിൽ പകുതിപോലും ഖുർആൻ വിവരിച്ചിട്ടി ല്ലെന്നും ഖുർആനിൽ നിന്നതൊന്നും കണ്ട് പിടിക്കാനാർക്കും സാധ്യമല്ലെന്നും അതി നാൽ ഖുർആനിന്റെ വിവരണം പൂർണ്ണമാണെന്നും ലളിതമാണെന്നും സ്പഷ്ടമാ ണെന്നുമൊക്കെ പറയുന്നത് മുഴുവൻ ശരിയല്ലെന്നുമാണ്.

3. മതനിയമങ്ങളെപറ്റിയുള്ള അല്ലാഹുവിന്റെ വിവരണമാണ് ഏറ്റവും മുന്തിയതും സമ്പൂർണ്ണവുമെന്ന് ഖുർആൻ പ്രഖ്യാപിക്കുമ്പോൾ നബിയുടെ വിവരണമാണ് ഏറ്റവും മുന്തിയതും സമ്പൂർണ്ണവുമെന്നാണ് പുരോഹിതപിശാചുക്കൾ ഇക്കാലം വരെ മുസ്ലിംകളെ പഠിപ്പിച്ചത്.

4. ഖുർആൻ വിവരിക്കാത്ത മതനിയമങ്ങളൊന്നും മുസ്ലികൾക്ക് ബാധകമല്ലെന്ന് ഖു:5:101ഉം മറ്റും വ്യക്തമാക്കുമ്പോൾ ഖുർആൻ വിവരിക്കാത്ത പല നിയമങ്ങളും നബി വിവരിച്ചിട്ടുണ്ടെന്നും അതെല്ലാം സകല മുസ്ലിംകൾക്കും ബാധകമാണെന്നു



മാണ് പുരോഹിതന്മാരുടെ വാദം.

5. പൂർണ്ണമായ ഉറപ്പില്ലാത്ത തെളിവുകൾ മതകാര്യത്തിൽ പറയുന്നത് കടുത്ത ഹറാ മാണെന്ന് ഖുർആൻ ആവർത്തിക്കുമ്പോൾ പൂർണ്ണമായ ഉറപ്പില്ലാത്ത തെളിവുകൾ (ഏകസാക്ഷിഹദീസുകൾ) പറഞ്ഞു പ്രചരിപ്പിക്കലും അവ നടപ്പിലാക്കലും നിർബ ന്ധമാണെന്നാണ് പുരോഹിതന്മാരുടെ ഏകകണ്ഠമായ മദ്ഹബ്.

6. "നേരിട്ടു - കണ്ടു ; കേട്ടു എന്നിങ്ങനെയുള്ള "ശഹാദത്ത്" വഴിക്കാണ് മതം പ്രബോധനം ചെയ്യേണ്ടതെന്ന് ഖുർആൻ ആവർത്തിച്ചു കൽപിക്കുമ്പോൾ അത് വേണ്ട തില്ലെന്നും 'കണ്ടത്രെ' 'കേട്ടത്രെ' എന്നിങ്ങനെ വാറോലരൂപത്തിലുള്ള രിവായത്ത് വഴി മതം പ്രബോധനം ചെയ്താലും ധാരാളം മതി എന്നും അങ്ങിനെ പറ ഞ്ഞാൽതന്നെ അതൊക്കെ പ്രമാണമാക്കണമെന്നും പുരോഹിതൻമാർ ശാഠ്യം പിടി ക്കുന്നു.

7. മതകാര്യങ്ങളെപറ്റി "അഹ് ലുദ്ദിക്റി" നോട് (ഖുർആൻ പഠിച്ചവരോട്) ചോദി ക്കണമെന്ന് ഖുർആൻ ആജ്ഞാപിക്കുമ്പോൾ അല്ല, ഹദീസ് പഠിച്ചവരോടാണ് മത കാര്യങ്ങളെപറ്റി ചോദിക്കേണ്ടതെന്നും എങ്കിലേ അന്തിമമായ വിധിയറിയാൻ കഴിയൂ എന്നുമാണ് പുരോഹിതന്മാർ പറയുന്നത്.

8. മതകാര്യത്തിൽ ഖുർആനല്ലാതെ ഒറ്റ ഹദീസും വിശ്വസിക്കാൻ കൊള്ളില്ലെന്ന് ഖു: 7 : 185, 45 : 6, 77 : 50 എന്നീ സൂക്തങ്ങൾ വ്യക്തമാക്കുമ്പോൾ ബുഖാരിമുസ്ലി മിന്റെയും മറ്റും ഹദീസുകൾ ശരിക്കും വിശ്വസിക്കണമെന്നാണ് പുരോഹിതന്മാരുടെ വാദം.

9. അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കണമെന്ന് പറഞ്ഞാൽ അതിന്റെ ഉദ്ദേശം ഖുർആനിനെ അനുസരിക്കണമെന്നും ഖുർആനിൽ പറയാത്ത കാര്യങ്ങ ളാണെങ്കിൽ അതേപറ്റി ഹദീസുകൾ പരിശോധിക്കണമെന്നുമാണെന്ന് മതപുരോ ഹിതന്മാർ കള്ളം പറയുന്നു.

10. ഇബ്രാഹീംനബിയെ പിൻപറ്റണമെന്ന് ഖുർആൻ കൽപിച്ചതിന്റെ ഉദ്ദേശം

ഇബ്രാഹീം നബിയുടെ ഹദീസുകൾ പിൻപറ്റണമെന്നല്ലെന്നിരിക്കെ, മുഹമ്മദ് നബിയെ പിൻപറ്റണമെന്ന് കൽപിച്ചതിന്റെ ഉദ്ദേശം മുഹമ്മദ് നബിയുടെ ഹദീസുകൾ പിൻപറ്റണമെന്നാണെന്ന് പുരോഹിതൻമാർ ശുദ്ധനുണ പറയുന്നു. വാസ്തവത്തിൽ അത് രണ്ടിന്റെയും ഏകലക്ഷ്യം ഖുർആൻ വിവരിച്ചുതന്ന സാക്ഷാൽ മില്ലത്ത് പിൻപറ്റണമെന്നാണെന്ന പരമസത്യത്തെ മുഹമ്മദ് നബിയുടെ കാര്യത്തിൽ ഖുർആൻ 7 : 157 - ൽ അല്ലാഹു പ്രത്യേകം വ്യക്തമാക്കിപ്പറഞ്ഞിട്ടും പുരോഹിതപ്പരിഷകൾ പറ്റെ നിഷേധിക്കുകയാണെന്ന് താൽപര്യം.

11. അല്ലാഹുവിന്റെ കിതാബുകളായ തൗറാത്തിലും ഇഞ്ചിലിലുമൊക്കെ ജൂതന്മാരും മറ്റും കള്ളം കലർത്തിയതിനാലാണ് അതൊക്കെ പുറം തള്ളേണ്ടിവന്നതെന്ന് ഖുർആൻ പഠിപ്പിക്കുമ്പോൾ അല്ലാഹുവിന്റെയോ റസൂലിന്റെയോ കിതാബുകളല്ലാത്ത ബുഖാരി, മുസ്ലിം പോലുള്ളതിൽ കള്ളം കലർന്നിട്ടുണ്ടെങ്കിലും ആ കിതാബുകളൊന്നും ഒരിക്കലും പുറംതള്ളേണ്ടതില്ലെന്നാണ് പുരോഹിതവർഗ്ഗത്തിന്റെ ഏകകണ്ഠമായ തീരുമാനം.

12. ഖുർആനും ഹദീസും തമ്മിൽ വ്യത്യാസം കണ്ടാൽ ഖുർആൻ മുറുകെ പിടിച്ചുകൊണ്ട് ഹദീസ് തള്ളിക്കളയണമെന്നതാണ് ഇസ്ലാമിന്റെ അടിസ്ഥാന സിദ്ധാന്തമെന്നിരിക്കെ, അങ്ങിനെ കാണുന്നിടത്ത് ഹദീസ് മുറുകെ പിടിച്ചുകൊണ്ട് ഖുർആൻ തള്ളിക്കണയണമെന്നതാണ് പുരോഹിതന്മാർ സ്വീകരിച്ച ഏകനിലപാട്. ഖുർആനിലെ മൂന്ന് നേര നമസ്ക്കാരം അവർ പറ്റെ തള്ളിക്കളയാനും കള്ളഹദീസിലെ അഞ്ച് നേര നമസ്ക്കാരം അവർ മുറുകെ പിടിക്കാനും മറ്റും കാരണമതാണ്.

13. ബുദ്ധിയുള്ള സകല മനുഷ്യർക്കും മനസ്സിലാവണമെന്ന നിർബ്ബന്ധത്തിലാണ് ഖുർആൻ മതനിയമങ്ങൾ വിവരിച്ചിട്ടുള്ളതെന്ന് അല്ലാഹു ആവർത്തിച്ചു പറയുമ്പോൾ നബിക്കല്ലാതെ മറ്റാർക്കും ഖുർആൻ മനസ്സിലാവണമെന്നില്ലെന്നാണ് പുരോഹിതന്മാരുടെ കുഫ്റ് വാദം. ഖുർആനിലാണെങ്കിലോ നബിക്ക് മനസ്സിലാവാൻ വേണ്ടിയാണ് ഖുർആൻ അവതരിപ്പിച്ചതെന്ന് പറയുന്ന ഒറ്റ ആയത്തും ഇല്ലതാനും.

14. ഇത്വാഅത്തും ഇത്തിബാഉം രണ്ടാണെന്ന് ഖുർആൻ വ്യക്തമാക്കുമ്പോൾ അത് രണ്ടും ഒന്നാണെന്നാണ് ലോകപുരോഹിതന്മാരെല്ലാം പറയുന്നത്. നബി ഭരണാധികാരിയായിരുന്നപ്പോൾ നബിയെ അനുസരിച്ചു ജീവിക്കാൻ ഖുർആൻകൽപിച്ചു എന്ന



ഏക കാരണത്താൽ നബിയുടെ മരണശേഷവും ആ അനുസരണം തുടരണമെന്ന് വാദിക്കാനും അത് സാധ്യമാവണമെങ്കിൽ ഖുർആനിന്ന് പുറമെ നബിയുടെ ഹദീസുകളും കൂടി എഴുതിവെക്കൽ നിർബ്ബന്ധമാണെന്ന് സ്ഥാപിക്കാനുംവേണ്ടിയാണ് ഇത്വാഅത്തിന്റെ സാക്ഷാൽഅർത്ഥം അവർ അട്ടിമറിച്ചതും ഇത്തിബാഇന്റെ സാക്ഷാൽ ഉദ്ദേശം (ഖുർആൻ വ്യക്തമാക്കിയത്) അവർ മൂടിവെച്ചതും പകരം ഖുർആൻ വിരുദ്ധമായ അർത്ഥം സങ്കൽപ്പിച്ചുകൊണ്ട് ആ രണ്ട് പദത്തെയും അവർ ദുർവ്യാഖ്യാനം ചെയ്തതുമൊക്കെ.

15. ഖുർആൻ മുറുകെ പിടിക്കണമെന്നാണ് 10 സ്ഥലത്ത് ഖുർആൻ ആവർത്തിച്ചു പറഞ്ഞതെന്നിരിക്കെ ഹദീസ് മുറുകെ പിടിക്കണമെന്ന് ഖുർആനൊരിടത്തും പറയാതെയുമിരിക്കെ, ഹദീസുകൾ മുറുകെ പിടിക്കണമെന്നാണ് പുരോഹിതപ്പരിഷകൾ വാദിക്കുന്നത്. ഖുർആനിനേക്കാൾ സ്പഷ്ടവും പൂർണ്ണവുമായ വിവരണം ഹദീസിലാണെന്ന് വിശ്വസിക്കുന്ന ഖുർആൻനിഷേധികൾക്കങ്ങിനെയല്ലാതെ പറയാനൊക്കുകയുമില്ലല്ലോ.

ഖുർആനിന്റെ വിശദീകരണം പുർണ്ണമല്ലാത്തതിനാൽ ഇസ്ലാമിന്റെ അന്തിമമായ പ്രമാണം ഹദീസുകളാണെന്നും ഹദീസുകളെ മാറ്റിനിർത്തിയാൽ ഇസ്ലാമിന്റെ ഭൂരിഭാഗനിയമങ്ങളും നഷ്ടപ്പെടുമെന്നും മറ്റും മുസ്ലിംകളെ വിശ്വസിപ്പിക്കാൻവേണ്ടി പുരോഹിതവർഗ്ഗം ആദ്യംമുതലേ സമുദായത്തെ പഠിപ്പിച്ചുപോന്നതും ഇപ്പോഴും പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ ഖുർആൻവിരുദ്ധ കള്ളസിദ്ധാന്തങ്ങളിൽ പ്രധാനപ്പെട്ട ചിലതാണ് മുകളിൽ വിവരിച്ചത്. അത്തരം ജൂതായിസങ്ങളിൽ വിശ്വസിക്കുന്ന സമുദായാംഗങ്ങൾ അഹ്ലുൽ ഖുർആൻ എന്നപേര് കേൾക്കുമ്പോഴൊക്കും അകന്നകന്ന് പോകുന്നതിലും അതേസമയം അഹ്ലുൽ ഹദീസ് എന്ന നാം കേൾക്കുമ്പോൾ അടുത്തടുത്ത് വരുന്നതിലും എന്താണൽഭുതപെടാനുള്ളത്. ഒന്നുമില്ല. അത് കേവലം സ്വാഭാവികം മാത്രമാണ്. മേൽവിവരിച്ച ജൂതസിദ്ധാന്തങ്ങളെ ഖുർആൻ കൊണ്ടടിച്ചു തകർത്തെങ്കിലല്ലാതെ, കള്ളപ്രമാണമായ ഹദീസിൽനിന്നവരെ പിന്തിരിക്കുവാനോ സത്യപ്രമാണമായ ഖുർആനിലേക്കവരെ നയിക്കുവാനോ ഒറ്റ പ്രബോധകനും സാധ്യമാവുകയില്ല. അതിനാൽ മേൽവിവരിച്ചത് പോലുള്ള കള്ള സിദ്ധാന്തങ്ങളെപറ്റി സമുദായത്തെ ബോധവാന്മാരാക്കുകയാണ് നാമാദ്യം ചെയ്യേണ്ടത്. എങ്കിൽ അൽപമെങ്കിലും ഈമാനുള്ളവർ ഖുർആനിലേക്ക് - ഖുർആനികാദർശസിദ്ധാന്തങ്ങളിലേക്ക് - ആകർഷിക്കപ്പെടുമെന്ന കാര്യം തീർച്ചയാണ്.

# “നബിയെ അനുസരിച്ചാൽ അല്ലാഹുവിനെ അനുസരിച്ചു” എന്നതിന്റെ വിവക്ഷയെന്ത് ?

അല്ലാഹുവിനെ അനുസരിച്ചാൽ നബിയെ അനുസരിച്ചു എന്ന് പറയാതെ നബിയെ അനുസരിച്ചാൽ അല്ലാഹുവിനെ അനുസരിച്ചു എന്ന് പറയുന്നത് തലതിരിഞ്ഞ പ്രയോഗമല്ലേ എന്ന് ചിലർക്ക് സംശയമുണ്ടായേക്കാം. കാരണം ; സാക്ഷാൽ അനുസരണം വേണ്ടത് അല്ലാഹുവിനാണല്ലോ. അല്ലാഹുവിനെ അനുസരിക്കുന്നതിൽ നബിയെ അനുസരിക്കലും ഉൾപ്പെടുന്നുവെന്ന് മാത്രം. അങ്ങിനെയാകുമ്പോൾ നബിയെ അനുസരിച്ചാൽ അല്ലാഹുവിനെ അനുസരിച്ചു എന്നിങ്ങനെ നബിയെ മുന്തിച്ചു പറയുന്നത് ശരിയാണോ എന്നതാണ് സംശയത്തിന്റെ കാതലായ വശം. സംശയം ശരിക്കും സ്ഥാനത്ത് തന്നെയാണെന്നാണ് നമുക്കും പറയാനുള്ളത്. എങ്കിൽ പിന്നെന്തിനാണിങ്ങനെ പറയുന്നതെന്നോ? അത് വിവരിക്കാം.

മതപരമായ കാര്യങ്ങളിൽ അല്ലാഹുവിനെമാത്രമാണ് നിരുപാധികം അനുസരിക്കേണ്ടതെന്ന കാര്യത്തിലും ആ അനുസരണത്തെയാണ് എപ്പോഴും മുന്തിച്ചു പറയേണ്ടതെന്ന വിഷയത്തിലും ആർക്കും തർക്കമില്ല. 30ഓളം സ്ഥലങ്ങളിൽ ഖുർആൻ ആ മാതൃക കാണിച്ചു തന്നിട്ടുമുണ്ട്. പക്ഷേ, 4:80ൽ മാത്രം ഖുർആൻ ആ ശൈലിയൊന്ന് മാറ്റിപ്പറയുകയാണ് ചെയ്തത്. അതിന്റെ രഹസ്യമെന്തെന്ന് നാം ചിന്തിക്കേണ്ടതുണ്ട്. അങ്ങിനെ ചിന്തിക്കുമ്പോൾ വളരെ വ്യക്തമായൊരു യാഥാർത്ഥ്യം നമിക്കിവിടെനിന്ന് ഗ്രഹിക്കാവുന്നതാണ്. പക്ഷേ, പുരോഹിതവർഗ്ഗത്തിലെ ഒറ്റ വ്യക്തിയും ഇക്കാലംവരെ നമുക്കതൊന്നും പറഞ്ഞുതന്നില്ലെന്ന് മാത്രം. ആ യാഥാർത്ഥ്യമെന്തെന്ന് ശ്രദ്ധിക്കുക. !

ഖുർആൻ 4-ാം അദ്ധ്യായത്തിൽ യുദ്ധത്തെപ്പറ്റിയും മുസ്ലിംകൾ യുദ്ധത്തിൽ പങ്കെടുക്കേണ്ട ബാധ്യതയെപ്പറ്റിയും മറ്റും വിശദമായി വിവരിക്കുന്നുണ്ട്. അന്നത്തെ മുസ്ലിംസൈന്യത്തിന്റെ സർവ്വാധിപതി നബിതിരുമേനിയായിരുന്നല്ലോ.



അന്നിലയിൽ യുദ്ധത്തോട് ബന്ധപ്പെട്ട ഗൗരവമേറിയ പല ഉത്തരവുകളും അതാത് സന്ദർഭങ്ങളിൽ നബിക്ക് പുറപ്പെടുവിക്കേണ്ടതുണ്ടായിരുന്നു. അതൊന്നും തന്നെ ഖുർആനിലൂടെയുള്ള കൽപനകളായിരുന്നില്ലതാനും. അഥവാ വ്യത്യസ്ഥ സന്ദർഭങ്ങളിൽ വ്യത്യസ്ഥ യുദ്ധമുറകളോടുകൂടി നടത്തപ്പെടേണ്ടിയിരുന്ന സമരങ്ങളെപറ്റിയോ അതിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെസ്സംബന്ധിച്ചോ ഖുർആൻ പ്രത്യേകം പ്രത്യേകം നിർദ്ദേശങ്ങളവതരിപ്പിച്ചിരുന്നില്ലെന്ന് താൽപര്യം. പിന്നെയോ? സന്ദർഭമനുസരിച്ച് നബിതന്നെ സ്വയം കണ്ടുപിടിക്കേണ്ട അത്തരം നയതന്ത്രങ്ങളേയും ഭരണകാര്യങ്ങളെപറ്റിയും ഖുർആൻ അവതരിക്കുന്നത് കാത്തിരിക്കരുതെന്നും മറിച്ച്, കൂടെയുള്ള സത്യവിശ്വാസികളോട് അതാത് സന്ദർഭങ്ങളിൽകൂടിയാലോചിച്ച് തീരുമാനമെടുക്കുക മാത്രമാണ് ചെയ്യേണ്ടതെന്നും ഖു: 3 : 159ലും, 42 : 38ലും മറ്റും അല്ലാഹു നബിയോടാജ്ഞാപിക്കുകയാണ് ചെയ്തിരിക്കുന്നത്. അപ്പോൾ ഭരണപരമായ നബിയുടെ ഉത്തരവുകളേതാനും ഖുർആനിൽ കണ്ടെത്താൻ സാധ്യമല്ലെന്ന് സാരം. അതായത്: നബിയിൽനിന്ന് മാത്രമാണ് സ്വഹാബിമാർക്കതെല്ലാം കേൾക്കാൻ കഴിയുക. ഭരണകാര്യങ്ങളിൽ അതാണ് സ്ഥിതി എങ്കിലും മതപരമായ വിശ്വാസാചാരങ്ങളും ആദർശസിദ്ധാന്തങ്ങളുമൊക്കെ ഖുർആനിലൂടെതന്നെ വിശദീകരിക്കണമെന്ന നിർബന്ധം അല്ലാഹുവിന്നുണ്ടായിരുന്നു. അത്കൊണ്ടാണ് അത്തരം വിഷയങ്ങളിൽ പൊതുവെ, അനുസരിക്കേണ്ടകാര്യം പറയുമ്പോളൊക്കെ (30 ഓളം സ്ഥലത്ത്) അല്ലാഹുവിനെമാത്രം മുന്തിച്ചുപറയാനും മറിച്ച് യുദ്ധസംബന്ധമായ ഭരണകാര്യങ്ങളെപറ്റി പ്രതിപാദിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ (4 : 80ൽ) മാത്രം പതിവിന്ന് വിപരീതമായി നബിയെ മുന്തിച്ചു പറയാനും കാരണമായത്. വിഷയം ഒന്നുകൂടി വ്യക്തമാക്കുന്നത് നല്ലതാണെന്ന് തോന്നുന്നു. അത് ശ്രദ്ധിക്കുക!

ഓരോ യുദ്ധഘട്ടത്തിലും ഇന്നിന്ന ആളുകൾ ഇന്നിന്നതൊക്കെ (പണം, ഭക്ഷ്യസാധനം, ആയുധം, കുതിര, ഒട്ടകം മുതലായവ) നിർബ്ബന്ധപൂർവ്വം കൊണ്ടുവരണമെന്നും ഓരോഭാഗത്തേക്കും സൈന്യത്തിലെ ഓരോ പ്രത്യേകവിഭാഗം പോകണമെന്നും അങ്ങിനെ ലക്ഷ്യസ്ഥാനത്തെത്തിക്കഴിഞ്ഞാൽ ഇന്നിന്ന രൂപത്തിലൊക്കെ പ്രവർത്തിക്കണമെന്നുമെല്ലാം സാഹാബികളോട് നിർദ്ദേശിക്കൽ നബിയുടെ ചുമതലയിൽപെട്ടതാണല്ലോ. പക്ഷേ, അത്തരം നിർദ്ദേശങ്ങളൊന്നും ഖുർആനിലെവിടെയും കാണുകയില്ല. അക്കാരണം പറഞ്ഞുകൊണ്ട് തന്നെ സഹാബികൾക്കിടയിലെ പല കപടൻമാരും നബിയുടെ ആ നിർദ്ദേശങ്ങളൊന്നും വേണ്ടത്ര മാനിക്കാറുമില്ല. എന്നല്ല. പലപ്പോഴും അവരതിനെയെല്ലാം ധിക്കരിക്കാറുമുണ്ട്. ഉഹ്ദ് യുദ്ധ

ത്തിലും മറ്റും മുസ്ലിംകൾക്ക് സാരമായ നാശവും പരാജയവും പറ്റാനുണ്ടായിരുന്ന കാരണമതായിരുന്നു. തൽസംബന്ധമായി ഖുർആൻ വേണ്ടത്ര ആക്ഷേപിക്കുകയും ചെയ്തു.

ചുരുക്കത്തിൽ യുദ്ധവേളയിലുള്ള നബിയുടെ ഭരണപരമായ കൽപനകളെ (ഖുർആൻ വ്യക്തമാക്കാത്തവയെ) അനുസരിക്കേണ്ടതില്ലെന്നും അല്ലാഹുവിനെ അനുസരിക്കണമെന്ന് പറഞ്ഞതിൽ അതൊന്നും പെടുകയില്ലെന്നും മറ്റുമായിരുന്നു അക്കാലത്തെ മുനാഫിഖുകളുടെയും മറ്റും വാദം. ആ വാദത്തെ ഖണ്ഡിക്കുവാനും അവരുടെ വായ മൂടിക്കെട്ടാനും വേണ്ടിയാണ് നബിയെ അനുസരിക്കുന്നവരൊക്കെ യഥാർത്ഥത്തിൽ അല്ലാഹുവിനെയാണനുസരിക്കുന്നതെന്ന് യുദ്ധത്തെപ്പറ്റി പ്രതിപാദിച്ച സ്ഥലത്ത് മാത്രമായി (4:80ൽ) അല്ലാഹു വെട്ടിത്തുറന്ന് പറഞ്ഞതും. അവിടെ അങ്ങിനെയല്ലാതെ പറയാൻ പറ്റുകയുമില്ല. അതായത് : നബിയെയും മറ്റും അനുസരിക്കണമെന് പറയുന്നതിന്ന് മുമ്പായി "അല്ലാഹുവിനെ അനുസരിക്കണം" ; "സൂക്ഷിക്കണം" എന്നിങ്ങനെ ഖുർആനിൽ 30ഓളം സ്ഥലത്ത് പറഞ്ഞിട്ടുണ്ടെങ്കിലും മേൽപറഞ്ഞ സ്ഥലത്ത് അങ്ങിനെ പറയുന്നതിലർത്ഥമില്ല `കാരണം : ഓരോ യുദ്ധത്തെ സംബന്ധിച്ചുമുള്ള ആജ്ഞാനിർദ്ദേശങ്ങളൊക്കെ ഖുർആനിലുണ്ടെങ്കിലല്ലേ ആ വിഷയത്തിൽ അല്ലാഹുവിനെ അനുസരിക്കണമെന്ന് പറയുന്നതിലർത്ഥമുള്ളൂ. അത്തരം ഒറ്റ നിർദ്ദേശവും അവതരിച്ചിട്ടില്ലാത്ത സന്ദർഭത്തിൽ അങ്ങിനെപറയേണ്ട ആവശ്യമെന്തുണ്ട് ? മാത്രമല്ല, അങ്ങിനെപറഞ്ഞാലത് മേൽപറഞ്ഞ മുനാഫിഖുകൾക്കുള്ള വായടപ്പൻ മറുപടി ആവുകയുമില്ല. അതാവണമെങ്കിൽ "നബിയെ അനുസരിക്കൽതന്നെയാണ് അല്ലാഹുവിനെ അനുസരിക്കലെ"ന്ന് ഊന്നിപ്പറയുക തന്നെ വേണം. അത് തന്നെയാണ് 4:80ൽ അല്ലാഹു ചെയ്തതും.

ആകെയാൽ "ആരെങ്കിലും നബിയെ അനുസരിച്ചാൽ അവർ തീർച്ചയായും അല്ലാഹുവിനെ അനുസരിച്ച്" എന്ന് ഖുർആനിൽ ഓരേഒരു സ്ഥലത്ത് (യുദ്ധത്തെപ്പറ്റി പറഞ്ഞസ്ഥലത്ത് മാത്രം) പറഞ്ഞത് വളരെ അർത്ഥഗർഭവും തികച്ചും സന്ദർഭോചിതവുമായിരിക്കുന്നു. അതേപോലെ "യത്തബിഅ്" (അനുകരിച്ചാൽ) എന്നുപറയാതെ "യുത്വിഅ്" (അനുസരിച്ചാൽ) എന്നുപറഞ്ഞതും വളരെ സൂക്ഷ്മമായ പ്രയോഗമായിട്ടുണ്ട്. കാരണം : യുദ്ധവേളയിലും മറ്റുമായി നബി പുറപ്പെടുവിച്ചിരുന്ന ഭരണസംബന്ധമായ ഉത്തരവുകളൊക്കെ നബി, ഭരണാധികാരിയായി നിലകൊണ്ടിരുന്ന കാലത്തേക്ക് മാത്രം ബാധകമാണെന്ന് ആ പ്രയോഗം വ്യക്തമാ



ക്കിയത്കൊണ്ട് തന്നെ. അക്കാലത്തെ യുദ്ധമുറകളും അതനുസരിച്ചുള്ള കൽപനകളുമൊക്കെ പിൽക്കാലത്തേക്ക് പൊതുവെ പ്രയോഗികമോ ഫലപ്രദമോ ആവുകയില്ലെന്ന് ബുദ്ധയുള്ളവർക്കെല്ലാം അറിയാവുന്നതുമാണല്ലോ. അപ്പോൾ 4: 80ലെ "വമൻ യുത്വി ഇല്ലാഹ ഫഖദ് അത്വാ അല്ലാഹ" എന്ന ആയത്തോതിക്കൊണ്ട് ഹദീസുകളെ ഇസ്ലാമിന്റെ ഒരു ശാശ്വത പ്രമാണമാക്കാൻ മെനക്കെടുന്നത് ഖുർആനിന്റെ ശരിയായ ഉദ്ദേശം മനസ്സിലാക്കത് കൊണ്ടോ അല്ലെങ്കിൽ മനസ്സിലാക്കിയിട്ടും തങ്ങളുടെ "വാറോലമതം" നിലനിർത്തണമെന്ന ദുർമോഹംകൊണ്ടോ മാത്രം ചെയ്യുന്ന വിക്രിയയോ കപടത്തരമോ ആണെന്ന് ബുദ്ധിയും വിവേകവുമുള്ളവരൊക്കം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

# ദുർവ്യാഖ്യാനം ചെയ്യപ്പെടുന്ന മറ്റൊരായത്ത് കൂടി

വാറോലഹദീസുകൾ പ്രമാണമാക്കാൻവേണ്ടി ചില പുരോഹിതൻമാർ ദുർവ്യാഖ്യാനം ചെയ്യാറുള്ള മറ്റൊരു ഖുർആൻ സൂക്തവും കൂടിയുണ്ട്. അതും വിവരിക്കേണ്ടതത്യാവശ്യമാണ്. അതിനാൽ ആ ദുർവ്യാഖ്യാനവും അതിന്റെ ഖണ്ഡനവും ശ്രദ്ധിക്കുക.

"വമാ ആതാ ക്കുമുർ റസൂലു ഫഖുദൂഹു: വമാനഹാക്കും അൻഹു, ഫന്തഹൂ."

ഇതാണാസൂക്തം. അതിന്റെ അർത്ഥമിപ്രകാരമാണ്. റസൂൽ നിങ്ങൾക്ക് നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നാണോ നിരോധിച്ചതെങ്കിൽ അത് വെടിയുകയും ചെയ്യുക (ഖു: 59 : 7)

മുസ്ലിംകളോട് യുദ്ധം ചെയ്യാൻ തയ്യാറെടുത്ത ശത്രുക്കൾ, യുദ്ധം ചെയ്യാതെ ഭയപ്പെട്ടു പിൻമാറുന്ന ഘട്ടത്തിൽ അവർ വിട്ടേച്ചുപോവുന്ന സമ്പത്ത് കൈകാര്യം ചെയ്യേണ്ടതെങ്ങിനെ എന്നതിനെപറ്റി ഖുർആൻ നൽകിയ മഹത്തായ നിർദ്ദേശമാണ് മേൽസൂക്തത്തിലുള്ളത്. അതായത് : പ്രസ്തുത സമ്പത്തിൽനിന്ന് നബി എന്താണോ നിങ്ങൾക്ക് വീതിച്ചുതരുന്നതെങ്കിൽ അത് മാത്രമേ നിങ്ങൾ സ്വീകരിക്കാവൂ എന്നും

അതിൽ നിന്ന് നിങ്ങൾക്കെടുക്കാൻ പാടില്ലാത്തതായി നബി വല്ലതും വിലക്കിയിട്ടു ണ്ടെങ്കിൽ അതൊന്നും നിങ്ങൾ തൊട്ടുപോവരുതെന്നും ആജ്ഞാപിക്കുക മാത്ര മാണ് പ്രസ്തുത ആയത്തിൽ അല്ലാഹു ചെയ്തിരിക്കുന്നത്. ആയത്തിന്റെ അർത്ഥവും ഉദ്ദേശവും മേൽവിവരിച്ചതാണെന്നതിൽ ഖുർആൻ പഠിച്ചവർക്കിടയിൽ തർക്കമില്ലാത്ത കാര്യമാണ്. അഹ്‌ലുൽഹദീസുകാരും അതെല്ലാം സമ്മതിക്കുന്നു മുണ്ട്. എങ്കിലും അവരിലെ ചില ''ഹദീസ്പൂജാരികൾ'' പറയുന്നതെന്തെന്നല്ലേ: നബി നിങ്ങൾക്ക് നൽകിയത് സ്വീകരിക്കണമെന്ന് പറഞ്ഞതിൽ ബുഖാരിയും മുസ്ലി മുമൊക്കെ എഴുതിവെച്ച ഹദീസുകളും പെടുമെന്നാണ്. ഖുർആൻ വ്യാഖ്യാനിക്കു ന്നതിന്റെ കോലം നോക്കുക ! ആയത്തിന്റെ അർത്ഥവും ആശയവും ഇന്നതാണെന്ന് ശരിക്കും വ്യക്തമാക്കുന്ന തരത്തിൽ സന്ദർഭവും പശ്ചാത്തലവുമൊക്കെ ഖുർ ആൻതന്നെ കണിശമായി വിവരിച്ചുതന്നിട്ടും അതൊന്നും വകവെക്കാതെ മേൽആ യത്തിനെ വാറോലഹദീസുകൾ പ്രമാണമാക്കേണ്ടതിലേക്ക് തെളിവാക്കാനൊരുമ്പെട്ട പുരോഹിതവർഗ്ഗത്തെ ഖുർആൻ അട്ടിമറിക്കാരും ജൂത താവഴിക്കാരുമായി മുദ്ര കുത്തുകയല്ലാതെ മറ്റെന്താണ് നാം ചെയ്യുക ? നിങ്ങളൊരിക്കലും എഴുതിവെക്ക രുതെന്ന് നബി വിലക്കുകയും സഹാബികളാരും എഴുതിവെക്കാതെ പറ്റെ പാഴാ ക്കിക്കളയുകയും ചെയ്ത ഹദീസുകളെപ്പറ്റി- അല്ല, അവക്കെല്ലാം എതിരായിക്കൊണ്ട് തനി ജൂതക്കമ്പിനിക്കാർ പിന്നീട് കെട്ടിപ്രചരിപ്പിച്ച കള്ളഹദീസുകളെപ്പറ്റി- ആണ് ''നബി നിങ്ങൾക്ക് തന്നേൽപ്പിച്ച ഹദീസുകൾ'' എന്ന് ആ പുരോഹിതപ്പിശാചുക്കൾ ഖുർആനിലൂടെ വ്യാഖ്യാനിക്കുന്നത്. ഇതിലും കടുത്ത ദുർവ്യാഖ്യാനം വേറെവല്ലതു മുണ്ടോ?

## ജിഹാദിന്റെ ആയത്തുകളെ വാറോലകൾ പ്രമാണമാക്കാനുള്ള തെളിവുകളാക്കി!

''അല്ലാഹുവിന്റെ റസൂലിൽ നിങ്ങൾക്കുത്തമ മാതൃകയുണ്ടെ''ന്നും ''റസൂ ലിനെ അനുസരിച്ചാൽ അല്ലാഹുവിനെ അനുസരിച്ചെ''ന്നും ''റസൂൽ തന്നതെല്ലാം നിങ്ങൾക്ക് സ്വീകരിക്കാ''മെന്നുമൊക്കെ പ്രഖ്യാപിച്ച ഖുർആൻ സൂക്തങ്ങളോരോന്നും ജിഹീദിന്റെ വിഷയത്തിൽമാത്രം അവതരിച്ചതാണെന്ന് ഖുർആൻകൊണ്ട് തന്നെ നാം



കണിശമായും തെളിയിച്ചുകഴിഞ്ഞു. പക്ഷേ, അബൂഹുറയ്റാ താവഴിക്കാരെല്ലാം അവയുടെ സ്ഥാനവും സന്ദർഭവുമൊക്കെ അട്ടിമറിച്ചുകൊണ്ട് തെറ്റിച്ചർത്ഥം വെക്കു കയും അവരുടെ ''ഏറ്റവും മുന്തിയ പുണ്യകർമ്മ''മായ (ജിഹാദിനേക്കാൾ 70ഡിഗ്രി താഴയുള്ള - പുരോഹിതന്മാരുടെ ഏറ്റവും വലിയ കച്ചവടച്ചരക്കായ) ''ജൂതനമ സ്ക്കാരക്കണക്കി''ന്ന് തെളിവുണ്ടാക്കാൻ വേണ്ടി, വാറോലകൾ പ്രമാണമാക്കാനുള്ള തെളിവാക്കുകയുമാണ് ചെയ്തിരിക്കുന്നത്. എന്ന് പറഞ്ഞാൽ: ജിഹാദിന്ന് പരമപ്ര ധാന്യം കൽപ്പിക്കാൻവേണ്ടി ഖുർആൻ ഊന്നിപ്പറഞ്ഞ ഭാഗങ്ങൾ പറ്റെ അടർത്തിയെ ടുത്തുകൊണ്ട് പുരോഹിതന്മാരുണ്ടാക്കിയ നമസ്ക്കാരത്തിലേക്കും നോമ്പിലേക്കു മൊക്കെ (ഖുർആൻ പഠിപ്പിച്ച നസ്ക്കാരത്തിലേക്കോ, നോമ്പിലേക്കോ അല്ല) വലിച്ചു നീട്ടുകയാണ് ചെയ്തിരിക്കുന്നത്. ഖുർആൻ പഠിപ്പിച്ച പ്രധാന ഇസ്ലാംകാര്യങ്ങ ളിൽ നിന്ന് ആദ്യമേ ജിഹാദ്കട്ട പുരോഹിതവർഗ്ഗം ജിഹാദിന്റെ ആയത്തുകളിൽ തിരിമറിയും അട്ടിമറിയും നടത്തുന്നതിലെന്താണൽഭുതപ്പെടാനുള്ളത്. ഒന്നുമില്ല. അതെല്ലാം ഖുർആനില്ലാത്ത സുന്നത്ത് ജമാഅത്തിന്റെ സ്ഥിരം തൊഴിലാണെന്ന്മാത്രം മനസ്സിലാക്കിയാൽ മതി. ഖുർആൻ എന്ന നാമം പോലും അവരുടെ സംഘടനാനാ മങ്ങളിൽനിന്നെല്ലാം അവർ വലിച്ചെറിഞ്ഞത് വെറുതെയാണോ? ഖുർആനിലേക്കൊ രുകാലത്തും സമുദായത്തിന്റെ ശ്രദ്ധ തിരിയരുതെന്നും ഖുർആനിന്റെ നാമംപോലും ലോകത്ത് പ്രചാരത്തിലാവരുതെന്നുമുള്ള ദുഷ്ടബുദ്ധിയോടെ മാത്രമായിരുന്നു ആ ബഹിഷ്ക്കരണങ്ങളെല്ലാം തന്നെ. ഹദീസിൻരെയും മദ്ഹബിന്റയും ത്വരീഖത്തി ന്റെയുമൊക്കെ പേരുകൾ വേണ്ടത്ര പ്രചാ രത്തിലാക്കാനും അവർ സംഘടിതമായ ശ്രമം നടത്തി. ആ ജൂതാസുകളുടെ ആഗ്രഹംപോലെത്തന്നെ കാര്യങ്ങളൊക്കെ നീങ്ങുകയും ചെയ്തു. പക്ഷേ, ഖുർആനാകുന്ന ദിവ്യപ്രകാശത്തെ പറ്റെ കെടു ത്തിക്കളയാൻ അവർക്ക് കഴിഞ്ഞില്ലെന്ന് മാത്രം ഇനിയും കഴിയുകയുമില്ല. ഈ ഇരുപതാം നൂറ്റാണ്ടിൽ ലോകഭാഷകളിലേക്കെല്ലാം ഖുർആൻ വിവർത്തനം ചെയ്യ പ്പെട്ടതോടെ ലോകമുസ്ലിംകളെ ഖുർആനിലേക്കാകർഷിക്കപ്പെടുന്നതായാണ് നമു ക്കിന്ന് കാണാൻ കഴിയുന്നത്. എങ്കിലും, അബൂഹുറയ്റാ കമ്പനിക്കാരുടെ കള്ള ഹദീസുകളിലൂടെയുള്ള കള്ള വ്യാഖ്യാനങ്ങളിൽ നിന്ന് സംശുദ്ധമാക്കപ്പെട്ട ഒരുത്തമ ഖുർആൻ പരിഭാഷക്ക് വേണ്ടി ഇനിയും നാം കാത്തിരിക്കേണ്ടതുണ്ടെന്ന് മാത്രം.

# “മുഅൻഅനാ”യ ഹദീസുകൾ മുഴുവനും വാറോലകൾ

നബിയിൽ നിന്ന് നേരിട്ട് കേട്ടതാണെന്നോ കണ്ടതാണെന്നോ സാക്ഷിപ്പെടുത്തിക്കൊണ്ട് സത്യസന്ധരായ രണ്ട് സഹാബിമാരെങ്കിലും റിപ്പോർട്ട് ചെയ്ത ഹദീസുകളേ പരിഗണനക്കെടുക്കാൻ പാടുള്ളൂവെന്നതാണ് ഖുർആനിലെ 108 ആയത്തുകൊണ്ട് ആവർത്തിച്ചുറപ്പിക്കപ്പെട്ട - ഉറപ്പും വിശ്വാസവുമുള്ള തെളിവുകളേ മതത്തിൽ പ്രമാണമാക്കാവൂ എന്ന - അടിസ്ഥാനസിദ്ധാന്തത്തിലൂടെ “അബൂഹുറയ്റയുടെ തനിനിറം” എന്ന ഗ്രന്ഥത്തിൽ മുമ്പ് നാം ശക്തിയായി സ്ഥാപിച്ചുപോയത്. എന്നിരിക്കുമ്പോൾ ‘കണ്ടെന്നോ’ ‘കേട്ടെ’ന്നോ തീരെ വ്യക്തമാക്കാതെ ഇന്നയാൾ മറ്റയാളിൽനിന്ന് എന്നിങ്ങനെ “അൻഅനത്ത്” വഴി നിവേധനം ചെയ്യപ്പട്ടെ ഒറ്റ ഹദീസും പരിഗണിക്കാനേ പാടില്ലെന്നകാര്യം തീർച്ചയാണ്. കാരണം: അൻഅനത്ത് വഴി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒറ്റ ഹദീസും നേരിട്ട് കേട്ടതാണെന്നോ കണ്ടതാണെന്നോ ഉള്ളതിന്ന് യാതൊരു തെളിവുമില്ലെന്ന കാര്യത്തിൽ അറബീഭാഷാപണ്ഡിതന്മാർക്കും അറബീസാഹിത്യകാരൻമാർക്കുമിടയിൽ - എന്നല്ല, അഹ് ലുൽഹദീസുകാർക്കിടയിൽപോലും - തീരെ അഭിപ്രായവ്യത്യാസമില്ലാത്ത വിഷയമാണ്. അത്കൊണ്ട്തന്നെയാണ് നബിയിൽനിന്ന് നേരിട്ട് കേൾക്കാനോ കാണാനോ ഒരിക്കലും സാധിച്ചിട്ടില്ലാത്ത താബിഉകളുടെ (നബിയുടെ കാലശേഷം വന്നവരുടെ) ഹദീസുകളിൽ മുഴുക്കെ അഹ് ലുൽഹദീസ് പണ്ഡിതന്മാർ ഏകകണ്ഠമായി അൻഅനത്തുപയോഗിക്കാൻ കാരണമായത്. അൻഅനത്ത് വഴി ലഭിച്ച ഒറ്റ ഹദീസിന്റെ പേരിലും ആർക്കും സാക്ഷിനിൽക്കാൻ പറ്റുകയില്ലെന്നും അൻഅനത്തിന്റെ പ്രയോഗത്തിൽ കേട്ടെന്നോ കണ്ടെന്നോ ഉള്ളതിന്ന് യാതൊരു തെളിവുമില്ലാത്തതാണതിന്ന് കാരണമെന്നും ഹദീസ്നേതാവും മദ്ഹബ് നിർമ്മാതാവുമായ ശാഫിപോലും തന്റെ രിസാല എന്ന ലോകപ്രസിദ്ധഗ്രന്ഥത്തിൽ വ്യക്തമാക്കാൻ കാരണവും അത് തന്നെയാണ്.

വസ്തുതകൾ ഇതൊക്കെയാണെന്നിരിക്കെ “വാറോല പ്രമാണിമാരാ”യ ബുഖാരിയും മുസ്ലിമും മറ്റും വാദിക്കുന്നതെന്തെന്നല്ലേ: അത് മേൽവിവരിച്ചതിന്നെല്ലാം നേരെ വിപരീതമാണ്. അതായത്: ഒരാൾ മറ്റൊരാളിൽനിന്ന് അൻഅ



നത്ത് വഴി നിവേദനം ചെയ്ത ഹദീസ്, പ്രമാണയോഗ്യമാവാനുള്ള ഏക ഉപാധി: അവർ രണ്ടുപേരും ജീവിതത്തിലൊരിക്കലെങ്കിലും കണ്ട് മുട്ടിയിട്ടുണ്ടെന്ന് തെളിയൽ മാത്രമാണെന്നും അല്ലാതെ ഇയാൾ പറയുന്ന ഹദീസുകൾ മറ്റയാളിൽനിന്ന്നേരെ കേട്ടതാണെന്ന് റിപ്പോർട്ടിൽ തീരെ വ്യക്തമാക്കണമെന്നില്ലെന്നുമാണ് “ഏറ്റവും മുന്തിയ ഹദീസ് നേതാവായ” ബുഖാരിയുടെ മദ്ഹബ്. ഉദാഹരണമായി: താബിഉകളിൽപെട്ട ഒരാൾ ഒരു സ്വഹാബിയെ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടെന്ന് തെളിഞ്ഞാൽ പിന്നെ ആ സ്വഹാബിയിൽനിന്ന് ആ താബിഉ് അൻഅനത്ത് വഴി നിവേദനം ചെയ്യുന്ന ഹദീസുകളെല്ലാം അദ്ദേഹത്തിൽനിന്ന് നേരിട്ട് കേട്ടതാണെന്ന് സങ്കൽപ്പിക്കണമെന്നും തദടിസ്ഥാനത്തിൽ അതെല്ലാം പ്രമാണമാക്കൽ നിർബ്ബന്ധമാണെന്നുമാണ് ബുഖാരിയും കൂട്ടുകാരും വാദിക്കുന്നത്. എന്നാൽ അപ്പറഞ്ഞത് “തനി അസംബന്ധ”മാണെന്നും അൻഅനത്തിന്റെ ഹദീസുകൾ പ്രമാണമാക്കാൻ ആ രണ്ട്പേരും തമ്മിൽ കണ്ടുമുട്ടിയതായി ഒരിക്കലും തെളിയേണ്ടതില്ലെന്നും പ്രത്യുത, അവർ രണ്ടുപേരും ഒരു കാലക്കാരായിരുന്നെന്ന് തെളിഞ്ഞാൽതന്നെ ധാരാളം മതി എന്നുമാണ് ബുഖാരിയുടെ പ്രധാന കൂട്ടുകാരനായ മുസ്ലിമിന്റെ വാദം. തല “കാട് ” കയറുന്നതിന്റെ കോലം നോക്കുക.

ചുരുക്കത്തിൽ അൻഅനത്തിലൂടെ നിവേദനം ചെയ്യപ്പെട്ട ഒറ്റ ഹദീസും നേരിട്ട് കേട്ടതാണെന്നതിന്ന് യാതൊരു തെളിവുമില്ലെന്ന് സകല അറബീപണ്ഡിതന്മാരും പറയുമ്പോൾ അനറബികളും ഭാഷാഅട്ടിമറിക്കാരും വാറോലപ്രമാണിമാരുമായ ബുഖാരിയും മുസ്ലിമും പറയുന്നതെന്തെന്നല്ലേ: അൻഅനത്തിലൂടെ നിവേദനം ചെയ്യപ്പെട്ടതായാലും അതെല്ലാം നേരിട്ട് കേട്ടതാണെന്ന് സങ്കൽപിക്കണമെന്ന് തന്നെ. കവിഞ്ഞ് വന്നാൽ അവർ രണ്ടുപേരും ജീവിതത്തിലൊരിക്കൽ കണ്ട് മുട്ടിയവരാണെന്ന് തെളിയിക്കപ്പെടണമെന്ന് മാത്രം.

അപ്പോൾ അറബീഭാഷാപ്രയോഗങ്ങൾക്കും അറബീസാഹിത്യത്തിന്നും ഹദീസ്ഗ്രന്ഥങ്ങളിലൂടെ തെളിഞ്ഞുകിട്ടിയ അനുഭവസത്യങ്ങൾക്കും ഒരിക്കലും നിരക്കാത്തതും ഖുർആനിലെ 108 ആയത്തുകളിലൂടെ സ്ഥിരപ്പെട്ട സിദ്ധാന്തത്തിന്ന് - ശരിക്കും ഉറപ്പുള്ളതല്ലാതെ മതപ്രമാണമാക്കാൻ പാടില്ലെന്ന് ഇസ്ലാമിന്റെ അടിസ്ഥാനാദർശത്തിന്ന് - കടകവിരുദ്ധവുമായ വാദങ്ങളാണ് ബുഖാരിയുടെയും മുസ്ലിമിന്റെയും മേൽവിവരിച്ച വാദങ്ങളെന്നതിൽ ഒട്ടും സംശയമില്ല. അത് കൊണ്ട് തന്നെ ഖുർആനിൽ വിശ്വസിക്കുന്ന ഒറ്റ മുസ്ലിമിന്നും ആ വാദങ്ങളൊന്നും വിശ്വസിക്കാൻ

പാടുള്ളതുമല്ല.  അപ്പോൾ മൂന്നോ നാലോ അതലധികമോ കണ്ണികളുള്ള പരമ്പര
യാണ് ഒരു ഹദീസിന്നുള്ളതെങ്കിൽ ആ പരമ്പരയിൽ ഏതെങ്കിലുമൊരു കണ്ണിയിൽ
അൻഅനത്തോ, തതുല്യമായ പ്രയോഗമോ കാണപ്പെട്ടാൽ പിന്നെ ആ ഹദീസിനെ
പറ്റി ചിന്തിക്കേണ്ട ആവശ്യമേ മുസ്‌ലിംകൾക്കില്ല.  എന്നാൽ സഹാബികൾ മുതൽ
- അബൂഹുറയ്റാകമ്പനിയിൽപെടാത്ത - സത്യസന്ധരായ - രണ്ട് സാക്ഷികളിൽ
കുറയാതെയുള്ള, അഥവാ ഓരോകണ്ണിയിലും നേരിട്ട് കേട്ടതാണെന്ന് വ്യക്തമാക്ക
പ്പെട്ട രണ്ട് പരമ്പരയോടുകൂടിയ ഏതെങ്കിലുമൊരു ഹദീസ് ലോകത്തുണ്ടോ?
അതൊട്ടില്ലതാനും.  ഹദീസ്ഗ്രന്ഥങ്ങൾ ശരിക്ക് പഠിക്കുകയും പരിശോധിക്കികയും
ചെയ്ത പണ്ഡിതന്മാർക്കെല്ലാം വ്യക്തമായറിയാവുന്ന യാഥാർത്ഥ്യമാണത്.

ആകെയാൽ 108 ആയത്തുകൾക്കെതിരായി, ''മനഃപൂർവ്വമല്ലെ''ന്നവെപ്പിൽ
സകല കള്ളഹദീസുകളും ഉദ്ധരിക്കാമെന്ന് അബൂഹുറയ്റാസംഘക്കാരും
''കേട്ടത്രെ'' ''പറഞ്ഞത്രെ'' എന്നിങ്ങനെയുള്ള വാറോല ശൈലിയിലൂടെ - ''അൻ
അനത്തായി''- നിവേദനം ചെയ്യപ്പെടുന്നതൊക്കെ പ്രമാണമാക്കണമെന്ന് ബുഖാരി
മുസ്ലിം കമ്പനിക്കാരുംനിയമമാക്കിയതോടെ സകല ഹദീസുകളുടെയും യോഗ്യത
നശിക്കുകയും വിശ്വാസ്യത നഷ്ടപ്പെടുകയും ചെയ്തു എന്ന കാര്യത്തിൽ
ബുദ്ധിയും വിവേകവുമുള്ള ഒറ്റ മുസ്ലിമും സംശയിക്കുകയുമില്ല തീർച്ച.  എങ്കിലും
അബൂഹുറയ്റയുടെ ''മനഃപൂർവ്വമല്ലാത്ത'' കള്ളങ്ങളും ബുഖാരിമുസ്ലിമിന്റെ അൻ
അനത്തിലൂടെയുള്ള വാറോലകളുമല്ലാത്ത രണ്ട് സാക്ഷിയുള്ള സകല ഹദീസുകളും
ഇസ്ലാമിന്റെ രണ്ടാം പ്രമാണമായി സ്വീകരിക്കാൻ തയ്യാറാണെന്ന് വീണ്ടും വീണ്ടും
നാം ആവർത്തിച്ചുകൊണ്ടിരിക്കുകതന്നെ ചെയ്യും.   അതെന്തുകൊണ്ടെന്നല്ലേ?
അത്തരത്തിൽപെട്ട ഒറ്റ ഹദീസും കൊണ്ടുവരാൻ ലോകത്തൊരു പണ്ഡിതനും
സാധ്യമല്ലെന്ന ധൈര്യംകൊണ്ടും ഇനി കൊണ്ടുവന്നാൽതന്നെ അതൊരിക്കലും ഖുർ
ആനിന്നെതിരാവുകയില്ലെന്നുറപ്പുള്ളത് കൊണ്ടും തന്നെ.  അപ്പോൾ ശരിയായ
ഹദീസ് പ്രമാണമാണെന്ന് നാം പറയുന്നത് സാക്ഷാൽ തൗറാത്തും ഇഞ്ചീലും സത്യ
ഗ്രന്ഥമാണെന്ന് നാം പറയുമ്പോലെയാണ്.  എന്ന് പറഞ്ഞാൽ അല്ലാഹു അവതരി
പ്പിച്ച സാക്ഷാൽ തൗറാത്തും ഇഞ്ചീലുമൊന്നും നമിക്കിന്നു ലഭിക്കാൻ സാധ്യമല്ലാ
ത്തത്പോലെത്തന്നെ, നബി തിരുമേനിയുടെ സാക്ഷാൽ ഹദീസുകൾ ലഭിക്കാനും
നമുക്കിന്ന് യാതൊരു വഴിയുമില്ലെന്ന് താൽപര്യം.  അതേസമയം തൗറാത്തിലും
ഇഞ്ചീലിലും നബിയുടെ സാക്ഷാൽ ഹദീസുകളിലുമൊക്കെ (നബിയെ വിശ്വസി
ക്കുന്ന കൂട്ടത്തിൽ) വിശ്വസിക്കൽ നമുക്ക് നിർബ്ബന്ധവുമാണ്.  എന്നാൽ അല്ലാഹു



വിന്റെ പരിശുദ്ധവും പരിപൂർണ്ണവുമായ വിശുദ്ധഖുർആൻ നമുക്കുവേണ്ടി
അല്ലാഹു സംരക്ഷിച്ചുതന്നിരിക്കെ, ഒരിക്കലും സംരക്ഷിക്കപ്പെട്ടിട്ടില്ലാത്തതും
അതിന്ന് പുറമെ, ഖുർയആനിന്റെത്രയോ അതിന്റെ കാലോഹരിയോ പരിശുദ്ധമ
ല്ലാത്തും എന്നല്ല, ആദ്യം മുതലേ അടിമുടി അട്ടിമറിക്കപ്പെട്ടതുമായ കള്ളഹദീസ്
സമാഹരങ്ങൾ മുസ്ലിംകൾക്കാവശ്യമുള്ളതാണോ? അതൊട്ടില്ലതാനും.  നബിയോ
സഹാബിമാരോ അവരെ പിൻപറ്റിപ്പോന്ന മറ്റുത്തമ മുസ്ലിംകളോ 'ഖുർആൻസമാ
ഹാര' മല്ലാതെ, ഒറ്റ ഹദീസ് സമാഹാരവും ക്രോഡീകരിക്കാതിരിക്കാൻ കാരണവുമ
താണ്.

# ''ഖുർആനിന്ന് ശേഷം പിന്നെ ഏത് ഹദീസിനെയാണവർ വിശ്വസിക്കുന്നതെ''ന്ന് വി: ഖുർആൻ

നമ്മളെ മുഴുവൻ ഞെട്ടിപ്പിക്കുന്നതും അമ്പരപ്പിക്കുന്നതുമായ ഒരൽഭുത
ചോദ്യമാണ് ഖുർആനിലെ മേലുദ്ധരിച്ച ചോദ്യമെന്നതിൽ സംശയമില്ലല്ലോ.  ഇത്രയും
ഗൗരവമുള്ളൊരു ചോദ്യം ഖുർആനിലുണ്ടെന്ന് മുസ്ലിംലോകം പൊതുവെ അറിഞ്ഞി
ട്ട്പോലുമില്ല.  വാസ്തവത്തിൽ 7:185, 45:6, 77:50 എന്നിങ്ങനെ മൂന്ന് സ്ഥലത്ത്
വളരെ ഗൗരവത്തിൽ ഖുർആനത് ആവർത്തിച്ചിട്ടുള്ളതാണ്.  മതവിഷയത്തിൽ വിശ്വ
സിക്കാൻപറ്റിയ ഒറ്റ ഹദീസും ലോകത്തിലില്ലെന്നും അതുണ്ടാവുകയില്ലെന്നുമാണ്
മേൽ ഖുർആൻവാക്യങ്ങളുടെ ഓരേഒരാശയമെന്നതിൽ അഹ്‌ലുൽ ഹദീസുകാർക്ക്
പോലും തർക്കിക്കാൻ സാധ്യമല്ല.  അതേചോദ്യം മൂന്ന് തവണ ഖുർആൻ ആവർത്തി
ച്ചപ്പോൾ വിശേഷിച്ചും ഇത്രയും കടുത്തൊരു ഹദീസ് നിഷേധം ഖുർആനിൽ തെളി
ഞ്ഞുകിടക്കുന്നുണ്ടെന്നറിയുമ്പോൾ അതിൽ അൽഭുതപ്പെടാത്ത ഒറ്റ മുസ്ലിമും
നമ്മുടെ സാധാരണക്കാരിലുണ്ടാവുകയില്ല തീർച്ച.  ഇക്കാലംവരെ ഇതൊക്കെ എവി
ടെയായിരുന്നുവെന്നായിരിക്കും ഇനി പലരുടേയും ചോദ്യം.  ലോകത്തിലെ സകല

മുസ്ഹഫുകളിലും 1400 വർഷം മുമ്പ് മുതൽ അതൊക്കെ രേഖപ്പെട്ടു കിടക്കുന്നുണ്ടെന്നാണ് നമുക്ക്തിന്ന് പറയാനുള്ള മറുപടി. പക്ഷെ, ഖുർആനിന്റെ അർത്ഥം പഠിക്കൽ മുസ്ലിംകൾക്ക് പൊതുവെ നിർബ്ബന്ധമില്ലെന്നും എന്നല്ല ആരെങ്കിലും അതിന്നാഗ്രഹിക്കുന്നുവെങ്കിൽതന്നെ അവർക്കത് പരിഭാഷപ്പെടുത്തിക്കൊടുക്കാൻ പാടില്ലെന്നും ഹിജ്റ ഒന്നാംനൂറ്റാണ്ടുമുതൽ ഈ അടുത്തകാലംവരെ ലോകപുരോഹിതന്മാരെല്ലാം ഏകകണ്ഠമായി തീരുമാനിക്കുകയല്ലേ ചെയ്തത്. അങ്ങിനെയുള്ളൊരു സമൂഹത്തിന്ന് ഖുർആനിലുള്ള പലതും അറിയാതേപോയെങ്കിൽ അതിലെന്താണൽഭുതപ്പെടാനുള്ളത്? ഒന്നുമില്ല. നൂറ്റാണ്ടുകളായി പുരോഹിതവർഗ്ഗം നമ്മുടെ സമുദായത്തോട് ചെയ്ത വഞ്ചനയുടെയും പൂഴ്ത്തിവെപ്പിന്റെയും ഫലമായിരുന്നു അതെന്ന്മാത്രം മനസ്സിലാക്കിയാൽമതി.

## ഖുർആനല്ലാതെ ഒറ്റ ഹദീസും പ്രമാണമല്ലെന്ന് വി: ഖുർആൻ

'ഹദീസ്' എന്നപോരെടുത്ത് പറഞ്ഞുകൊണ്ട് തന്നയാണ് അതൊരു പ്രമാണമേ അല്ലെന്ന് ഖുർആൻ ശക്തിയായി സ്ഥാപിച്ചിരിക്കുന്നത്. അതെങ്ങിനെ എന്ന് കാണുക.

"തിൽക്ക ആയത്തുല്ലാഹി - നത്‌ലൂഹാ - അലൈക്കബിൽഹഖി - ഫബിഅയ്യി ഹദീസിൻ ബഅ്ദല്ലാഹിവആയാത്തിഹീ യുഅ്മിനൂൻ. (ഖു : 45 : 6) അർത്ഥം: "ഖുർആനിലൂടെ വിവരിച്ചുതരുന്ന അല്ലാഹുവിന്റെ ആ നിയമങ്ങളെല്ലാം സത്യത്തിൽ അധിഷ്ടിതമായിക്കൊണ്ടാണ് നിനക്ക് നാം ഓതികേൾപ്പിച്ചുതരുന്നത്. എന്നിരിക്കെ അല്ലാഹുവിന്റെ ആ നിയമങ്ങളൊന്നും വിശ്വസിക്കാതെ പിന്നെ ഏത് ഹദീസിനെയാണക്കൂട്ടർ വിശ്വസിക്കുന്നത്."

നോക്കുക. ഹദീസ് പ്രമാണമാക്കുന്നവരെ ഖണ്ഡിക്കാനും നിഷേധിക്കാനും ഇതിലപ്പുറം മുന്തിയ ഏതു ശൈലിയാണുള്ളത്? ഒന്നുമില്ല. അറബിഭാഷയിൽ ഹദീസ് എന്നു പറയപ്പെടാവുന്ന ഖുർആനല്ലാത്ത ഒറ്റ വാക്യവും ഇസ്ലാമിലെ ഒരു വിശ്വാസപ്രമാണമോ മതപ്രമാണമോ ആയി ഗണിക്കാൻ പാടില്ലെന്നും അങ്ങി



നെയുള്ളൊരു പ്രമാണം ഇസ്‌ലാമിലില്ലെന്നും ഖുർആൻ ലഭിച്ചശേഷം അത്തരം ഒരു ഹദീസ് പ്രമാണത്തിന്റെ ആവശ്യമില്ലെന്നുമൊക്കെ ശരിക്കും വ്യക്തമാക്കുകയല്ലേ മേൽ ഖുർആൻസൂക്തം ചെയ്തിരിക്കുന്നത്. ഇതേഉദ്ദേശത്തിൽ 7:185ലും 77 : 50 ലും ആ നിഷേധചോദ്യം (ഹദീസ് നിഷേധചോദ്യം) അല്ലാഹു ആവർത്തിക്കുകയും ചെയ്തിരിക്കുന്നു. എന്നിട്ടും ഹദീസ് എന്ന അതേപേരിൽതന്നെ ഒരു മൂലപ്രമാണം ("സ്വഹീഹ് " എന്ന പേരിൽ ഓരോ ഹദീസ് ഗ്രന്ഥം) ഇസ്‌ലാമിക ചരിത്രത്തിലാദ്യമായി ബുഖാരിയും മുസ്ലിമും നെയ്തുണ്ടാക്കിയപ്പോൾ അവരെക്കാൾ കടുത്ത ഖുർആൻ നിഷേധികളെയും ഖുർആൻ ധിക്കാരികളെയും അഹ്‌ലുൽഹദീസുകാരിൽ കണ്ടെത്താൻ സാധ്യമാണോ എന്നാണ് നമുക്ക് ചോദിക്കുവാനുള്ളത്. ബുഖാരിക്കും മുസ്ലിമിന്നുംമുമ്പ്, ചിലരെല്ലാം അവരുടെ വിവരക്കേടും ദീർഘദൃഷ്ടിയില്ലായ്മയും മൂലം ഹദീസ്ഗ്രന്ഥങ്ങളെന്ന പേരിൽ ചില "ഫിത്‌നാഗ്രന്ഥങ്ങളൊ"ക്കെ എഴുതിയുണ്ടാക്കിയെങ്കിലും മുമ്പ് വിവരിച്ചത്പോലെ, അവരാരും തന്നെ ആ കൃതികളെ ഓരോ പ്രമാണഗ്രന്ഥമാക്കി പ്രഖ്യാപിക്കുകയോ അവർ ആഗ്രഹങ്ങൾക്ക് "സ്വഹീഹ്" എന്നോ "സുനനുന്നബി" എന്നോ മറ്റോ പേരിട്ട് പ്രചാരപ്പെടുത്തുകയോ ചെയ്തിരുന്നില്ല. അത്രക്കെങ്കിലും ഈമാനും തന്റോടവും അവർ കാണിച്ചു എന്ന് ചുരുക്കം.

## സുന്നത്ത് ജമാഅത്ത് കാർ വഞ്ചന നടത്തി

ഹദീസ് പ്രമാണമാക്കുന്നതിനെ ഹദീസ് എന്ന പദത്തിലൂടെത്തന്നെ ഖുർആൻ ആവർത്തിച്ചു നിഷേധിച്ച സ്ഥിതിക്ക്, അപ്പേരിൽ ഒരു രണ്ടാംപ്രമാണമുണ്ടാക്കി പ്രചാരപ്പെടുത്തുക എന്നത് അത്ര ബുദ്ധിപൂർവ്വകമല്ലെന്നും അതിനാൽ ഭാഷാപരമായി യാതൊരു ന്യായവുമില്ലെങ്കിലും സകല വാറോലകൾക്കും സുന്നത്ത് എന്ന പേരിട്ട് പ്രചരിപ്പിക്കലാണ് ബഹുജനങ്ങളെ ആകർഷിക്കാൻ നല്ലതെന്നും സുന്നത്ത് ജമാഅത്ത് നേതാക്കൾ ദീർഘദർശനം ചെയ്തു. അങ്ങിനെയാണ് "അഹ്‌ലുസ്സുന്നത്തിവൽ ജമാഅത്തി" എന്ന നാമം- ഖുർ ആൻ വിരുദ്ധ കള്ളനാമം - അവർ തെരഞ്ഞെടുക്കാനും അത് ലോകത്തൊട്ടാകെ പ്രചരിപ്പിക്കാനും മുസ്ലിം ബഹുജ

നങ്ങളിലെ ബഹുഭൂരിപക്ഷവും അതിലേക്കാകർഷിക്കപ്പെടാനുമൊക്കെ കാരണമായത്. മേൽ സൂചിപ്പിച്ച ദീർഘദൃഷ്ടി അഹ്‌ലുൽഹദീസുകാർക്കില്ലാതെപോയത് മൂലമാണ് മുസ്ലിം ഭൂരിപക്ഷത്തെ അണിനിരത്താൻ അവർക്കൊരുകാലത്തും കഴിയാതെ വന്നതും. സുന്നത്ത് ജമാഅത്ത്കാർക്ക് ഭൂരിപക്ഷം കിട്ടാനുള്ള ഏക കാരണം ആ മുദ്രവാക്യമായിരുന്നു എന്നല്ല മേൽപറഞ്ഞതിന്റെയർത്ഥം. പിന്നെയോ? ആ മുദ്രവാക്യത്തിന്നതിൽ പ്രധാന പങ്കുണ്ടായിരുന്നെന്നും ഇപ്പോഴും അതുണ്ടെന്നും ചൂണ്ടിക്കാട്ടി എന്നേയുള്ളൂ. ഏതായാലും നബിയുടെപേരിൽ പ്രചരിപ്പിക്കപ്പെട്ട ഹദീസുകൾക്ക് സുന്നത്ത് എന്ന് പറയുന്നത് പച്ചക്കള്ളമാണ്. ഓരോരുത്തരുടെയും ജീവിതചര്യക്കും നടപടി സമ്പ്രദായങ്ങൾക്കുമൊക്കെയാണ് ഭാഷയിൽ സുന്നത്തെന്ന് പറയുക. ഖുർആനിൽ 14 സ്ഥലത്ത് ആ പദമുണ്ടെങ്കിലും ഹദീസുകൾ എന്ന അർത്ഥത്തിൽ ഒരിക്കലും ഖുർആനതിനെ പ്രയോഗിച്ചിട്ടേയില്ല. സമുദായത്തെ വഞ്ചിക്കാൻ വേണ്ടിമാത്രം അങ്ങിനെയൊരു കള്ളർത്ഥം പുരോഹിതന്മാർ മെനഞ്ഞുണ്ടാക്കിയതാണെന്നത് തീർച്ചയാണ്.

# ഒരു പ്രധാന ചോദ്യവും അതിന്റെ മറുപടിയും

ഹിജ്‌റ: രണ്ടാംനൂറ്റാണ്ട് മുതൽ ധാരാളം മദ്ഹബുകളും ത്വരീഖത്തുകളും മറ്റും ഉടലെടുത്തതിനാലാണല്ലോ മുസ്ലിം സമുദായം ഇങ്ങിനെ ചിന്നഭിന്നമായിത്തീർന്നത്. അത്തരം ഒരു സ്ഥിതിവിശേഷം ആദ്യമേ ഉണ്ടാവാതിരിക്കാൻവേണ്ടി, ഭാവിയെക്കുറിച്ചെല്ലാം ശരിക്കറിയാവുന്ന അല്ലാഹുവിന്ന് ആ മദ്ഹബുകളും ത്വരീഖത്തുകളുമൊക്കെ പറ്റെ ബഹിഷ്ക്കരിക്കണമെന്നും ഖുർആൻ മുറുകെ പിടിക്കണമന്നുമെല്ലാം ഖുർആനിലൂടെ മുൻകൂട്ടി അറിയിക്കാമായിരുന്നില്ലേ? എങ്കിൽ ഏതെങ്കിലുമൊരു മുസ്ലിം പിന്നീടാ മദ്ഹബുകളിലോ ത്വരീഖത്കുകളിലോ കുടുങ്ങിപ്പോകുമായിരുന്നോ? ഇതാണാ ചോദ്യം.

**മറുപടി** :- മതകാര്യത്തിൽ പ്രമാണമാക്കാൻ പറ്റിയ ഒറ്റ ഹദീസും ലോകത്തിലില്ലെന്നും അതിനാൽ ഹദീസ് പ്രമാണമാക്കുന്ന പണി ഇസ്ലാമികമല്ലെന്നുമൊക്കെ നമ്മെ മുൻകൂട്ടി പഠിപ്പിക്കാൻവേണ്ടിയാണല്ലോ ഖുർആനല്ലാത്ത സകല ഹദീസുകളെയും പറ്റെ നിഷേധിച്ചുകൊണ്ട് മുമ്പ് വിവരിച്ചപോലെ ഖുർആനിൽ



മൂന്ന് തവണ അല്ലാഹു ആയത്തുകളവതരിപ്പിച്ചത്. എന്നിട്ടെന്തുണ്ടായി ? ഹദീസ് എന്ന പദത്തിന്നു പകരം സുന്നത്ത് എന്നപദം മനപൂർവ്വം മാറ്റിവെച്ചുകൊണ്ടും തനി കള്ളർത്ഥം പറഞ്ഞുകൊണ്ടും സകല കള്ള ഹദീസുകളും പ്രമാണമാക്കുകയല്ലേ ഒന്നാം നൂറ്റാണ്ടിന്റെ മദ്ധ്യം മതുൽ ഇന്നേവരെയുള്ള ഏതാണ്ടെല്ലാ മുസ്ലിംകളും ചെയ്ത് പോന്നത്. മറ്റൊരു വിഭാഗക്കാർ ഖുർആനിനെ നേർക്ക്നേരെ എതിർത്ത്കൊണ്ട് ഹദീസ് എന്ന അതേപേരിൽതന്നെ ഖുർആൻവിരുദ്ധവും ഖുർആനിന്റെ എത്രയോ ഇരട്ടി വരുന്നതുമായ ഒരു പ്രമാണം- ഹദീസ് നിഷേധത്തെ അണുവോളം വിലവെക്കാൻ മുസ്ലിംകളിൽ ഒരു ശതമാനമെങ്കിലും ഇന്നേവരെ തയ്യാറാവുകയുണ്ടായോ? എന്ന് മാത്രമല്ല, അങ്ങിനെയൊരു ഹദീസ്നിഷേധം ഖുർആനിലുണ്ടെന്ന സത്യം ഇന്നേവരെ അവരിൽ ബഹുഭൂരിഭാഗവും അറിഞ്ഞിട്ടുപോലുമുണ്ടോ. അതൊന്നുമില്ലെന്നതിന്ന് ഇന്നത്തെ അനുഭവചരിത്രംതന്നെ മതിയായ സാക്ഷിയല്ലേ? എന്നിട്ടാണോ മദഹബിന്റെയും ത്വരിഖത്തിന്റെയും കാര്യം മുൻകൂട്ടിപറഞ്ഞിരുന്നെങ്കിൽ മുസ്ലിംകളാരും അതിൽപെട്ടുപോകുമായിരുന്നില്ലെന്ന വിഡ്ഢിത്തം പറയുന്നത്. ഈ സമുദായം പൊതുവെ ഖുർആനിനെ പറ്റെ ബഹിഷ്ക്കരിക്കുമെന്നും അതിന്റെ പേരിൽ പരലോകത്ത് വെച്ച് നബിതിരുമേനി അല്ലാഹുവിനോടന്യായം ബോധിപ്പിക്കുമെന്നുമൊക്കെ 25 : 30-ൽ അല്ലാഹു മുൻകട്ടി അറിയിച്ചതല്ലേ ? എന്നിട്ടെങ്കിലും ഖുർആനിലേക്ക് മടങ്ങാൻ തയ്യാറുള്ള അരശതമാനം പേരെയെങ്കിലും നമ്മുടെ സമുദായത്തിൽ കണ്ടെത്താൻ കഴിയുകയുണ്ടോയോ? അതില്ലെന്നതിന്ന് മുസ്ലിംചരിത്രം മുഴുവൻ സാക്ഷിയല്ലേ?

**മറ്റൊരുചോദ്യം**:- എന്നാൽ ഖുർആൻ നിഷേധിച്ച ഹദീസിൽ മദ്ഹബുകളും ത്വരീഖത്തുകളുമൊന്നും പെട്ടിട്ടില്ലെന്നാരുപറഞ്ഞു? ഖുർആനല്ലാത്ത ഒറ്റഹദീസും മതത്തിൽ വിശ്വസിക്കാൻ കൊള്ളില്ലെന്നാണല്ലോ മൂന്ന് തവണ ഖുർആൻ ആവർത്തിച്ചുപറഞ്ഞത്. അപ്പറഞ്ഞതിൽ പുരോഹിതന്മാരുടെ മദ്ഹബ് എന്ന ഹദീസുകളും മറ്റു ഖുർആനേതരമായ സകല ഹദീസുകളും പെട്ടുകഴിഞ്ഞു എന്ന കാര്യത്തിൽ തർക്കമില്ലാത്ത വിഷയമാണ്. എന്നിരിക്കെ, മദഹബ് നിഷേധമോ ത്വരീഖത്ത് നിഷേധമോ ഒന്നും തന്നെ ഖുർആനിലില്ലെന്ന വാദം പോലയാണതും.

## ''ഖുർആൻസുന്നത്ത്'' എന്നാലെന്ത് ?

ഖുർആനല്ലാതെ മറ്റൊരു പ്രമാണവും ഇസ്ലാമിലില്ലെന്നും ഹദീസ്, സുന്നത്ത് എന്നീപേരുകളിലുണ്ടാക്കിയ പ്രമാണങ്ങളെല്ലാം കേവലം കള്ളപ്രമാണങ്ങാണെന്നു മൊക്കെ ഖുർആൻകൊണ്ടു സ്ഥിരപ്പെട്ടു കഴിഞ്ഞാൽപിന്നെ ''ഖുർആൻസുന്നത്ത്; ഖുർആൻ സുന്നത്ത്'' എന്നിങ്ങനെ പറയുന്നതും അപ്പേരിൽ ഒരു സംഘടന രൂപീകരിക്കുന്നതുമെല്ലാം ശരിയാണോ എന്നായിരിക്കും ചിലരുടെ സംശയം. ആ സംശയവും തീർക്കേണ്ടതൊരാവശ്യമാണല്ലോ. അതിനാൽ അതും തീർത്തേക്കാം.

ദൈവവചനം, നബിവചനം, ദൈവകൽപന, ഖുർആൻകൽപന എന്നെല്ലാം നമ്മൾ സാധാരണ പറയുമ്പോലെത്തന്നെയാണ് ഖുർആൻസുന്നത്ത് (ഖുർആൻചര്യ) എന്ന് പറയുന്നതും. അതിൽ യാതൊരവ്യക്തതയും ആശയക്കുഴപ്പവും ഉണ്ടാവേണ്ടതില്ല. കാരണം: ഖുർആൻസുന്നത്ത് എന്ന് പറയുന്നതിന്റെ ഉദ്ദേശം ഖുർആനും സുന്നത്തും എന്നല്ല, ഖുർആനിന്റെ സുന്നത്ത് എന്നു മാത്രമാണ്. അതായത് : ഖുർആൻ വിവരിക്കുന്ന സുന്നത്ത്, എന്ന് താൽപര്യം. അതെന്ത് കൊണ്ടെന്നാൽ : പൂർവ്വപ്രവാചകന്മാരുടെ സുന്നത്തുകളാണ് ഖുർആനിലൂടെ അല്ലാഹു നമുക്ക് വിവരിച്ചു തരുന്നതെന്നും ആ സുന്നത്തുകളിലേക്ക് (അതുതന്നെയാണ് നബിയുടെ സുന്നത്തെന്നോർക്കുക.) നമ്മളെ നയിക്കലാണ് അല്ലാഹുവിന്റെ ഉദ്ദേശമെന്നും ഖു: 4: 26ൽ അല്ലാഹു വ്യക്തമായി പ്രസ്താവിച്ചതാണ്. എന്നിരിക്കുമ്പോൾ ഖുർആൻ സുന്നത്ത് എന്ന പ്രയോഗത്തിന്ന് ഖുർആൻ വിവരിക്കുന്ന സുന്നത്ത് എന്നല്ലാതെഖുർആനിന്റെ പുറത്തുള്ള ''വാറോലസുന്നത്ത്''. എന്നൊരിക്കലും ഉദ്ദേശമാക്കാൻ പാടുള്ളതല്ല. പ്രവാചകന്മാരുടെ മതപരമായ സുന്നത്തുകളൊക്കെ ഖുർആൻ പൂർണ്ണമായും വിശദീകരിച്ചിരക്കുന്നുഎന്നും ആ സുന്നത്തുകൾ പിൻപറ്റാനാണ് നമ്മളോടെന്നപോലെ നബിയോടും അല്ലാഹുകൽപിച്ചിട്ടുള്ളതെന്നും ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കുമ്പോൾപിന്നെ നബിയുടെ സുന്നത്തേതാണെന്ന് കണ്ട് പിടിക്കാൻ 200 വർഷങ്ങൾക്കുശേഷം വന്ന ബുഖാരി മുസ്ലിം പോലുള്ള ജൂതഏജന്റ്മാരുടെ ജൂതഗ്രന്ഥങ്ങൾ പരിശോധിക്കണമെന്നുപറഞ്ഞാൽ



അപ്പറയുന്നവർക്ക് അൽപമെങ്കിലും ബുദ്ധിയുണ്ടോ എന്നാണ് നമുക്ക് ചോദിക്കുവാനുള്ളത്. ഉണ്ടെങ്കിൽ നബിയുടെ സുന്നത്തെല്ലാം കണ്ട്പിടിക്കേണ്ടത് ഖുർആനിൽ നിന്നാണെന്നും ബുഖാരി മുസ്ലിംപോലുള്ള വാറോലഗ്രന്ഥങ്ങളിൽ നിന്നല്ലെന്നും അവയിലുള്ളതെല്ലാം തനി ജൂതസുന്നത്തുകളും ജീഹിലീശരീഅത്തുകളുമാണെന്നും മേലിലെങ്കിലും അവർ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## ഖുർആൻസുന്നത്തും വാറോലസുന്നത്തും

നബിയുടെ സുന്നത്തറിയണമെങ്കിൽ ഖുർആൻ പരിശോധിക്കണമെന്നും ബുഖാരി മുസ്ലിംപോലുള്ള വാറോലഗ്രന്ഥങ്ങൾ പരിശോധിച്ചാൽ കേവലം ജൂതസുന്നത്തുകളും ജാഹിലീ ശരീഅത്തുകളുമാണതിലുണ്ടാവുക എന്നും മുമ്പുണർത്തിയല്ലോ. ആയതിന്ന് വ്യക്തമായ കുറച്ചു ഉദാഹരണങ്ങൾ താഴെ നിരത്തിവെക്കാം. തെളിവുകളെല്ലാം എന്റെ മുൻഗ്രന്ഥങ്ങളിൽ വിശദീകരിച്ചുപോയതിനാൽ ഇവിടെ അതാവർത്തിക്കുന്നില്ല. വിഷയങ്ങൾ എണ്ണിപ്പറയുക മാത്രമേ ചെയ്യുന്നുള്ളൂ. അത് ശ്രദ്ധിക്കുക.

1. ഇസ്ലാംകാര്യം പത്താണെന്ന് ഖുർആൻസുന്നത്ത്. അത് അഞ്ചേയുള്ളൂവെന്ന് വാറോലസുന്നത്ത്.

വാറോലസുന്നത്ത് എന്നത് കൊണ്ടിവിടെ വിവക്ഷിക്കുന്നത് ബുഖാരിയിലും മുസ്ലിമിലുമുള്ള കള്ളസുന്നത്തുകളാണെന്നും ആ കള്ള സുന്നത്തുകൾ മാത്രമാണ് സമസ്ത, നദ്‌വത്ത്, ജമാഅത്തടക്കമുള്ള സാക്ഷാൽ സുന്നത്ത് ജമാഅത്ത്കാരെല്ലാം ഇപ്പോഴും നിലനിർത്തിപ്പോരുന്ന ശരീഅത്ത് നിയമങ്ങളെന്നും പ്രത്യേകം ഓർമ്മിക്കുക. വ്യത്യാസമുള്ളിടത്ത് അതുണർത്തുകയും ചെയ്യാം.

2. ശഹാദത്തിൽ അല്ലാഹുവിനെയും റസൂലിനെയും കൂട്ടിപ്പറയണമെന്ന് ഖുർആൻസുന്നത്ത്. മരണസമയത്തുള്ള ശഹാദത്തിലും മറ്റും അല്ലാഹുവിനെമാത്രം പറഞ്ഞാൽമതി എന്ന് വാറോലസുന്നത്ത്.

3. മലവിസർജ്ജനം ചെയ്താൽ വെള്ളംകൊണ്ട് ശുദ്ധിയാക്കണമെന്ന് ഖുർആൻസുന്നത്ത്. വെള്ളമുണ്ടെങ്കിലും വെള്ളംകൊണ്ട് ശുദ്ധിയാക്കണമെന്നില്ലെന്ന് വാറോലസുന്നത്ത്.

4. നമസ്ക്കാരത്തിൽ "ഖുശൂഅ" (ഭയഭക്തി)നിർബ്ബന്ധമാണെന്ന് ഖുർആൻസുന്നത്ത്. അത് നിർബ്ബന്ധമില്ലെന്ന് വാറോലസുന്നത്ത്.

5. നമസ്ക്കാരത്തിൽ ഖുർആനോതുമ്പോൾ അഊദും ബിസ്മിയും ഓതണമെന്ന് ഖുർആൻസുന്നത്ത്. അത് വേണമെന്നില്ലെന്ന് വാറോലസുന്നത്ത്.

6. നമസ്ക്കാരത്തിൽ തസ്ബീഹ് ചൊല്ലൽ നിർബ്ബന്ധമാണെന്ന് ഖുർആൻ സുന്നത്ത് അത് നിർബ്ബന്ധമില്ലെന്ന് വാറോലസുന്നത്ത്.

7. എല്ലാ ധനത്തിനും സകാത്ത് നിർബ്ബന്ധമാണെന്ന് ഖുർആൻ സുന്നത്ത്. ഭൂരിഭാഗധനത്തിന്നും സകാത്ത് നിർബ്ബന്ധമില്ലെന്ന് വാറോലസുന്നത്ത്.
(ജമാഅത്തും നദ്‌വത്തും ഈ വാദത്തിൽ നിന്നൊഴിവാണ്.)

8. പണം സമ്പാദിച്ചവരെല്ലാം സകാത്ത് നൽകണമെന്ന് ഖുർആൻസുന്നത്ത്. ഒരു വർഷത്തിനുള്ളിൽ പണം ചിലവാക്കിത്തീർന്നില്ലെങ്കിലേ സകാത്തുള്ളൂവെന്ന് സമസ്ത, ജമാഅത്ത്, നദ്‌വത്തടക്കമുള്ള സുന്നത്ത് ജമാഅത്ത്.

9. ദാരിദ്ര്യത്തിന്റെ കാഠിന്യമനുസരിച്ച് സകാത്തിന്റെ തോത് വർദ്ധിപ്പിക്കണമെന്ന് ഖുർആൻസുന്നത്ത്. എത്രദാരിദ്രമുണ്ടായാലും പണത്തിന്ന് രണ്ടരശതമാനമേ സകാത്ത് നൽകേണ്ടതുള്ളൂവെന്ന് വാറോലസുന്നത്ത്.

10. 40 ആടിന്ന് ഒരാടാണ് സകാത്തെങ്കിൽ 80 ആടിന്ന് രണ്ടാടും 120ന്ന് മൂന്നാടും വേണമെന്ന് ഖുർആൻ സുന്നത്ത്. 40 ആടിന്ന് ഒരാടാണെങ്കിൽ 80 ആടിന്നും 120 ആടിന്നും ഓരാട് തന്നെമതി എന്ന് വാറോലസുന്നത്ത്.

11. മറ്റ് അഗതികൾക്കെന്നപോലെ നബി കുടുംബത്തിലെ അഗതികൾക്കും സകാത്ത് ഫണ്ടിൽ അവകാശമുണ്ടെന്ന് ഖുർആൻസുന്നത്ത്. നബി കുടുംബ



ങ്ങൾക്ക് സകാത്ത് ഫണ്ടിൽ തീരെ അവകാശമില്ലെന്ന് വാറോലസുന്നത്ത്.

12. അറബികളുടെ ഏറ്റവും വലിയ സമ്പത്തായിരുന്ന അടിമകൾക്കും കുതിരകൾക്കും സകാത്തുണ്ടെന്ന് ഖുർആൻ സുന്നത്ത്. ആ രണ്ട് പ്രധാന സമ്പത്തിന്നും തീരെ സകാത്തില്ലെന്ന് വാറോലസുന്നത്ത്.

13. അറബികളുടെ പ്രധാന രണ്ട് തോട്ടങ്ങളായ സൈത്തൂൻ (ഒലീവ്) റുമ്മാൻ (താളിമാതളം) തോട്ടങ്ങൾക്ക് സകാത്തുണ്ടെന്ന് ഖുർആൻസുന്നത്ത്. ആ രണ്ട് തോട്ടങ്ങൾക്കും തീരെ സകാത്തില്ലെന്ന് സുന്നത്ത് ജമാഅത്ത്. (ഇതിലും ജമാഅത്ത് നദ്‌വത്ത് എന്നീഗ്രൂപ്പുകൾ ഒഴിവാണ്.

14. ജന്മിപ്രഭുക്കന്മാർ സകാത്ത് നൽകൽ നിർബ്ബന്ധമാണെന്ന് ഖുർആൻസുന്നത്ത്. ജന്മിമാർക്ക് ലക്ഷക്കണക്കിന്ന് പാട്ടം കിട്ടിയിരുന്നാലും സകാത്ത് നൽകേണ്ടതില്ലെന്ന്സുന്നത്ത്ജമാഅത്ത്. (ജന്മിമാരുടെ സകാത്തെല്ലാം കുടിയാൻമാരിൽ നിന്ന് വസൂൽ ചെയ്യേണ്ടതാണെന്നാണ് ഇന്നും ശാഫികളുടെ മദ്ഹബ്.)

15. സകാത്ത് മുതലിൽനിന്ന് ഒറ്റ പൈസയും പള്ളിപ്പണിക്ക് കൊടുക്കരുതെന്ന് ഖുർആൻസുന്നത്ത്. സകാത്ത് മുതൽകൊണ്ട് പള്ളിപ്പണി പൊടിപൊടിക്കാമെന്ന് സുന്നത്ത് ജമാഅത്ത്.

16. നമസ്ക്കാരം, നോമ്പ്, ഹജ്ജ് മുതലായ കേവലാരാധനകൾക്ക് പത്തിരട്ടി മാത്രമാണ് പ്രതിഫലമെന്നും സകാത്ത് ജിഹാദ്പോലുള്ള പുണ്യകർമ്മങ്ങൾക്ക് 700 ഇരട്ടിയും അതിലെയത്രയോ അധികവുമൊക്കെ പ്രതിഫലമുണ്ടെന്നും ഖുർആൻസുന്നത്ത്. നമസ്കാരത്തിന്ന് 700 ഇരട്ടിമുതൽ എഴുപതിനായിരം ഇരട്ടിവരെ കൂലിയുണ്ടെന്നും നമസ്ക്കാരമാണ് ഏറ്റവും മുന്തിയ പുണ്യകർമ്മമെന്നും വാറോലസുന്നത്ത്.

17. വിജയത്തിന്റെ മാർഗ്ഗം സകാത്താണെന്നും നമസ്ക്കാരമല്ലെന്നും ഖുർആൻസുന്നത്ത്. വിജയത്തിന്റെ മാർഗ്ഗം നമസ്ക്കാരമാണെന്നും സകാത്തല്ലെന്നും വാറോലസുന്നത്ത്.

18. ജുമുഅയല്ലാത്ത നമസ്ക്കാരങ്ങൾ പരസ്യമാക്കുന്നതിൽ ഒരു പുണ്യവുമില്ലെന്ന് ഖുർആൻസുന്നത്ത്. എല്ലാ ഫർസുനമസ്ക്കാരങ്ങളും പള്ളിയിൽപോയി പരസ്യമാക്കി ചെയ്യുന്നതിൽ വലിയ പുണ്യമുണ്ടെന്ന് വാറോലസുന്നത്ത്.

19. നിർബ്ബന്ധിച്ച് നമസ്ക്കരിപ്പിക്കാൻ പാടില്ലെന്നും അതുകൊണ്ട് യാതൊരു ഫലവും ആർക്കുമില്ലെന്നും ഖുർആൻസുന്നത്ത്. പത്ത് വയസ്സ് മുതൽ സകല കുട്ടികളെയും അടിച്ച് നമസ്ക്കരിപ്പിക്കണമെന്നും പ്രായപൂർത്തിക്ക് ശേഷം നമസ്ക്കരിച്ചില്ലെങ്കിൽ കൊല്ലണമെന്നും വാറോലസുന്നത്ത്. (അടിയുടെ കാര്യം ബുഖാരി മുസ്ലിമല്ലാത്ത വാറോലഗ്രന്ഥങ്ങളിലാണുള്ളത്)

20. കേവലാരാധനകൾകൊണ്ട് സ്വർഗ്ഗം കിട്ടുകയില്ലെന്നും പരോപകാരമുള്ള നല്ല കാര്യങ്ങൾ ചെയ്തെങ്കിലേ സ്വർഗ്ഗമുള്ളൂവെന്നും ഖുർആൻസുന്നത്ത്. കേവലാരാധനകൾകൊണ്ട് മാത്രം സ്വർഗ്ഗത്തിന്റെ മേലേതട്ട് വരെ എത്താമെന്ന് വാറോലസുന്നത്ത്.

21. പ്രാർത്ഥനകൊണ്ട് സ്വർഗ്ഗംകിട്ടുകയോ നരകത്തിൽനിന്ന് രക്ഷനേടുകയോ ഇല്ലെന്ന് ഖുർആൻസുന്നത്ത്. പ്രാർത്ഥനകൊണ്ട് സ്വർഗ്ഗം കിട്ടുമെന്നും നരകത്തിൽനിന്ന് രക്ഷപ്പെടുമെന്നും വാറോല സുന്നത്ത്.

22. ന്യായമായ കാരണമില്ലാതെ വിവാഹമോചനം പാടില്ലെന്ന് ഖുർആൻ സുന്നത്ത്. യാതൊരു കാരണമില്ലെങ്കിലും എപ്പോൾ വേണമെങ്കിലും വിവാഹമോചനം നടത്താമെന്ന് വാറോലസുന്നത്ത്.

23. അനാഥകളായ പൗത്രീപൗത്രന്മാർക്ക് അനന്തരസ്വത്തിൽ അവകാശമുണ്ടെന്ന് ഖുർആൻ സുന്നത്ത്. മറ്റു പുത്രന്മാരുണ്ടെങ്കിൽ അനാഥകളായ പൗത്രീപൗത്രന്മാർക്കവകാശമില്ലെന്ന് വാറോലസുന്നത്ത്.

24. പിതൃകുടുംബത്തിലെന്നപോല മാതൃകകുടുംബത്തിന്നും ന്യായമായ അനന്തിരവാശമുണ്ടെന്ന് ഖുർആൻ സുന്നത്ത്. മാതാമഹിക്കല്ലാതെ, മാതൃകുടുംബത്തിൽ മറ്റൊരാൾക്കും - മാതാമഹന്നപോലും ഒറ്റപൈസയും അവകാശമില്ലെന്ന് വാറോലസുന്നത്ത്.



25. യുദ്ധബദ്ധരെ ഒരിക്കലും അടിമകളാക്കരുതെന്ന് ഖുർആൻസുന്നത്ത് യുദ്ധബദ്ധരെ എല്ലാ കാലത്തും അടിമകളാക്കാമെന്ന് വാറോലസുന്നത്ത്.

ഈ പട്ടിക തുടർന്നാൽ അത് നൂറിലോ ഇരുനൂറിലോ അവസാനിക്കുകയില്ലെന്നത് തീർച്ചയാണ്. എളുപ്പത്തിൽ ഗ്രഹിക്കാൻപറ്റിയ പ്രധാനപ്പെട്ട ചിലത് ഉദാഹരണമായി എടുത്തുകാട്ടി എന്ന് മാത്രം.

ഖുർആൻ സുന്നത്തിന്റെ മഹത്വവും അന്തസ്സും വാറോലസുന്നത്തിന്റെ - സുന്നത്ത് ജമാഅത്തിന്റെ - ഹീനതയും വഷളത്തവുമൊക്കെ ബുദ്ധിയും വിവേകമുള്ളവർക്ക് മനസ്സിലാക്കാൻ മേൽപറഞ്ഞ ഉദാഹരണങ്ങൾതന്നെ ധാരാളം മതി എന്നു വിശ്വസിക്കുന്നു.

ഈ ഗ്രന്ഥത്തിൽ മുമ്പ് വിവരിച്ചുപോയ ഖുർആനികതെളിവുകളോടൊപ്പം മേൽവിവരിച്ച വിഷയങ്ങളും കൂടി ചിന്തിച്ചുകൊണ്ട് ഖുർആൻ സുന്നത്തിനെയാണോ അതോ സുന്നത്ത്ജമാഅത്തിനെയാണോ മേലിൽ നാം മുറുകെ പിടിക്കേണ്ടതെന്ന് അല്ലാഹുവിനെയും പരലോകത്തെയും മനസ്സിൽ വിചാരിച്ചുകൊണ്ട് തീരുമാനമെടുക്കുക! അല്ലാഹു നമ്മെ എല്ലാവരെയും അവന്റെ ഉത്തമമായ മാർഗ്ഗത്തിലേക്ക് നയിക്കട്ടെ.

സകല സ്തുതിയം സർവ്വലോകപരിലാകനായ അല്ലാഹുവിന്